
വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന റിപ്പോർട്ട്





"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു."

മഹാത്മാഗാന്ധി.

വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ K. 71

വെള്ളത്തൂവൽ P.O.

ഫോൺ- 04864-76236

പ്രവർത്തന മൂലധനം - 2 കോടി
നിക്ഷേപങ്ങൾ - 90 ലക്ഷം
വായ്പകൾ - 1- കോടി


കർഷകർക്ക് കൂടുതൽ വില ഉറപ്പുവരുത്തിക്കൊണ്ടും കുരുമുളക്, റബ്ബർ ഇവയുടെ സംഭരണം,
മിതമായ വിലയ്ക്ക് വളം, കീടനാശിനികളുടെ വിതരണം,
ആദായകരവും സുരക്ഷിതവുമായ പ്രതിമാസ ലേലച്ചിട്ടികൾ,
നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന നിരക്കിൽ പലിശ
55- മാസം കൊണ്ട് നിക്ഷേപത്തുക ഇരട്ടിയാക്കുന്ന അതുല്യ ക്യാഷ് സർട്ടഫിക്കേറ്റും 12,24,36 മാസക്കാലാവധിയുള്ള സൗഭാഗ്യ ക്യാഷ് സർട്ടഫിക്കേറ്റ് റെക്കറിംഗ് നിക്ഷേപം, ഗൃഹ സമ്പാദ്യ നിക്ഷേപം തുടങ്ങി ആകർഷകങ്ങളായ നിക്ഷേപ പദ്ധതികൾ
കാർഷിക കാർഷികേതര വായ്പകൾ, സ്വർണ്ണപ്പണയത്തിന്മേൽ ഗ്രാമിന് 300/- രൂപ നിരക്കിൽ ഒരംഗത്തിന് 25,000/- രൂപ വരെ വായ്പ, വ്യാപാര വായ്പകൾ. തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

V.K. ശിവരാമൻ (പ്രസിഡൻറ്) **M.N.** ഭാസ്ക്കരൻ (സെക്രട്ടറി)

ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത്


MAP
OF
VELLATHOOVALGRA
PANCHAYAT
N
VII
IV
XI
III
VIII
VI
V
II
IX
I
X
KALLARUTTY DAM

താളുകൾ മറിക്കുമ്പോൾ.....

പേജ്

11 - ആമുഖം

13 - പൊതുവിതരണം

16 - സാമൂഹിക സാംസ്ക്കാരിക ചരിത്രം

20 - ഭൂപ്രകൃതിയും, വിഭവങ്ങളും

22 - കൃഷിയും, ജലസേചനവും

29 - മൃഗസംരക്ഷണം, മത്സ്യബന്ധനം

31 - വ്യവസായം, ടൂറിസം

34 - ഗതാഗതം

37 - ഊർജ്ജം

38 - വിദ്യാഭ്യാസം

47 - പൊതുജനാരോഗ്യവും, കുടിവെള്ളവും

55 - പാർപ്പിടവും, സാമൂഹ്യ ക്ഷേമവും

63 - സംസ്ക്കാരം

66 - വനിത

70 - സഹകരണ മേഖല

74 - പട്ടികജാതി പട്ടിക വർഗ്ഗം

78 - വിഭവ സമാഹരണം

82 - ഉപസംഹാരം

"ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ പണിയെടുത്തു ജീവിച്ചെങ്കിൽ ഭൂമിസ്വർഗമായി മാറുമായിരുന്നു."

ഗാന്ധിജി

"എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും."

ഗാന്ധിജി

"കേന്ദ്രത്തിലിരിക്കുന്ന ഇരുപതു പേർക്ക് നടപ്പിലാക്കാവുന്ന ഒന്നല്ല യഥാർത്ഥ ജനാധിപത്യം; ഓരോ ഗ്രാമത്തിലെയും ജനങ്ങൾ താഴെ നിന്ന് നടപ്പിലാക്കേണ്ടതാണ് അത്."

ഗാന്ധിജി

"ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതുകൊണ്ട് മാത്രമായില്ല; ജനങ്ങളോടൊപ്പം പ്രവർത്തിക്കണം; അവർക്കു വേണ്ടി പ്രവർത്തിക്കുന്നുവെന്ന ബോധം അവരിലുണ്ടാകണം. ജനങ്ങൾ ഉത്തരവാദിത്വം അവരുടെ കൈകളിലെടുത്താൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയൂ."

നെഹ്രു

"ഗ്രാമീണ ഭാരതത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പകുതിയിലധികവും, സ്ത്രീകളാണ് നടത്തുന്നത്. കുടുംബത്തിന്റെ ക്ഷേമം, നമ്മുടെ മഹത്തായ സാംസ്ക്കാരിക പാരമ്പര്യം, ധാർമ്മികമൂല്യങ്ങൾ എന്നിവയുടെയെല്ലാം സ്രോതസ്സും സൂക്ഷിപ്പുകാരിയും സ്ത്രീയാണ്. അവരെ സംവരണവും മറ്റും നൽകി നാം ശക്തിപ്പെടുത്തേണ്ടതല്ലേ?"

രാജീവ് ഗാന്ധി

"ഇന്ത്യയ്ക്കുവേണ്ടി നമുക്ക് ഇന്നിനെ പരിഷ്ക്കരിക്കാം ഒത്തൊരുമിച്ച് വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടാം. കരുത്തുറ്റതും മഹത്തരവുമായ ഇന്ത്യയെ പുന:സൃഷ്ടിക്കാം ശാന്തിയുടെയും സഹിഷ്ണതയുടെയും ജ്വാലകൾക്ക് നമുക്കൊരുമിച്ച് തെളിക്കാം."

രാജീവ് ഗാന്ധി

"വലിയ നഗരങ്ങളുടെ വികസനമല്ല, യഥാർത്ഥ വികസനം ലക്ഷ്യമാക്കുന്നത്. നമ്മുടെ ഗ്രാമങ്ങളുടെ വികസനമാണ്. ഗ്രാമങ്ങളാണ് വലിയ മാറ്റങ്ങൾക്ക് വിധേയമാകേണ്ടത്. പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾവഴി നമ്മുടെ ഗ്രാമങ്ങളെ ശക്തിപ്പെടുത്തണം."

രാജീവ് ഗാന്ധി

"സത്വര വികസനവും ത്വരിത പുരോഗതിയും രാജ്യത്തു അതിവേഗം ഉണ്ടാകണം. മുകളിൽ നിന്ന് ഇത് ചെയ്യാൻ കഴിയുകയില്ല. ചുവട്ടിൽ നിന്ന് പഞ്ചായത്തുകളിൽ നിന്ന് അതു നിർവ്വഹിക്കപ്പെടണം."

രാജീവ് ഗാന്ധി


"ആദിവാസികൾ, പട്ടികജാതി - പട്ടികവർഗ്ഗങ്ങൾ, പിന്നോക്ക വിഭാഗങ്ങൾ, അധ:കൃതർ, മർദ്ദിതർ, പീഡിതർ മുതലായ ദുർബല വിഭാഗങ്ങളിൽ വികസനമെത്തുമ്പോൾ മാത്രമെ, പഞ്ചായത്ത്രാജ് ശരിയാകൂ."

രാജീവ് ഗാന്ധി

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



പ്രസിഡന്റ്
ശ്രീമതി സെറിൻ ലോക്കണ്ട്



കെ. എം.എ റഹിം
വൈസ് പ്രസിഡന്റ്



കുമാരി റ്റി. ആർ. ഇന്ദുലേഖ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ




[illegible]




[illegible]



ശോഭനാ രാമചന്ദ്രൻ



ജോർജ് തോമസ്




കെ. രാമചന്ദ്രൻ



കെ. പി ജോർജ്



വർഗീസ് സ്കറിയ



റ്റി. ആർ ഹരിദാസ്

റിപ്പോർട്ട് തയ്യാറാക്കിയവർ

1 പഞ്ചായത്ത് ഭരണസമിതി
2 C.D.അഗസ്റ്റിൻ (K.R.P.)
3 ജോർജ്ജ് തോമസ്സ് (D.R.P.) Convener
4 തുളസീഭായി കൃഷ്ണൻ (D.R.P.)
5 N.M. കുര്യൻ (D.R.P.)
6 P.V.വാവച്ചൻ (D.R.P.)
7 ശ്യാമള ശശികുമാർ (D.R.P.)
8 P.G. അജിത (P.R.P.)
9 മാത്യു കുഴിഞ്ഞാലി (D.R.P.)
10 M.V.പ്രഭാകരൻ (P.R.P.)
11 സെബാസ്റ്റ്യൻ കല്ലുർ (P.R.P.)
12 V.K. ശിവരാമൻ (D.R.P.)
13 ഇൻഫൻറ് തോമസ്സ് (D.R.P.)
14 അഡ്വ: C.M. റഫീക്ക് (P.R.P.)
15 C.G. ഭാസ്ക്കരൻ (P.R.P.)
16 C.P. അയ്യപ്പൻ (P.R.P.)
17 മാണി കുരുവിള (P.R.P.)
18 ഷാജി മോഹൻ (പഞ്ചായത്ത് സ്റ്റാഫ്)

ആമുഖം

സ്വതന്ത്ര ഭാരത്തിന്റെ വികസന പദ്ധതികളുടെ ചരിത്രത്തിൽ നിശ്ചയമായും സ്മരിക്കപ്പെടേണ്ട രണ്ടു പേരുകൾ, മഹാത്മാ ഗാന്ധിയുടേയും, ജവഹർലാൽ നെഹ്രുവിന്റേയുമാണ്. പഞ്ചവത്സര പദ്ധതികളെ ഉന്നതമായ സോഷ്യലിസ്റ്റ് ദർശനങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ നെഹ്രുവിനു സാധിച്ചു. എന്നാൽ എല്ലാ പദ്ധതികളും അവയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പൂർണ്ണമായും നേടിയെടുത്തു എന്ന് അവകാശപ്പെടാനാവില്ല. വികസനത്തെപ്പറ്റിയുള്ള സൈദ്ധാന്തിക നിലപാടുകളിൽ നെഹ്രു ഉന്നൽ കൊടുത്തത് വ്യാവസായിക പുരോഗതിയ്ക്കായിരുന്നു. സ്വാഭാവികമായും പഞ്ചവത്സര പദ്ധതികൾ നാഗരികവും വൻകിട വ്യവസായങ്ങളെയും ഉൽപ്പാദനങ്ങളെയും കേന്ദ്രീകരിച്ചുള്ളതായിത്തീർന്നു. നെഹ്രുവിൽ നിന്നും വിഭിന്നമായ വികസന സങ്കൽപ്പമായിരുന്നു ഗാന്ധിജിയുടേത്. ഇന്ത്യാക്കാരിൽ ഏതാണ്ട് എഴുപതു ശതമാനത്തോളം ഉപജീവന മാർഗ്ഗം എന്ന നിലയിൽ ചെറുകിട കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്നും ഭാരത ജനതയുടെ നല്ലൊരു പങ്ക് അത്തരത്തിൽ ഗ്രാമീണരാണെന്നും ഗാന്ധിജി തിരിച്ചറിഞ്ഞു. ആയതിനാൽ, വികസനം ഗ്രാമീണവും, പൂർണ്ണമായും വികേന്ദ്രീകൃതവും ആയിരിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു.

നമ്മുടെ പഞ്ചവത്സര പദ്ധതികളിലും ആസൂത്രണ പരിപാടികളിലും ഇത്രയും കാലം അവഗണിക്കപ്പെട്ടിരുന്ന പ്രാദേശികാസൂത്രണത്തെപ്പറ്റിയുള്ള ഗാന്ധിയൻ സങ്കൽപ്പങ്ങളെ ഫലപ്രദമായി നടപ്പാക്കുന്നതിനു വേണ്ടിയാണ് 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്തീരാജ് സംവിധാനം നടപ്പിൽ വരുത്തിയത്. ഈ ചരിത്ര പശ്ചാത്തലത്തിലാണ് കേരള സർക്കാർ ഒൻപതാം പഞ്ചവത്സര പദ്ധതിയെ പഞ്ചായത്തീരാജ് സംവിധാനത്തെ ഉപയോഗപ്പെടുത്തി ജനകീയ പദ്ധതിയായി പരിവർത്തനം ചെയ്യുന്നതിന് കർമ്മ പരിപാടികൾ വിഭാവനം ചെയ്തിട്ടുള്ളത്. 1997 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന ഒന്പതാം പഞ്ചവത്സര പദ്ധതിയിൽ താഴെത്തട്ടിൽ നിന്നും ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണമാണ് ഉന്നം വച്ചിട്ടുള്ളത്. ഒന്പതാം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന ഈ അവസരത്തിൽ പദ്ധതി വിഹിതത്തിന്റെ 40% തുക പഞ്ചായത്തീരാജ് സംവിധാനം വഴി ഉപയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്കു നൽകുന്നതിനാൽ ജനതാല്പര്യം സംരക്ഷിക്കാൻ കഴിയുമെന്ന സാഹചര്യം വളർന്നു വന്നിട്ടുണ്ട്.

വെള്ളത്തൂവൽ പഞ്ചായത്തിൽ 23.9.96 ന് നടന്ന പഞ്ചായത്തു തല റിസോഴ്സ് പേഴ്സൺ പരിശീലന ക്യാമ്പോടെ ജനകീയാസൂത്രണ പരിപാടിക്കു തുടക്കം കുറിച്ചു. പരിശീലനത്തിൽ 53 പേർ പങ്കെടുത്തു. അതേത്തുടർന്ന് സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 6 വരെയുള്ള കാലയളവിൽ പഞ്ചായത്തിലെ 11 വാർഡുകളിലും പ്രത്യേക ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭകളിൽ 1787 പേർ പങ്കെടുത്തു. അതിനു ശേഷം നടന്ന രണ്ടാം ഘട്ട പരിശീലനത്തിൽ 57 പേർ പങ്കെടുത്തു. പഞ്ചായത്തു വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിന്റെ മുന്നോരുക്കമായി ദ്വിതീയ വിവരശേഖരണം, പഞ്ചായത്ത് പഠന പര്യടനം, പ്രാദേശിക ചരിത്ര പഠനം, നടപ്പു പദ്ധതി അവലോകനം എന്നിവ നടത്തി.

കേരളപ്പിറവിയുടെ 40-ാം പിറന്നാൾ (1996 നവംബർ 1) പുനഃരർപ്പണ ദിനമായി ആചരിച്ചു. ജനപങ്കാളിത്തത്തോടുകൂടിയുള്ള വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് വാർഡുതലത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു.

വിസ്തൃതമായ ചരിത്രമോ, സജീവമായ സാംസ്ക്കാരികമായ പൈതൃകമോ നമ്മുക്കില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. വെള്ളത്തൂവലിലെ മാനവചരിത്രത്തിന്റെ സ്മരണകൾക്ക് അരനൂറ്റാണ്ടിന്റെ പഴക്കമേയുള്ളു. 1940-കളിൽ മഞ്ഞും ഇരുളും കൂടിപ്പിണഞ്ഞു കിടന്നിരുന്ന വനഭൂമി മാത്രമായിരുന്നു ഇത്. ഏലകൃഷി മാത്രമുണ്ടായിരുന്ന ഈ പ്രദേശത്ത് കുടിയേറ്റക്കാരായും പവ്വർഹൗസുകളുടെ പണിക്കാരായും മല കയറിവന്ന മനുഷ്യരുടെ ഇച്ഛാശക്തിയും കഠിനാദ്ധ്വാനവും മാത്രമായിരുന്നു ഈ നാടിനെ ഇന്നത്തെ രൂപത്തിലെത്തിച്ചതിനുപിന്നിലെ ഊർജ്ജം.

നാല്പതുകളിൽ നിന്നും തൊണ്ണൂറുകളിലെത്തുമ്പോൾ വെള്ളത്തൂവലിന് അഭിമാനിക്കാൻ ഏറെയുണ്ട്. സദാ മഞ്ഞുപൊഴിഞ്ഞുകൊണ്ടിരുന്ന പ്രാകൃതവും വന്യവുമായ ഒരു ഭൂപ്രദേശം വിഭിന്ന സമുദായങ്ങളുടെയും മതങ്ങളുടെയും സൗഹാർദ്ദപൂർണ്ണമായ ആവാസ

ത്തിനു യോഗ്യമായ ഒരിടമായി മാറി. എന്നാൽ പുഞ്ചിരികൾക്കു പിന്നിൽ കണ്ണീരിന്റെ നനവുണ്ടാകുന്നതുപോലെ നഷ്ടങ്ങളുടെയും മുരടിപ്പിന്റെയും അവഗണനകളുടെയും കഥകൾ വെള്ളത്തൂവലിനും ഉണ്ട്.

ആസൂത്രണപരിപാടിയുടെ വികസനരൂപരേഖ തയ്യാറാക്കുമ്പോൾ വെള്ളത്തൂവലിന്റെ സവിശേഷതമായ ഭൂമിശാസ്ത്രം കൂടി കണക്കിലെടുത്താവേ നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രദമാക്കുകയുള്ളൂ.

പഞ്ചായത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പഠനങ്ങളിൽ മുന്തിയ പരിഗണന നൽകേണ്ട വിഷയങ്ങൾ ഗതാഗതം, കുടിവെള്ളം, കാർഷികമേഖലയിലെ പ്രശ്നങ്ങൾ എന്നിവയാണ്. എൺപതു ശതമാനത്തോളം ചെരിഞ്ഞ ഭൂമിയാണ് ഇവിടെ. അതുകൊണ്ട് വ്യവസായികമായ സാദ്ധ്യതകളേക്കാളേറെ കാർഷികരംഗത്താണ് ഇവിടെ ശ്രദ്ധ ഉണ്ടായിട്ടുള്ളത്. ഭൂരിഭാഗം കൃഷിക്കാരായ ആളുകൾ ജീവിക്കുന്ന ഇവിടെ, ഇപ്പോഴും മഴയെ ആശ്രയിച്ചു കൃഷി നടത്തുന്നു. കാരണം ജലസേചന സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്.

പുറം ലോകവുമായിട്ടുള്ള ഗതാഗതവാർത്താവിനിമയ സൗകര്യങ്ങൾ തൊണ്ണൂറുകളിൽ വെള്ളത്തൂവലിൽ ഏറെ പുരോഗമിച്ചു. എന്നാൽ ആഭ്യന്തര ഗതാഗതത്തിന്റെ കാര്യത്തിൽ നാം കാര്യമായിട്ടു ഒന്നും ചെയ്തിട്ടില്ല.

അതുപോലെ വിദ്യാഭ്യാസരംഗത്ത് നാം വളരെ കുറച്ചു സൗകര്യങ്ങളെ നേടിയിട്ടുള്ളൂ. ദേവികുളം താലൂക്കിലെതന്നെ രണ്ടാമത്തെ സർക്കാർ പള്ളിക്കൂടമായ വെള്ളത്തൂവൽ ഹൈസ്ക്കൂളിന് കാലപ്പഴക്കത്തിനനുസൃതമായ പുരോഗതി കൈവരിക്കാനായില്ല. അടിസ്ഥാനവിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ മാത്രമല്ല ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നമ്മുടെ പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്.

വിസ്മയകരമായ പ്രകൃതിദൃശ്യങ്ങൾ കൊണ്ട് മനോഹരമായ നമ്മുടെ നാടിനു വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട മേഖലകളിൽ സാദ്ധ്യതകളുള്ളതായി കാണുന്നു. വൈദ്യുതി ഉൽപ്പാദനരംഗത്ത് രണ്ടു പവ്വർഹൗസുകൾ സംഭാവന ചെയ്ത വെള്ളത്തൂവലിനു ഇവിടുള്ള അറുപതു ശതമാനത്തിലേറെ വീടുകൾക്കു വൈദ്യുതി എത്തിക്കാൻ സാധിക്കാത്തത് ഒരു വലിയ വൈരുദ്ധ്യമാണ്.

തൂവലിന്റെ വെൺമയുള്ള ജലപാതം എന്ന അർത്ഥം വരുന്ന പേരാണ് വെള്ളത്തൂവൽ. ജലവുമായി ബന്ധപ്പെട്ട ഈ കാവ്യാത്മകതപേരിൽ മാത്രമേയുള്ളൂ. കുടിജലപ്രശ്നം പഞ്ചായത്തിന്റെ മുഖ്യപ്രശ്നം തന്നെയാണ്. കുടിജലവിതരണമാണ് തീർച്ചയായും കാര്യക്ഷമമാക്കേണ്ടത്.

ഒരുകാലത്ത് പാദരക്ഷകളൊന്നുമില്ലാതെ, കാട്ടുപാതകൾ നടപ്പാതകളാക്കി ഈറ്റക്കാടുകൾ വെട്ടിക്കേറി, മലമ്പനിയും മലങ്കാറ്റും പ്രകൃതിക്ഷോഭവും അപകടങ്ങളെല്ലാം ചെറുത്ത് സാംസ്ക്കാരത്തിന്റെ വിത്തുകൾ പാകാൻ ഈ മണ്ണിൽ ചോരയും കണ്ണീരും വിഴ്ത്തിയ മനുഷ്യരുടെ വീരസ്മരണകളിൽ നിന്നാണ് വെള്ളത്തൂവൽ പഞ്ചായത്തിന്റെ വികസനരൂപരേഖയുടെ മാതൃക വരിക്കുന്നത്. കാർഷിക സാമ്പത്തിക ഘടനയെ താറുമാറാക്കുന്ന ഒട്ടേറെ വെല്ലുവിളികൾ ഇന്ന് നാം അഭിമുഖീകരിക്കുന്നു. ബഹുമുഖപ്രശ്നങ്ങളെ പഞ്ചായത്തിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ വികസനരൂപരേഖ തയ്യാറാക്കുവാനും നാം ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. ഒൻപതാം പദ്ധതിയുടെ നൂതനമായ പ്രയോഗിക സാദ്ധ്യതകളെ ഫലപ്രദമായി ആവിഷ്ക്കരിക്കാൻ വെള്ളത്തൂവൽ പഞ്ചായത്തിനു സാധിക്കുമെന്നു പ്രത്യാശിക്കാം.

പൊതുവിവരണം

1.	പഞ്ചായത്തിന്റെ പേര്	:-	വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത്
2.	വാർഡുകൾ	:-	11
3.	ഉൾപ്പെടുന്ന വില്ലേജുകൾ	:	വെള്ളത്തൂവൽ, കുഞ്ചിത്തണ്ണി
4.	താലൂക്ക്	:-	ദേവികുളം
5.	ബ്ലോക്ക് പഞ്ചായത്ത്	:-	അടിമാലി
6.	പഞ്ചായത്തിലെ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	:-	വെള്ളത്തൂവൽ, കുഞ്ചിത്തണ്ണി
7.	ജില്ലാപഞ്ചായത്ത്	:-	ഇടുക്കി
8.	അടിമാലി ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ ഉൾപ്പെടുന്ന വാർഡുകൾ	:-	1,6,7,8,9,10
9.	പള്ളിവാസൽ ജില്ലാ ഡിവിഷനിൽ ഉൾക്കൊള്ളുന്ന വാർഡുകൾ	:-	2,3,4,5,11
10.	അസംബ്ളി മണ്ഡലം	:-	ദേവികുളം
11.	പാർലമെൻറ് മണ്ഡലം	:-	ഇടുക്കി
12.	പഞ്ചായത്തിന്റെ വിസ്തീർണ്ണം	:-	43.06 ച: കി. മി.
13.	അതിരുകൾ	:-	വടക്ക്: N.H. 49;ഇരുട്ടുകാനം-ആനച്ചാൽ-ആഡിറ്റ്-എല്ലക്കൽ റോഡ്
	തെക്ക്	:-	മുതിരപ്പുഴ ആറ്
	കിഴക്ക്	:-	മുതിരപ്പുഴ ആറ്
	പടിഞ്ഞാറ്	:-	അടിമാലി ഗ്രാമപഞ്ചായത്ത്
14.	ജനസംഖ്യ	:-	25461(1991 കാനേഷുമാരി)
	a പുരുഷന്മാർ	:-	12914
	b സ്ത്രീകൾ	:-	12547
	c ജനസാന്ദ്രത	:-	591/സ്കയർ കി: മീറ്റർ
	d അക്ഷരാഭ്യാസമുള്ളവർ		
	പുരുഷന്മാർ	:-	10721
	സ്ത്രീകൾ	:-	9887
	പട്ടികജാതി വിഭാഗം		
	പുരുഷന്മാർ	:-	728
	സ്ത്രീകൾ	:-	712
	പട്ടികവർഗ്ഗ വിഭാഗം		
	പുരുഷന്മാർ	:-	121
	സ്ത്രീകൾ	:-	112

പഞ്ചായത്ത് പ്രസിഡൻറ്	:-	ശ്രീമതി സെലിൻ ജേക്കബ്
വൈസ് പ്രസിഡൻറ്	:-	ശ്രി. കെ. എം. എ. റഹീം
സ്റ്റാൻറിംഗ് കമ്മറ്റി		
ചെയർ പേഴ്സൺ	:-	കുമാരി റ്റി. ആർ. ഇന്ദുലേഖ
ഭരണസമിതി അംഗങ്ങൾ	:-	റോസിലി പോൾ
		സി. കെ. ചന്ദ്രശേഖരൻ
		ശോഭനാ രാമചന്ദ്രൻ
		ജോർജ് തോമസ്
		കെ. അനിൽ കുമാർ
		കെ. വി. ജോർജ്
		വർ[illegible]സ് സ്കറിയാ
		റ്റി. ആർ. ഹരിദാസ്

ഗ്രാമ പഞ്ചായത്ത് ജീവനക്കാർ	:-	ശ്രീ. എം. റ്റി. രാജൂ (സെക്രട്ടറി)	
		ശ്രീ. കെ. കെ. ബാലകൃഷ്ണൻ	UDC
		ശ്രീ. കെ. എം. ഷാജി മോഹനൻ	''
		ശ്രീ. സി. എം. പൗലോസ്	''
		ശ്രീമതി. ആലീസ് സെബാസ്റ്റ്യൻ	LDC
		ശ്രീമതി. വി. ഡി. ഓമന	''
		ശ്രീ. കെ. എം. ജോസഫ്	''
		ശ്രീ. മാത്യൂ യോഹന്നാൻ	പ്യൂൺ
		ശ്രീമതി കെ. സി. തുളസി	ഹൂൾ ടൈം സ്വീപ്പർ
		ശ്രീമതി ഇ.കെ തങ്കമണി	പാർട്ട്ടൈം സ്വീപ്പർ

1. ലോകസഭാംഗം : - ശ്രീ. എ. സി. ജോസ്
2. നിയമസഭാംഗം : - ശ്രി. എ. കെ. മണി

,, കുമാരി തുളസിഭായി കൃഷ്ണൻ
(കുഞ്ചിത്തണ്ണി ഡിവിഷൻ)

3. ജില്ലാ പഞ്ചായത്ത് അംഗം : - ശ്രീ. കെ. എസ്. മുഹമ്മദ്
(അടിമാലി ഡിവിഷൻ)

,, ശ്രീമതി. വിജയ കടക്കര
(പള്ളിവാസൽ ഡിവിഷൻ)

4. ബ്ലോക്ക് പഞ്ചായത്തംഗം : - ശ്രീ. പി. വി.സ്കറിയ
(വെള്ളത്തൂവൽ ഡിവിഷൻ)

5. മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

1.	പി. ഡി. സെബാസ്റ്റ്യൻ	1963 - 1974
2.	എൻ. എൻ. കൃഷ്ണദാസ്	1974 - 1979
3.	ജോസഫ് ചാവേലി	1979 - 1984
4.	എൻ. ആർ. സത്യബാബു	1988 - 1995

സാമൂഹിക സാംസ്ക്കാരിക ചരിത്രം

1946-ൽ വെള്ളത്തൂവലിൽ ചെങ്കുളം പവ്വർഹൗസിന്റെ പണിതുടങ്ങുന്നതോടുകൂടിയാണ് ഇവിടെ ജനവാസം ആരംഭിക്കുന്നത്. അതിനു മുൻപ് ശവ്യാംപാറ, ചെങ്കുളം, പോത്തുപാറ, തോക്കുപാറ തുടങ്ങിയ മേഖലകളിൽ ഏലത്തോട്ടങ്ങൾ നിലവിലുണ്ടായിരുന്നു. മാണികാടൻ, ഇലഞ്ഞിയ്ക്കൽ, പാലക്കാടൻ, മഞ്ഞനാമഠം, മഞ്ഞയിൽ തുടങ്ങിയ വീട്ടുകാർ ആയിരുന്നു തോട്ടമുടമസ്ഥന്മാർ. ഏലത്തോട്ടം ഉടമകൾ കടന്നുവരുമ്പോൾ, അനച്ചാൽ, മുതുവാൻകുടി മേഖലകളിൽ ആദിവാസികൾ (മുതുവാന്മാർ) താമസമാക്കിയിരിക്കുന്നു. വെള്ളത്തൂവൽ, കുന്നൻപാറ, ചെങ്കുളം, കല്ലാർകുട്ടി (അട്ടിക്കളം) തുടങ്ങി മിക്ക സ്ഥലനാമങ്ങളും ആദിവാസികൾ നല്കിയതാണ്.

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് ഉണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമം നേരിടാൻ തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയ മന്ത്രിസഭ നടപ്പാക്കിയ "ഗ്രോ മോർ ഫുഡ്" പദ്ധതിയുടെ ഭാഗമായാണ് വെള്ളത്തൂവൽ ഉൾപ്പെടെയുള്ള ഹൈറേഞ്ച് മേഖലയിൽ കുടിയേറ്റം ആരംഭിക്കുന്നത്. 1947-49 കാലത്ത് നെല്ല്, കപ്പ തുടങ്ങിയ ഭക്ഷ്യപദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി അഞ്ചേക്കർ വീതമുള്ള മുവായിരം പ്ലോട്ടുകൾ കൃഷിക്കാർക്ക് അലോട്ട്മെൻറ് വ്യവസ്ഥയിൽ വിതരണം ചെയ്തു. ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരസേനാനി ശ്രീ. കെ. എം. ചാണ്ടി ഉൾപ്പെട്ട ഒരു ജനകീയ കമ്മറ്റിയാണ് ഭൂവിതരണം നടത്തിയത്. അലോട്ട്മെൻറ് അനുസരിച്ച് ഭൂമി ലഭിയ്ക്കാതെ വന്ന കൃഷിക്കാർ തൊട്ടടുത്ത മേഖലയിൽ ഭൂമി കൈവശപ്പെടുത്തുന്നതിന് കമ്മീഷണർ ശ്രി. എൻ. എസ്. കൃഷ്ണപിള്ളയുടെ അനുമതി ഉണ്ടായിരുന്നു. ഏലത്തോട്ടങ്ങളുടെ ഇടയ്ക്ക് ഉണ്ടായിരുന്ന ഈറ്റക്കാടുകളും കുറ്റിക്കാടുകളുമാണ് ആദ്യഘട്ടത്തിൽ കൃഷിഭൂമികളായി മാറിയത്.

വെള്ളത്തൂവൽ, എല്ലക്കൽ, ശല്യംപാറ, കുഞ്ഞിത്തണ്ണി, ആനച്ചാൽ, തോക്കുപാറ, ആനവിരട്ടി തുടങ്ങിയ സ്ഥലങ്ങളാണ് ആദ്യത്തെ കുടിയേറ്റ മേഖലകൾ. വെള്ളത്തൂവലിൽ ശ്രീ. ഈ. കെ. നീലകണ്ഠൻ, മറ്റത്തിൽ വറുഗ്ഗീസ്, സെൽബഹദൂർ, റ്റി. ജി. നാരായണൻനായർ തുടങ്ങിയവരും, ആനച്ചാലിൽ ശ്രീകൃഷ്ണദാസും ശല്യംപാറയിൽ ശല്യം പാറരാവുത്തരും, വരകിൽ കുഞ്ഞുകൊച്ച്, തോക്കുപാറയിൽ ശ്രീ. എം. കെ. വേലുപ്പിള്ള, പി. വി. ചെറിയാൻ പെരുമ്പിള്ളിച്ചിറ. എം. എൻ. ചെറിയാൻ, കോരായ്ക്കൽ വറുഗീസ് എന്നിവരും എല്ലക്കൽ, കുഞ്ഞിത്തണ്ണി എന്നിവിടങ്ങളിൽ ശ്രീ. അറയ്ക്കൽ ജോസഫ്, (ഔസേപ്പറനിൽ) മത്തായി, ഒരപ്പുഴിയിൽ കുഞ്ഞ്, ഓലിയ്ക്കൽ ഇട്ടിയവിരാ ജോസഫ്, എൻ. കെ. അയ്യപ്പൻപിള്ള, മുണ്ടനാട് ജോസഫ് തുടങ്ങിയവരും ആദ്യ കുടിയേറ്റക്കാരുടെ പട്ടികയിൽ വരും. മീനച്ചിൽ തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളിൽ നിന്നുള്ള കൃഷിക്കാരായിരുന്നു കുടിയേറ്റക്കാർ ഭൂരിഭാഗവും. കുഞ്ഞിത്തണ്ണിയിൽ ചേർത്തലക്കാരായിരുന്നു ഭൂരിപക്ഷവും. ഇരുട്ടുകാനത്തും, രണ്ടാം മൈലിലും ബസ്സിറങ്ങിയാണ് കുടിയേറ്റ മേഖലകളിൽ കൃഷിക്കാർ എത്തിപ്പെട്ടത്. 1949-ൽ പ്രൊജക്ട് ആവശ്യത്തിന് വേണ്ടി ചിത്തിരപുരം വെള്ളത്തൂവൽ റോഡ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പണി പൂർത്തിയാക്കി. വെള്ളത്തൂവലിലെ ആദ്യ ഗതാഗതമാർഗ്ഗവും ഇതായിരുന്നു. ചിത്തിരപുരം എല്ലക്കൽ റോഡും പ്രോജക്ട് ആവശ്യത്തിനു വേണ്ടി 1949-ൽ പണിപൂർത്തിയാക്കിയതാണ്. 1950-കളിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൽ നിന്നും കൃഷിഭൂമികളിലെ തടിവെട്ടി നീക്കുന്നതിന് ലേലം ചെയ്തു കൊടുത്തപ്പോൾ കോൺട്രാക്ടറുമാർ തവണ്ടും വിറവണ്ടും വെട്ടിയ കുപ്പു റോഡുകളാണ് പിന്നീട് പഞ്ചായത്ത് റോഡുകളായി മാറിയത്. 1955-ൽ അടിമാലി-പൊൻമുടി റോഡ് K.S.E. ബോർഡ് നിർമ്മിച്ചു. 1954 ആകുമ്പോൾ ഏലത്തോട്ടം ഒഴിച്ചുള്ള ഭൂവിഭാഗം പൂർണ്ണമായും കൃഷിഭൂമികളായി മാറിയിരുന്നു. സ്ഥിരദേഹണ്ഡങ്ങൾ ചെയ്യാൻ പാടില്ലാ എന്ന വ്യവസ്ഥയിൽ ആയിരുന്നു ഭൂവിതരണം നടത്തിയിരുന്നത്. സ്ഥിരദേഹണ്ഡങ്ങൾ ചെയ്യാൻ പാടില്ലാ എന്ന വ്യവസ്ഥ പിൻവലിക്കണമെന്നാവശ്യപ്പെട്ട് തിരു-കൊച്ചി കർഷകസംഘത്തിന്റെ ആഭിമുഖ്യത്തിൽ 1954-ൽ ശ്രീ. ഇക്കച്ചൻ, കെ. റ്റി. ജേക്കബ് എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തിന് കാൽനടജാഥ നടത്തി. 1956-ൽ ഗവർണർ ഭരണത്തിൽ അഡ്വൈസർ ശ്രീ. പി. എസ്. റാവു കുടിയേറ്റക്കാരെ മുഴുവൻ ഒഴിപ്പിച്ച് വീണ്ടും വനം വെച്ചുപിടിപ്പിക്കുവാൻ നടപടി ആരംഭിച്ചു. വൈദ്യുതി പദ്ധതികളുടെ സംരക്ഷണത്തിന് വേണ്ടിയാണ് ഈ കുടിയൊഴിപ്പിക്കൽ എന്ന് ഗവൺമെൻറ് അവകാശപ്പെട്ടു. വന്യമൃഗങ്ങളോടും മലമ്പനിയോടും പോരടിച്ച് വനഭൂമി വിളഭൂമി ആക്കി മാറ്റിയ കൃഷിക്കാരെ ഇറക്കിവിടാൻ ഉള്ള നീക്കം വമ്പിച്ച പ്രതിക്ഷേധത്തിനിടയാക്കി. 1956-ൽ തോക്കുപാറയിൽ കൃഷി

ക്കാരുടെ വനിച്ച യോഗം ചേർന്ന് ദേവികുളം കർഷകസംഘം രൂപീകരിച്ചു. ശ്രീ. എൻ. നാരായണകുറുപ്പ് പ്രസിഡൻറും സി. ഐ. നാരായണൻ സെക്രട്ടറിയുമായി രൂപീകരിച്ച കമ്മറ്റിയിൽ കോൺഗ്രസ് നേതാക്കളായ ശ്രീ. പി. ഡി. സെബാസ്റ്റ്യൻ, വി. അയ്യപ്പൻനായർ, റ്റി. ജി. നാരായണൻനായർ തുടങ്ങിയവരും കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളായ ശ്രീ. പി. സി. ഗോപി, ഇ. കെ. നീലകണ്ഠൻ, എ. ഡി. തോമസ്, പി. എൻ. മാധവൻ, എം. കെ. വേലുപിള്ള തുടങ്ങിയവരും ഭാരവാഹികളായി. 6000 കൃഷിക്കാർ ഒപ്പിട്ട ഭീമഹർജി ഗവർണർക്ക് സമർപ്പിച്ചു. പിന്നീട് 360 കൃഷിക്കാർ ഉൾപ്പെട്ട ഒരു കർഷക മാർച്ച് കോട്ടയം കളക്ടറേറ്റിലേക്ക് നയിച്ചു. തോക്കുപാറയിൽ നിന്നും ആരംഭിച്ച കർഷകമാർച്ചിന്റെ ക്യാപ്റ്റൻ ശ്രീ. പി. എൻ. മാധവൻ ആയിരുന്നു. 5 ദിവസം തുടർച്ചയായി നടന്ന് കൃഷിക്കാർ കോട്ടയത്ത് എത്തി കളക്ടർക്ക് നിവേദനം നൽകി. കോൺഗ്രസ് നേതാവ് ശ്രീ. വി. ഒ. മർക്കോസ് കമ്മ്യൂണിസ്റ്റ് നേതാക്കളായ ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള, കെ. റ്റി. ജേക്കബ് എന്നിവർ വിവിധ കേന്ദ്രങ്ങളിൽ പങ്കെടുത്ത് പ്രസംഗിച്ചു. കക്ഷി രാഷ്ട്രീയത്തിനതീതമായി കൃഷിക്കാരുടെ വലിയ മുന്നേറ്റമായിരുന്നു കളക്ടറേറ്റ് മാർച്ച്. ഇതോടെ ഒഴിപ്പിക്കൽ ഭീഷണി താത്കാലികമായി കെട്ടടങ്ങി.

കേരളസംസ്ഥാന രൂപീകരണത്തിനുശേഷം 1957-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറ് 1957 ഏപ്രിൽ 28-ന് എല്ലാവിധത്തിലുള്ള ഒഴുപ്പിക്കലും നിരോധിച്ചുകൊണ്ടുള്ള ഓർഡിനൻസ് കൊണ്ടുവന്നു. 1958-ൽ രാജാക്കാട്ട് വെച്ച് മലയോര കൃഷിക്കാർക്ക് ആദ്യമായി പട്ടയം നൽകി. 1959-ൽ വിമോചനസമരം കൃഷിക്കാരുടെ ഇടയിൽ രാഷ്ട്രീയ ചേരിതിരിവിന് ഇടയാക്കി. ഇതോടെ ദേവികുളം കർഷകസംഘത്തിന്റെ പ്രവർത്തനവും മന്ദീഭവിച്ചു.

1958-ൽ ചെങ്കുളം ഗവ:ഹൈസ്കൂൾ വെള്ളത്തൂവലിൽ പ്രവർത്തനം ആരംഭിച്ചു. മൂന്നാർ കഴിഞ്ഞാൽ ഹൈറേഞ്ചിലെ ആദ്യത്തെ ഹൈസ്കൂൾ ഇതാണ്. അതിനുമുമ്പ് കുഞ്ചുണ്ണി എൽ. പി. സ്കൂളും ചിത്തിരപുരത്ത് എൽ. പി., യു. പി., സ്കൂളും പ്രവർത്തിച്ചിരുന്നു. തോക്കുപാറയിൽ ശ്രീ. എം. കെ. വേലുപിള്ള ആരംഭിച്ച കുടിപള്ളിക്കൂടം ആണ് പിന്നീട് എൽ. പി., യു. പി. സ്കൂളുകളായി മാറിയത്.

1950-ൽ ആനച്ചാലിൽ ഒരു ആശ്രമം ഉണ്ടാക്കി പുതിയതായി വരുന്ന കൃഷിക്കാർ ആശ്രമത്തിൽ വന്ന് താമസിച്ച് മറ്റു സ്ഥലങ്ങളിലേക്ക് പോകുകയായിരുന്നു പതിവ്. ചേലക്കര പപ്പുപിള്ള എന്നയാളായിരുന്നു ആശ്രമ മേധാവി. ആശ്രമം ഇരുന്ന സ്ഥലമാണ് പിന്നീട് 1957-ൽ ആനച്ചാൽ ശ്രീ. അയ്യപ്പക്ഷേത്രമായി മാറിയത്. മാങ്കടവിൽ ഇതേകാലയളവിൽ ഒരു ഹൈന്ദവ ക്ഷേത്രത്തിന്റെ പ്രവർത്തനം ആരംഭിച്ചതായി കാണുന്നു. 1956-ൽ എല്ലക്കല്ലിൽ ആദ്യത്തെ ക്രിസ്തീയദേവാലയം ആരംഭിച്ചു. ആദ്യത്തെ മുസ്ലിംപള്ളി 1954-ൽ ശെല്യാം പാറയിൽ ആരംഭിച്ചു.

1959-ൽ വെള്ളത്തൂവലിൽ വിവിധോദ്ദേശ സഹകരണസംഘം രൂപീകരിച്ചു. ഡോ: സി. ഐ. കുമാർ പ്രസിഡൻറും, ശ്രീ. ജോസഫ് ചാവറ സെക്രട്ടറിയുമായി പ്രമോട്ടിംഗ് കമ്മറ്റി രൂപീകരിച്ചു. ഇത് 1966-ൽ സർവ്വീസ് സൊസൈറ്റിയായി രൂപാന്തരപ്പെട്ട് ഇപ്പോഴത്തെ വെള്ളത്തൂവൽ സർവീസ് സഹകരണ ബാങ്ക് ആയി പ്രവർത്തിച്ചുവരുന്നു. 1966-ൽ ശ്രീ. ജോസഫ് മാത്യു കോലത്ത് പ്രസിഡൻറ് ആയി എല്ലക്കൽ സർവീസ് സഹകരണബാങ്ക് രജിസ്ട്രർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. 1956-60 കാലത്ത് വെള്ളത്തൂവലും, എല്ലുക്കല്ലും കുടിയേറ്റ മേഖലയിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളായിരുന്നു. കുടിയേറ്റ മേഖലയിലെ ഒരു സാംസ്കാരികകേന്ദ്രം എന്ന നിലയിൽ 1960-കളിൽ വെള്ളത്തൂവൽ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. 1956-ൽ ശ്രീ. കെ. പി. ജോസഫ്, ശ്രീ. എം. ഒ. തോമസ്, ശ്രീ. എം. ജോർജ് എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന വെള്ളത്തൂവൽ നവജ്യോതി ആർട്ട്സ് ക്ലബ്ബ് ആൻറ് പബ്ലിക് ലൈബ്രറി, 1959-ൽ ശ്രീ. കെ. സി. കോര, ശ്രീ. എൻ. എം. കുര്യൻ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന എവരിഡേ ക്ലബ്ബ് & പബ്ലിക് ലൈബ്രറി 1961-ൽ ശ്രീ. എം. കെ. ഫക്രുദ്ധീൻ, ശ്രീ. എം. എൻ. ഭാസ്കരൻ, ശ്രീ. മറ്റത്തിൽ വറുഗീസ് എന്നിവരുടെ നേതൃത്വത്തിൽ ശെല്യംപാറയിൽ ജീവൻ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബും. ശ്രീകൃഷ്ണകലാസമിതി, എന്നീ സ്ഥാപനങ്ങൾ കലാസാംസ്ക്കാരിക രംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്നു.

1957-ൽ വെള്ളത്തൂവൽ പോലീസ് സ്റ്റേഷൻ ആരംഭിച്ചു. 1975-ൽ പോലീസ് സ്റ്റേഷൻ അടിമാലിക്കു മാറി. പിന്നീട് ഈ പ്രദേശത്തെ ജനങ്ങളുടെ നിരന്തരമായ സമ്മർദ്ദത്തിന്റെ ഫലമായി 1988-ൽ വെള്ളത്തൂവലിൽ വീണ്ടും പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചു.

1962-ൽ അന്നത്തെ റവന്യൂ മന്ത്രിയുടെ ഒരു പ്രഖ്യാപനം കുടിയേറ്റ മേഖലയിൽ പരിഭ്രാന്തി സൃഷ്ടിച്ചു. നേര്യമംഗലം പാലത്തിനു മുകളിലുള്ള മുഴുവൻ കൃഷിക്കാരേയും ഒഴിപ്പിക്കേണ്ടി

വരും എന്ന നിലയിലാണ് പ്രഖ്യാപനമുണ്ടായത്. കർഷകരെ സഹായിക്കാൻ കുഞ്ചിത്തണ്ണിയിൽ വച്ച് ദേവികുളം താലൂക്ക് കർഷകസംഘം രൂപീകരിച്ചു. ശ്രീ. എം. കെ. ലക്ഷ്മണൻ പ്രസിഡന്റും, ശ്രീ. എസ്. ജോർജ് സെക്രട്ടറിയും, ഡോക്ടർ സി. ഐ. കുമാർ, ശ്രീ. എം. വി. നാരായണൻ നായർ, ശ്രീ. എൻ. എം. കുര്യൻ എന്നിവർ വൈസ് പ്രസിഡന്റ്മാരും ശ്രീ. റ്റി. കെ. ചന്ദ്രൻ, ശ്രീ. ഒ. ജെ. ജോർജ്, ശ്രീ. കെ. കെ. വർഗീസ് എന്നിവർ ജോയിന്റ് സെക്രട്ടറിമാരും ആയി കമ്മറ്റി രൂപീകരിച്ചു. വെള്ളത്തൂവലിൽ നിന്നും കോട്ടയത്തേക്ക് ശ്രീ. എസ്. ജോർജിന്റെ നേതൃത്വത്തിൽ കാൽനട ജാഥ നടത്തി. ഒഴിപ്പിക്കൽ തത്കാലം കെട്ടടങ്ങി. 1969-ൽ കല്ലാർകുട്ടി ഡാംസൈറ്റ് മേഖലയിലെ കുടിയൊഴിപ്പിക്കലിനെതിരെ സമരസമിതിയുടെ നേതൃത്വത്തിൽ പ്രക്ഷോഭണം ആരംഭിച്ചു. ശ്രീ. ജോസഫ് ചാവേലിയായിരുന്നു നേതാവ്. സമരത്തിന്റെ ഫലമായി കുടിയൊഴിപ്പിക്കപ്പെട്ട 70 കർഷക കുടുംബങ്ങളെ ചെങ്കുളം, മുതുവാൻകുടി എന്നിവിടങ്ങളിൽ കുടിയിരുത്തി.

1971 ഫെബ്രുവരി 28-ന് ഇടശ്ശേരി മിച്ചഭൂമി സമരം മൊത്തം ഭൂമിയുടെ 68% മിച്ചഭൂമിയായി വിതരണം ചെയ്തു. 60 കുടുംബങ്ങൾക്ക് ഭൂമി ലഭിച്ചു. സമരത്തിന് ശ്രീ. ഒ. എ. പരീത്, ശ്രീ. കാസിം, ശ്രീ. പോൾ വറുഗീസ്, പി. സി. ഗോപി, കെ. പി. ജോർജ് തുടങ്ങിയവർ നേതൃത്വം നൽകി.

1970-ൽ ചെങ്കുളം ഡാമിന്റെ കാച്ച്മെന്റ് ഏരിയായിൽ താമസമാക്കിയിരുന്ന 294 കൃഷിക്കാരെ അന്നത്തെ സർക്കാർ കുടിയൊഴുപ്പിച്ചതുമായി ബന്ധപ്പെട്ട് കേരളകർഷക സംഘത്തിന്റെ നേതൃത്വത്തിൽ സമരസമിതിരൂപീകരിച്ച് നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി കാച്ച് മെന്റ് ഏരിയ പുനർനിർണ്ണയിച്ച് ആനച്ചാലിലും കഞ്ഞിക്കുഴിയിലും കുടിയിരുത്തി. ഇനിയും ഭൂമി കിട്ടാനുള്ളവർ ആനച്ചാൽ അഭയാർത്ഥി ക്യാമ്പിൽ കഴിയുന്നു. സമരസമിതി കൺവീനർ ശ്രീ. എൻ. എം. കുര്യൻ ആയിരുന്നു. ഇന്നത്തെ 11-ാം വാർഡിലെ വോട്ടർമാർ ഭൂരിപക്ഷവും കല്ലാർകുട്ടി, ചെങ്കുളം കർഷക സമരങ്ങളുടെ ഫലമായി കുടിയിരുത്തപ്പെട്ട കൃഷിക്കാരാണ്. 1961-ൽ പള്ളിവാസൽ പഞ്ചായത്ത് വിഭജിച്ചാണ് വെള്ളത്തൂവൽ പഞ്ചായത്ത് രൂപീകൃതമായത്. (TOMS 196/61/ DP 28/2/61) അതുവരെ, ഈ പ്രദേശം പള്ളിവാസൽ പഞ്ചായത്തിലെ 8-ാം വാർഡായിരുന്നു. 1953-ലെ ഇലക്ഷനിൽ 8-ാം വാർഡ് മെമ്പർ ശ്രീ. റ്റി. ജി. നാരായണൻനായർ പള്ളിവാസൽ പഞ്ചായത്ത് പ്രസിഡണ്ടായി പ്രവർത്തിച്ചിരുന്നു. 1958-ൽ ശ്രീ. റ്റി. ജി. നാരായണൻനായർ പഞ്ചായത്ത് മെമ്പർ സ്ഥാനം രാജിവച്ച ഒഴിവിൽ നടന്ന തെരഞ്ഞെടുപ്പിൽ ഡോ: സി. ഐ. കുമാർ തെരഞ്ഞെടുക്കപ്പെട്ടു.

1963-ൽ ആദ്യ തെരഞ്ഞെടുപ്പു നടന്നു. പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടായി ശ്രീ. പി. ഡി. സെബാസ്റ്റ്യൻ തെരഞ്ഞെടുക്കപ്പെട്ടു. ഡോ. സി. ഐ. കുമാർ, എ. എം. എം. സാഹിബ്, എം. എൻ. കൃഷ്ണദാസ്, പി. എം. ജോസഫ്, റ്റി. എം., മാധവൻനായർ, തേപ്പാല പൗലോസ്, വി. കെ. കുഞ്ഞുഞ്ഞ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ശ്രീമതി അന്നക്കുട്ടി സ്കറിയ നോമിനേറ്റഡ് അംഗവും ആയിരുന്നു. 1969-ലെ വെള്ളത്തൂവൽ നക്സൽ ആക്രമണത്തിൽ മെമ്പർ ശ്രീ. പി. എം. ജോസഫ് വധിക്കപ്പെട്ടു. 5-9-1974-ൽ പി. ഡി. സെബാസ്റ്റ്യൻ പ്രസിഡണ്ട് സ്ഥാനം രാജിവച്ചു. 18-11-1974-ൽ എം. എൻ. കൃഷ്ണദാസ് പഞ്ചായത്ത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

നീണ്ട 16 വർഷങ്ങൾക്കു ശേഷമാണ് പിന്നീട് പഞ്ചായത്ത് തെരഞ്ഞെടുപ്പുനടന്നത്. 28-9-1979-ൽ രണ്ടാം പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. പ്രസിഡണ്ട് ശ്രീ. ജോസഫ് ചാവേലി. വൈസ് പ്രസിഡണ്ട് ശ്രീ. പി. ആർ. മാധവൻ. കമ്മറ്റിയംഗങ്ങളായി എൻ. എം. കുര്യൻ, കുമാരി കമലാ നാരായണൻ, പി. എം. പരീത്, ഒ. എ. പരീത്, സി. കുര്യക്കോസ്, എ. എസ്. മീരാൻ, കരുണാകരൻ, അർജുനൻ, പി. സി. ഗോപി എന്നിവരും പ്രവർത്തിച്ചു. 1984-ൽ അഞ്ചുവർഷം പൂർത്തിയായ കമ്മറ്റി പിരിച്ചുവിട്ടു. 30-10-84 മുതൽ സ്പെഷ്യൽ ഓഫീസർമാരായി ശ്രീ. എ. കുമാരസ്വാമി, ശ്രീ. ജോസഫ്, ശ്രീ. വി. എൻ. മൂർത്തി എന്നിവർ ഭരണം നടത്തി.

പ്രഥമ പഞ്ചായത്ത് കമ്മറ്റിയുടെ കാലത്ത് പഞ്ചായത്തിനുവേണ്ടി 72 സെൻറ് സ്ഥലം K.S.E. ബോർഡിൽ നിന്നും അനുവദിപ്പിക്കുകയും അവിടെ കെട്ടിടം നിർമ്മിച്ച് പഞ്ചായത്ത് ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് റൂറൽ ഡിസ്പെൻസറി, മൃഗാശുപത്രി എന്നിവ പ്രവർത്തിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സ്ഥലവും കെട്ടിടവും പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെൻററിന് വിട്ടുകൊടുത്തു. വെള്ളത്തൂവൽ ടൗണിൽ പഞ്ചായത്ത് വക സ്ഥലത്ത് റൂറൽ ഡെവലപ്പ്മെൻറ് ബോർഡിൽ നിന്നും വായ്പ എടുത്ത് ഷോപ്പിംഗ് കോംബ്ലക്സ് കം ഓഫീസ് നിർമ്മിക്കുകയും പഞ്ചായത്താഫീസിന്റെ പ്രവർത്തനം ഈ മൂന്നു നില കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു. താഴത്തെ നിലയിൽ ഭാരതീയ സ്റ്റേറ്റു ബാങ്കും, മൂന്നാം നിലയിൽ ഓഫീസ് കെട്ടിടം പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് "പി. ഡി. സെബാസ്റ്റ്യൻ മെമ്മോ

റിയൽ" ലൈബ്രറി ഇപ്പോൾ പ്രവർത്തിക്കുന്നു. തുടർന്ന് 7-2-1994 മുതൽ പുതിയ ഗ്രാമപഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് ഓഫീസ് അതിലേക്കു മാറ്റി പ്രവർത്തിച്ചു വരുന്നു.

മൂന്നാം പഞ്ചായത്ത് കമ്മറ്റി 6-2-1988-ൽ നിലവിൽ വന്നു. ശ്രീ. എൻ. ആർ. സത്യബാബു പ്രസിഡണ്ട്, ശ്രീമതി ആമിന മുഹമ്മദ് വൈസ് പ്രസിഡണ്ട്, ശ്രീ. ജോൺ കുഴിഞ്ഞാലി, ശ്രീമതി പങ്കജാക്ഷി ഗംഗാധരൻ, ശ്രീ. പി. എം. പരീത്, ശ്രീ. പി. കെ. ഭാസ്കരൻ, ശ്രീ. ജോസ് പുല്ലൻ, ശ്രീ. കെ. പി. ജോർജ്, ശ്രീ. സി. പി. അയ്യപ്പൻ, ശ്രീ. സി. കെ. വാസു എന്നിവർ കമ്മറ്റിയംഗങ്ങളായും പ്രവർത്തിച്ചു.

ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരമുള്ള പഞ്ചായത്തീരാജ് നിയമമനുസരിച്ച് നടന്ന തെരഞ്ഞെടുപ്പിലൂടെ 30-9-1995-ൽ നിലവിവുള്ള ഭരണസമിതി (നാലാം ഭരണസമിതി) അധികാരത്തിൽ വന്നു.

ത്രിതല സംവിധാനം ആയതിനാൽ നമ്മുടെ പഞ്ചായത്ത് രണ്ടു ജില്ലാ പഞ്ചായത്തു ഡിവിഷനുകളുടെ ഭാഗമായി മാറി. അടിമാലി ഡിവിഷനിൽ നിന്ന് ശ്രീ. കെ. സി. മുഹമ്മദും പള്ളിവാസ്സൽ ഡിവിഷനിൽ നിന്ന് ശ്രീമതി റിജയ കടക്കരയും അംഗങ്ങളായി. ഇതോടൊപ്പം പഞ്ചായത്തിലെ ബ്ലോക്ക് ഡിവിഷനായ വെള്ളത്തുവലിൽ നിന്നും ശ്രീ. പി. വി. സ്കറിയയും, കുഞ്ചിത്തണ്ണി ഡിവിഷനിൽ നിന്നും കുമാരി തുളസിഭായ് കൃഷ്ണനും തെരഞ്ഞെടുക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിന് 11-വാർഡുകളാണുള്ളത്. വാർഡുകളിൽ നിന്നും ശ്രീമതി റോസിലിപോൾ, സെലിൻ ജേക്കബ് (പ്രസിഡൻറ്), സി. കെ. ചന്ദ്രശേഖരൻ, ശോഭനാ രാമചന്ദ്രൻ, ജോർജ് തോമസ്, കെ. എം. എ. റഹിം, (വൈസ് പ്രസിഡൻറ്) കെ. അനിൽകുമാർ, കെ. പി. ജോർജ്, വറുഗീസ് സ്കറിയ, കുമാരി റ്റി. ആർ. ഇന്ദുലേഖ (സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ) റ്റി. ആർ. ഹരിദാസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തീരാജ് സംവിധാനം അനുസരിച്ച് ഗ്രാമസഭകൾ നടത്തിയും, 9-ാം പദ്ധതിയുടെ ഭാഗമായി വിശേഷാൽ ഗ്രാമസഭകൾ ചേർന്നും നാട്ടിലെ വികസന പ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്ത് കർമ്മപരിപാടികളുമായി നമുക്ക് വിജയത്തിൻറെ പാതയിലൂടെ മുന്നോട്ടു പോകാം.



ഭൂപ്രകൃതിയും വിഭവങ്ങളും

കിഴക്കൻ മലനിരകളുടെ മദ്ധ്യഭാഗത്ത് പാറ കെട്ടുകളും മലകളും ഡാമുകളും കൊച്ചരുവികളും താഴ്വരകളും ഇടതൂർന്ന പ്രദേശമാണ് വെള്ള ത്തൂവൽ പഞ്ചായത്തുൾപ്പെടുന്ന ഭൂപ്രദേശം. ആദ്യകാല കുടിയേറ്റ ഗ്രാമമായ ഈ പ്രദേശത്തെ പ്രധാനകൃഷി നെല്ല്, മരച്ചീനി, വാഴ തുടങ്ങിയ കുറു ബുപ്പ് കൃഷികളും വ്യാപകമായ ഏലകൃഷിയുമാ യിരുന്നു. വന്യമൃഗങ്ങളുടെ ശല്യം പലപ്പോഴും ജീവഹാനിവരെ സംഭവിച്ചിട്ടുണ്ട്. 1957-നു ശേഷം കൃഷിഭൂമികളിൽ സ്ഥിരദേഹണ്ഡമാകമെന്ന നിയമം വന്നതോടെ കാപ്പി, കമുക്, തെങ്ങ്, കുരുമുളക്, റബർ, കൊക്കോ, ഏലം, ഗ്രാമ്പു, ജാതി തുടങ്ങി യവ വ്യാപകമായി കൃഷി ചെയ്യാൻ തുടങ്ങി. ഇവയിൽ പ്രധാനകൃഷി കുരുമുളക്, കൊക്കോ, റബർ തുടങ്ങിയവയാണ്. ആദ്യകാലങ്ങളിൽ നല്ല രീതിയിൽ വിളവ് ലഭിച്ചുകൊണ്ടിരുന്ന കുരുമുളക് ദ്രുതവാട്ടവും മാറിമാറി വരുന്ന കാലാവസ്ഥയും നാശോന്മുഖമാക്കിയിരിക്കുന്നു. ഇവിടെ പ്രധാന മായി ആറുതരം മൺതരങ്ങൾ കാണപ്പെടുന്നു. കറുത്ത മണ്ണ്, ചുവപ്പുമണ്ണ്, ചരൽ ചേർന്ന ചുവപ്പു മണ്ണ്, ചരൽ ചേർന്ന കറുത്ത മണ്ണ്, കുമ്മായ മണ്ണ്, വനമണ്ണ് എന്നിവയാണ്. ഒരു പ്രദേശത്തു തന്നെ പലതരം മണ്ണിനങ്ങൾ കാണപ്പെടുന്നുണ്ട്. ചരിഞ്ഞ ഭൂമിയാണ് ഭൂരിഭാഗവും. അതുകൊണ്ട് മണ്ണൊലിപ്പ് സർവ്വസാധാരണമാണ്. മണ്ണിന്റെ ഫലഭൂയിഷ്ടത മണ്ണൊലിപ്പുമൂലം അതിവേഗം നഷ്ടപ്പെടുത്തു ന്നതിനാൽ കൃഷിയിൽ നിന്നും ആദായം കുറഞ്ഞു വരുന്നു. ശാസ്ത്രീയ കൃഷി രീതിയിലൂടെ അപര്യാ പ്തത ബോധവൽക്കരണം അശാസ്ത്രീയ വളപ്ര യോഗം എന്നിവ കൃഷി നാശത്തിനു നിതാന്തമാണ്. ഇതുകൊണ്ട് കൃഷിയിൽ നിന്നുള്ള ആദായവും, സാമ്പത്തിക ബുദ്ധിമുട്ടും കൃഷിചെയ്യുന്നതിനുള്ള ഉത്സാഹവും കുറയുന്നു.

ഭൂപ്രകൃതി

കുന്നിൻ മുകൾ സമതലം	275	ഹെക്ടർ
കുന്നിൻചെരുവ്	1125	ഹെക്ടർ
താഴ്വര	500	ഹെക്ടർ
പാറക്കെട്ട്	200	ഹെക്ടർ

ഈ പഞ്ചായത്തിൽ ജലസേചന സൗകര്യം വളരെ കുറവാണ്. മഴയെ ആശ്രയിച്ചുള്ള കൃഷി യാണ് ബഹുഭൂരിപക്ഷവും. 60-70% ഒരു ഹെക് ടറിൽ താഴെയുള്ള തുണ്ടുഭൂമികളാണ്. അതുകൊണ്ട് ഒരു കൃഷിയും സൗകര്യപ്രദവും ലാഭകരവുമായി ചെയ്യാൻ കഴിയുന്നില്ല. ബാക്കി ഭൂമിയിൽ 10% ഒരു ഹെക്ടറിൽ കൂടുതലുള്ളതും ബാക്കി 20% ഒന്നു മുതൽ രണ്ടു ഹെക്ടറിനുള്ളിലുള്ളതുമാണ്. കാലവർഷം നല്ല രീതിയിൽ ലഭിക്കുന്ന പ്രദേശമാണ്. അതോടൊപ്പം നല്ല കാറ്റും ഉരുൾപൊട്ടലും സാധാരണമാണ്. മേയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിലാണ് ശക്തമായ മഴ ലഭിക്കാറുള്ളത്. ഈ സമയത്ത് വ ന്വിച്ച കൃഷി നാശവും വീട്ടു നാശവും സംഭവിക്കാറുണ്ട്.

വിളകളും അവയ്ക്കുള്ള രോഗങ്ങളും

കുരുമുളക്	ദ്രുതവാട്ടം, കുമിൾ രോഗം
തെങ്ങ്	കൂമ്പ് ചീയൽ, കാറ്റു വീഴ്ച, ചെല്ലികുത്ത്, മാഹാളി, മഞ്ഞളിപ്പ്
കമുക്	കുമിൾ രോഗം, മാഹാളി, കുമ്പുചീയൽ
കൊക്കോ	തണ്ടുതുരപ്പൻ, മാഹാളി, കുമിൾ രോഗം
കാപ്പി	കുമിൾ രോഗം, തണ്ടുതുരപ്പൻ
ഏലം	വേരുചീയൽ, തണ്ടുതുരപ്പൻ, കീടബാധ
റബർ	പട്ടമരപ്പ് ചീക്ക്, കുമിൾരോഗം
വാഴ	ചെല്ലികുത്ത്, കുമ്പടപ്പ്

നമ്മുടെ പഞ്ചായത്തിൽ ഭക്ഷ്യോല്പാദനം വളരെ കുറവാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവയാണ് ഇവിടെ ഉപയോഗിച്ചു വരുന്നത്. ഒരു കാലത്ത് വ്യാപകമായിരുന്ന കപ്പ യും വാഴയും, ചേമ്പും, കാച്ചിലും ഇവിടെ നാമ മാത്രമാവുകയാണ്.


ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹ കരണസ്ഥാപനങ്ങൾകൊണ്ട് കൃഷിക്കാരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നില്ല. കാർഷിക ഉല്പന്നങ്ങളിൽ ഭൂരിപക്ഷവും മാർക്കറ്റിംഗ് സൊസൈറ്റികൾ വഴി വിറ്റഴിക്കുന്നു. കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്ന തൂരിശ്, കക്കാ, C.O.C. മറ്റു വസ്തുക്കൾ എന്നിവ യഥാസമയം വിതരണം ചെയ്യാത്തത് വളരെ ബുദ്ധിമു ട്ടുണ്ടാക്കുന്നുണ്ട്. തൊഴിലില്ലാത്തവരുടെ എണ്ണം കൂടുതലാണെങ്കിലും കാർഷിക മേഖലകളിൽ തൊഴിലാളികളുടെ അഭാവം ശ്രദ്ധേയമാണ്. അമി തമായ രാസവളപ്രയോഗത്തിലൂടെ മണ്ണിന്റെ ഘടനക്കുതന്നെ മാറ്റം വന്നിട്ടുള്ള ഈ സന്ദർഭത്തിൽ മണ്ണൊലിപ്പ് നിവാരണത്തിനും ജൈവ വള പ്രയോഗത്തിനും കൂടുതൽ പ്രാധാ ന്യം നൽകി. കാർഷിക മേഘലയിൽ യന്ത്ര വത്ക്കരണമുൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തി കാർഷിക മേഖലയെ സംരക്ഷിക്കേണ്ടതുണ്ട്.

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

വാർഡു തല ജനസംഖ്യാ വിവരപട്ടിക

വാർഡ് നംബർ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പട്ടികജാതി		പട്ടികവർഗ്ഗം		വിസ്തീർണ്ണം	കുടുംബങ്ങളുടെ എണ്ണം
				പു.	സ്ത്രീ.	പു.	സ്ത്രീ.		
1	1001	964	1965	113	92	3	10	-	473
2	1380	1369	2749	45	56	-	-	-	566
3 + 11	1802	1790	3592	135	141	85	66	-	787
4	1777	1750	3527	52	59	-	-	-	711
5	1279	1209	2488	45	37	-	-	-	526
6	1214	1164	2378	28	28	-	-	-	460
7	1384	1308	2692	37	32	1	1	-	544
8	1383	1340	2723	86	82	14	8	-	582
9	931	926	1657	130	139	11	15	-	353
10	863	827	1690	57	46	7	10	-	366

അവലംബം - 1991 - സെൻസസ്



കൃഷിയും ജലസേചനവും

കിഴക്കൻ മലനിരകൾക്ക് മദ്ധ്യഭാഗത്ത് പാറക്കെട്ടുകളും, മലകളും, മൊട്ടകുന്നുകളും, പുൽമേടുകളും നിറഞ്ഞ വെള്ളത്തൂവൽ പഞ്ചായത്ത് ആദ്യകാല കുടിയേറ്റഗ്രാമമാണ്. കാട്ടു മൃഗങ്ങളോട് മല്ലിട്ട് ചോര നീരാക്കിയ കൃഷിക്കാർ ഇവിടെസുഗന്ധവ്യജ്ഞനങ്ങൾകൊണ്ട് പൊന്നു വിളയിച്ചിരുന്നു. കുരുമുളകും, റബ്ബറും, തെങ്ങും, കൊക്കോയും, കാപ്പിയും, വാഴയും, നെല്ലും സമൃദ്ധിയായി വിളയുന്ന ഈ മലയോരഗ്രാമം പ്രകൃതിരമണീയമാണ്. സമുദ്ര നിരപ്പിൽനിന്നും 3400 അടി ഉയരത്തിലുള്ള ഈ കൊച്ചുഗ്രാമത്തിന്റെ വിസ്തീർണ്ണം 43.06 സ്കയർ കിലോമീറ്ററാണ്. 6746 കുടുംബങ്ങൾ ഉള്ളതിൽ 4650 കർഷക കുടുംബങ്ങളാണ്. 3000ത്തോളം നാമമാത്ര കൃഷിക്കാരും, 1200 ചെറുകിട കർഷകരും 500-ഓളം വൻകിട കൃഷിക്കാരുമാണ്. ഇവരിൽ പട്ടയമുള്ളവരും, പട്ടയമില്ലാത്ത കൈവശക്കാരും ഏതാണ്ട് തുല്യരാണ്. പ്രധാന കൃഷിയായ കുരുമുളക് 2600 ഹെക്ടറിൽ ചെയ്തു വരുന്നു. പഞ്ചായത്തിലൂടെ കടന്നു പോകുന്ന മുതിരപ്പുഴയാറ്റിൽ എല്ലാ അരുവികളും തോടുകളും ചെന്നവസാനിക്കുന്നു.

പ്രധാനകൃഷി വിളകൾ കുരുമുളക്, തെങ്ങ്, കൊക്കോ, കമുക്, റബ്ബർ, കാപ്പി, നെല്ല്, ഇഞ്ചി, ഏത്തവാഴ എന്നിവയാണ്. കുറഞ്ഞ തോതിൽ തേയില, ഏലം, മഞ്ഞൾ, മരച്ചീനി, പച്ചക്കറികൾ, കശുമാവ്, എന്നിവയും കൃഷി ചെയ്തു വരുന്നു. പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്.

ആദ്യകാല കുടിയേറ്റക്കാർ ഏറുമാടങ്ങളിൽ താമസിച്ച് നെല്ലും (വിരിപ്പ്) ഇഞ്ചിപ്പുല്ലും കൃഷിചെയ്തു ഉപജീവനം നടത്തിയിരുന്നു. മുണ്ട ൻപ്പെരുവാഴ, വെള്ളി കുരുവിക്കണ്ണി, ഈറ്റപ്പെരു വാഴ, വെള്ളപ്പെരുവാഴ, താരതമ്യേന മൂപ്പ് കുറ ഞ്ഞ വെള്ളച്ചി എന്നീ നെൽവിത്തുകളാണ് കൃഷി ചെയ്തിരുന്നത്. അതിന് ശേഷം മരച്ചീനിയും, വാഴയും തുടർന്ന് സ്ഥിര ദേഖണ്ഡങ്ങളായ കമു കും, തെങ്ങും, കുരുമുളകും, കാപ്പിയും, കൃഷി ചെയ്തു. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേ ശങ്ങളായ പോത്തുപാറ, മുതുവാൻകുടി, ചെങ്കുളം എന്നിവിടങ്ങളിൽ വൻതോതിൽ ഏലം കൃഷി ചെയ്തിരുന്നു. മദ്ധ്യകേരളത്തിൽനിന്നുമുള്ള കുടിയേറ്റക്കാർ കാലാവസ്ഥയിലുള്ള മാറ്റം തിരിച്ചറിഞ്ഞ് റബ്ബർ കൃഷിയാരംഭിച്ചു. ആകെ കൃഷി ഭൂമിയുടെ 80% ചെരിവും 10% നിരപ്പും 10% ചതുപ്പുമാണ്. പഞ്ചായത്തിന്റെ മൂക്കാൽ ഭാഗത്തോളം പ്രദേശങ്ങളിൽ ചെമ്മണ്ണും ബാക്കി മണൽ ചേർന്ന കരിമണ്ണുമാണ് കാണുന്നത്. വർദ്ധിച്ച് വരുന്ന രാസവളപ്രയോഗം മൂലം മണ്ണി ന്റെ അമ്ലസ്വഭാവം വർദ്ധിച്ച് വരുന്നതായിട്ടാണ് കാണപ്പെടുന്നത്. മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ എന്നിവ മൂലം മണ്ണിന്റെ ഫലഫൂയിഷ്ഠതയിൽ കുറവ് വരുന്നതായിട്ടാണ് അനുഭവപ്പെടുന്നത്.

ആകെ കൃഷിഭൂമിയുടെ 25% കുരുമുളക് കൃഷിയാണ്. പരമ്പരാഗതമായി കൃഷി ചെയ്തു വന്ന കരിമുണ്ട, ചെങ്ങന്നൂർമുണ്ട, ചെങ്ങ ന്നൂർമുണ്ടി, ജീരകമുണ്ടി എന്നിവയും കൂടാ തെ പന്നിയൂർ 1 എന്ന ആധുനീക ഇനവും കൃ ഷി ചെയ്തു വരുന്നു. കൃഷിക്കാരുടെ വരു മാനത്തിൽ ഏറിയ പങ്കും കുരുമുളകിൽ നിന്നാ ണെങ്കിലും കുരുമുളക് കൃഷി ഇന്ന് ദ്രുതവാട്ട രോഗത്തിന്റെ പിടിയിലമർന്നുകഴിഞ്ഞു. 1300 ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്യുന്നു. എന്നാൽ ഉല്പാദനക്ഷമത കുറഞ്ഞ നാടൻ ഇനങ്ങളാണ് ഭൂരിഭാഗവും. പ്രധാനകൃഷിവിളകളിൽ ഒന്നായ കമുക് കൃഷി ഇന്ന് പ്രതിസന്ധിയിലാണ്.

മദ്ധ്യകേരളത്തിൽ വളരെയേറെ പ്രചാരം സിദ്ധിച്ച കൊക്കോകൃഷി ഇവിടുത്തെ കൃഷി ക്കാരുടെ സാമ്പത്തികനേട്ടങ്ങൾക്ക് പിന്നിലുണ്ട്. കഴിഞ്ഞ 4 പതിറ്റാണ്ട മുൻപു തുടങ്ങിയ റബ്ബർ കൃഷി പഞ്ചായത്തിലെ കൂടുതൽ ഭൂമിയിൽ [R1.1- 105, RRIM-600, R.R.1.1-108] കൃഷി ചെയ്തു വരുന്നു. പഞ്ചായത്തിൽ പോത്തുപാറ, മുതു വാൻ കുടി പ്രദേശങ്ങളിൽ ചെറിയ തോതിലും കാപ്പി കൃഷി ചെയ്തിട്ടുണ്ട്. അറബിക്ക, റോബ സ്റ്റാ, നാടൻ, കാവേരി എന്നീ ഇനങ്ങളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ജാതി, ഗ്രാമ്പൂ, കറുവാപ്പട്ട എന്നിവ ചെറിയ തോതിലും കൃഷി ചെയ്യുന്നുണ്ട്.

നെൽകൃഷിലാഭകേരമല്ലാതായതും നെൽ പാടങ്ങൾ നികത്തിയും, അല്ലാതെയും കൂടുതൽ ആദായമുള്ള മറ്റു കൃഷിയിലേക്ക് തിരിഞ്ഞ ത്കൊണ്ട് നെൽപാടങ്ങളുടെ വിസ്തൃതി 125 ഹെക്ടറായി കുറഞ്ഞു. ജലസേചന സൗകര്യ ത്തിന്റെ കുറവ് തൊഴിലാളികളുടെ അഭാവം, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ വർദ്ധിച്ച വില, ജൈവവളത്തിന്റെ ലഭ്യത കുറവ്, വരുമാനത്തിലുള്ള ഏറ്റകുറച്ചിൽ എന്നിവ കർഷകനെ നെൽകൃഷിയിൽനിന്നും അകറ്റി. നെൽപ്പാടം നികത്തി കോൺക്രീറ്റ് കെട്ടിടങ്ങൾ ഉണ്ടാക്കുവാനുള്ള പ്രവണത വർദ്ധിച്ച് വരുന്നു. പഞ്ചായത്തിൽ 1000 ഏക്കർ, തോക്കുപാറ, മുതുവാൻകുടി (വലിയകണ്ടം) കിഴക്കേചെങ്കുളം, കുമ്പൻപാറ എന്നിവിടങ്ങളിൽ പ്രധാനമായും മറ്റ് മേഖലകളിൽ ഭാഗീകമായും നെൽകൃഷിചെയ്തു വരുന്നു. വിരിപ്പും, മുണ്ട കനുമായി രണ്ടു കൃഷിയാണ് പ്രധാനം. പുതിയ ഇനങ്ങളായ Tx D, ഇടവക, കുഞ്ഞുഞ്ഞ്, ചുവന്നത്രിവേണി എന്നിവയാണ് പ്രധാനമായും കൃഷിചെയ്യുന്നത്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ, തോടുകളോ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല എന്നതാണ് സത്യം.

ഹൃസ്വകാല വിളകളായ ഇഞ്ചി, മഞ്ഞൾ, ഏത്തവാഴ തുടങ്ങിയവ പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്തുവരുന്നു. ഏതാണ്ട് 2000ത്തോളം കുടുംബങ്ങൾ ഇഞ്ചി, മഞ്ഞൾ കൃഷി ചെയ്തു വരുന്നു. ഇവ പച്ചയായും ഉണങ്ങിയുമാണ് വില്പന നടത്തുന്നത്. ഇഞ്ചിക്ക് മൂടുചീയൽ, ഇലപുള്ളി രോഗം എന്നിവ വ്യാപകമായി കണ്ടുവരുന്നു. അടുത്തകാലത്തായി ഏത്തവാഴകൃഷി നെൽകൃഷിയെ പിന്നിലാക്കി പാടങ്ങളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു. വർദ്ധിച്ചാദായവും, വിപണന സൗകര്യവും ഏത്തവാഴകൃഷിയുടെ ഭാവി ശോഭനമാക്കുന്നു. കൂറുനാമ്പ് രോഗം, കൊക്കാൻ, വാഴവണ്ട് എന്നിവ ഏത്തവാഴകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

പഞ്ചായത്തിൽ വളരെ വ്യാപകമായിരുന്നതും എന്നാൽ ഇന്ന് ഏതാണ്ട് അദൃശ്യമായികൊണ്ടിരിക്കുന്ന കൃഷിയാണ് മരച്ചീനി. മണ്ണൊലിപ്പും, ഉരുൾപൊട്ടലും മൂലമുണ്ടായ മണ്ണിന്റെ ഫലഭൂയിഷ്ഠിയുടെ കുറവാണ് ഇതിന് പ്രധാനകാരണം. എല്ലക്കൽ, ചെങ്കുളം, മുതുവാൻകുടി പ്രദേശങ്ങളിൽ തേയിലകൃഷി അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട്. വൻകിടതേയില തോട്ടുടമകളോട് ചേർന്നുള്ള ചെറുകിടകൃഷിക്കാരുടെ ഈ സംരംഭം വിജയത്തിലെത്തുമെന്ന് പ്രത്യാശിക്കാം. ആദ്യകാലങ്ങളിൽ വ്യാപകമായിരുന്ന ഏലം കൃഷി ഇന്ന് നാമമാത്രമാണ്. കാലാവസ്ഥയിലുണ്ടായ വ്യതിയാനം മരംമുറിക്കൽ, കുടിയേറ്റകൃഷിക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, വിലതകർച്ച, കൂലി വർദ്ധനവ്, ചെറുകിട ഏലകൃഷിക്കാർക്ക് ഗവൺമെന്റിൽനിന്നുള്ള ധനസഹായത്തിന്റെ അഭാവം, അഴുകൽ രോഗം, സംസ്ക്കരണത്തിനുള്ള സൗകര്യ കുറവ് എന്നിവ ഏലം കൃഷിയെ പ്രതികൂലമായി ബാധിച്ചു.

പഞ്ചായത്തിൽ കല്ലാർക്കുട്ടി, പനംകൂട്ടി, തെക്കെകത്തിപ്പാറ, നായികുന്ന് എന്നീഭാഗങ്ങളിൽ കശുമാവ് കൃഷി ചെറിയ തോതിൽ ചെയ്തു വരുന്നു. ദൈനംദിന ആവശ്യങ്ങൾക്കുള്ള പച്ചക്കറികൾക്കായി അയൽ സംസ്ഥാനമായ തമിഴ്നാടിനെ ആശ്രയിച്ചുകൊണ്ടിരുന്ന പഞ്ചായത്ത് നിവാസികൾ വേനൽക്കാല പച്ചക്കറികളായ പാവയ്ക്ക, പയർ , പച്ചമുളക്, വെണ്ടയ്ക്ക, വഴുതനങ്ങ, ചേന, ചേമ്പ്, കാച്ചിൽ, കുമ്പളങ്ങ, മത്തങ്ങ, വെള്ളരിക്ക, ചീര മുതലായുടെ കൃഷി അടുത്തകാലത്തായി വർദ്ധിച്ചതായി കാണുന്നു. കൃഷിക്കാർ ഒരു തീവ്ര പരിപാടിയുമായി മുന്നോട്ടുപോയാൽ പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്. ഞാലിപ്പൂവൻ, ചൂണ്ടില്ലാകണ്ണൻ, പാളയംതോടൻ, റോബസ്റ്റാ, ഏറ്റവും പുതിയ നേന്ത്രൻ ഇനമായ "കവിൻറൽവാഴ" മധുരകിഴങ്ങ് എന്നിവയും കൃഷി ചെയ്തു വരുന്നു.

തരിശുഭൂമി

2-ാം വാർഡിൽ എൽകുന്ന്, 5-ാം വാർഡിൽ, ചെങ്കുളം, മുതുവാൻകുടി, 8,10 വാർഡിൽ കല്ലാർകൂട്ടി കത്തിപ്പാറ ഭാഗങ്ങളിലും തരിശുഭൂമി വേർതിരിഞ്ഞ് കിടക്കുന്നു.

പട്ടിക കൃഷി ഭവൻ - രേഖ

	ഇനം	വിസ്തീർണ്ണം
1	നിലം	125 ഹെ.
2	പുരയിടം -	
3	പുറമ്പോക്ക് (Project area)	500 ഹെ.
4	കൃഷിയോഗ്യതരിശ് KSEB	500 ഹെ
5.	കൃഷിയോഗ്യമല്ലാത്ത തരിശ്	200 ഹെ
	ആകെ.	

പാഴ്ഭൂമിയെ സംബന്ധിച്ച വിവരം

കാർഷിക ഉപയോഗത്തിൽ ഇരിക്കുന്ന നിരോധിത വന മേഖല	കുത്തനെചെരിവുള്ള ഭൂമി	പാറക്കൂട്ടങ്ങൾ	നിമ്നോന്നതവുംവൃക്ഷങ്ങൾ ഉള്ളതും, ഇല്ലാത്തതുമായ ഉയർന്ന പ്രദേശം.	ആകെ
82ഹെ	11ഹെ	5ഹെ	21ഹെ	119 ഹെ

(From: Land Resources of Kerala State- 1995)

കൃഷിഭവൻ

1976-ൽ സാഡുവിലൂടെ കൃഷിഓഫീസ് പ്രവർത്തനമാരംഭിച്ചു. ഒരു ഓഫീസറും രണ്ട് കൃഷി അസിസ്റ്റൻറും മാത്രമുള്ള കൃഷിഭവൻെറ പ്രവർത്തനം പൂർണ്ണായ തോതിൽ കർഷകർക്ക് ലഭിക്കുന്നില്ല. കൃഷിഭവൻെറ കീഴിൽ ഒരു അഗ്രോ സർവ്വീസ് സെൻറർ ഭാഗീകമായി പ്രവർത്തിക്കുന്നുണ്ട്.

നഴ്സറികൾ

എൺപതുകളിൽ വളരെ നന്നായി പ്രവർത്തിക്കുന്ന നഴ്സറികൾ ഉണ്ടായിരുന്നെങ്കിലും നിലവിൽ നാമമാത്രമായി പ്രവർത്തിക്കുന്ന ഒന്നോ രണ്ടോ നഴ്സറികൾ മാത്രമേ ഉള്ളൂ.

കാർഷികവായ്പ

യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ കല്ലാർകുട്ടി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ വെള്ളത്തൂവൽ, ആനച്ചാൽ ഹരിജൻസർവ്വീസ് സഹകരണസംഘം, എല്ലക്കൽ സർവ്വീസ് സഹകരണബാങ്ക്, വെള്ളത്തൂവൽ സർവ്വീസ് സഹകരണബാങ്ക്, ദേവികുളം താലൂക്ക് സഹകരണകാർഷികഗ്രാമവികസനബാങ്ക്, ഇടുക്കിജില്ലാ സഹകരണബാങ്ക് കുഞ്ചിത്തണ്ണി, ഫെഡറൽ ബാങ്ക് കുഞ്ചിത്തണ്ണി, എന്നിവിടങ്ങളിൽ നിന്നും വർഷം തോറും കാർഷിക വായ്പകൾ നൽകാറുണ്ട്.

ജലസേചനം.

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായി ലഭിക്കുന്നത് കാലവർഷവും, തുലാവർഷവുമാണ്. വെള്ളത്തിനുള്ള മാർഗ്ഗം കൂടാതെ സർക്കാരിൻെറയും സഹകാര്യവ്യക്തികളുടേതുമായി 27 ജലസേചനകുളങ്ങൾ കാർഷിക ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നു. ചെറുതും വലുതുമായ ഏതാണ്ട് 40-ഓളം തോടുകൾ പഞ്ചായത്തിൽ കൂടി ഒഴുകുന്നുണ്ട്. ഭൂരിഭാഗം തോടുകളും വേനൽകാലത്ത് വറ്റി പോകുന്നതുമാകുന്നു.

തോടുകൾ ശരിയായ രീതിയിൽ സംരക്ഷിക്കാത്തത് കൊണ്ട് മുൻപ് ഉണ്ടായിരുന്ന നീരൊഴുക്ക് ഇന്ന് കാണുന്നില്ല.

വിപണനം:- പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സഹകരണസംഘങ്ങളുടെ സേവനം നല്ല രീതിയിൽ ലഭിക്കുന്നുണ്ട്. വെള്ളത്തൂവൽ സർവ്വീസ് സഹകരണബാങ്ക്, വെള്ളത്തൂവൽ പഞ്ചായത്ത് ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി, എല്ലക്കൽ സർവ്വീസ് സഹകരണബാങ്ക്, അടിമാലി ബ്ലോക്ക്, ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി വെള്ളത്തൂവൽ ബ്രാഞ്ച് എന്നിവയാണു പ്രധാനമായി മുൻപന്തിയിൽ നില്ക്കുന്നത്.

പ്രശ്നങ്ങൾ

നമ്മുടെ സംസ്ഥാനത്തിൻെറ സാമ്പത്തികരംഗത്ത് വളരെയേറെ മാറ്റം വരുത്താനുതകുന്നതും, വിദേശനാണ്യം നേടിത്തരുന്നതുമായ സുഗന്ധവിളകളും, തോട്ടവിളകളും ഇന്ന് വിവിധരോഗ കീടബാധയേറ്റ് തകർന്ന്

വാർഡ്	വർഷം മുഴുവൻ വെള്ളമുള്ളവ	മഴക്കാലത്തുമാത്രം വെള്ളമുള്ളവ
1.	കുത്തുപ്പാറ- വെള്ളത്തൂവൽ തോട്	
2.	മുതിരപ്പുഴയാർ	കുഞ്ചിറക്കാട്ട്തോട് എല്ലക്കൽപള്ളിത്തോട് എൽകുന്ന് കല്ലത്ത്തോട്
3.	കിഴക്കെ ചെങ്കുളം, ആഡിറ്റ് തോട്.	
4.	ചെങ്കുളം അമ്പഴച്ചാൽ തോട്,അഞ്ചേരിതോട്, മാങ്ങാപ്പാറ അമ്പഴച്ചാൽതോട്.	
5.	ചെങ്കുളം കുത്തുപ്പാറ, കുത്തുപ്പാറ ശല്യംപാറതോട്	
6.	മുസ്ലിംപള്ളിതോട്	തെക്കേശല്യാംപാറ തോട്, ഹോമിയോ ആശുപത്രി റോഡ്
7.	കുമ്പൻപാറ ആനവരട്ടിതോട്. ഇടശ്ശേരി മാൻകടവ്തോട്	
8.	കത്തിപ്പാറ കല്ലാർകുട്ടിതോട് വടക്കേ ആയിരം ഏക്കർ കല്ലാർകുട്ടിതോട്	
9.	കൈതച്ചാൽ ആയിരം ഏക്കർ ഒഴുകാസിറ്റി തോട്.- കൈതച്ചാൽ ആയിരം ഏക്കർ തോട് കൈതച്ചാൽ കത്തിപ്പാറ ഒഴുകാസിറ്റിതോട്	
10.	കൈതച്ചാൽ പനംകുട്ടിതോട്	
11. -		3 ചെറിയ തോടുകൾ.

കൊണ്ട് ഇരിക്കുന്നു. ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഒഴുകി നഷ്ടപ്പെടുന്നത് കൊണ്ട് മണ്ണിന്റെ ഫല ഭൂയിഷ്ഠത വർഷം തോറും കുറഞ്ഞു വരുന്നതും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ട രോഗത്തിനെ ഉന്മൂലനം ചെയ്യുന്നതിനായി 19 കുരുമുളകുസമിതികൾ മുഖേന 5800കിലോഗ്രാം തുരിശും 5800കി.ഗ്രാം കക്കയും 2800 കി. ഗ്രാം. കോപ്പർ ഓക്സിക്ലോറൈഡും കൃഷിഭവൻ വഴി നൽകുന്നുവെങ്കിലും ഇത് അപര്യാപ്തമാണ്. കാറ്റുവീഴ്ചരോഗവും, മഞ്ഞളിപ്പും, കൂമ്പുചീയലും, ചെന്നീരൊലിപ്പും തെങ്ങുകൃഷിയെ ബാധിക്കുന്ന രോഗങ്ങളാണ്. തെങ്ങ് കൃഷിയുടെ വികസനത്തിന് വേണ്ടി ഇപ്പോൾ നൽകുന്ന രാസവളസബ്സിഡി, ജലസേചനപദ്ധതികൾക്കുള്ള സബ്സിഡി എന്നിവ എല്ലാ കൃഷിക്കാർക്കും കിട്ടുന്നില്ല. കൂടാതെ സബ്സിഡി തുക വളരെ കുറവുമാണ്. കമ്പുണങ്ങൽ, കായ്ചീയൽ രോഗങ്ങൾ കൊക്കോ കൃഷിയെ ബാധിക്കുന്നത്. കൂടാതെ കൊക്കോ സംസ്കരണത്തിനും, വിപണത്തിനുമുള്ള സാഹചര്യങ്ങൾ പഞ്ചായത്തിലില്ലാത്തതും കുത്തക വ്യവസായികളുടെ കടന്ന കയറ്റവുംമൂലം കൃഷിക്കാർക്ക് യഥാർത്ഥ വില ലഭിക്കാതെ വരുന്നു. റബ്ബർബോർഡ് ഇന്ന് സ്വീകരിച്ചിരിക്കുന്ന റബ്ബർ നിയന്ത്രണങ്ങൾ റബ്ബർ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. നെൽകൃഷിക്ക് ആവശ്യമായ യന്ത്രോപകരണങ്ങളുടെ കുറവ്, ജലസേചനത്തിനുള്ള സൗകര്യകുറവ്, മേൽത്തരം വിത്തുകളുടെ അഭാവം എന്നിവ നെൽകൃഷിയെ ബാധിക്കുന്നു.

മണ്ണ്പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടക്കാത്തത് ഉല്പാദനക്ഷമത കുറയ്ക്കുന്നതിന്റെ കാരണങ്ങളിലൊന്നാണ്. ജൈവവളത്തിന്റെ ലഭ്യത കുറവ് മണ്ണിന്റെ ഘടനയെ തന്നെ ബാധിച്ചിട്ടുണ്ട്. കൃത്യമായി മണ്ണ് പരിശോധന നടക്കാറില്ല. ഏത്ത വാഴക്ക് വ്യാപകമായി വരുന്ന രോഗങ്ങളും, പ്രകൃതിക്ഷോഭവും കനത്ത നാശം വരുത്തിവെയ്ക്കുന്നു.

കൃഷിക്ക് പ്രധാനമായും കണ്ടു വരുന്ന രോഗങ്ങൾ

കുരുമുളക്	- ദ്രുതവാട്ടം
തെങ്ങ്	- കാറ്റുവീഴ്ച,മഞ്ഞളിപ്പ്, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്
കമുക്	- മാഹാളി, മണ്ടയടപ്പ്, മഞ്ഞളിപ്പ്
കൊക്കോ	- കമ്പുണങ്ങൾ, കായ് ചീയൽ
റബ്ബർ പട്ടചീയൽ	- പട്ടമരപ്പ്, കമ്പുണങ്ങൽ,
നെല്ല്	- ബ്ലാസ്റ്റ്, ബാക്ടീരിയൽ, ബ്ളെയ്റ്റ്
ഏലം	- കായ് അഴുകൽ, വേരുചീയൽ
ഏത്തവാഴ	- കുറുനാമ്പ് കൊക്കാൽ വാഴവണ്ട്, വേരുരോഗം, സിഗാട്ടോഗരോഗ
ഇഞ്ചി	- മൂടിചീയൽ, ഇലപ്പുള്ളിരോഗം

ആധുനീക ഉപകരണങ്ങളുടെ ലഭ്യതകുറവ്, സങ്കരയിനം നടീൽ വസ്തുക്കളുടെ കുറവ്, വിദഗ്ധ ഉപദേശത്തിന്റെ കുറവ് സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യത്തിന്റെ കുറവ്, അജ്ഞത, കൃഷിഭവന്റെ പ്രവർത്തനത്തിലുള്ള പോരായ്മ, ജൈവവളത്തിന്റെ ലഭ്യതകുറവ്, മണ്ണൊലിപ്പ്, ജലസേചനത്തിനുള്ള സൗകര്യകുറവ് തുടങ്ങിയവയെല്ലാം കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിലനിൽക്കുന്ന ഘടകങ്ങളാണ്.

നിർദ്ദേശങ്ങൾ

2. കുരുമുളക് ചെടിയുടെ എണ്ണത്തെ ആസ്പദമാക്കി മരുന്ന് തളിക്കാനവശ്യമായ കുമിൾനാശിനികൾ നൽകുക, പുനരുദ്ധാരണ പദ്ധതിയിൽ ഇപ്പോഴത്തെ പരിമിതിമാറ്റി കൂടുതൽ കർഷകർക്ക് പ്രയോജനം കിട്ടത്തക്ക രീതിയിൽ വ്യാപിപ്പിക്കുക, മികച്ചയിനം നടീൽ വസ്തുക്കൾ പഞ്ചായത്തിലെ പ്രധാനകർഷകരെകൊണ്ട് ഉത്പ്പാദിപ്പിച്ച് നൽകുക, മരുന്നുതളിക്കാനാവശ്യമായ സ്പ്രയർകൾ സബ്സിഡി നിരക്കിൽ കൊടുക്കുക, മികച്ചവില ലഭിക്കുന്ന White pepper സംസ്കരണത്തിനുള്ള സംവിധാനം സൗജന്യമായി നൽകുക. ഇത് കൊണ്ട് കുരുമുളക് കൃഷി വ്യാപിപ്പിക്കുവാനും ഉല്പാദനം വർദ്ധിപ്പിക്കുവാനും, രോഗം തടയുവാനും സാധിക്കും.

2. തെങ്ങ് കൃഷിയെ ബാധിക്കുന്ന രോഗത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും, രോഗം മൂർച്ചിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും, പകരം തൈകൾ നടുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുക, ഇപ്പോൾ നൽകികൊണ്ട് ഇരിക്കുന്ന രാസവള സബ്സിഡി 33% ൽനിന്നും ഉയർത്തി 75% ആക്കുകയും പദ്ധതിയുടെ പ്രയോജനം എല്ലാ കൃഷിക്കാർക്കും കിട്ടുന്ന രീതിയിൽ കാര്യക്ഷമമാക്കണം. ജലസേചനപദ്ധതികൾക്കുള്ള സബ്സിഡി 50% ആക്കി വർദ്ധിപ്പിക്കുകയും ആവശ്യക്കാരായ മുഴുവൻ കൃഷിക്കാർക്കും നൽകുകയും വേണം. തെങ്ങ് കയറ്റ യന്ത്രങ്ങളുടെ ഉപയോഗം വ്യാപകമാക്കുന്നതിനായി സബ്സിഡി നിരക്കിൽ തെങ്ങ് കയറ്റ യന്ത്രങ്ങൾ നൽകുക. ഒറ്റത്തടി വൃക്ഷങ്ങൾക്ക് ഉണ്ടാകുന്ന രോഗങ്ങളുടെ യഥാർത്ഥ കാരണം കണ്ടു പിടിക്കുന്നതിനായി കാർഷിക ശാസ്ത്രജ്ഞന്മാരുടെ സേവനം ലഭ്യമാക്കുക. കൊപ്രാ, കയർ, ചെറുകിട ഓയിൽ മില്ലുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക. ചിരട്ട, ചകിരിനാര് തുടങ്ങിയവ ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക. മുകളിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ കമുക് കൃഷിക്കാർക്ക് കൂടി നൽകേണ്ടതാണ്.

കേരവികസനസമിതി

കേരവികസനവകുപ്പുമന്ത്രിയുടെ പ്രവർത്തനം കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടി പഞ്ചായത്തിന്റെ പൂർണ്ണ ഉത്തരവാദിത്വത്തോടെ നടപ്പിലാക്കിയാൽ എല്ലാ കേരകർഷകർക്കും അതിന്റെ ഗുണം ലഭിക്കും. ഗുണഭോക്താക്കളെ കണ്ടു പിടിക്കുന്നതിന് ശരിയായ രീതിയിൽഅന്വേഷണം നടത്തി അർഹരായവർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

3. കൊക്കോകൃഷി ശാസ്ത്രീയമായി ചെയ്യുന്നതിന് കർഷകരെ ബോധവൽക്കരിക്കുക. രോഗ പ്രതിരോധ ഉപാധികൾ സൗജന്യമായി നൽകുക. കുത്തകവ്യവസായികളുടെ കടന്നുകയറ്റം മൂലം കർഷകർക്ക് യഥാർത്ഥ വില ലഭിക്കാതെ വരുന്ന സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്തുതലത്തിൽ കൊക്കോ സംസ്ക്കരണയൂണിറ്റും ബ്ലോക്കു തലത്തിൽ കൊക്കോസംസ്കരണയൂണിറ്റും ബ്ലോക്കു തലത്തിൽ കൊക്കോ ഉല്പന്ന യൂണിറ്റും തുടങ്ങുവാൻ കഴിയും.

4. റബ്ബർ കൃഷികൂടുതൽ ആദായകരമാക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ മരുന്നുതളി, ആധുനീകപുകപ്പുര ആവശ്യമായ റബ്ബർ റോളറുകൾ എന്നിവയ്ക്ക് നൽകുന്ന ആനുകൂല്യങ്ങൾ ആവശ്യക്കാരായ എല്ലാ കൃഷിക്കാർക്കും നൽകുക. മാറിയ കാലാവസ്ഥയിൽ ഹൈറേഞ്ചിൽ റബ്ബർകൃഷി ആദായമകരമായിചെയ്യാമെന്നിരിക്കെ രജിസ്ട്രേഷന്റെ കാര്യത്തിൽ റബ്ബർബോർഡ് ഇന്ന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുക. പട്ടയമില്ലാത്ത സ്ഥലങ്ങളിൽ കൃഷിചെയ്തിട്ടുള്ള റബ്ബർ കൃഷിക്കാർക്ക് കൂടി രജിസ്ട്രേഷൻ നൽകുക.

5. അത്യുൽപാദനശേഷിയുള്ള കശുമാവിനങ്ങൾ ലഭ്യമാക്കിയും, സബ്സിഡി നൽകിയും വർദ്ധിച്ച സംഭരണവിപണന സൗകര്യങ്ങൾ നൽകിയും കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക.

6. അടുത്തകാലത്തായി വ്യാപകമായിക്കൊണ്ടിരിക്കുന്ന തേയിലകൃഷിക്കാരെ സംഘടിപ്പിച്ച് സഹകരണതേയില ഫാക്ടറി സ്ഥാപിക്കുവാൻ സാധിക്കും. ഇഞ്ചി, മഞ്ഞൾകൃഷിക്ക് ഇന്ന് നൽകുന്ന ആനുകൂല്യം അപര്യാപ്തമാകയാൽ സബ്സിഡി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് എല്ലാ ഇഞ്ചി മഞ്ഞൾ കൃഷിക്കാർക്കും നൽകിയാൽ ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാം.

7. നെൽകൃഷിക്ക് നൽകിവരുന്ന പ്രൊഡക്ഷൻ ബോണസ് ഹെക്ടറിന് 2000രൂപയാക്കി വർദ്ധിപ്പിക്കുക, പാടശേഖരസമിതികൾക്ക് പവ്വർട്രില്ലർ, പവ്വർ സ്പ്രേയർ, കുറ്റിപമ്പുകൾ, ഡസ്റ്റുകൾ എന്നിവ സൗജന്യമായും വളവും കീടനാശിനിയും സബ്സിഡി നിരക്കിലും നൽകുക. മേൽത്തരം വിത്തിനങ്ങൾ കിട്ടുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുക. നെൽപ്പാടങ്ങളുടെ അടിസ്ഥാനസൗകര്യങ്ങളായ തടയണകൾ, വരമ്പുകളുടെ പുനർനിർമ്മാണം, ജലസേചനക്കനാലുകൾ, കുളങ്ങൾ, കിണറുകൾ, തോടുകൾ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും ആവശ്യമായ ധനസഹായം അനുവദിക്കുക. ഇവയെല്ലാം ഇനി അവശേഷിക്കുന്ന നെൽപ്പാടങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.

8. നാടൻ ഫലവർഗ്ഗങ്ങളുടെ ആവശ്യവും വിലയും ഉയർന്ന സാഹചര്യത്തിൽ നാടൻ വാഴയിനങ്ങളുടെ കൃഷി വർദ്ധിപ്പിക്കുകയും പുതുതായി കണ്ടു വരുന്ന കുറുനാമ്പുരോഗത്തിനുള്ള പ്രതിവിധി കണ്ടെത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

9. **പച്ചക്കറി ഉത്പ്പാദനം:-** ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ച് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പാക്കിയും സ്കൂളുകളിൽ പച്ചക്കറിത്തോട്ടം, അടുക്കളത്തോട്ടം എന്നിവയുടെ വികസനത്തിന് പ്രോത്സാഹനം നൽകിയും, ഇതിനാവശ്യമായ കീടനാശിനികളും വളങ്ങളും സൗജന്യമായി വിതരണം ചെയ്തും ഉത്പ്പാദനം വർദ്ധിപ്പിക്കാം.

10. **തീറ്റപുൽകൃഷി:-** മൺകൈയ്യാലകൾ നിർമ്മിച്ച് തീറ്റപുൽകൃഷി വ്യാപകമാക്കിയാൽ മണ്ണൊലിപ്പ് തടയാനും, ഗുണമേന്മയുള്ള തീറ്റപ്പുല്ല് ലഭ്യമാക്കുവാനും കഴിയും. ഇതിലേക്കായി കർഷകർക്ക് പുൽവിത്തും, രാസവളവും, പാൽ സംഭരണകേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യണം.

11. **മണ്ണൊലിപ്പ് :-** പഞ്ചായത്തിൽ വ്യാപകമായ മണ്ണൊലിപ്പ് തടയുന്നതിന് മുതിരപ്പുഴ നീർമറിപ്രദേശവികസനം, പഞ്ചായത്തിലെ കൂടുതൽ പ്രദേശങ്ങളെ ഉൾപ്പെടുത്തി വിപുലമാക്കണം. പ്രത്യേക ഘടകപദ്ധതിയിൽ കൂടുതൽ പ്രദേശങ്ങളെ ഉൾപ്പെടുത്തിയും മണ്ണൊലിപ്പ് തടയാവുന്നതാണ്. പഞ്ചായത്തിൽ 1984-ൽ പ്രത്യേക ഘടകപദ്ധതിപ്രകാരം ഭാഗികമായി നടപ്പാക്കിയ പദ്ധതി പുനരാരംഭിക്കണം. പഞ്ചായത്ത് മുഴുവനും നീർമറി പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതും അത്യാവശ്യമാണ്.

12. **വിള ഇൻഷ്വറൻസ് :-** വിള ഇൻഷ്വറൻസ് പദ്ധതി ഭേദഗതികളോടെ നടപ്പാക്കണം. പ്രകൃതി ക്ഷോഭം മൂലം കൃഷി നശിച്ചാൽ മാത്രമെ നഷ്ടപരിഹാരം ലഭിക്കൂ എന്ന സ്ഥിതി മാറണം. രോഗം മൂലം ഉണ്ടാകുന്ന നാശത്തിനും നഷ്ടപരിഹാരം നൽകണം. കൂടാതെ പ്രീമിയം തുക ഇന്നത്തേതിന്റെ പകുതി ആക്കികുറയ്ക്കണം. ഒരു പുരയിടത്തിലെ മുഴുവൻ. വിളയും ഇൻഷൂർ ചെയ്യണം. എന്ന ഇന്നത്തെ രീതി മാറ്റുകയും, ദീർഘകാലവിളകൾക്ക് 10വർഷത്തേക്ക് പ്രീമിയം ഒന്നിച്ച് അടയ്ക്കുവാൻ സൗകര്യം ഉണ്ടാകണം.

13. **പ്രത്യേക കാർഷിക തൊഴിൽദാന പദ്ധതി :-**യുവജനകാർഷിക തൊഴിൽദാന പദ്ധതിപ്രകാരം അഭ്യസ്ത വിദ്യരായ കൂടുതൽ യുവാക്കളെ ഗുണഭോക്താക്കളാക്കണം. ഇതി

ന്റെ കോൺട്രിബ്യൂഷൻ തുക 1000 രൂപയെന്നത് 500 രൂപയാക്കി കുറയ്ക്കണം. മരിച്ചുപോകുന്ന അംഗത്തിന് അനുവദിക്കുന്ന ഇൻഷ്വറൻസ് ആനുകൂല്യം 30000 രൂപാ എന്ന പരിധി നീക്കി 50000- രൂപ ആക്കി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

14. **ഔഷധസസ്യങ്ങൾ :-** പഞ്ചായത്തിൽ ഔഷധസസ്യങ്ങൾ വളരെ അപൂർവ്വമായിമാത്രമെ കൃഷി ചെയ്യുന്നുള്ളു. ഔഷധസസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും അവയുടെ വിപണന സാദ്ധ്യത കണ്ടെത്തുകയും ചെയ്യണം.

15. **സുഗന്ധ വ്യഞ്ജന തൈലനിർമ്മാണ സ്ഥാപനം:-** വിദേശവ്യാപാരരംഗത്ത് വളരെയേറെ സാദ്ധ്യതയുള്ള സുഗന്ധവ്യഞ്ജനതൈല നിർമ്മാണ യൂണിറ്റ് നമ്മുടെ ജില്ലയിൽ ഇല്ല. വളരെയധികം സുഗന്ധ വ്യഞ്ജനങ്ങൾ ഉൽപ്പാദിപ്പിയ്ക്കുന്ന പഞ്ചായത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു യൂണിറ്റ് സ്ഥാപിക്കുന്നത് നാണ്യ വിളകൾക്ക് ഉയർന്നവില ലഭ്യമാക്കാൻ സഹായിക്കും.

16. **വളങ്ങൾ:-** പച്ചിലവളത്തിന്റെ കുറവ് നികത്തുന്നതിന് ശീമകൊന്ന, ചണമ്പ്, പയർവർഗ്ഗചെടികൾ, മുതലായവ വളർത്താവുന്നതാണ്. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായങ്ങൾ നൽകുകയും വേണം. മണ്ണിര കമ്പോസ്റ്റ് രീതിയെകുറിച്ച് കർഷകരെ കൂടുതൽ ബോധവാന്മാരാക്കണം.

17. **കൃഷിഭവൻ :-** കൃഷിഭവൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ യഥാസമയം കൃഷിക്കാർ അറിയുന്നില്ലാത്ത സാഹചര്യത്തിൽ വാർഡടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റുമാരെ നിയമിച്ച് കൃഷിക്കാർക്ക് സമയാസമയങ്ങളിൽ നൂതനകൃഷി സമ്പ്രദായത്തെക്കുറിച്ചും നിർദ്ദേശങ്ങൾ ലഭ്യമാക്കണം. കുരുമുളക് സംരക്ഷണസമിതികൾ വാർഡടിസ്ഥാനത്തിൽ നിജപ്പെടുത്തണം. കാലാകാലങ്ങളിൽ ലഭിക്കുന്ന വളവും, കീടനാശിനിയും യഥാസമയങ്ങളിൽ ലഭ്യമാക്കണം. വിവിധ സമിതികളിലേക്കുള്ള തെരെഞ്ഞെടുപ്പ് കൃത്യമായി നടത്തുക. പഞ്ചായത്തിൽ നിന്നും നിർദ്ദേശിക്കുന്ന ആൾ റിട്ടേണിംഗ് ആഫീസർ ആയിരിക്കണം ഒരു വീട്ടിൽ നിന്നും ഒരാൾക്ക് മാത്രം അംഗത്വം കൊടുക്കുക. സമിതികളിലെ കമ്മിറ്റികളിൽ വാർഡുമെംബറും, കൃഷി ഉദ്യോഗസ്ഥനും ക്ഷണിതാക്കളായിരിക്കണം. വിത്തുകളുടെയും, തൈകളുടെയും വിതരണത്തിൽ വർഷം തോറുമുള്ള തനിയാവർത്തനം അവസാനിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

18. **അഗ്രോ സർവ്വീസ് സെന്റർ :-** കൃഷിഭവനോടനുബന്ധിച്ചുള്ള അഗ്രോ സർവ്വീസിന്റെ പ്രവർത്തനം തൃപ്തികരമല്ല. കൃഷി ആയുധങ്ങളും, സ്സ്പ്രേയറുകളും മറ്റു കാർഷിക ഉപകരണങ്ങളും പട്ടികജാതിക്കാർക്കും മറ്റുള്ളവർക്കും വാടകക്ക് കിട്ടുന്ന തരത്തിൽ സെന്ററിന്റെ പ്രവർത്തനം വിപുലമാക്കുക. ട്രാക്ടർ, ട്രില്ലർ, കാംപ്രസർ എന്നിവ അനുവദിക്കുക. കൂടാതെ പഞ്ചായത്തിലെ കൃഷിക്കാരുടെ വർദ്ധിച്ച ആവശ്യം പരിഗണിച്ച് കുഞ്ഞിത്തണ്ണി ഹരിജൻ സൊസൈറ്റിയോടനുബന്ധിച്ച് ഒരു അഗ്രോസർവ്വീസ് സെന്റർ കൂടി അനുവദിക്കുക.

19 **ജലസേചനം:-**ജലസേചന ആവശ്യത്തിനായി ഏതാനും കുളങ്ങൾ ഇനിയും ആവശ്യമാണ്. കൂടാതെ നിലവിലുള്ള കുളങ്ങൾ, തോടുകൾ എന്നിവയുടെ അറ്റകുറ്റപണികൾ നടത്തി ജലസേചനത്തിന് ഉപയുക്തമാക്കേണ്ടിയിരിക്കുന്നു. ഏലം, തേയില, തെങ്ങ് എന്നീ കൃഷിയുടെ വികസനത്തിനായി ഡ്രിപ്പ് ഇറിഗേഷൻ , സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവ വിപുലമാക്കണം. 1000 ഏക്കർ പാടശേഖരത്തിന് EEC പദ്ധതിപ്രകാരമുള്ള ജലസേചനപദ്ധതി, തോക്കുപാറ ജലസേചനപദ്ധതി എന്നിവ ത്വരിതഗതിയിൽ നടപ്പാക്കേണ്ടിയിരിക്കുന്നു. വലിയകണ്ടം പാടശേഖരം, 1000 ഏക്കർ പാടശേഖരം, തോക്കുപാറ പാടശേഖരം എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. എൽകുന്ന്, കുത്തുപാറ- വാർഡ്1 കുരിശുപള്ളി, പന്നിയാർകൂട്ടി, പോത്തുപാറ- വാർഡ് 2 ആനച്ചാൽ, തോക്കുപാറ, അമ്പഴച്ചാൽ ശല്യാംപാറ ചെങ്കുളം- വാർഡ് 4.

മുതുവാൻകുടി, കുത്തുപ്പാറ, ശെല്യാംപാറ, ചെങ്കുളം, വെള്ളത്തൂവൽ വെസ്റ്റ്, പുത്തില നിരപ്പ്- വാർഡ് 5 കത്തിപ്പാറ കോളനിക്ക് താഴെ, 4 സെൻറ് കോളനിക്ക് താഴെ, ആയിരം ഏക്കർ- കല്ലാർകൂട്ടി റോഡിന് താഴെ- വാർഡ് VIII, ഒഴുകാസിറ്റി, കൈതച്ചാൽ, ആയിരം ഏക്കർ വാർഡ് 1X തെക്കേകത്തിപ്പാറ വാർഡ് X മന്നാംകുടി, ആമകണ്ടം, മുതുവാൻകുടി വാർഡ് XI ശല്യാംപാറനോർത്ത്, ശല്യാംപാറസൗത്ത്, വാർഡ് VI എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കേണ്ടിയിരിക്കുന്നു.

20 **കർഷകപെൻഷൻ:-** "കർഷക ക്ഷേമ നിധി പദ്ധതി "ഏർപ്പെടുത്തുകയും 60 വയസ്സു മുതൽ നിശ്ചിത വരുമാനപരിധിയിൽ താഴെയുള്ളവർക്ക് പ്രതിമാസം പെൻഷൻകൊടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം.

21 **മാതൃകാകർഷകൻ:-** മുഖ്യകാർഷിക വിളകളുടെ അടിസ്ഥാനത്തിൽ മികച്ച കർഷകരെ കണ്ടെത്തി പൊതുജനമധ്യത്തിൽ ആദരിക്കണം. അവാർഡ് തുക 5000 രൂപയാക്കി വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. 1996-ലെ "കർഷകോത്തമ" അവാർഡ് ജേതാവ് ശ്രീ. ചെറുകുന്നേൽ ഗോപി, വെള്ളത്തൂവൽ പഞ്ചായത്തിലെ കർഷകനാണ്. കൂടാതെ ശ്രീ. അന്ത്രയോസ് വരാനിക്കൽ തുടങ്ങിയ നിരവധി പ്രമുഖ കർഷകർ ഈ പഞ്ചായത്തിലുണ്ട് എന്നത് അഭിമാനകരമാണ്.

22 **നേഴ്സറികൾ:-**പഞ്ചായത്തിലെ കൃഷിക്കാരുടെ വർദ്ധിച്ച ആവശ്യം പരിഗണിച്ച് പുതിയ

നഴ്സറികൾ പ്രമുഖ കർഷകരെക്കൊണ്ട് ആരംഭിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ കൊടുക്കുക. തന്മൂലം മികച്ചയിനം നടീൽ വസ്തുക്കൾ ലഭിക്കുകയും അത് കൃഷിയെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുമെന്നതാണ് സത്യം.

22 കൂലിനിരക്ക് :- പഞ്ചായത്തിൽ ഏകീകൃതകൂലി നിലവിലില്ല. ഏകീകൃത കൂലി സമ്പ്രദായം നടപ്പിൽ വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നത് കൃഷിക്കാർക്ക് ഗുണകരമാണ്.

24. കാർഷികാവായ്പ :- സഹകരണസംഘങ്ങൾപരസ്പരജാമ്യാടിസ്ഥാനത്തിൽ നൽകുന്ന കാർഷികവായ്പ നിർബ്ബന്ധമായും സംഘങ്ങളെക്കൊണ്ടുകൊടുപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. വായ്പാപരിധി 10000 രൂപയിൽനിന്നും 20000 രൂപയാക്കി ഉയർത്തുകയും ചെയ്യണം. കാർഷിക ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ഇത് ഒഴിവാക്കാൻ പാടില്ലാത്ത ഒരു ഘടകമാണ്. അർഹരായ എല്ലാ കൃഷിക്കാർക്കും അംഗത്വം ലഭിക്കുവാനുള്ള നടപടികൾ ഉണ്ടാകണം. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശമുണ്ടായാൽ കാർഷിക വായ്പ തിരികെ അടക്കുന്നതിന് സമയദൈർഘ്യവും തവണകളും അനുവദിക്കുന്നത് ഉചിതമായിരിക്കും.

വെള്ളത്തൂവൽ പഞ്ചായത്തിലെ കർഷകരുടെ സാമ്പത്തിക ഉന്നമനത്തിനു ഉതകുന്നതും കാർഷിക വിളകളുടെ ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകകരമാകുന്നതുമായ പല നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പ്രത്യാശിക്കുന്നു.

25. കൃഷി വികസനസമിതി

ഇന്നത്തെ രീതിയിലുള്ള കൃഷിവികസനസമിതിയുടെ രൂപീകരണം അവസാനിപ്പിക്കുക. മികച്ച കാർഷിക വിളയുടെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെടുന്ന പ്രമുഖ കർഷകരെയും പഞ്ചായത്ത് മെംബറന്മാരെയും ഉൾപ്പെടുത്തി കൃഷി വികസനസമിതി രൂപീകരിക്കുക.



മൃഗസംരക്ഷണം, മത്സ്യബന്ധനം

കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള വെള്ളത്തൂവൽ പഞ്ചായത്തിലെ ജനങ്ങളുടെ ഒരു പ്രധാന ഉപതൊഴിലാണ് കന്നുകാലി വളർത്തൽ. പശു, ആട്, എരുമ, പന്നി എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. ഇതിൽ പശുവളർത്തലിലാണ് കൂടുതൽ പേരും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. പഞ്ചായത്തിൽ സങ്കരഇനം പശുക്കളും നാടൻ പശുക്കളും വളർത്തുന്നുണ്ട്. കൂടുതലും സങ്കരയിനം പശുക്കളാണുള്ളത്.

കന്നുകാലി സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 19,684 പശുക്കളും, കിടാരികളുമാണുള്ളത്. ദിനംപ്രതി പതിനായിരം ലിറ്ററോളം പാൽ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്.

ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി പാലിന് ആവശ്യമായ വില ലഭിക്കുന്നില്ല എന്നതാണ് ഈ രംഗത്തെ പ്രധാനപ്രശ്നം. ഈ രംഗത്തുനിന്നും കർഷകരെ പിന്തിരിപ്പിക്കുന്ന ഒരു പ്രധാനഘടകമാണിത്. കാലിത്തീറ്റ ആവശ്യത്തിന് ലഭ്യമാണെങ്കിലും വില കൂടുതലാണ്. വേനൽക്കാലത്ത് തീറ്റപ്പുല്ലിന്റെ ക്ഷാമം വളരെ രൂക്ഷമാണ്. അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കൾക്ക് വേണ്ട പരിചരണം ലഭിക്കുന്നില്ല എന്നതാണ് മറ്റൊരു ക്ലേശം. പഞ്ചായത്തിലുള്ള മൃഗാശുപത്രി വെള്ളത്തൂവലിലാണ് പ്രവർത്തിക്കുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം ആശുപത്രിയുടെ സേവനം പഞ്ചായത്തിലെല്ലായിടത്തും ലഭിക്കുന്നില്ല. എന്നാൽ വെള്ളത്തൂവൽ മൃഗാശുപത്രിയുടെ സേവനംകൊണ്ടെത്തടി പഞ്ചായത്തിലെ സമീപ പ്രദേശങ്ങൾക്കു ലഭിക്കുന്നുണ്ടുതാനും. അതുപോലെ കുഞ്ചിത്തണ്ണിയിൽ പ്രവർത്തിക്കുന്ന പള്ളിവാസൽ പഞ്ചായത്ത് മൃഗാശുപത്രിയുടെ സേവനം നമ്മുടെ പഞ്ചായത്തിലെ ആനച്ചാൽ, എല്ലക്കൽ തുടങ്ങിയ പ്രദേശങ്ങൾക്ക് ലഭിക്കുന്നുണ്ട്. കല്ലാർകുട്ടി, ആയിരമേക്കർ, കുത്തുപാറ, ശെല്യാംപാറ, പോത്തുപാറ പ്രദേശത്തുള്ളവർക്ക് മൃഗാശുപത്രിയുടെ സേവനം കാര്യമായി ലഭിക്കുന്നില്ല. പഞ്ചായത്തിൽ ഒരു ICDP സെൻറർ ഓടയ്ക്കാസിറ്റിയിൽ പ്രവർത്തിക്കുന്നു. ഇവിടെ ഒരു മൃഗഡോക്ടറുടെ സേവനം അത്യാവശ്യമാണ്. കൂടാതെ പോത്തുപാറയിലും ശെല്യാംപാറയിലും ICDP സബ്സെൻറർ അത്യാവശ്യമാണ്. കന്നുകാലികൾക്കുണ്ടാകുന്ന പ്രധാനരോഗങ്ങൾ, ദഹനസംബന്ധം, ത്വക്രോഗം, വന്ധ്യതാ, മുടന്തൻ പനി, അകിട് വീക്കം ധാതുലവണങ്ങളുടെ അഭാവം, പരാദരോഗങ്ങൾ എന്നിവയാണ്. രോഗം സംബന്ധിച്ച് പട്ടിക ചുവടെ ചേർക്കുന്നു.

മൃഗങ്ങൾക്കുണ്ടാകുന്ന രോഗവിവരങ്ങൾ

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	1	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ Digeslive disorders	1203	31	116	63	19	-				3
2	ശ്വാസകോശസംബന്ധം Respiratory diseases	41	-	5	-	14	115				4
3	ഉപാപചയ സംബന്ധം Melabolic diseases	196	-	12	-	-	-				7
4	ത്വക് രോഗങ്ങൾ Skindiseases	1081	-	3	4	51	-				
5	ദാതുലവണങ്ങളുടെ അഭാവം Deficienty diseases	113	-	18	3	1	6				
6	പരാദരോഗങ്ങൾ Parasitic diseases	198	-	-	-	28	15				
7	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	106	21	11	-	-	-				
8	വന്ധ്യത Infertility	121	6	-	3	-	-				
9	അകിടുവീക്കം Mastilis	61	1	4	-	-	-				
10	മുടന്തൻ പനി Ephemeral Fever	214	-	-	-	-	-				
1	പകർച്ചവ്യാധികൾ Contagion diseases	-	-	-							

പ്രധാനമായും വീട്ടമ്മമാരുടേയും കുട്ടികളുടെയും ഒഴിവു സമയ പ്രവർത്തനമാണ് കന്നുകാലി സംരക്ഷണം. പോഷകാഹാരമെന്ന നിലയിൽ പാലിനുള്ള സ്ഥാനം, കൃഷിയാവശ്യത്തിനുള്ള ജൈവവളത്തിന്റെ ഉറവിടം, പാലിന്റെ മാർക്കറ്റിംഗ് സൗകര്യം എന്നീ ഘടകങ്ങളാണ് മേൽ സൂചിപ്പിച്ച പ്രതിസന്ധികളെ മറികടന്നും ഈ രംഗത്ത് കർഷകരെ പിടിച്ചു നിർത്തുന്ന ഘടകങ്ങൾ.

പാചകത്തിനും, വെളിച്ചത്തിനും ഉപയോഗിക്കാവുന്ന ഗോബർ ഗ്യാസ് പ്ലാന്റുകൾക്ക് വളരെയധികം സാധ്യത ഉണ്ടെങ്കിലും അത് കൃത്യമായി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. പ്ലാന്റ് സ്ഥാപിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സിഡി ലഭ്യമെങ്കിലും ആ സൗകര്യവും ജനങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.

ഇറച്ചിക്കോഴി വളർത്തലിന് പഞ്ചായത്തിൽ സാധ്യതകൾ ഉണ്ട്. നിലവിൽ മറ്റു പ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. ഇറച്ചിക്കോഴികളേയും, മുയൽ, പന്നി, ആട് എന്നിവയെയും ശാസ്ത്രീയ രീതിയിൽ വളർത്തിയാൽ ഇറച്ചിയുടെ ആവശ്യം പരിഹരിക്കാൻ കഴിയുന്നതാണ്.

പ്രധാന പ്രശ്നങ്ങൾ

1 ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി പാലിന് വില ലഭിക്കുന്നില്ല.
2 സങ്കരയിനം പശുക്കൾക്ക് മൃഗഡോക്ടറുടെ സേവനം വളരെ ആവശ്യമാണ്. എന്നാൽ പഞ്ചായത്തിലെല്ലായിടത്തും മൃഗാശുപത്രിയുടെ സേവനം ലഭിക്കുന്നില്ല.
3 കാലിത്തീറ്റയുടെ വില കൂടുതൽ
4 തീറ്റപ്പുല്ലിന്റെ അപര്യാപ്തത.
5 മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ
6 നല്ല രീതിയിലുള്ള തൊഴുത്തുകളുടെ അപര്യാപ്തത.
7 അറവുശാലകളുടെ ശോചനീയാവസ്ഥ
8 കന്നുകാലികളുടെ ക്രയവിക്രയത്തിനുള്ള സൗകര്യക്കുറവ്.
9 അത്യുല്പാദനശേഷിയുള്ള കന്നുകാലികളുടെ കുറവ്.

സാധ്യതകൾ

1 അത്യുല്പാദനശേഷിയുള്ള വളർത്തു മൃഗങ്ങളെ കൂടുതൽ ലഭ്യമാക്കുക, കന്നുകാലികളിൽ ഭ്രൂണമാറ്റത്തെ പ്രോത്സാഹിപ്പിക്കുക.
2. തീറ്റപ്പുൽ കൃഷിയെ പ്രോത്സാഹിപ്പിക്കുക. വേനൽക്കാലത്തേക്ക് സംഭരിച്ചു വയ്ക്കാവുന്ന സംവിധാനം വ്യാപിപ്പിക്കുകയും ചെയ്യുക.
3. കാലിത്തീറ്റ സബ്സിഡി ഏർപ്പെടുത്തുക.
4 കാലവളർത്തലിന് പ്രോത്സാഹജനകമായി സബ്സിഡി ഏർപ്പെടുത്തുക.
5 ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ പന്നിവളർത്തൽ എന്നിവയ്ക്ക് പ്രോത്സാഹനം ചെയ്യുക.
6 സഞ്ചരിക്കുന്ന മൃഗാശുപത്രി നടപ്പിൽ വരുത്തുക.
7 ബയോ ഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുക.

മത്സ്യബന്ധനം

മത്സ്യബന്ധനം ഇല്ലാത്ത പഞ്ചായത്താണ് ഇത്. മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് നൂറോളം പേർ തൊഴിൽ ചെയ്യുന്നു. മത്സ്യവിപണന കേന്ദ്രത്തിന്റെ അഭാവം ഈ പഞ്ചായത്തിൽ ഉണ്ട്. ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ച് ചെങ്കുളം, കല്ലാർകുട്ടി ഡാമുകളിൽ മത്സ്യകൃഷിയിക്ക് സാധ്യതകൾ ഉണ്ട്. ജലസേചന ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്. തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് മത്സ്യകൃഷി നടത്താവുന്നതാണ്.

4.4 പേ വിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ് നൽകിയവരുടെ എണ്ണം	-	-	-	132	-	-
കുടിയേറ്റത്തിനുശേഷം കുത്തിവെയ്പു നടത്തിയവരുടെ എണ്ണം	-	-	12	-	-	

4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിൽ 2 ലധികം തവണ ബിജസങ്കലനം നടത്തിയവ
പശു	28000 (Including calfe)	2509	329
കിടാരി			
എരുമ	800	25	14

വ്യവസായം, ടൂറിസം

വെള്ളത്തൂവൽ പഞ്ചായത്ത് വ്യവസായികമായി വളരെ പിന്നോക്കമാണ്. പൊതുമേഖലയിലുള്ള ഏക വ്യവസായം നാല് പതിറ്റാണ്ട് മുമ്പ് പ്രവർത്തനമാരംഭിച്ച ചെങ്കുളം (വെള്ളത്തൂവൽ) പവർ ഹൗസാണ്.

സഹകരണ മേഖലയിൽ 'എമിക്സ്' കാലിത്തീറ്റ ഉല്പാദന ഫാക്ടറിയും, 'എമിക്സ്' ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചുരുക്കം ചില ചെറുകിട വ്യവസായ യൂണിറ്റുകൾ കൂടി കണക്കിലെടുത്താൽ വ്യവസായ ചിത്രം ആയി.

പട്ടിക 1. ചെറുകിട വ്യവസായ യൂണിറ്റുകൾ (സഹകാര്യ മേഖല)

ക്രമനമ്പർ, ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം
1. ഭക്ഷ്യ സംസ്കരണം	2.	10
2. കാപ്പിപ്പൊടി നിർമ്മാണം	2	4
3. സിമൻറ് ഇഷ്ടിക നിർമ്മാണം	5	20
4. പൊളിത്തീൻ ഹോസ് നിർമ്മാണം	1	
5. ഓയിൽ മില്ല്	2	4
6. മോട്ടോർ വർക്ക് ഷോപ്പ്	4	20
7. അച്ചടി	2	6
8. പപ്പട നിർമ്മാണം	4	8
9. നേഴ്സറി (1 പൊതുമേഖല)	2	13
10. കോഴി വളർത്തൽ	5	10
11. മരഫർണീച്ചർ നിർമ്മാണം	4	10
12. റെഡിമെയ്ഡ് ഡ്രസ് യൂണിറ്റ് (വനിത)	8	26
13. സോഡാ നിർമ്മാണം	3	3
14. ചിപ്സ് നിർമ്മാണം	2	5
15. ബേക്കറി	10	15
ആകെ	56	154

ഒരു തടിമില്ലും, ഒരു ഓയിൽ മില്ലും ഉടൻ പ്രവർത്തനമാരംഭിക്കത്തക്ക നിലയിൽ പണികൾ നടന്നു വരുന്നു.

പരമ്പരാഗത മേഖലയിൽ ഈറ്റ ഉപയോഗിച്ച് പനമ്പ്, കുട്ട മുതലായ നിർമ്മിക്കുന്ന ചുരുക്കം ചില ആളുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. കരകൗശല രംഗത്തും ചിലരൊക്കെ പ്രവർത്തിച്ചു വരുന്നുണ്ട്.

പ്രശ്നങ്ങൾ

1 അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്.

2 റെയിൽ, റോഡ് ഗതാഗത സൗകര്യക്കുറവ്

3 വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥല സൗകര്യം പഞ്ചായത്തിൽ കുറവാണ്.

4 വൈദ്യുതി കണക്ഷൻ താമസം നേരിടുന്നു. ചില ഭാഗങ്ങളിൽ വോൾട്ടേജ് കമ്മിയും ഉണ്ട്.

5 വ്യവസായ വകുപ്പ്, പഞ്ചായത്ത് എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസുകൾ ലഭിക്കാൻ താമസം നേരിടുന്നു.

6 സാങ്കേതിക പരിജ്ഞാനക്കുറവ്.

7 വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല,

8 മൂലധന ലഭ്യതക്കുറവ്

9 വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.

10 വ്യവസായ മേഖലയുമായുള്ള ബന്ധക്കുറവ്.

11 വ്യവസായങ്ങൾ തമ്മിലുള്ള കിടമത്സരം.

12 മുഖ്യ കാർഷികോല്പന്നങ്ങൾ അസംസ്കൃത വസ്തുവായുള്ള വ്യവസായങ്ങൾ ഇല്ലാത്തത്.

13 വിപണന സാദ്ധ്യതക്കുറവ്.

14 വനിതകൾക്ക് തൊഴിലവസരങ്ങൾ വളരെ കുറവ്.

സാദ്ധ്യതകൾ

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ കഴിയുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ.

പട്ടിക 2

വിഭാഗം	നമ്പർ	ഇനം
	1	കാലിത്തീറ്റ നിർമ്മാണം
	2	വെളിച്ചെണ്ണ
	3	തേങ്ങാവെള്ളം ഉപയോഗിച്ച് ശീതളപാനീയങ്ങൾ
	4	തെങ്ങ് , ചകിരി, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ
	5	ക്ഷീരോല്പന്നങ്ങൾ
	6	അച്ചാറു നിർമ്മാണം
	7	ചിപ്സ് നിർമ്മാണം
	8	അലക്ക് സോപ്പ് നിർമ്മാണം
	9	മെഴുകുതിരി നിർമ്മാണം
	10	പേപ്പർ കവർ
	11	കാപ്പിപ്പൊടി ഫാക്ടറി
	12	മിഠായി നിർമ്മാണം
	13	സ്കാഷ്, ജാമുകൾ
	14	കാർഷീക ഉപകരണ നിർമ്മാണം
	15	കൂൺ കൃഷി

നമ്മുടെ പഞ്ചായത്തിലും അടുത്ത പ്രധാന ടൗണുകളായ മൂന്നാറിലും അടിമാലിയിലുമായി വിപണന സാദ്ധ്യതയുള്ളതും അസംസ്കൃത വസ്തുക്കൾ പ്രദേശികമായി ലഭിക്കാവുന്നതുമായ ചെറുകിട വ്യവസായങ്ങൾ.

പട്ടിക 3

വിഭാഗം	നമ്പർ	ഇനം
	1	മിനി ക്രഷർ
	2	ഡയറി ഫാം
	3	കൊക്കോ സംസ്കരണ യൂണിറ്റ്
	4	പൗൾട്രി ഫാം.
	5	ആട് വളർത്തൽ
	6	പന്നി വളർത്തൽ
	7	സിമൻറ് ഉപയോഗിച്ച് ഇഷ്ടിക, വാതിൽ, ജനൽ ക്രാസികൾ മുതലായ നിർമ്മിക്കുന്ന യൂണിറ്റ്
	8	മരം ഫർണീച്ചർ
	9	ജൈവവള നിർമ്മാണം
	10	കുരുമുളക്, ഇഞ്ചി മുതലായ സുഗന്ധവ്യജ്ഞനങ്ങളുടെ സത്ത് എടുക്കുന്ന യൂണിറ്റ്
	11	കറി പൗഡർ നിർമ്മാണം
	12	ഭക്ഷ്യ സംസ്കരണം
	13	നേഴ്സറികൾ
	14	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
	15	പച്ച മരുന്ന് കൃഷി
	16	ബ്ലോക്ക് മോർഡഡ് പ്ലാസ്റ്റിക് കണ്ടയിനർ
	17	മോട്ടോർ വർക്ക് ഷോപ്പ്
	18	എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്
	19	സോപ്പ്, സോപ്പ്പൊടി നിർമ്മാണം
	20	ബേക്കറി
	21	ശാസ്ത്രീയ മത്സ്യകൃഷി
	22	പ്രിൻറിംഗ് പ്രസ്സ്
	23	പൊളിത്തീൻ ഹോസ് നിർമ്മാണയൂണിറ്റ്
	24	പാക്ക് സംസ്കരണ യൂണിറ്റ്
	25	റബർ ബാൻറ് നിർമ്മാണ യൂണിറ്റ്

മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഒരു മിനി ജലവൈദ്യുതി പദ്ധതിക്ക് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. കുട്ട,പനമ്പ്, മുറം, ചൂരൽ കസേരകൾ മറ്റ് ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് വാർഡ് 11 (പതിനൊന്ന്)ൽ തുടങ്ങിയാൽ ആ മേഖലയിലെ ഹരിജൻ, ഗിരിജൻ വിഭാഗത്തിലുള്ളവർക്ക് പ്രയോജനപ്രദമായിരിക്കും. പപ്പട നിർമ്മാണത്തിന് നിലവിൽ ആ ജോലിയിലേർപ്പെട്ടിരിക്കുന്നവർക്ക് പ്രോത്സാഹനവും നൂതന സാങ്കേതിക ജ്ഞാനവും ലഭ്യമാക്കിയാൽ വികസന സാദ്ധ്യതയുണ്ട്. തേയില സംസ്കരിക്കുന്ന മിനി ഫാക്ടറി സ്ഥാപിക്കുവാൻ നിർദ്ദേശമുണ്ട്. ചകിരി, വാഴനാര് മുതലായവ ഉപയോഗിച്ചും ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും കുറ്റിമുല്ല, ഓർക്കിഡ്, കൂൺ കൃഷി എന്നിവ ആരംഭിക്കാനും പൊതുവായ നിർദ്ദേശം ഉയർന്നിട്ടുണ്ട്.

പൊതു നിർദ്ദേശങ്ങൾ

1. മിനി വ്യവസായ എസ്റ്റേറ്റ്

പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ സൗകര്യമുള്ള സ്ഥലം ലഭിക്കുക എളുപ്പമല്ല. അടിസ്ഥാന ഘടകങ്ങളായ ഗാതാഗതം, വൈദ്യുതി, ജലം വാർത്താവിനിമയം എന്നിവ കൂടിയേ കഴിയൂ, അനുബന്ധ വ്യവസായങ്ങളും ഉണ്ടാകേണ്ടതുണ്ട്. ആയതിന് പഞ്ചായത്തിൽ നിന്നും കുറഞ്ഞത് 1 ഹെക്ടർ സ്ഥലം കണ്ടെത്തി മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം.

2. കൊക്കോ ഫാക്ടറി

നമ്മുടെ പഞ്ചായത്തിലും അയൽ പഞ്ചായത്തുകളിലും ധാരാളമായി ലഭ്യമായ കൊക്കോ ഉപയോഗിച്ച് ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുന്ന ഒരു വൻകിട വ്യവസായ യൂണിറ്റ് ആരംഭിക്കണം.

3. മീൻ വളർത്തൽ

കല്ലാർകുട്ടി, ചെങ്കുളം എന്നീ ഡാമുകളിൽ ശാസ്ത്രീയമായി മത്സ്യകൃഷി ആരംഭിച്ചാൽ നല്ല വരുമാവും കുറെയേറെ പേർക്ക് തൊഴിലും ലഭിക്കും.

4. വ്യവസായ പരിശീലനം

വ്യവസായം തുടങ്ങുവാൻ താല്പര്യമുള്ളവരുടെ പേര് വിവരം പഞ്ചായത്ത് തലത്തിൽ ശേഖരിക്കുക. പഞ്ചായത്ത് തല പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക. കൂടുതൽ വൈദഗ്ധ്യം ആവശ്യമെന്ന് അറിയിക്കുന്നവരെ ജില്ലാ തല, സംസ്ഥാനതല പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കുക.

പഞ്ചായത്ത് തലത്തിലുള്ള വികസന പരിപാടികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുവാൻ ഒരുസ്ഥിരം സംവിധാനം വേണം. സാങ്കേതിക തടസ്സങ്ങൾ പരിമാവധി ഒഴിവാക്കി കൊടുക്കുന്നതിനും, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായിക്കണം. താലൂക്ക് വ്യവസായവികസന ഓഫീസർ, ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥർ ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ ഇവരെല്ലാം നിർദ്ദിഷ്ട കമ്മറ്റിയിൽ വേണം.

വനിത യൂണിറ്റുകൾ.

വനിത വ്യവസായ സംരംഭകർക്ക് നിലവിലുള്ള വ്യവസായ വകുപ്പ് പ്രത്യേക ആനുകൂല്യങ്ങൾക്ക് പുറമെ പഞ്ചായത്തിൽ നിന്നും പ്രത്യേക പ്രോത്സാഹനങ്ങൾ കൊടുക്കേണ്ടതാണ്. കൂൺ കൃഷി, കുറ്റിമുല്ല കൃഷി, ഓർക്കിഡ് പുഷ്പ കൃഷി തുടങ്ങിയവ വനിതകൾക്ക് അവരവരുടെ വീടുകളുമായി ബന്ധപ്പെടുത്തി തുടങ്ങാവുന്നതാണ്. ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ സ്ഥിരം സംവിധാനം ഉണ്ടാകണമെന്നു മാത്രം. റെഡിമേഡ് ഡ്രസ്സ് നിർമ്മാണം, കോഴി, ആട്, പന്നി വളർത്തൽ കേന്ദ്രങ്ങൾ, സോപ്പ്, സോപ്പ് പൊടി നിർമ്മാണം തുടങ്ങിയവയെല്ലാം വനിതകൾക്ക് തുടങ്ങാവുന്ന യൂണിറ്റാണ്.

പൊതു മാർക്കറ്റ് - ഷോപ്പിംഗ് കോപ്ലക്സ്

പഞ്ചായത്തിൽ വെള്ളത്തൂവലിലും, ആനച്ചാലിലും പൊതു മാർക്കറ്റ് ആരംഭിക്കണം. ഷോപ്പിംഗ് സെൻററും അതിനോടനുബന്ധമായി സ്ഥാപിക്കാവുന്നതാണ്. പൊതു ചന്തദിവസം പ്രഖ്യാപിക്കണം. വ്യവസായിക വളർച്ചയ്ക്ക് പൊതുമാർക്കറ്റ് സഹായകമാകും.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം പുതിയ തൊഴിൽ സാദ്ധ്യതകൾ പ്രദാനം ചെയ്യുകയും ചെയ്യും. ഇത് ആളോഹരി വരുമാനം വർദ്ധിപ്പിക്കും. പൊതുവിൽ ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതിക്ക് ആക്കംകൂട്ടുകയും ചെയ്യും.

ടൂറിസം

ടൂറിസ്റ്റുകളുടെ പറുദീസയായ മൂന്നാർ പട്ടണത്തിനോടടുത്ത് കിടക്കുന്ന വെള്ളത്തൂവൻ പഞ്ചായത്ത് പ്രകൃതിരമണീയമാണ്. ഇലക്ട്രിസിറ്റി ബോർഡിൻെറ കീഴിലുള്ള ചെങ്കുളം, കല്ലാർകുട്ടി ഡാമുകളും. ചെങ്കുളം പവർഹൗസും വെള്ളത്തൂവൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പര്യാപ്തമാണ്. വലിയ ചൂടും, തണുപ്പുമില്ലാത്ത കാലാവസ്ഥ ഇവിടുത്തെ പ്രത്യേകതയാണ്. കുന്നുകളും താഴ്വരകളും നിറഞ്ഞ കൃഷിയിടങ്ങൾക്കിടയിലൂടെ പതഞ്ഞൊഴുകുന്ന ചെറു അരുവികൾ എവിടേയും കാണാം.

പഞ്ചായത്താകെ ടൂറിസ്റ്റ് മേഖലയായി പ്രഖ്യാപിക്കുകയും ടൂറിസ്റ്റ് മാപ്പിൽ പെടുത്തുകയും ചെയ്യുക. പ്രധാന റോഡുകൾ നന്നായി സംരക്ഷിക്കുകയും, ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നതിന് താല്പര്യം കാണിക്കണം.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ചെങ്കുളം, കല്ലാർകുട്ടി ഡാമുകളിൽ ബോട്ടിംഗ് സൗകര്യമേർപ്പെടുത്തുക.
2. ചെങ്കുളം ഡാമിനടുത്ത് കെ. എസ്. ഇ. ബി. യുടെ തരിശ് കിടക്കുന്ന സ്ഥലത്ത് ടൂറിസ്റ്റുകൾക്ക് താമസിക്കുവാൻ കുറഞ്ഞ ചിലവിൽ കോട്ടേജുകൾ നിർമ്മിക്കുക. മൂന്നാറിൽ നിന്ന് 10. കി. മീ. ദൂരമേ ചെങ്കുളത്തേയ്ക്കുള്ളു.
3. ചെങ്കുളം ഡാമിനോടടുത്ത് കെ. എസ്. ഇ. ബി. സ്ഥലത്ത് പൂന്തോട്ടവും, പച്ചമരുന്ന് കൃഷിത്തോട്ടവും നിർമ്മിക്കുക.
4. വെള്ളത്തൂൽ ടൗണിനോടനുബന്ധിച്ച് ഒരു വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കുക.
5. വെള്ളത്തൂവൽ ടൗണിൽനിന്നും സർജ് കുന്നിലേയ്ക്ക് ഉണ്ടായിരുന്ന ട്രക്കിംഗ് സംവിധാനം പുനഃസ്ഥാപിക്കുക.
6. കെ. എസ്. ഇ. ബി സ്ഥലത്ത് മനോഹരമായ പൂന്തോട്ടം നിർമ്മിക്കുക.
7. തോട്ടാപ്പുരയിലുള്ള അരനൂറ്റാണ്ടു പഴക്കമുള്ള കരിങ്കല്ലു തുരന്നുണ്ടാക്കിയ 'തോട്ടാപ്പുര' ചരിത്രസ്മാരകമാക്കി സംരക്ഷിക്കണം. ചെങ്കുളം പവർഹൗസ്, കല്ലാർക്കുട്ടി ഡാം, നേര്യമംഗലം പവർഹൗസ് മുതലായ പദ്ധതികൾക്ക് നിർമ്മാണഘട്ടത്തിൽ ആവശ്യമായിരുന്ന വെടിമരുന്നും, തോട്ടയും സൂക്ഷിക്കുന്നതിനാണ് ഈ അറ നിർമ്മിച്ചത്.
8. കത്തിപ്പാറ കെ. എസ്. ഇ. ബി. ക്ലബിനോടടുത്തുള്ള മലയിൽ ഒരു ദൂർദർശിനി സ്ഥാപിച്ചാൽ വളരെ താഴെ മലയടിവാരത്തുള്ള കല്ലാർക്കുട്ടി ഡാം ഉൾപ്പെടെയുള്ള മനോഹര ദൃശ്യങ്ങൾ കാണാം.

ടൂറിസ വികസനത്തിലൂടെ നാടിന് അഭിവൃത്തിയും, പുരോഗതിയും, തൊഴിൽ സാദ്ധ്യതകളും വർദ്ധിക്കു



ഗതാഗതം

ഹൈറേഞ്ചിലെ ആദ്യകാല കുടിയേറ്റ പ്രദേശമായ വെള്ളത്തൂവൽ ഗതാഗത രംഗത്ത് ഇനിയും വളരെയേറെ മുമ്പോട്ടു പോകേണ്ടതുണ്ട്. ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡ് നിർമ്മിച്ചതാണ് ഈ പഞ്ചായത്തിലെ പ്രധാന ടാർ റോഡുകൾ. മറ്റു പ്രധാന റോഡുകളുടെ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ കൂപ്പു കോൺട്രാക്ടർമാരും തദ്ദേശവാസികളും പ്രധാനപങ്കു വഹിച്ചിട്ടുണ്ട്. ഇതിനുശേഷം പഞ്ചായത്തും മറ്റു സർക്കാർ ഏജൻസികളും റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തെങ്കിലും മിക്ക റോഡുകളുടെയും നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടില്ല. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ റോഡുകളുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. മഴക്കാലമായാൽ റോഡുകളിലൂടെയുള്ള യാത്ര ദുരിതപൂർണ്ണമാണ്.

ഈ പഞ്ചായത്തിൽ ആകെ. 271. കി.മീ റോഡുണ്ട്. ഇതിൽ ടാറിംഗ് നടത്തിയത് 40 കി.മി.ഉം ടാറിടാത്ത മൺ റോഡുകൾ 190.5 കി.മീ ഉം P.W.D റോഡ് 37 കി. മീ. ആണ്. ബസ് ഗതാഗതമുള്ള റോഡുകൾ കുറവായതിനാൽ രോഗികളും വിദ്യാർത്ഥികളും മറ്റു ജോലിക്കാരും നിത്യേന 5 മുതൽ 8 കി.മീവരെ നടന്നു വേണം ബസ് സ്റ്റോപ്പിലെത്താൻ.

വികസനത്തിന്റെ ജീവരക്തമായ റോഡുകൾ ഇന്നും രോഗാവസ്ഥയിൽ തന്നെ. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഗതാഗതം നടക്കുന്നത് - അടിമാലി - കല്ലാർകുടി - വെള്ളത്തൂവൽ പൊൻമുടി വഴിയാണ്. എന്നാൽ ഗതാഗതത്തിരക്കനനുസരിച്ച് റോഡിന് സൗകര്യം തീർത്തും അപര്യാപ്തമാണ്.

അമ്പഴച്ചാൽ - തോട്ടാപ്പുര റോഡ്, കുമ്പൻപാറ - മാങ്കടവ് റോഡ് കുഞ്ചിത്തണ്ണി - എല്ലക്കൽ റോഡ് എന്നിവയാണ് P. W. D റോഡ് ഏറ്റെടുത്തിട്ടുള്ള റോഡുകൾ. ഇതിൽ തോട്ടപ്പുര - അമ്പലച്ചാൽ റോഡ് P. W. D ഏറ്റെടുത്തിട്ടുള്ളതാണെങ്കിലും ഇതുവരെ യാതൊരു പണിയും ചെയ്തിട്ടില്ല. പഞ്ചായത്തിലെ ആദ്യകാല റോഡും അര നൂറ്റാണ്ടോളം കാലം പഴക്കമുള്ള റോഡുകളായ കുത്തുപാറ - ശല്യാംപാറ റോഡും, തോട്ടാപ്പുര - അമ്പഴച്ചാൽ റോഡും 200 ഏക്കർ - നായികുന്ന് വഴി ആനവിരട്ടി റോഡും ഇതുവരെ ടാറിംഗ് നടത്തിയിട്ടില്ല. മാങ്കടവ് - തോട്ടാപ്പുര, എൽകുന്ന് - എല്ലക്കൽ എന്നീ റോഡുകൾ ടാറിംഗ് നടത്തിയിട്ടുണ്ടെങ്കിലും P. W. D ഏറ്റെടുത്തിട്ടില്ല. വെള്ളത്തൂവൽ ശല്യാംപാറ റോഡ് ഭാഗികമായി ടാറിംഗ് നടത്തിയിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല. P. W. D പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്താത്തതു മൂലം വളരെ ശോച്യമായ അവസ്ഥയിലാണ്.

ഗതാഗതാനുബന്ധ സൗകര്യങ്ങൾ

ബസ് ഗതാഗതമുള്ള സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകളും, കംഫർട്ട് സ്റ്റേഷനുകളും നിർമ്മിക്കേണ്ടതുണ്ട്. വെള്ളത്തൂവൽ ടൗണിൽ പണി നടന്നുകൊണ്ടിരിക്കുന്ന 'മിനി ബസ് സ്റ്റാൻഡി'ന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി പ്രവർത്തനം തുടങ്ങേണ്ടതാണ്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന വാഹനം ജീപ്പാണെങ്കിലും ഒരിടത്തും ടാക്സി സ്റ്റാൻഡുകളില്ല.

ആയിരം ഏക്കർ, കല്ലാർകുട്ടി, വെള്ളത്തൂവൽ, മുതുവാൻകുടി, കത്തിപ്പാറ, ശല്യാംപാറ, ഓടയ്ക്കാസിറ്റി, തോട്ടാപ്പുര, എൽക്കുന്ന്, ആനച്ചാൽ, തോക്കുപാറ, അമ്പഴച്ചാൽ എന്നീ സ്ഥലങ്ങളിൽ എത്രയും പെട്ടെന്ന് വെയിറ്റിംഗ് ഷെഡ്ഡുകൾ പണിയേണ്ടതുണ്ട്. വെള്ളത്തൂവൽ ആനച്ചാൽ, തോക്കുപാറ, കല്ലാർകുട്ടി എന്നിവിടങ്ങളിൽ കംഫർട്ടു സ്റ്റേഷനുകൾ സ്ഥാപിക്കണം.

സർവ്വീസ് നടത്തുന്ന ബസുകളിലധികവും ഫാസ്റ്റ് പാസഞ്ചറുകളാവുന്ന സ്ഥിതി നിയന്ത്രിക്കേണ്ടതുണ്ട്. ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന K.S.R.T.C ബസുകൾ പുനസ്ഥാപിച്ചു കിട്ടണം. മൂന്നാർ ഡിപ്പോയിൽ നിന്നും ജില്ലാ ആസ്ഥാനത്തേക്ക് K.S.R.T.C സർവ്വീസ് ആരംഭിക്കണം.

വാർഡടിസ്ഥാനത്തിലുള്ള ഗതാഗത പ്രശ്നങ്ങളും, പരിഹാരമാർഗ്ഗങ്ങളും

വാർഡ് I

എൽകുന്ന് - പോൾ മേസ്തിരി റോഡ് ഗതാഗതയോഗ്യമാക്കുക.

വെള്ളത്തൂവൽ ജാക്കോബായ പള്ളിക്ക് സമീപത്തു നിന്നും മുതിരപ്പുഴയാറ്റിലേക്കുള്ള നടപ്പാത നിർമ്മിക്കുക.

K.S.E.Board ന്റെ അധികാര പരിധിയിൽപെട്ടതും വെള്ളത്തൂവൽ ടൗണിനോടു ചേർന്നു കിടക്കുന്നതുമായ സ്ഥലത്ത് ടാക്സി സ്റ്റാൻഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

വാർഡ് II

1. വെള്ളത്തൂവൽ - പന്നിയാർ കുട്ടി - എല്ലക്കൽ പഞ്ചായത്ത് റോഡ് ടാറിംഗ് നടത്തുക. (Govt. H.S. Via)
2. പോത്തൂപാറ - മുതുവാൻ കുടി റോഡ് ടാറിംഗ് നടത്തുക.
3. മുതുവാൻകുടി കുന്നേൽപറമ്പിൽ എസ്റ്റേറ്റ് - എല്ലക്കൽ റോഡ് ടാറിംഗ് ചെയ്യുക.
4. മുത്തനാട്ടുപടി - പന്നിയാർകുട്ടി റോഡ് ഗതാഗതയോഗ്യമാക്കണം.
5. എൽക്കുന്ന് ഐ.പി.പി. കവലയിൽ നിന്ന് പോത്തുപാറ - മുതവാൻകുടി റോഡുമായി ബന്ധിപ്പിച്ച് നടപ്പാതയുണ്ടാക്കുക.
6. മാട്ടേൽപടി - കുഞ്ചിറക്കാട്ട് പടിറോഡ് ടാറിംഗ് നടത്തണം.
7. ചുനയനാക്കൽപടി മുതൽ കുന്നപ്പിള്ളി ജംഗ്ഷൻ വരെ നടപ്പാത പണിയുക.
8. പന്നിയാർ കുട്ടി വള്ളക്കടവിൽ പാലം പണിയുക.
9. എല്ലക്കൽ പള്ളി - പോട്ടശ്ശേരിപടി റോഡ് ഗതാഗതയോഗ്യമാക്കുക.
10. കുഞ്ചിറക്കാട്ട്പടി - ആഞ്ഞിലിക്കുടിപടി വഴി - കൊന്നയാങ്കൽപടി റോഡ് ഗതാഗതയോഗ്യമാക്കുക.
11. ടാറിംഗ് പൂർത്തിയായ എല്ലക്കൽ - എൽകുന്ന് റോഡ് P.W.D ഏറ്റെടുക്കുക.

12. എൽകുന്ന് ജംഗ്ഷൻ മുതൽ എൽകുന്ന്വരെയുള്ള ഇലക്ട്രിസിറ്റിബോർഡ് റോഡ് P.W.D ഏറ്റെടുക്കുക.

വാർഡ് III

1. ആനച്ചാൽ - ആലിൻച്ചുവട് ഇംഗ്ഷനിൽ നിന്നും ഈട്ടിസിറ്റി - കിഴക്കെ ചെങ്കുളം - മുതുവാൻ കുടി റോഡ് എത്രയും പെട്ടെന്ന് ടാറിംഗ് നടത്തണം.
2. എല്ലക്കൽ - കിഴക്കെ ചെങ്കുളം റോഡിൽ കലുങ്കുകൾ പണിത് ഗതാഗതയോഗ്യമാക്കണം.
3. ഈട്ടിസിറ്റി - എല്ലക്കൽ റോഡ് ഗതാഗതയോഗ്യമാക്കുക.
4. ഈട്ടിസിറ്റി - ഇല്ലിക്കൽപ്പടി - എല്ലക്കൽ റോഡ് ഗതാഗതയോഗ്യമാക്കണം.
5. എല്ലക്കൽ - ചിറ്റടിച്ചാൽ - ഈട്ടിസിറ്റി റോഡ് ഗതാഗതയോഗ്യമാക്കണം.
6. കിഴക്കെ ചെങ്കുളം - പള്ളിക്കവല റോഡ് ഇരുഭാഗത്തും റിട്ടേണിംഗ്വാൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.
7. കുഞ്ചിത്തണ്ണി റേഷൻ കടയ്ക്കൽ തുടങ്ങുന്ന നടപ്പാത സ്റ്റെപ്പ് കെട്ടി സഞ്ചാരയോഗ്യമാക്കുക.
8. കുഞ്ചിത്തണ്ണി ഹൈസ്കൂൾ പടിക്കൽ നിന്നും കിഴക്കേ ചെങ്കുളത്തേക്കുള്ള നടപ്പാത സ്റ്റെപ്പ് കെട്ടി സഞ്ചാരയോഗ്യമാക്കുക.

വാർഡ് IV

ഈ വാർഡിൽ ആകെ. 45 കി.മീ റോഡുണ്ടെങ്കിലും , 2 കി.മീ മാത്രമാണ് ടാറിംഗ് നടത്തിയിട്ടുള്ളത്.

1. തോക്കുപാറ - ആശ്രമം (ചെങ്കുളം) റോഡ് ബാക്കി പണിതീർത്ത് ടാറിംഗ് നടത്തണം.
2. പമ്പിരിമുടി റോഡ് നിർമ്മിക്കണം.
3. ആമ്പഴച്ചാൽ - തോട്ടാപ്പുര റോഡ് എത്രയും പെട്ടെന്ന് ടാറിംഗ് നടത്തണം.

അമ്പഴച്ചാൽ - ചന്ദനപ്പാറ - മാങ്ങാപ്പാറവഴി ശല്യാം പാറ ഹോമിയോ പടിവരെയുള്ള റോഡിന്റെ പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുക.

4. ചെങ്കുളം - തോക്കുപാറ റോഡ് ഗതാഗതയോഗ്യമാക്കണം.
5. അമ്പഴച്ചാൽ - മാങ്ങാപ്പാറ - ചെങ്കുളം റോഡ് ടാറിംഗ് പണി നടത്തുക.
6. ആനച്ചാൽ - തോക്കുപാറ റോഡ് പണി പൂർത്തീകരിക്കുക.
7. ചെങ്കുളം - ശല്യാംപാറ റോഡ് പണി നടത്തി ബാക്കിയുള്ള 2. കി. മീ ദൂരം ടാറിംഗ് നടത്തുക.

വാർഡ് V

ഗതാഗത സൗകര്യം തീരെ കുറഞ്ഞ ഒരു വാർഡാണിത്.

1. കുത്തുപാറ - ശല്യാം പാറ റോഡ് ടാറിംഗ് നടത്തി യാത്രായോഗ്യമാക്കുക.
2. വെള്ളത്തൂവൽ - നാഥൻ ചെട്ടിയാർ - ശല്യാം പാറ റോഡ് വീതികൂട്ടി ടാറിംഗ് നടത്തുക.
3. വെള്ളത്തൂവൽ - ശല്യാംപാറ റോഡിന്റെ ബാക്കി ഭാഗം ടാറിംഗ് നടത്തുക.
4. ചെങ്കുളം ഡിസ്പെൻസറി - ശല്യാംപാറ റോഡ് ഗതാഗതയോഗ്യമാക്കുക.
5. ചെങ്കുളം മേഴ്സി ഹോം - മുതുവാൽ കുടി റോഡ് ഗതാഗത യോഗ്യമാക്കുക.
6. മുതുവാൻ കുടി - ചതുരംഗപ്പാറ - ചെങ്കുളം റോഡിന്റെ പണി പൂർത്തിയാക്കുക.
7. പച്ചോലിപ്പടി - പുത്തലനിരപ്പ് റോഡിന്റെ പണി നടത്തുക.
8. കുത്തുപാറ - അട്ടിക്കുന്ന് - പുത്തല നിരപ്പ് റോഡിന്റെ പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുക.
9. കുത്തുപാറ സെമിത്തേരി - പുത്തലനിരപ്പ് റോഡിന്റെ കലുങ്കു പണി നടത്തി ഗതാഗതയോഗ്യമാക്കുക.
10. വെസ്റ്റ് വെള്ളത്തൂവൽ - അമ്പലപ്പടി - കുളത്തുംകുഴിപടി മുസ്ലീം പള്ളിപ്പടി റോഡ് നിർമ്മാണം നടത്തി ഗതാഗതയോഗ്യമാക്കുക.
11. കളപ്പുരക്കൽ പടി - വരകിൽപടി - പുത്തലനിരപ്പ് റോഡ് ഗതാഗതയോഗ്യമാക്കുക.
12. വടക്കേ ശല്യാംപാറ കാഞ്ഞിരമോളേൽപടി - ചുണ്ടമണ്ണിൽ പടി - കുത്തുപാറ റോഡ് ഗതാഗത യോഗ്യമാക്കുക.
13. കുത്തുപാറമൂലംകുഴി പടിയിൽ നിന്നും - മുതുവാൻ കുടിയിലേക്ക് ഫുട്ട്സ്റ്റെപ്പ് നിർമ്മിക്കുക.

വാർഡ് VI

വെള്ളത്തൂവൽ പഞ്ചായത്തിലെ ഏറ്റവും വലിയ വാർഡുകളിലൊന്നാണ് 6- ാം വാർഡ്. വിസ്തൃതമായ ഈ വാർഡിൽ 1.25 കി.മീ. മാത്രമാണ് ടാറിട്ടത്.

1. തോട്ടാപ്പുര - അമ്പഴച്ചാൽ P.W.D റോഡ് ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.
2. വെള്ളത്തൂവൽ - വടക്കേശല്യാംപാറ റോഡ് വീതികൂട്ടി കലുങ്കുകളും ഓടകളും തീർത്ത് ടാറിംഗ് നടത്തുക.
3. തെക്കേശല്യാംപാറ കുരിശുപള്ളിപ്പടി P.M.S. L. P. S മുതൽ കവലവരെ വീതികൂട്ടി ടാറിംഗ് നടത്തുക.
4. മാങ്കടവ് - N ശല്യാംപാറ റോഡ് പണി പൂർത്തിയാക്കുക.
5. മുസ്ലീംപള്ളിപ്പടി - N ശല്യാംപാറ റോഡ് ഗതാഗത യോഗ്യമാക്കുക.
6. മുസ്ലീംപള്ളിപ്പടി - പുള്ളിക്കുടിപടി റോഡ് ഗതാഗത യോഗ്യമാക്കുക.
7. മാങ്കടവ് - കല്ലൂർപടി ശല്യാംപാറ റോഡ് ഗതാഗത യോഗ്യമാക്കുക.
   തെങ്ങുംതോട്ടം പടിയിൽ നിന്നും ഇരുട്ടു കാനത്തിലേക്കുള്ള നടപ്പു പാത റോഡാക്കി മാറ്റുക.
8. N ശല്യാം പാറയിൽ നിന്നും ആനവിരട്ടിയിലേക്ക് കടക്കുന്നതിന് ചെറുകുഴിപ്പടിയിൽ പാലം നിർമ്മിക്കുക.
9. മാങ്കടവു കവലയിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
10. മാങ്കടവു റോഡു കുമ്പൻ പാറ വരെ ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുക.

വാർഡ് VII

1. മാങ്കടവ് - കുമ്പൻ പാറ P.W.D റോഡിനെയും N.H - 49മായി ബന്ധിപ്പിക്കുന്ന കുമ്പൻപാറ പള്ളിക്കുന്ന് റോഡ് ടാറിംഗ് നടത്തുക.

2. ആനവിരട്ടി - മാങ്കടവ് - നായിക്കുന്ന് ഇരുന്നൂറേക്കർ റോഡ് എത്രയും പെട്ടെന്ന് ടാറിംഗ് നടത്തുക.
3. കുമ്പൻപാറ - അമ്പിളിക്കുന്ന് - ആനവിരട്ടി റോഡ്. ടാർ ചെയ്യുക.
4. ആനവിരട്ടി - ശല്യാംപാറ - മാങ്കടവ് റോഡ് സോളിംഗ് നടത്തുക.
5. കുമ്പൻപാറ - ആനവിരട്ടി -കുരിശുംപടി റോഡ് ഗതാഗതയോഗ്യമാക്കുക.
6. ഡബ്ലിൾ കട്ടിംഗ് - അമ്പിളിക്കുന്ന് മാങ്കടവുമേട് റോഡ് പണിയുക
7. ആനക്കുളം - നായിക്കുന്ന് റോഡ് പണിയുക.
8. ഓടയ്ക്കാസിറ്റി - അമ്പിളിക്കുന്ന് റോഡ് പണിയുക.

വാർഡ് VIII

ഈ വാർഡിൽ ഗതാഗത സൗകര്യം തീർത്തും കുറവാണ്. റോഡുകളെല്ലാം തകർന്ന നിലയിലാണ്. ടാറിട്ട റോഡില്ല.

1. ഇരുന്നൂറേക്കർ - നായിക്കുന്ന് - മാങ്കടവ് റോഡ് എത്രയും പെട്ടെന്ന് ടാറിംഗ് പൂർത്തീകരിച്ച് ബസ്സു ഗതാഗതത്തിന് തുറന്നുകൊടുക്കേണ്ടതാണ്.
2. ആയിരമേക്കർ - കല്ലാർകുട്ടി റോഡിൽ ഒരു പാലവും രണ്ടു ചെറിയ കലുങ്കുകളും പണിയുക.
3. നായിക്കുന്ന് - കല്ലാർകുട്ടി റോഡ് ടാറിംഗ് നടത്തുക.
4. കുമ്പൻപാറ - കുറ്റപ്പാലക്കുന്ന് റോഡ് സോളിംഗ് നടത്തുക.
5. കുമ്പൻ പാറ - നായിക്കുന്ന് റോഡ് ടാറിടുക.
6. വടക്കെ ആയിരം ഏക്കർ - നായിക്കുന്ന് റോഡ് സോളിംഗ് നടത്തുക.
7. നായിക്കുന്ന് - വള്ളക്കടവ് റോഡ് മണ്ണുവേലചെയ്തു ഡി.ആർ.പാക്കിംഗ് നടത്തുക.

   മാങ്കടവ് - കുമ്പൻപാറ റോഡിൽ അമ്പലത്തിനടുത്ത് പാലം നിർമ്മിക്കണം.

   ഇരുന്നൂറേക്കർ -തെക്കെആയിരം ഏക്കർ റോഡ് പുനരുദ്ധരിക്കുക.

   കല്ലാർകുട്ടി വള്ളക്കടവിൽ ഫുട്ട് സ്റ്റെപ്പു നിർമ്മിക്കുക.

   നായിക്കുന്ന് - ഹരിഹരൻ മാസ്റ്റർ ജംഗ്ഷനിലേക്കു ഫുട്ട്സ്റ്റെപ്പു നിർമ്മിക്കുക.
11. നായിക്കുന്ന് - ലക്ഷം വീട് കോളനിപ്പടി റോഡ് പണിയുക
12. ഫോർസൈറ്റ് കോളനി - ആയിരം ഏക്കർ റോഡിൽ ഡി. ആർ. പാർക്കിംഗ് നടത്തുക.

വാർഡ് IX

1. കുഞ്ഞുനാണുപടി മുതൽ കൈതച്ചാൽ വരെയുള്ള റോഡും ആയിരം ഏക്കർ റേഷൻകടമുതൽ കഴുതച്ചാൽ വരെയുള്ള റോഡു പണി എത്രയും പെട്ടെന്നു പൂർത്തിയാക്കുക.
2. 200 ഏക്കർ - കൈതച്ചാൽ റോഡുപണി പൂർത്തിയാക്കുക.
3. ആയിരം ഏക്കർ - ഗവ. യു.പി.എസ്. ജംഗ്ഷൻ പടി റോഡ് ടാറിംഗ് നടത്തുക.
4. കുടുക്കാസിറ്റി ലക്ഷം വീട് - ഒഴുകാസിറ്റി റോഡ് പണി പൂർത്തിയാക്കുക.

വാർഡ് X

ഈ വാർഡിൽ താഴെപ്പറയുന്ന റോഡുകളുടെ പണി പൂർത്തീകരിച്ചാൽ, ഗതാഗതം തീർത്തും കുറഞ്ഞ ഈ വാർഡിലെ പ്രശ്നത്തിന് പരിഹാരമാകുന്നതാണ്.

1. ഒഴുകാസിറ്റി - കത്തിപ്പാറ സ്കൂൾ പടി - പനംകുടി റോഡ് ടാറിംഗ് നടത്തുക.
2. 1000 ഏക്കർ - S കത്തിപ്പാറ റോഡിന്റെ ടാറിംഗ് പൂർത്തീകരിക്കണം.
3. S കത്തിപ്പാറ L.P.S പടി മുതൽ പൊളിഞ്ഞപാലം വരെയുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കുക.
4. കത്തിപ്പാറ തോട്ടിൽ നടപ്പാത നിർമ്മിക്കുക.
5. S കത്തിപ്പാറ - കൈതച്ചാൽ റോഡിനു 3 കലുങ്കുകളുടെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതാണ്.

വാർഡ് XI

1. മുതുവാൻകുടി മുസ്ലീം പള്ളി - കാഞ്ഞിരത്തിൽ കുഴിവർക്കിപടി റോഡ് ഗതാഗതയോഗ്യമാക്കുക.
2. മുതുവാൻകുടി മുസ്ലീം പള്ളി റോഡിൽ 3 കലുങ്കുകൾ തീർക്കേണ്ടതുണ്ട്.
3. മുതുവാൻകുടി - കിഴക്കേ ചെങ്കുളം റോഡ് ടാറിംഗ് നടത്തണം.
4. ആനച്ചാൽ - ആമക്കണ്ടം - കിഴക്കേ ചെങ്കുളം റോഡ് ടാറിംഗ് നടത്തണം.
5. കാഞ്ഞിരത്താൻ കുഴി വർക്കിപ്പടി മുതൽ മുതുവാൻകുടി ഡാം റോഡ് ഗതാഗതയോഗ്യമാക്കണം.
6. ആനച്ചാൽ - ഗിരിജൻ സെറ്റിൽമെൻറ് - ഈട്ടിസിറ്റി റോഡ് ടാർ ചെയ്യണം.
7. ആനച്ചാൽ - ഗിരിജൻ സെറ്റിൽമെൻറ് കോളനി റോഡ് പൂർത്തിയാക്കണം.

ഊർജ്ജം

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് കേരളത്തിലെ പ്രധാന വൈദ്യുതി കേന്ദ്രങ്ങളിൽ ഒന്നാണ്. പള്ളിവാസലിനു ശേഷം ചെങ്കുളം പവർഹൗസ് നിലവിൽ വന്നു. വൈദ്യുത ഉല്പാദന കേന്ദ്രമായിട്ടും വൈദ്യുതീകരിക്കാത്ത വീടുകളുടെ സംഖ്യ 60% വരുമെന്ന് കണക്കുകൾ രേഖപ്പെടുത്തുന്നു.

ഊർജ്ജോപയോഗങ്ങൾ നടക്കുന്നത് മൂന്നു മേഖലയിലാണ്. ഗാർഹികോർജ്ജം, കാർഷികോർജ്ജം, വ്യവസായികോർജ്ജം എന്നിവയാണ്. ഇവക്കെല്ലാം ഉപയോഗിക്കുന്നത് വൈദ്യുതിതന്നെയാണ്. നമ്മുടെ പഞ്ചായത്തിൽ രണ്ടു മേജർ സെക്ഷന്റെ കീഴിലായിട്ടാണ് വൈദ്യുതി വിതരണം ചെയ്യുന്നത്. ഇതിന്റെ കൂടുതലും ഗാർഹികാവശ്യത്തിനാണ് ഉപയോഗിക്കുന്നത്. ചെറുകിട വ്യവസായങ്ങൾക്കും, വ്യാപാരാവശ്യങ്ങൾക്കും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 22 ട്രാൻസ്ഫോർമറുകളിൽ അധികവും അമിതഭാരം ചുമക്കുന്നവയാണ്. വൈദ്യുതി ഉള്ള ഭാഗങ്ങളിൽ വോൾട്ടേജിനെപ്പറ്റി ധാരാളം പരാതികളുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ ധാരാളമുണ്ട്. 2065 പേർ ഗാർഹികാവശ്യത്തിനും 109 പേർ കർഷികാവശ്യത്തിനും 435 പേർ വ്യാപാരാവശ്യത്തിനും 31 പേർ വ്യവസായികാവശ്യത്തിനും വൈദ്യുതി ഉപയോഗിക്കുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി നാനൂറോളം പേർ അപേക്ഷ നല്കി കാത്തിരിക്കുകയാണ്. പഞ്ചായത്തിൽ പലഭാഗത്ത് സ്ട്രീറ്റ് ലൈറ്റുണ്ടെങ്കിലും അവയൊന്നും പ്രവർത്തനക്ഷമമല്ല. പാചകത്തിന് വൈദ്യുതി ഉപയോഗിക്കുന്ന രീതി ഇവിടെയുണ്ട്. കൂടുതൽ പേരും വിറകാണുപയോഗിക്കുന്നത്. കുറഞ്ഞ വീടുകളിൽ ബയോഗ്യാസ് പ്ലാൻറുകളുണ്ട്. L.P.G ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ബയോഗ്യാസ് നിർമ്മിക്കാനുള്ള ധനസഹായവ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കുകയും പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വ്യാപകമാക്കിയാൽ, വിറകുപയോഗം ഗണ്യമായി കുറക്കുവാൻ സാധിക്കും.

പ്രശ്നങ്ങൾ

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ധാരാളമുണ്ട്. ഉള്ള സ്ഥലങ്ങളിൽ വോൾട്ടേജ് പ്രശ്നങ്ങൾ രൂക്ഷമാണ്. പ്രേക്ഷണ വിതരണ രംഗത്തെ ശ്രദ്ധക്കുറവും മരച്ചില്ലകളും മറ്റും നീക്കം ചെയ്യാതിരിക്കുന്നതും, പ്രസരണനഷ്ടം വളരെ കൂടുന്നുണ്ട്. വൈദ്യുതി എത്താത്ത SC/ST കോളനികൾ എത്രയും വേഗം വൈദ്യുതീകരിക്കണം. സ്ട്രീറ്റ് ലൈറ്റുകളില്ലാത്ത വാർഡുകളാണധികവും. വരുന്ന വൈദ്യുതിയുടെ അളവും വിതരണം ചെയ്യുന്ന വൈദ്യുതിയുടെ അളവും തമ്മിലുള്ള വ്യത്യാസം ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജീവനക്കാരുടെ സഹകരണം ലഭിക്കാത്തത് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ബയോഗ്യാസ്, പുകയില്ലാത്ത അടുപ്പ്, സൗരോർജ്ജം എന്നിവയുടെ ഉപയോഗത്തെപ്പറ്റി ബോധവൽക്കരണം നടത്തിയിട്ടില്ല.

പരിഹാരങ്ങൾ

പഞ്ചായത്തിലെ മുഴുവൻ സ്ഥലങ്ങളിലും വൈദ്യുതി ലഭ്യമാക്കുന്നതിന് ലൈനുകൾ നീട്ടിവലിക്കുക. വൈദ്യുതി ബോർഡ് , ജീവനക്കാരുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിലാക്കുക. കാർഷിക വ്യവസായാവശ്യങ്ങൾക്ക് മുൻഗണന നല്കുക. വോൾട്ടേജ് ക്ഷാമം ഉള്ള ഭാഗത്ത് കൂടുതൽ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുക. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുക. പഞ്ചായത്തിലെ എല്ലാ പ്രധാന റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക, ഗോബർ ഗ്യാസ് പ്ലാൻറിനെക്കുറിച്ചും പുകയില്ലാത്ത അടുപ്പിനെക്കുറിച്ചും, വ്യാപകമായ പ്രചാരണവും സബ്സിഡിയും കൂട്ടിയും പ്രോത്സാഹനം നല്കുക., പേറത്തുപാറനിരപ്പിലും, കൈതച്ചാലിലും കുമ്പൽ പാറമുടിയിലും കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുക. സൗരോർജ്ജം ഉപയോഗിച്ചുള്ള വിളക്കും സ്റ്റൗവും, മോട്ടോറുകളും പഞ്ചായത്തിൽ അനർട്ട് വഴി ലഭ്യമാക്കണം. കൂടാതെ മറ്റു സൗരോർജ്ജ ഉപകരണങ്ങളും പ്രചാരത്തിലാക്കണം. പഞ്ചായത്തിൽ മിനി ജല വൈദ്യുത പദ്ധതികൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം നടത്തി ഇവിടെ തന്നെ വിതരണത്തിന് മുൻഗണന നല്കണം. L.P.Gഗ്യാസ് കണക്ഷനുകൾ ഈ പഞ്ചായത്തിൽ ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാവണം. വൈദ്യുതി നിരക്കും. നിയമങ്ങളും വൈദ്യുതി ബോർഡ് ജീവനക്കാർക്കും മറ്റുള്ളവർക്കും ഒരുപോലെ ആക്കുക. വൈദ്യുതബോർഡ് കോളനികളിലും, മറ്റു വിവിധ മേഖലകളിലും ആസ്ഥാനത്തും അനാവശ്യവുമായ വൈദ്യുതി ഉപഭോഗം നിയമം മൂലം നിരോധിക്കുക. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ആശാസ്ത്രീയമായി വലിച്ചിരിക്കുന്ന ലൈനുകളിൽ മാറ്റങ്ങൾ വരുത്തി റോഡിൽ കൂടി ആക്കിയാൽ അവിടെ വഴി വിളക്കുകൾ സ്ഥാപിക്കുവാനും പോസ്റ്റും കമ്പിയും പണിചിലവുകളും ലാഭിക്കുവാൻ കഴിയും. വെള്ളത്തൂവൽ പ്രദേശത്തെ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ഇലക്ട്രിക്കൽ മേജർ സെക്ഷനാഫീസ് വെള്ളത്തൂവലിൽ സ്ഥാപിക്കണം.

വിദ്യാഭ്യാസം

ഇടുക്കി ജില്ലയുടെ തിലകക്കുറിയായ മൂന്നാറിൽ നിന്നും 30. കി.മി. അകലെ പ്രകൃതിരമണീയത യാൽ മനോഹരമായി കിടക്കുന്ന വെള്ളത്തൂവൽ പഞ്ചായത്തിന് വിദ്യാഭ്യാസപരമായി ഏതാണ്ട് അരനൂ റ്റാണ്ടിന്റെ പാരമ്പര്യമേയുള്ളൂ. പ്രകൃതിയുടെ എല്ലാ പ്രതികൂലതകളോടും എതിരിട്ട് മലകളേയും വന്യമൃഗങ്ങളെയും കീഴ്പ്പെടുത്തി ജനങ്ങൾ ഹൈറേഞ്ചിൽ കുടിയേറ്റം ആരംഭിച്ചത് 1946-ലാണ്. എന്നാൽ ഹൈറേഞ്ചിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് വെള്ളത്തൂവൽ പഞ്ചായത്ത് വികസനരംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ നടത്തി. 1945-ൽ ആരംഭിച്ച രണ്ടു പ്രധാന വൈദ്യുത പദ്ധതികളായിരുന്നു അതിനു വഴിതെളിച്ചത്. 1955-ൽ പണിതീർന്ന പെരുങ്കുളം പവ്വർസ്റ്റേഷനും, അതിനോടു ചേർന്നുള്ള പന്നിയാർ പവർ സ്റ്റേഷനും കല്ലാർകൂട്ടി ഡാമും അവയുടെ നിർമ്മാണത്തോടനുബന്ധിച്ചുണ്ടായ വിക സനാവസരങ്ങളും ഈ പ്രദേശത്തെ വിദ്യാഭ്യാസ-സാംസ്ക്കാരിക മുന്നേറ്റത്തിനു വഴിയൊരുക്കി.

ദൂരദേശങ്ങളിൽ നിന്നും വന്ന ഉദ്യോഗസ്ഥന്മാർക്കും, തൊഴിലാളികൾക്കും അതോടൊപ്പം കാർഷി കമേഖലയിലേയ്ക്കു വന്ന കുടിയേറ്റക്കാർക്കും തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു വിദ്യാലയ ങ്ങൾ ആരംഭിക്കുക എന്നത് അടിസ്ഥാനപരമായ ആവശ്യമായിത്തീർന്നു. അങ്ങനെ 1-8-1952-ൽ ശ്രീ. കെ. കുട്ടൻപിള്ളയുടെ മകൾ ബി. ചന്ദ്രികയെ ഒന്നാംക്ലാസിൽ ചേർത്തുകൊണ്ട് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ വെള്ളത്തൂവലിൽ ആരംഭിച്ചു.

അദ്ധ്വാന ശീലരായ കർഷകരായിരുന്നു ഹൈറേഞ്ചിലെ ആദ്യത്തെ കുടിയേറ്റക്കാർ. അവർക്ക് വിദ്യാഭ്യാസപരമോ സാംസ്ക്കാരികപരമോ ആയ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നതിലുപരി പ്രതികൂല മായ കാലാവസ്ഥകളോടും പ്രകൃതിയോടും പടവെട്ടി ഈ മണ്ണിൽ നിലനില്പുണ്ടാക്കുക എന്നതായിരു ന്നു പ്രധാന ആവശ്യം. വൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട് ദൂരദേശങ്ങളിൽ നിന്നും വന്ന ഉദ്യോഗ സ്ഥർ വൈദ്യുതബോർഡുവക കെട്ടിടത്തിൽ സ്കൂൾ തുടങ്ങുന്നതിന് മുന്നോട്ടുവന്നു. കേരളത്തിന്റെ നാനാഭാഗത്തു നിന്നും വന്ന വ്യത്യസ്ത മതക്കാരും വിഭിന്നവിഭാഗതിക്കാരുമായ രക്ഷിതാക്കളുടെ ശ്ര ദ്ധാപൂർവ്വമായ മേൽനോട്ടത്തിൽ വളരെ മെച്ചപ്പെട്ട ഒരു സ്കൂൾ അന്തരീക്ഷം വെള്ളത്തൂവലിൽ ഉണ്ടാക്കി യെടുക്കാൻ ആദ്യനാളുകളിൽ തന്നെ കഴിഞ്ഞു.

വെള്ളത്തൂവൽ ഗവ. L.P.S പിന്നീട് U.P. സ്കൂളായും, ഹൈസ്ക്കൂളായും ഉയർന്നു. ഇതിനിട യിൽ കുറഞ്ഞൊരു കാലയളവിൽ ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസരീതിയും ഇവിടെ പ്രവർത്തിച്ചിരുന്ന തായി രേഖകളിൽ കാണുന്നു. അതായത് വൈദ്യുതിവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരിൽ ചിലർ കുട്ടി കൾക്ക് ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസം നൽകാൻ സൗകര്യം ഇല്ലാത്തതുകൊണ്ട് ഈ പ്രദേശത്തേയ്ക്ക് ജോലിക്ക് വരാൻ വിമുഖത പ്രകടിപ്പിച്ചപ്പോൾ ഇവിടെ ഇംഗ്ലീഷ്മീഡിയം ആരംഭിക്കുവാൻ സർക്കാർ തീരുമാനിക്കുയായിരുന്നു. ഇന്ന് 19 അദ്ധ്യാപകരും 488 വിദ്യാർത്ഥികളും ഉള്ള ഈ സ്കൂളിന് സ്വന്ത മായി 8 ഏക്കറോളം സ്ഥലമുണ്ട്. സ്കൂളിനുവേണ്ടി നിർമ്മിച്ച രണ്ടു കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കവേ സ്കൂൾ പ്രവർത്തിക്കുന്നത് വൈദ്യുതബോർഡുവക കെട്ടിടങ്ങളിലാണ്. ആദ്യകാലങ്ങളിൽ സമീപ പഞ്ചായത്തുകളിൽ നിന്നുപോലുള്ള അനേകം വിദ്യാർത്ഥികളുടെ ഏക ആശ്രയസ്ഥാനമായിരുന്നു ഈ വിദ്യാലയം.

ഒന്നും രണ്ടും സ്റ്റാൻഡാർഡുകളോടെ 1963-ൽ ആരംഭിച്ച ശല്യാംപാറ S.N.V.U.P സ്കൂൾ ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ എയ്ഡഡ് സ്കൂൾ. ശല്യാംപാറ S.N.D.P ബ്രാഞ്ചിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച ഈ സ്കൂളിന്റെ ആദ്യത്തെ മാനേജർ ഡോ. സി. ഐ. കുമാർ ആയിരുന്നു. മൂന്നാർ സബ്ജില്ലയിലെ സ്കൂളുകളിൽ ഏറ്റവും നല്ല നിലവാരം പുലർത്തിയിരുന്ന സ്കൂളായിരുന്നു ഇത്. എന്നാൽ ഹെഡ്മാസ്റ്ററുടെ നിയമനം സംബന്ധിച്ച തർക്കം മൂലം കഴിഞ്ഞ 25 വർഷങ്ങളായി ഈ സ്കൂളിന് ഹെഡ്മാസ്റ്റർ ഇല്ലാതിരിക്കുകയാണ്. ഇത് സ്കൂളിന്റെ സുഗമമായ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ അദ്ധ്യാപകരും രക്ഷകർത്താക്കളും സ്കൂൾ മാനേജ്മെന്റും ഒത്തുചേർന്ന് ഉന്നതനിലവാരം കൈവരിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. കഴിഞ്ഞ 30 വർഷങ്ങളായി അപ്ഗ്രഡേഷൻ കാത്തിരിക്കുന്ന ഈ സ്കൂളിനെ ഒരു ഹൈസ്കൂളിനാവശ്യമായ സ്ഥലം കെട്ടിടം, ഫർണിച്ചർ തുടങ്ങിയ എല്ലാ ഭൗതികസാഹചര്യങ്ങളും നിലവിലുണ്ട്.

ഈ പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിൽ ഏറ്റവും നല്ല നിലവാരം പുലർത്തുന്നത് Govt. H.S കല്ലാർകുട്ടിയാണ്. കഴിഞ്ഞ വർഷം S.S.L.Cക്ക് ഇടുക്കി ജില്ലയിൽ ഏറ്റവും അധികം വിദ്യാർത്ഥികൾ പാസ്സായ ഗവ:സ്കൂൾ ഇതാണ്. ഇടുക്കി ജില്ലയിലെ ഏറ്റവും നല്ല അദ്ധ്യാപകനുള്ള ഗുരുശ്രേഷ്ഠാ അവാർഡ് കിട്ടിയത്. ഈ സ്കൂളിലെ ശ്രീ. എ. പി. പ്രഭാകരൻ എന്ന അദ്ധ്യാപകനാണ്.

ജീവിതമാർഗ്ഗം തേടിയെത്തിയ കർഷകർ തെല്ലൊരു ആശ്വാസം കണ്ടെത്തിയ സാഹചര്യത്തിൽ അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ആലോചിച്ചു തുടങ്ങി. തൽഫലമായി വെള്ളത്തൂവൽ പഞ്ചായത്തിൽ ഇപ്പോൾ 8. L.P സ്കൂളുകളും3 U.P സ്കൂളുകളും 4 ഹൈസ്കൂളുകളുമുണ്ട്. 164 അദ്ധ്യാപകരും 4163 വിദ്യാർത്ഥികളും അടങ്ങുന്ന ഇവിടുത്തെ വിദ്യാഭ്യാസമേഖലയുടെ വിശദവിവരങ്ങൾ പട്ടിക A-1. വ്യക്തമാക്കുന്നു.

28 അംഗൻവാടികളും 4 നഴ്സറി സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുപോലും സർക്കാർ മേഖലയിൽ ഇല്ല. എന്നാൽ 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു കംപ്യൂട്ടർസെന്ററും ഒരു ഐ.ടി.സിയും പ്രൈവറ്റുമേഖലയിൽ ഉണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. 18 km അകലെ മൂരിക്കാശേരിയിലും 30 km ദൂരത്തിൽ മൂന്നാറിലും 69. കി.മി അകലെയായി എറണാകുളം ജില്ലയിലെ കോതമംഗലത്തുമാണ് ഏറ്റവും അടുത്ത് കോളജുകൾ ഉള്ളത്.

പഞ്ചായത്തിലെ 4 ഹൈസ്കൂളുകളിലെയും വിജയശതമാനം 45 ൽ താഴെയാണ്. വിജയിക്കുന്നവരുടെ മാർക്ക് വളരെ കുറവായതിനാൽ അഫിലിയേറ്റഡ് കോളജുകളിൽ വളരെ ചെറിയൊരു ശതമാനത്തിനു മാത്രമേ പ്രവേശനം ലഭിക്കാറുള്ളു. പട്ടികA-2 . ഓരോ വർഷവും ഏതാണ്ട് 200നും 300 നും ഇടയിൽ വിദ്യാർത്ഥികൾ അടിമാലി, വെള്ളത്തൂവൽ, കുഞ്ചിത്തണ്ണി തുടങ്ങിയ സ്ഥലങ്ങളിലെ പാരവൽ കോളജുകളിൽ അഭയം തേടുന്നു.

പഞ്ചായത്തിലെ 3 വയസ്സിനും 5 വയസ്സിനും ഇടയ്ക്കുള്ള കുട്ടികൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളിലാണ് പോകുന്നത്. പഞ്ചായത്തിൽ 2 ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ ഉണ്ടെങ്കിലും അവയിൽ കുട്ടികളുടെ എണ്ണം കുറവാണ്. എന്നാൽ പഞ്ചായത്തിൽ നിന്ന് ഏതാണ്ട് നൂറോളം കുട്ടികൾ അടിമാലി, ചാറ്റുപാറ എന്നിവിടങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്നുണ്ട്.

പഞ്ചായത്തിൽ ജോലിചെയ്യുന്ന അദ്ധ്യാപകരിൽ വളരെ ചെറിയൊരു ശതമാനം മാത്രമേ തദ്ദേശിയരായി ഉള്ളു. ബാക്കിയുള്ളവർ കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നും വന്നിട്ടുള്ളവരാണ്. ഇവർക്ക് താമസസൗകര്യത്തിന് ക്വാർട്ടേഴ്സുകളോ മറ്റു സൗകര്യങ്ങളോ ഒന്നുമില്ലാത്തത് വലിയൊരു പ്രശ്നമായി കാണുന്നു. (അവലംബം- ഗ്രാമസഭാറിപ്പോർട്ട്)

ഇത്രയും വിദ്യാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെയുണ്ടെങ്കിലും ഇപ്പോഴും പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നിരക്ഷരരായവർ അനേകം പേരുണ്ട്. പ്രത്യേകിച്ച് പിന്നോക്ക വിഭാഗക്കാർ, പട്ടികജാതി - പട്ടികവർഗ്ഗക്കാർ, ഗിരിവർഗ്ഗക്കാർ, ഒന്നാം വാർഡിൽ താമസക്കാരായ തമിഴ് വംശജർ എന്നിവർക്കിടയിൽ നിരക്ഷരത വളരെയുണ്ട്. 1990 -ലെ സാക്ഷരതായജ്ഞത്തിന്റെ പുരോഗതി നിലനിർത്താൻ കഴിയാഞ്ഞതുകൊണ്ട് അന്നത്തെ നവസാക്ഷരർപോലും ക്രമേണ നിരക്ഷരർ ആയി എന്നതാണ് യാഥാർത്ഥ്യം. ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നത് പഞ്ചായത്തിലെ 20% ആളുകളും നിരക്ഷരരാണെന്നാണ് .

പഠന നിലവാരവും ഭൗതികസാഹചര്യങ്ങളും

ഒരു പഞ്ചായത്തിന്റെ വിദ്യാഭ്യാസ വിഷയത്തെ ആസ്പദമാക്കി ഇങ്ങനെയൊരു റിപ്പോർട്ടു തയാറാക്കുമ്പോൾ വിദ്യാർത്ഥികളുടെ പഠനനിലവാരവും, വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങളും വളരെയേറെ പ്രാധാന്യമർഹിക്കുന്നു. അരനൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ഇവിടുത്തെ വിദ്യാഭ്യാസ മേഖല ഒരു രംഗത്തും തൃപ്തികരമായ നിലവാരത്തിലെത്തിയിട്ടില്ലെന്നു കാണാം. വിദ്യാഭ്യാസ രംഗം ഒരു സേവനമേഖലയാണ്. പക്ഷെ എവിടെയും ഇന്നു ദൃശ്യമാകുന്ന മൂല്യതകർച്ചയും അർപ്പണ മനോഭാവ

ത്തിന്റെ അഭാവവും ഈ മണ്ഡലത്തെയും സേവന മേഖലയിൽ നിന്നും പാടേ അകറ്റിക്കളഞ്ഞു. നിലവാരത്തകർച്ചയുടെ ഉത്തരവാദിത്വം ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റെ തലയിൽ കെട്ടിവെയ്ക്കുന്നതിൽ അർത്ഥമില്ല. വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളുടെയും കൂടിച്ചേരലിന്റെ ഫലമായുണ്ടാകുന്ന റിസൾട്ട് ആണ് 'നിലവാരം'. ഇവിടെയാണ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളുടെയും അക്കാഡമിക് സൗകര്യങ്ങളുടെയും പ്രസക്തി.

പട്ടിക A-3. (അവലംബം സെക്കൻററി ഡേറ്റ)

പഞ്ചായത്തിലെ എല്ലാ സ്കൂളുകളും ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ അസംതൃപ്തമാണ്. ഗ്രാമസഭാ റിപ്പോർട്ടും ദീതിയ സ്ഥിതിവിവരണക്കണക്കുകളും കാണിക്കുന്നത് 7 സ്കൂളുകൾക്ക് കൂടി വെള്ള സൗകര്യം പോലും ഇല്ലെന്നുള്ളതാണ്. പഞ്ചായത്തിലെ 7 സ്കൂളുകൾക്കുമാത്രമേ വൈദ്യുതകണക്ഷൻ ഉള്ളൂ. പഠനോപകരണങ്ങൾ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ, ദൃശ്യശ്രവ്യാ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, നല്ല ഇരിപ്പിടങ്ങൾ, മേശകൾ, മറ്റു ഫർണിച്ചർ, ഉറപ്പുള്ള കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, കുടിവെള്ള ലഭ്യത, മൂത്രപ്പുര, ഗതാഗതസൗകര്യം ഇവയൊക്കെ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ മാനദണ്ഡങ്ങളാണ്. എന്നാൽ പട്ടിക A-3 കാണിക്കുന്നത് സംതൃപ്തമായ നിലവാരത്തിലേയ്ക്കും വികസനത്തിലേയ്ക്കും നാം ബഹുദൂരം ഇനിയും പോകേണ്ടിയിരിക്കുന്നു എന്നാണ്.

ഇതുകൂടാതെ പഞ്ചായത്തിലെ 15 സ്കൂളുകളിൽ നിന്നും ബന്ധപ്പെട്ട അധികാരികൾ 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുവേണ്ടി ഒട്ടേറെ നിർദ്ദേശങ്ങളും ആവശ്യങ്ങളും രേഖാമൂലം പഞ്ചായത്തു സമിതിയുടെ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അവയിൽ ശ്രദ്ധേയങ്ങളായി തോന്നിയ ചില നിർദ്ദേശങ്ങളും സ്കൂളുകളുടെ ആവശ്യങ്ങളും താഴെക്കൊടുക്കുന്നു.

a. G.L.P.S ആനവിരട്ടി, Govt. L.P.S സൗത്ത് കത്തിപ്പാറ

പിന്നോക്കാവസ്ഥയുടെ ഒരു പ്രതിരൂപമാണ് ഈ സ്കൂളുകളുടെ ചിത്രം. (പട്ടിക - A-3) മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, കഞ്ഞിപ്പുര, ഫർണിച്ചർ, ചുറ്റുമതിൽ ആവശ്യമായ കളിസ്ഥലം ഇങ്ങനെ അത്യാവശ്യ സൗകര്യങ്ങളൊന്നും ഇവിടെയില്ലെന്നു രേഖകൾ കാണിക്കുന്നു.

b. യാത്രാസൗകര്യങ്ങളില്ലാത്ത പ്രദേശത്തുകൂടി 3-ഉം 4-ഉം കി.മി. യാത്രചെയ്ത് വിദ്യാലയങ്ങളിൽ പോകേണ്ടിവരുന്ന അവസ്ഥ പഞ്ചായത്തിന്റെ പലഭാഗങ്ങളിലുമുണ്ട്.

c. തോക്കുപാറ ഗവ. യു.പി. സ്കൂൾ, ഗവ. യു.പി.എസ്. 1000 ഏക്കർ എന്നിവിടങ്ങളിൽ പ്രൈമറിതലത്തിൽ ഷിഫ്റ്റ് സമ്പ്രദായം നിലനില്ക്കുന്നതായി കാണുന്നു. കൂടാതെ ഗവ. യു.പി.എസ് .തോക്കുപാറ സ്കൂളിൽ 3 അദ്ധ്യാപകർ ദീർഘകാല അവധിയിലാണ്.

d. മിക്കവാറും എല്ലാ സ്കൂൾ അധികാരികളും ആവശ്യപ്പെട്ടിരിക്കുന്നത് യഥാവസരങ്ങളിൽ മേലധികാരികളുടെ സ്കൂൾ പരിശോധന ഉണ്ടാവണമെന്നാണ്.

e. ഉച്ചക്കഞ്ഞി തയാറാക്കുന്നതിന് നിലവിൽ യാതൊരു സൗകര്യങ്ങളുമില്ലാത്ത സ്കൂളുകളാണ് ഗവ. എ.ൽ.പി.എസ് വെള്ളത്തൂവൽ, Govt. U.P.S. 1000 ഏക്കർ, Govt. L.P.S ചെങ്കുളം. S.N.V.U.P.S ശൈവ്യാംപാറ തുടങ്ങിയവ ചുറ്റുമതിലിന്റെ അത്യാവശ്യവും ഈ സ്കൂളുകൾക്കു കാണുന്നു. ഇങ്ങനെ ഓരോ സ്കൂളുകളുടെയും ആവശ്യങ്ങളും ആവലാതികളും ഒട്ടനവധിയാണ്. പഠനനിലവാരം കുറയുന്നതിന്റെ പിന്നിൽ ഭൗതികസാഹചര്യങ്ങളുടെ പിന്നോക്കാവസ്ഥ വളരെ പ്രധാനപ്പെട്ട കാരണമാണെന്ന് ഈ വസ്തുതകൾ വിശദമാക്കുന്നു.

വായനയാണ് മനുഷ്യനെ സംപൂർണ്ണമായ ജ്ഞാനത്തിലേയ്ക്കെത്തിക്കുന്നത്. ലൈബ്രറി സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് അടിസ്ഥാനപരമായി ഒരാവശ്യമാണ്. വർഷത്തിൽ ഒന്നോ രണ്ടോ പുസ്തകം വിദ്യാർത്ഥിക്കു കൊടുക്കുന്ന ലൈബ്രറിയാവരുത്. വിദ്യാർത്ഥികളുടെ മാനസികമായ വളർച്ചയ്ക്ക് വികാസത്തിനും അവർക്ക് എപ്പോഴും ഉപയോഗിക്കുവാൻ കഴിയുന്ന വൈബ്രറിയാവണം സ്കൂളിൽ ഉണ്ടാകേണ്ടത്.. ലബോറട്ടറി സൗകര്യങ്ങളും ഒരു വിദ്യാർത്ഥിക്ക് ഒഴിവാക്കാനാവാത്ത ആവശ്യമാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്കൂളിന്റെ ചുറ്റുപാടുകളിൽ അധ്യയനം നടത്തേണ്ടി വരുന്ന വിദ്യാർത്ഥി

കൾ എല്ലാ തലങ്ങളിലും പിന്തള്ളപ്പെട്ടുപോകും. ഈയവസ്ഥയിൽ അദ്ധ്യാപകരും രക്ഷിതാക്കളും അഭ്യുദയകാംക്ഷികളായ ബഹുജനങ്ങളും ഒത്തുചേർന്ന് വിദ്യാലയങ്ങളുടെ പുരോഗതിക്കായി ഒരു കൂട്ടായ്മ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

കാർഷികമേഖലയ്ക്കു പ്രാധാന്യമുള്ള ഈ പഞ്ചായത്തിൽ കർഷകകുടുംബങ്ങളിലെ കുട്ടികളാണ് വിദ്യാർത്ഥികളിൽ കൂടുതൽ ശതമാനവും. നാഗരിക മേഖലയിലെ അഭ്യസ്തവിദ്യരായ രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ ചെലുത്തുന്ന ശ്രദ്ധ ഇവിടുത്തെ രക്ഷകർത്താക്കൾക്ക് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസൗകര്യത്തിൽ കാണിക്കാൻ കഴിയുന്നില്ലെന്നാണ് വസ്തുത. നിലവാരം കുറയ്ക്കുന്നതിന് ഇതും ഒരു കാരണമാണ്. എന്നാൽ സമരങ്ങളും രാഷ്ട്രീയാദി പ്രസരവും ഈ പ്രദേശത്തെ അധ്യയനത്തെ കൂടുതൽ ബാധിച്ചിട്ടില്ലെന്നു കാണാം. നല്ലൊരു ശതമാനം വിദ്യാർത്ഥികളും ഗൈഡുകളെ ആശ്രയിക്കുന്നതും നിലവാരത്തകർച്ചയുടെ പിന്നിലുണ്ടെന്നത് ഒരു വസ്തുതയാണ്. ഇവിടുത്തെ സ്കൂളുകളിലെ പഠനനിലവാരത്തിൽ അസംതൃപ്തരായ വിദ്യാർത്ഥികകൾ കുമ്പൻപാറ, രാജക്കാട്, അടിമാലി തുടങ്ങിയ സ്ഥലങ്ങളിലെ സ്കൂളുകളിൽ പോകുന്ന പ്രവണതയും ചെറിയതോതിലുണ്ട്. പട്ടിക A-4 പാദവർഷപരീക്ഷകളിലെ വിജയശതമാനം ഏറെക്കുറെ സൂചിപ്പിക്കുന്നു.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലായി ഈ പ്രദേശത്തെ വിദ്യാലയങ്ങളിൽ കാണുന്നില്ല. എന്നാൽ പഠനം നിർത്തിയവരുടെ കുറെ കണക്കുകൾ പട്ടികA-5 കാണിക്കുന്നു. (അവലംബം Secondary Data) ഇതേ പട്ടികയിൽ നിന്നും തോറ്റു പഠിക്കുന്നവരുടെ കണക്കുകളും കാണാം.

അദ്ധ്യാപക രക്ഷാകർതൃ സമിതിയും മാതൃസംഗമങ്ങളും എറെക്കുറെ കാര്യക്ഷമമായി ഇവിടുത്തെ എല്ലാ സ്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ രക്ഷാകർത്താക്കളുടെ മാത്രം സമിതി എന്നതിനുപരി പൊതുപ്രവർത്തകരെയും വിദ്യാലയഭ്യുദയകാംക്ഷികളെയും സ്കൂളുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്.

ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ

വിദ്യാഭ്യാസനിലവാരം ഉയർത്താൻ പഞ്ചായത്തു തലത്തിൽ എന്തുചെയ്യാനാവുമെന്ന് ഗ്രാമസഭയിൽ വിശദമായ ചർച്ചകൾ നടക്കുകയുണ്ടായി. ഗവണ്മെൻറു തലത്തിൽ മാത്രം പരിഹാരം കണ്ടെത്താൻ കഴിയുന്ന ചില അടിസ്ഥാന പ്രശ്നങ്ങളും പഞ്ചായത്തു തലത്തിൽ പരിഹാരം കണ്ടെത്താൻ കഴിയുന്ന വിഷയങ്ങളും ചർച്ചയ്ക്കു വിഷയമായി.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 കൊല്ലത്തേയ്ക്കു വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. വെള്ളത്തൂവൽ ഗവ. ഹൈസ്കൂളിൽ പ്ലസ്-ടു ആരംഭിക്കുക, ഇവിടുത്തെ സൗകര്യങ്ങളെ രണ്ടു കെട്ടിടങ്ങളും, 8 ഏക്കർ സ്ഥലവും നിലനിർത്തി, J.T.S, പോളിടെക്നിക്ക് ഇവ ആരംഭിക്കുക.

2. ഹൈറേഞ്ച് മേഖലയിൽ ഉന്നതപഠനത്തിന് നിലവിലുള്ള അസൗകര്യം പരിഗണിച്ച് അടിമാലി കേന്ദ്രമാക്കി ഒരു കോളജ് ഏറ്റവും പെട്ടെന്ന് അനുവദിക്കുക.

3. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ ഉടൻ തന്നെ ഒരു പോളിടെക്നിക് ആരംഭിക്കുക.

4. ശല്യാംപാറ S.N.V.U.P സ്കൂൾ അപ്ഗ്രേഡ് ചെയ്തു ഹൈസ്കൂളാക്കുക. ഇത് IV, V, VI വാർഡുകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നതാണ്.

5. മുതുവാൻകുടി ഗവ. എൽ.പി. സ്കൂൾ, P.M.S. L.P.S (വെള്ളത്തൂവൽ വെസ്റ്റ്) എന്നിവ യു.പി. സ്കൂളുകളായി ഉയർത്തുക.

6. എല്ലക്കൽ സെൻറ് ആൻറണീസ് എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുക.

7. പോത്തുപാറയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക.

8. മാങ്കടവ് ശ്രീദേവി L.P.S, U.P.S ആക്കുക.

9. 3-ാം വാർഡിനും 11-ാം വാർഡിനും ഉപകരിക്കത്തക്കവിധം ഈട്ടിസിറ്റിയിൽ ഒരു എൽ.പി.സ്കൂൾ ആരംഭിക്കുക.

10. നിലവിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

11. എല്ലാ എൽ.പി. സ്കൂളുകളോടും ചേർന്ന് പ്രി-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

12. വിദ്യാഭ്യാസ മേലധികാരികളുടെ സ്കൂൾ പരിശോധന കൂടുതലായി നടത്തുക.

13. കലാ കായിക വിദ്യാഭ്യാസത്തിനായി സ്പെഷ്യൽ അദ്ധ്യാപകരെ L.P., U.P, സ്കൂളുകളിൽ നിയമിക്കണം.

14. എല്ലാ ഹൈസ്കൂളുകളിലും ഹയർസെക്കന്ററി ആരംഭിക്കുക.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 11 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവചർച്ചയ്ക്കു വിധേയമായി. എല്ലാ ഗ്രാമസഭകളും സൂചിപ്പിച്ച ചില സമഗ്രമായ നിർദ്ദേശങ്ങളും ഉരുത്തിരിഞ്ഞ് വരികയുണ്ടായി. അവയിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

a. അദ്ധ്യാപകരും രക്ഷിതാക്കളും ബഹുജനങ്ങളുമടങ്ങിയ ഒരു ജനീകയ സമിതി ഓരോ സ്കൂളിനോടനുബന്ധിച്ചും വളർത്തിയെടുക്കണം.

b. മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കാനും പഞ്ചായത്തുതലത്തിൽ സംവിധാനം വേണം.

c. പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിശീലനം നല്കണം.

d. സ്കൂൾ ദിവസങ്ങളിൽ അദ്ധ്യാപകരെ മറ്റു ജോലികൾക്കു നിയോഗിക്കാതിരിക്കുക.

e. L.P സ്കൂളുകൾക്ക് പ്യൂൺ U.P സ്കൂളുകൾക്ക് ക്ലാർക്ക് തസ്തികകൾ അനുവദിക്കുക.

f. അദ്ധ്യാപകരുടെ സ്ഥലം മാറ്റം കഴിവതും വർഷാരംഭത്തിൽ നടത്തുക. സർക്കാർ സ്കൂളുകളിൽ രണ്ടു മാസത്തിൽ കൂടുതൽ വരുന്ന ഒഴിവുകളിൽ നിയമനം നടത്തുക

g. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കണമെന്ന് എല്ലാ ഗ്രാമസഭകളിലും ഗ്രൂപ്പുചർച്ചകൾ ശക്തമായി ആവശ്യപ്പെടുകയുണ്ടായി

വിദ്യാഭ്യാസ രംഗം സജീവമാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ ഈ വിഷയത്തിൽ സാമാന്യ ജനങ്ങളിലുണ്ടായിട്ടുള്ള ഉണർവ് നിലനിർത്തിക്കൊണ്ടുതന്നെ വർദ്ധിച്ച ബഹുജനപങ്കാളിത്തത്തോടെ കൂടുതൽ ശ്രമമാരംഭിക്കുകയാണു വേണ്ടത്. പ്രധാനമായും വിദ്യാലയങ്ങളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ നിലയുറപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മ പരിപാടികളെ പ്രോത്സാഹിപ്പിക്കുകയും ഉയർന്ന പഠന നിലവാരത്തിലേയ്ക്ക് അവരെ നയിക്കുകയുമാണ് വേണ്ടത്. സാഹിത്യ സമാജങ്ങൾ, കൈയെഴുത്ത് ചിത്രമാസികകൾ, കായിക പരിശീലന പരിപാടികൾ, പഠന വിനോദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

അർപ്പണബോധമുള്ള അദ്ധ്യാപകരും വിദ്യാഭ്യാസവിഷയത്തിൽ സജീവ താല്പര്യമുള്ള സ്കൂൾ പി.ടി.എ. കളും, മാതൃസംഗമങ്ങളും അതിലുപരി ഓരോ വിദ്യാലയങ്ങളോടനുബന്ധിച്ച് ആത്മാർത്ഥതയുള്ള ഒരു ബഹുജനസമിതി രൂപം കൊള്ളുകയും ഇവയെല്ലാം പ്രവർത്തന ക്ഷമമാവുകയും ചെയ്താൽ നമ്മുടെ വിദ്യാഭ്യാസമേഖലയുടെ പിന്നോക്കാവസ്ഥയെല്ലാം നമുക്കു തരണം ചെയ്യാനാവും. ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്കുവഹിക്കുവാൻ പഞ്ചായത്ത് സമിതിക്ക് ബാദ്ധ്യതയുണ്ട്.

പട്ടിക A1

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ
			ആൺ	പെൺ	ആകെ	
1.	G. L. P. S. കത്തിപ്പാറ	Govt.	2	13	38	3
2.	G. L. P. S. ആനവിരട്ടി	Govt.	26	31	57	4
3.	G. L. P. S. പെങ്കുളം	Govt.	70	74	144	4
4.	G. L. P. S വെള്ളത്തൂവൽ	Govt.	81	83	164	5
5.	ശ്രീദേവി L. P. S. മാങ്കടവ്	Aided	35	28	63	4
6.	St. ആന്റണീസ് L.P.S. എല്ലക്കൽ	Aided	195	181	376	9
7.	P. M. S. L.P.S ശല്യാംപാറ	Aided	34	24	58	5
8.	St. ജോസഫ്സ് L.P.S. കല്ലാർകുട്ടി	Aided	75	90	165	6
9.	S. N. V. U. P.S ശല്യാംപാറ L. P	Aided	77	55	308	12
	U. P	Aided	94	82		
10.	G. ജനതാ U.P.S.1000 ഏക്കർL.P	Govt.	110	87		15
	U.P	Govt.	93	85		
11.	G. U. P. S. തോക്കുപാറ L. P	Govt.	191	186	775	18
	U. P	Govt.	221	177		
12.	G. H. S. വെള്ളത്തൂവൽ U. P	Govt.	130	95	493	21
	H.S	Govt.	130	138		
13.	G. H. S. കത്തിപ്പാറ L. P	Govt.	29	25		
	U. P	Govt.	102	82	519	25
	H. S	Govt.	127	154		
14.	St. സെബാസ്റ്റ്യൻസ് H.S.തോക്കുപാറ	Aided	278	209	487	22
15.	V. K. P. M. H.S. മാങ്കടവ്	Aided	88	53	141	11
	ആകെ		2211	1952	4163	164

പട്ടിക A-2 S. S. L. C. വിജയശതമാനം 92 മുതൽ 96 വരെ

സ്കൂൾ	91-92			92-93			93-94			94-95			95-96			
	എഴുതിയവർ	ജയിച്ചവർ	വിജയശതമാനം	എഴുതിയവർ	ജയിച്ചവർ	വിജയശതമാനം	എഴുതിയവർ	ജയിച്ചവർ	വിജയശതമാനം	എഴുതിയവർ	ജയിച്ചവർ	വിജയശതമാനം	എഴുതിയവർ	ജയിച്ചവർ	വിജയശതമാനം	
സെന്റ്: സെബാസ്റ്റ്യൻസ് H. S. തോക്കുപാറ	123	69	56	103	62	60	105	73	70	102	78	76	105	89	85	
വി. കെ. പി. എം. എച്ച്. എസ്. മാങ്കടവ്	51	26	51	77	46	60	75	31	41	66	29	44	50	21	42	
ജി. എച്ച്. എസ്സ്. കല്ലാർകുട്ടി	60	10	6	56	20	35	50	12	24	58	42	72	74	18	24	
ജി. എച്ച്. എസ്. വെള്ളത്തൂവൽ	98	22	22	92	29	32	79	21	27	64	24	38	65	25	38	

പട്ടിക A-3 ഭൗതീക സാഹചര്യങ്ങൾ

	സ്കൂൾ	ആകെ വിദ്യാർത്ഥികളുടെ എണ്ണം	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	G. L. P. S. കത്തിപ്പാറ	38	3	1	1	ഇല്ല	ഇല്ല
2.	G. L. P. S. ആനവിരട്ടി	57	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3.	G. L. P. S. ചെങ്കുളം	144	4	1	1	ഇല്ല	ഇല്ല
4.	G. L. P. S. വെള്ളത്തൂവൽ	164	5	1	1	ഉണ്ട്	ഉണ്ട്
5.	ശ്രീദേവി L. P. S. മാങ്കടവ്	63	4	3	1	ഉണ്ട്	ഉണ്ട്
6.	St. ആന്റണീസ് L.P.S. എല്ലക്കൽ	376	9	1	1	ഉണ്ട്	ഉണ്ട്
7.	P. M. S. L. P. S. ശല്യാംപാറ	58	5	1	ഇല്ല	ഉണ്ട്	ഇല്ല
8.	St. ജോസഫ്സ് L. P. S. കല്ലാർകുട്ടി	165	6	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
9.	S. N. V. U. P. S. ശല്യാംപാറ	308	12	2	2	ഇല്ല	ഇല്ല

10.	G. ജനതാ U. P. S. 1000 ഏക്കർ	375	15	1	1	ഉണ്ട്	ഇല്ല
11.	G. U. P. S. തോക്കുപാറ	775	18	2	2	ഇല്ല	ഇല്ല
12.	G. H. S. വെള്ളത്തൂവൽ	493	21	2	2	ഇല്ല	ഉണ്ട്
13.	G. H. S. കത്തിപ്പാറ	519	25	2	ഇല്ല	ഉണ്ട്	ഉണ്ട്
14.	St. സെബാസ്റ്റ്യൻസ് H. S. തോക്കുപാറ	487	22	2	1	ഇല്ല	ഉണ്ട്
15.	V. K. P. M. H. S. മാങ്കടവ്	141	11	3	1	ഉണ്ട്	ഉണ്ട്
	ആകെ	4163	164				

പട്ടിക A- 4

96--97 പാദവർഷപരീക്ഷ

ക്ലാസ്സുകൾ	ആകെ കുട്ടികൾ	30%ൽ താഴെ മാർക്ക് നേടിയവർ	30% ൽ 40% ൽ താഴെ മാർക്കു നേടിയവർ	40% ൽ 50% ൽ താഴെ മാർക്കു നേടിയവർ	50% ൽ 60% ൽ താഴെ മാർക്കു നേടിയവർ	60% ൽ മുകളിൽ മാർക്കു നേടിയവർ
III	464	71	48	84	192	169
IV	474	60	63	79	95	177
V	365	74	72	68	67	84
VI	393	121	96	69	37	70
VII	396	119	77	83	49	68
VIII	443	178	120	69	50	26
IX	407	153	87	74	57	36
X	311	130	77	39	37	28

വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക A-5

	സ്കൂൾ	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റുപടിക്കുന്നവർ						പഠനം നിറുത്തിയവർ						പഠനം നിറുത്തിയ കുട്ടികളുടെ മൊത്തം എണ്ണം
								SC\ ST			മറ്റുള്ളവർ			SC/ST			മറ്റുള്ളവർ			
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1.	ഗവ: എൽ.പി. എസ്സ് കത്തിപ്പാറ	25	13	38	1	0	1	-	-	-	-	-	-	-	-	-	-	-	-	-
2.	V.K.P.M.H.S. മാങ്കടവ്	88	53	141	3	1	4	-	-	-	7	4	11	-	-	-	7	-	7	7
3.	S.N.V.U.P.S ശല്യാംപാറ	171	137	308	2	-	2	-	-	-	19	7	26	-	-	-	1	-	1	1
4.	P.M.S.L.P.S ശല്യാംപാറ	34	24	58	-	-	-	-	-	-	1	1	2	-	-	-	-	-	-	-
5.	ശ്രീദേവി L.PS മാങ്കടവ്	35	28	63	-	2	2	-	1	1	2	2	4	-	-	-	-	-	-	-
6	ഗവ:ജനതാ യു.പി.എസ്.1000ഏക്കർ	203	172	375	38	31	69	8	2	10	10	7	17	-	-	-		3	3	3
7.	G.L.P.S ആനവിരട്ടി	26	31	57	2	6	8	-	3	3	1	1	2	-	-	-	-	-	-	-
8.	G.L.P.S ചെങ്കുളം	70	74	144	6	5	11	1	1	2	2	1	3	-	-	-	-	-	-	-
9.	G.U.P.S തോക്കുപാറ	412	363	775	29	26	55	7	2	9	28	15	43	4	1	5	3	2	5	10
10	St:സെബാസ്റ്റ്യൻസ് H.S.തോക്കുപാറ	278	209	487	13	13	26	2	3	5	19	22	41	-	1	1	4	2	6	7
11.	G.H.S വെള്ളത്തൂവൽ	260	233	493	24	16	40	1	4	5	34	23	57	-	-	-	8	4	12	12
12.	G.H.S കഞ്ഞിപ്പാറ	258	261	519	35	33	68	4	3	7	27	10	37	1	2	3	7	4	11	14
13.	G.L.Ps വെള്ളത്തൂവൽ	81	83	164	8	17	25	-	-	-	3	2	5	-	-	-	3	2	5	5
14.	St: ജോസഫ്സ് എൽ.പി.എസ്സ്	75	90	165	3	5	8	-	-	-	3	2	5	-	-	-	1	-	1	1
15.	St: ആൻറണീസ് L.P.S എല്ലക്കൽ	195	181	376	7	9	16	-	-	-	8	2	10	-	-	-	1	-	1	1
	ആകെ.	2211	1952	4163	171	164	335	24	19	43	164	99	263	5	4	9	35	38	53	62

പൊതുജന ആരോഗ്യവും കുടിവെള്ളവും

ഏതൊരു പ്രദേശത്തിന്റെയും സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിനു വേണ്ട ആധാരശില കർമ്മശേഷിയുള്ള ആരോഗ്യ സമ്പന്നരായ ജനങ്ങളാണ്. ആരോഗ്യപൂർണ്ണമായി ജീവിക്കുവാൻ കഴിയുക എന്നത് മൗലിക അവകാശമായി കരുതിപ്പോരുന്ന നമ്മുടെ രാജ്യത്ത് അടിസ്ഥാന ആരോഗ്യസേവനങ്ങൾ പൊതുമേഖലയിൽ ലഭ്യമാക്കേണ്ടതുണ്ട്. മലയോര മേഖലയായ വെള്ളത്തൂവൽ പഞ്ചായത്തിലെ പൊതുജനാരോഗ്യപ്രശ്നങ്ങൾ നിരവധിയാണ്.

രോഗികളെ കിടത്തി ചികിത്സാസൗകര്യങ്ങളുള്ള ഗവൺമെന്റ് ആശുപത്രികളൊന്നും ഈ പഞ്ചായത്തിലില്ല. അടിമാലിയിലുള്ള താലൂക്കാശുപത്രിയിലെത്താൻ ഗതാഗതസൗകര്യങ്ങൾ പരിമിതമായ ഇവിടെ നിന്നും 15 കിലോമീറ്റർ സഞ്ചരിക്കണം. പഞ്ചായത്തിലെ പൊതു ആരോഗ്യനിലവാരം വളരെ താഴെയാണ്. പനി, വയറിളക്കം തുടങ്ങിയവയാണ് സാധാരണ കണ്ടുവരുന്ന രോഗങ്ങൾ. 95-96 വർഷത്തിൽ പഞ്ചായത്തിലുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിൽ മാത്രം 34947 രോഗികൾ ചികിത്സയ്ക്കെത്തി. സ്വകാര്യ ആശുപത്രികളിലെ കണക്ക് ലഭ്യമല്ല. ഗവൺമെന്റ് ആശുപത്രികളിൽ ഡോക്ടർമാർ കൂടുതൽ പ്രാധാന്യവും സമയവും സ്വകാര്യപ്രാക്ടീസിന് നല്കുന്നതിനാൽ ഈ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന സാമ്പത്തിക സ്ഥിതി കുറഞ്ഞ രോഗികൾക്ക് തൃപ്തികരമായ സേവനം ലഭ്യമാകുന്നില്ല. ഇത് അധികാരികളുടെ അടിയന്തിരശ്രദ്ധ പതിയേണ്ട ഒരു പ്രശ്നമാണ്. ഈ പഞ്ചായത്തിലെ ജനനനിരക്കും മരണനിരക്കും സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. ജനനനിരക്ക് 9.6ഉം മരണനിരക്ക് 5.4 ഉം മാത്രമാണ്. ശിശുമരണം കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ആരോഗ്യസ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	ജീവനക്കാരുടെ എണ്ണം	95-96 ൽ ചികിത്സക്കെത്തിയ രോഗികളുടെഎണ്ണം
1.	പ്രാഥമികാരോഗ്യകേന്ദ്രം വെള്ളത്തൂവൽ	1971	28	6037
2.	ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ശെല്യാംപാറ	1979	4	10910
3.	ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, ആനച്ചാൽ	1957	4	18000

പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരിൽ 20 പേർ ഫീൽഡു വിഭാഗത്തിൽ പ്രവർത്തിക്കുന്നവരാണ്. പോത്തുപാറ, മുതുവാൻകുടി, മാങ്കടവ്, നായിക്കുന്ന്, കത്തിപ്പാറ, കൂടുക്കാസിറ്റി എന്നിവിടങ്ങളിലായി ആറ് ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള രണ്ട് ആശുപത്രികൾ പഞ്ചായത്തിലുണ്ട്. വെള്ളത്തൂവലിലുള്ള S. N. ആശുപത്രിയും എല്ലക്കല്ലിൽ പ്രവർത്തിക്കുന്ന സെന്റ് സേവ്യേഴ്സ് ആശുപത്രിയും.

സ്ഥാപനപരമായ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

1 പ്രാഥമികാരോഗ്യകേന്ദ്രം

ഇപ്പോൾ ഔട്ട് പേഷ്യന്റ് വിഭാഗം മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്ന പഞ്ചായത്തുവക കെട്ടിടം അറ്റകുറ്റപണികൾ നടത്തുകയും ആവശ്യമായ പുതിയ ജീവനക്കാരെ നിയമിക്കുകയും ചെയ്താൽ ഇവിടെ കിടത്തി ചികിത്സാവിഭാഗം ആരംഭിക്കാൻ കഴിയും. പ്രാഥമിക ആരോഗ്യകേന്ദ്രം വികസിപ്പിച്ചാൽ ചികിത്സാസൗകര്യങ്ങൾ വളരെ പരിമിതമായ വെള്ളത്തൂവൽ

പഞ്ചായത്തിലെയും സമീപഗ്രാമമായ കൊന്നത്തടിയിലെയും ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാണ്.

2. ആരോഗ്യകേന്ദ്രത്തിന്റെ നിലവിലുള്ള കെട്ടിടം മഴക്കാലമായാൽ ചോരുന്നതും വൈദ്യുതി വയറിങ്ങുകൾ കാലഹരണപ്പെട്ടതുമാണ്.

3. I. P. വിഭാഗം തുടങ്ങുന്നതിനായി ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കുകയും കിണർ കുഴിച്ചോ പൈപ്പ് കണക്ഷൻ, വഴിയോ ശുദ്ധജലലഭ്യത ഉറപ്പു വരുത്തുകയും വേണം.

4. ബാത്ത് റൂം സൗകര്യങ്ങൾ ലഭ്യമാക്കണം.

5. ഡോക്ടർക്കായി ക്വാർട്ടേഴ്സ് ഉണ്ടെങ്കിലും അതിൽ ജലലഭ്യതയ്ക്കുള്ള ക്രമീകരണങ്ങളൊന്നുമില്ലാത്തതിനാൽ ഡോക്ടർമാർ ഇവിടെ താമസിക്കുന്നതിന് വിമുഖത കാണിക്കുന്നു. ഇത് പരിഹരിക്കപ്പെടണം.

6. ജീവനക്കാർക്കായി ആരോഗ്യകേന്ദ്രത്തോട് ചേർന്ന് ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം.

7. ആരോഗ്യകേന്ദ്രത്തിൽ ജീവനക്കാരുടെ ഉപയോഗത്തിനും റിക്കാർഡുകൾ സൂക്ഷിക്കുന്നതിനും അത്യാവശ്യ ഫർണീച്ചറുകൾ പോലും ലഭ്യമല്ല. ഇത് പരിഹരിക്കപ്പെടേണ്ടത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

8. ഡോക്ടർക്ക് പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള ശാസ്ത്രീയോപകരണങ്ങൾ പോലും ആരോഗ്യകേന്ദ്രത്തിലില്ല. ഇതുമൂലം കിലോമീറ്ററുകൾ നടന്ന് ചികിത്സയ്ക്കെത്തുന്ന രോഗികൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അത്യാവശ്യ ഉപകരണങ്ങൾ വാങ്ങണം.

ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി - ശെല്യാംപാറ

1979-ൽ ശെല്യാംപാറ നേതാജി പബ്ലിക് ലൈബ്രറി വിട്ടുകൊടുത്ത വളരെ പഴക്കം ചെന്ന ഒരു കെട്ടിടത്തിലാണ് ഡിസ്പൻസറി ഇപ്പോൾ പ്രവർത്തിക്കുന്നത്.

1. കെട്ടിടത്തിന്റെ മേൽക്കൂര ജീർണ്ണിച്ച് അപകടനിലയിലാണ്. അതുകൊണ്ട് ഗവൺമെന്റ് അംഗീകരിച്ച മാതൃകയിലുള്ള പുതിയ കെട്ടിടം ഡിസ്പെൻസറിക്കായി നിർമ്മിക്കണം.

2. സ്ഥാപനത്തിനു സ്വന്തമായുള്ള 25 സെന്റ് സ്ഥലം ചുറ്റുമതിൽ നിർമ്മിച്ച് സുരക്ഷിതമാക്കണം

3. ജീവനക്കാരുടെ ഉപയോഗത്തിനും, മരുന്നുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിനും ആവശ്യമായ ഫർണ്ണീച്ചറുകൾ ഇവിടെയില്ല. മരുന്നുകളും റിക്കാർഡുകളും തറയിലും മേശപ്പുറത്തുമായി നിരത്തി ഇട്ടിരിക്കുകയാണ്. ഇതു പരിഹരിക്കുവാൻ ആവശ്യമായ ഫർണ്ണീച്ചറുകൾ ലഭ്യമാക്കണം.

4. തികച്ചും അവികസിത മേഖലയായ ശെല്യാംപാറയിൽ വിദൂരജില്ലകളിൽ നിന്നും വരുന്ന ഡിസ്പെൻസറി ജീവനക്കാർക്ക് താമസത്തിനായുള്ള യാതൊരു സൗകര്യങ്ങളും ലഭ്യമല്ല. അതിനാൽ സ്ഥാപനത്തിന്റെ സ്വന്തം സ്ഥലത്ത് ജീവനക്കാർക്കാവശ്യമായ ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം.

5. കെട്ടിടം വൈദ്യുതീകരിക്കണം.

6. ആവശ്യാനുസരണം ശുദ്ധജലം ലഭ്യനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

7. ദേവികുളം താലൂക്കിൽ സ്വന്തം സ്ഥലവും കെട്ടിടവുമുള്ള ഹോമിയോ ഡിസ്പെൻസറി

ഇതുമാത്രമാണ്. ഗതാഗതസൗകര്യങ്ങളും ചികിത്സാ സൗകര്യവും വളരെ പരിമിതമായ ശെല്യാംപാറയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം താലൂക്ക് ഹോമിയോ ആശുപത്രിയായി ഉയർത്തിയാൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെ പ്രയോജനകരമായിരിക്കും.

ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി - ആനച്ചാൽ

1957ൽ പ്രവർത്തനം ആരംഭിച്ച ആയുർവേദ ഡിസ്പെൻസറി ഇന്നും വാടകകെട്ടിടത്തിലാണ് (അയ്യപ്പസേവാസംഘം വക) പ്രവർത്തിക്കുന്നത്. കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുവക സ്ഥലം ഡിസ്പെൻസറി കെട്ടിടം പണിയാനായി കിട്ടുന്നതിനുള്ള ശ്രമം ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ലഈ ഈ നടപടികൾ പൂർത്തിയാക്കി സ്വന്തം കെട്ടിടത്തിലേക്ക് സ്ഥാപനം മാറ്റി സ്ഥാപിച്ചെങ്കിലേ രോഗികൾക്ക് യഥാർത്ഥ പ്രയോജനം ലഭിക്കുകയുള്ളു.

1. സ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കി ഈ സ്ഥാപനം താലൂക്ക് ആയുർവേദ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2. ധാരാളം രോഗികൾ ദിനംപ്രതി ചികിത്സയ്ക്കെത്തുന്ന ഡിസ്പെൻസറിയിൽ ആവശ്യത്തിനുള്ള മരുന്നുകൾ പലപ്പോഴും ലഭ്യമല്ല. ഈ കുറവ് നികത്തണം.

3. ജീവനക്കാർക്ക് താമസസൗകര്യത്തിനായി ഡോർമിറ്ററികൾ നിർമ്മിക്കണം.

പ്രധാന പൊതുജനാരോഗ്യപ്രശ്നങ്ങൾ

ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സയ്ക്കെത്തുന്നവരിൽ അധിക പങ്കും ജലത്തിൽ കൂടി പകരുന്ന രോഗങ്ങൾ ബാധിച്ചവരാണ്. ജലമലിനീകരണപ്രശ്നത്തിന്റെ രൂക്ഷതയാണിതു കാണിക്കുന്നത്. (കുടിവെള്ള ലഭ്യതയുടെ കണക്ക് അന്യത്ര ചേർത്തിരിക്കുന്നു). പഞ്ചായത്തിലെ 6746 വീടുകളിൽ 206 വീടുകൾക്ക് ഒരു തരത്തിലുള്ള കക്കൂസുമില്ല. 4328 കുടുംബങ്ങളുടേത് കുഴി കക്കൂസാണ്. വൃത്തിയുള്ള ആരോഗ്യകരമായ കക്കൂസുള്ളത് 2067 കുടുംബങ്ങൾക്ക് മാത്രമാണ്.

കഴിഞ്ഞ വേനൽക്കാലത്ത് ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും പടർന്നു പിടിച്ച മഞ്ഞപ്പിത്ത രോഗവും വയറിളക്ക രോഗങ്ങളും ജലമലിനീകരണവും പരിസരശുചീകരണത്തിന്റെ അഭാവവും മൂലം ഉണ്ടായതാണ്.

കാർഷിക രംഗത്ത് പരിധിയിൽ കവിഞ്ഞ് ഉപയോഗിക്കപ്പെടുന്ന കീടനാശിനികളും രാസപദാർത്ഥങ്ങളും മാരകമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണെങ്കിലും പൊതുജനാരോഗ്യവകുപ്പ് ഈ രംഗത്ത് ആവശ്യമായ ശ്രദ്ധ പതിപ്പിക്കുകയോ ആവശ്യമായ പഠനങ്ങളും സർവ്വേകളും നടത്തി ഈ പ്രശ്നത്തിന്റെ രൂക്ഷതയെപ്പറ്റി പൊതുജനങ്ങളെ ബോധവല്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

കൊതുകു പരത്തുന്ന മലമ്പനിയും മന്തും ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ സംഹാനത്തിന്റെ പല ഭാഗങ്ങളിലും പടർന്നു പിടിച്ചിട്ടും രോഗപ്രതിരോധപ്രവർത്തനമെന്ന നിലയിൽ കൊതുകു നശീകരണത്തിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതരോ ആരോഗ്യവകുപ്പോ നടപ്പാക്കുന്നില്ല.

പരിഹാരനിർദ്ദേശങ്ങൾ

പൊതുജനാരോഗ്യരംഗത്തെ പ്രശ്നങ്ങളെപ്പറ്റിയും അവ എങ്ങിനെ പരിഹരിക്കാം എന്നതിനെപ്പറ്റിയും ഗ്രാമസഭകളിൽ വിപുലമായ ചർച്ചകൾ നടന്നു. ഇവയുടെയും ഈ രംഗത്തെ വിദഗ്ദ്ധരുടെ ആശയങ്ങളുടെയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നവയാണ്.

1. തുറന്ന സ്ഥലത്തുള്ള മലവിസർജ്ജനമാണ് പല പകർച്ചവ്യാധികളുടെയും വ്യാപനത്തിനുള്ള പ്രധാന കാരണം എന്നതും കക്കൂസ് ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യവും വിവിധ മാദ്ധ്യമങ്ങളിലൂടെയുള്ള നിരന്തര പ്രചരണത്തിലൂടെയും ബോധവല്ക്കരണക്ലാസ്സുകളിലൂടെയും സാധാരണ ജനങ്ങളെ ബോധ്യപ്പെടുത്തണം

2. ഇത്തരം പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പ് ജീവനക്കാർ നേതൃത്വം നല്കണം.

3. സ്വന്തമായി കക്കൂസില്ലാത്ത സാമ്പത്തികശേഷി കുറഞ്ഞ വീടുൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് പഞ്ചായത്തുകളിൽ നിന്നോ മറ്റ് ഗവൺമെന്റ് ഏജൻസികളിൽ നിന്നോ സാമ്പത്തിക സഹായം ലഭ്യമാക്കണം.

4. ഈ രംഗത്തുള്ള പ്രവർത്തനങ്ങൾക്ക് സംഘടനകൾ മുന്നോട്ട് വരണം.

5. കീടനാശിനികളുടെയും രാസപദാർത്ഥങ്ങളുടെയും അമിത ഉപയോഗത്തെപ്പറ്റി ആരോഗ്യവകുപ്പും കൃഷിവകുപ്പും ചേർന്ന് സംയുക്ത ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കണം. വാഴക്കൃഷിയിൽ വ്യാപകമായി ഉപയോഗിക്കുന്ന ഫോറേറ്റ്, ഫ്യൂറിഡാൻ, DDT തുടങ്ങിയ വിഷപദാർത്ഥങ്ങൾ ജീവജാലങ്ങളിലും മണ്ണിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നവയാണ്

6. ഇത്തരം പദാർത്ഥങ്ങളുടെ അമിത ഉപയോഗം ഫലവർഗ്ഗങ്ങലിലുണ്ടാക്കുന്ന വ്യതിയാനങ്ങളെപ്പറ്റിയും മനുഷ്യരിലുണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങളെപ്പറ്റിയും വിശദമായി പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ ജനങ്ങളിലെത്തിക്കണം.

7. പഞ്ചായത്തു തലത്തിൽ ജൈവ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചർച്ചാക്ലാസ്സുകളും സെമിനാറുകളും നടത്തുക.

8. പൊതു ഓടകളിലും ടൗൺ പരിസരങ്ങളിലും കെട്ടി കിടക്കുന്ന മലിനജലവും ചപ്പു ചവറുകളുമാണ് കൊതുകു വളർത്തൽ കേന്ദ്രമായി മാറുന്നത്. കൊതുകു പരത്തുന്ന രോഗങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൊതുകു നശീകരണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണം.

9. ഈച്ച, കൊതുകു നശീകരണപ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ ബോധവല്ക്കരണപ്രവർത്തനങ്ങൾ പഞ്ചായത്തിലുടനീളം നടത്തണം.

10. ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണസാധനങ്ങൾ വില്പന നടത്തുന്ന ഹോട്ടലുകളും മറ്റ് ഭക്ഷണശാലകളും പരിശോധന നടത്തുന്നതിനോ കുറ്റവാളികൾക്കെതിരേ നടപടി സ്വീകരിക്കുന്നതിനോ ആരോഗ്യവകുപ്പ് ജീവനക്കാർ താൽപര്യം കാണിക്കുന്നില്ല. കർശനമായ നിയമനടപടികളിലൂടെ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

11. ഭക്ഷ്യ വസതുക്കളിൽ മായം ചേർക്കൽ തടയൽ നിയമം കർശനമായി നടപ്പാക്കണം.

12. വീടുകളിലെ ചപ്പുചവറുകൾ ലളിതമായ രീതിയിൽ കമ്പോസ്റ്റുവളമാക്കി മാറ്റുന്നതിനുള്ള പരിശീലനം കൃഷിക്കാർക്ക് നല്കണം.

13. വെള്ളത്തൂവൽ, കുഞ്ചിത്തണ്ണി എന്നീ ടൗണുകളുടെ സമീപ ഭാഗത്ത് പൊതു കമ്പോസ്റ്റു ടാങ്കുകൾ നിർമ്മിച്ച് ടൗണിലുണ്ടാകുന്ന ചപ്പുചവറുകൾ നിക്ഷേപിച്ച് കമ്പോസ്റ്റുണ്ടാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ഇതുമൂലം ടൗണുകളിൽ ഈച്ചശല്യവും കൊതുകു ശല്യവും നിയന്ത്രിക്കുവാൻ കഴിയും.

14. നാമമാത്രമായ രീതിയിലാണ് സ്കൂൾഹെൽത്ത് പരിപാടികൾ ഇപ്പോൾ പഞ്ചായത്തിൽ നടപ്പാക്കുന്നത്. ഇതിനു പകരം എല്ലാ വിദ്യാർത്ഥികളെയും സമഗ്ര മെഡിക്കൽ പരിശോധന നടത്തുകയും ആരോഗ്യനിലവാരവും രോഗങ്ങളും വ്യക്തമാക്കുന്ന ഹെൽത്ത് കാർഡുകൾ നൽകുകയും വേണം. ഇതു വഴി പല രോഗങ്ങളും ഒഴിവാക്കുന്നതിനും ആരംഭദിശയിൽ തന്നെ കണ്ടെത്തി ചികിത്സ ആരംഭിക്കുന്നതിനും കഴിയും.

15. അൽപം കൃഷിസ്ഥലമെങ്കിലും ഇല്ലാത്ത വിടുകൾ പഞ്ചായത്തിൽ വളരെ വിരളമാണ്. ചെലവു കിറഞ്ഞ രീതിയിൽ പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നതിനു വേണ്ടി എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമ്മിക്കണം. ഇതിനു വേണ്ട പരിശീലനവും വിത്തുകളും പഞ്ചായത്തു തലത്തിൽ ലഭ്യമാക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് പരിശീലനം നൽകിയാൽ ഈ രംഗത്ത് വൻ വിജയം സൃഷ്ടിക്കാൻ കഴിയും.

16. പകർച്ച വ്യാധികളുടെ നിയന്ത്രണത്തിനും മറ്റ് പല ആരോഗ്യപ്രശ്നങ്ങളുടെ പരിഹാരത്തിനും ഏറ്റവും അത്യാവശ്യമായി വേണ്ടത് ജനങ്ങൾക്കിടയിലുള്ള നിരന്തരമായ ബോധവൽക്കരണ നടപടികളാണ്.

17. ചികിത്സാ സൗകര്യങ്ങളും ഡോക്ടർമാരുടെ സേവനലഭ്യതയും വളരെ പരിമിതമായ പ്രദേശങ്ങളാണ് പഞ്ചായത്തിലെ പല വാർഡുകളും. ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമകേന്ദ്രങ്ങളിൽ അത്യാവശ്യ മരുന്നുകൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസമെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഡോക്ടർ എത്തിച്ചേർന്ന് രോഗികളെ ചികിത്സിക്കുകയും വേണം.

18. വെള്ളത്തൂവൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ ഒരു തസ്തിക കൂടി അനുവദിക്കണം.

19. പഞ്ചായത്തിലെ കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കുടുംബക്ഷേമകേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ ആരംഭിക്കുകയും വേണം.

20. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പണി തീർന്നു കിടക്കുന്ന ആരോഗ്യ ഉപകേന്ദ്രങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കണം.

21. 6-ാംവാർഡിലെ ഉപകേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കണം.

22. പഞ്ചായത്തിന്റെ പൊതുശ്മശാനം ഉപയോഗയോഗ്യമാക്കണം.

കുടിവെള്ളം

ഒരു പ്രദേശത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആരോഗ്യകരമായ ജീവിതത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ളത് ശുദ്ധമായ വായു, ശുദ്ധമായ ജലം, വാസയോഗ്യമായ പാർപ്പിടം എന്നിവയാണ്. ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ വളരെയധികം പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങളാണ് വെള്ളത്തൂവൽ പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളും. ഗ്രാമസഭാചർച്ചകളിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആവേശത്തോടെ പങ്കെടുക്കുകയും ക്രിയാത്മകനിർദ്ദേശങ്ങൾ വെക്കുകയും ചെയ്തത് കുടിവെള്ളത്തെപ്പറ്റിയാണ്. ശുദ്ധജല ലഭ്യതയുടെ അഭാവത്തിൽ ജലജന്യ രോഗങ്ങൾ ഈ പഞ്ചായത്തിൽ കൂടുതലായി കാണപ്പെടുന്നു. കഴിഞ്ഞ വേനൽക്കാലത്ത് പടർന്നു പിടിച്ച മഞ്ഞപ്പിത്തരോഗം ഉദാഹരണമാണ്. പഞ്ചായത്തു പ്രദേശത്തെ കുടിവെള്ളശ്രോതസ്സ് ഇപ്രകാരമാണ്.

കുടിവെള്ളശ്രോതസ്സ്	ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം
സാനിട്ടറി വെൽ	543
സാധാരണ കിണർ	1412
കുളം	2112
പൈപ്പ് / പൊതുവിതരണം	245
ഹോസ് വഴിയുള്ള ജലം	1234

ഇവയിൽ 30%ത്തോളം ജലസ്രോതസ്സുകൾ വേനൽക്കാലത്ത് വരണ്ടു പോകുന്നവയാണ്. ഈ പ്രശ്നത്തിന്റെ ശാശ്വതപരിഹാരത്തിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുതും വലുതുമായ ജലവിതരണ പദ്ധതികൾ നടപ്പാക്കണം. ഇത്തരം പദ്ധതികളെപ്പറ്റി ഗ്രാമസഭാചർച്ചകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. കുത്തുപാറ, അട്ടക്കുന്ന്, പൂത്തലനിരപ്പ്, തെക്കേശല്യാംപാറ, കല്ലാർകുട്ടി.	എൽക്കുന്നിലെ EAS കുളത്തിൽ നിന്നും പൈപ്പു വഴി ഈ പ്രദേശങ്ങളിൽ ജലമെത്തിക്കുക. ജലനിരപ്പ് വളരെ ഉയരത്തിലായതിനാൽ കുറഞ്ഞ ചെലവിൽ പദ്ധതി നടപ്പാക്കാം.
2. പോത്തുപാറ, പോത്തുപാറ കോർട്ട്, എൽക്കുന്ന്.	'നടക്കൽ' പറമ്പിലെ കുളത്തിലെ ജലം പമ്പുചെയ്ത് എൽക്കുന്ന് വരകിൽ ഭാഗത്തെ ടാങ്കിലെത്തിച്ച് പൈപ്പുവഴി വിതരണം ചെയ്യണം.
3. മുതുവാൻകുടി, എല്ലുക്കൽ	ചെങ്കുളത്തുള്ള പഞ്ചായത്തുകുളം പുനരുദ്ധരിച്ച് ടാങ്ക് നിർമ്മിച്ച് ജലം പമ്പ് ചെയ്താൽ ഈ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കാം.
4. മേരിലാൻഡ്, ആനച്ചാൽ ആഡിറ്റ്, ഈട്ടി സിറ്റി.	മേരിലാൻഡ് മാവേലിക്കുന്നേൽ തോമസ് വക സ്ഥലത്ത് കുളം നിർമ്മിച്ച് പൈപ്പു വഴി ജലം വിതരണം ചെയ്യാം.
5.കുഞ്ചിത്തണ്ണി ടൗൺ , ആനച്ചാൽ ആഡിറ്റ്, എല്ലുക്കൽ, വട്ടപ്പതാൽ മേഖല	ഇല്ലിക്കൽ നാരായണൻ വക സ്ഥലത്ത് കുളം കുത്തി താഴപ്പള്ളി തങ്കപ്പൻ വക സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പു വഴി ജലം വിതരണം ചെയ്യുക.
5. തോക്കുപാറ, പമ്പിരിമുടി.	പമ്പിരി മുടി ഭാഗത്ത് കുളം നിർമ്മിച്ച് ജലം ടാങ്കിൽ ശേഖരിച്ച് പൈപ്പു വഴി വിതരണം നടത്തിയാൽ ഈ മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കാം.
6. മാങ്ങാപ്പാറ, ചന്ദനപ്പാറ, അമ്പഴച്ചാൽ	ശുദ്ധജലലഭ്യതയ്ക്കുള്ള ഏറ്റവും ചെലവു കുറഞ്ഞ മാർഗ്ഗം പരുത്തിപ്പിള്ളിൽ ജോൺ വക കുളത്തിൽ നിന്നും പൈപ്പിടുക എന്നതാണ്.
7. ചതുരംഗപ്പാറ, പള്ളിയാം പള്ളിപ്പാറ, മുതുവാൻകുടി, ഇഞ്ചത്തൊട്ടിമല	മുതുവാൻകുടി രാജശേഖരൻ നായർ വക സ്ഥലത്ത് കുളം നിർമ്മിച്ച് ജലം പമ്പുചെയ്ത് പൈപ്പ് വഴി ഈ സ്ഥലങ്ങളിലെത്തിക്കുക.
8. തെക്കേശല്യാംപാറ	വരകിൽ സാബുവക സ്ഥലത്ത് കുളം നിർമ്മിച്ച് പൈപ്പ് വഴ ഈ പ്രദേശത്ത് ജലം എത്തിക്കാം
9. വടക്കേശല്യാംപാറ സിറ്റി.	നമ്പ്യാട്ടു ദേവസ്യാ വക കുളത്തിൽ നിന്ന് പൈപ്പിട്ട് കുറഞ്ഞ ചെലവിൽ ഇവിടെ ശുദ്ധജലം എത്തിക്കാം
10. കുമ്പൻപാറ, ആനക്കുളം, അമ്പിളിക്കുന്ന്.	നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിച്ച് ജലം പമ്പുചെയ്ത് പൈപ്പുവഴി വിതരണം നടത്താം
11. ആനവിരട്ടി	സ്കൂൾ കിണർ പുനരുദ്ധരിച്ച് വെള്ളം പമ്പുചെയ്ത് പൈപ്പു വഴി വിതരണം നടത്താം.

12. മാങ്കടവ്	മോളത്ത് വർഗീസിന്റെ സ്ഥലത്ത് കുളം നിർമ്മിച്ച് ജലം പമ്പു ചെയ്ത് പൈപ്പുവഴി വിതരണം നടത്താം	
13. ആനവിരട്ടി	വരിക്കലായിൽ തോമസിന്റെ വക സ്ഥലത്ത് കുളം നിർമ്മിച്ച് പൈപ്പുവഴി ജലവിതരണം നടത്താം.	
14. കുറ്റപ്പാലക്കുന്ന്	കുന്നുമ്മേൽ കുഞ്ഞപ്പൻ വക സ്ഥലത്ത് കുളം നിർമ്മിച്ച് പൈപ്പു വഴി ജലവിതരണം നടത്താം.	
15. നായിക്കുന്ന്	സിറ്റിഭാഗത്ത് ടാങ്ക് നിർമ്മിച്ച് നിലവിലുള്ള കുളത്തിൽ നിന്നും ജലം പമ്പുചെയ്ത് വിതരണം നടത്താൻ കഴിയും.	
16. കല്ലാർകുട്ടി	ആയിരമേക്കറിൽ എത്തി നില്ക്കുന്ന പൈപ്പ് ലൈൻ കല്ലാർകുട്ടി വരെ നീട്ടുക.	
17. കല്ലാർകുട്ടി ഒഴുകാസിറ്റി	കത്തിപ്പാറ ഇലക്ട്രിസിറ്റി ബോർഡുവക I. B> യ്ക്കു താഴെ കുളം നിർമ്മിച്ചും കോളനിക്കു താഴെ കുളം നിർമ്മിച്ചും പൈപ്പിടുക.	
18. തെക്കേ ആയിരം ഏക്കർ	200 ഏക്കറിൽ എത്തി നില്ക്കുന്ന പൈപ്പ് ലൈൻ തെക്കേ ആയിരം ഏക്കറിലേക്ക് ദീർഘിപ്പിക്കുക.	
19. കൈതച്ചാൽ, 2000 ഏക്കർ, ആയിരം ഏക്കർ	കളപ്പുരയ്ക്കൽ ജോണിവക സ്ഥലത്ത് കുളം നിർമ്മിച്ച് പൈപ്പ് ഇട്ട് ജലവിതരണം ക്രമീകരിക്കുക	
20. 1000 ഏക്കർ	പുത്തൻപുര ചാക്കോയുടെ സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് കുടിനീർശേഖരിച്ച് പൈപ്പു വഴി വിതരണം ചെയ്യാം.	
21. മുതുവാൻകുടി മുകൾഭാഗം, കിഴക്കേചെങ്കുളം ആമക്കണ്ടം ആനച്ചാൽ ടൗൺ	ആനച്ചാൽ ജലവിതരണപദ്ധതിയുടെ ടാങ്ക് ഉയർന്ന ഭാഗത്തേക്ക് മാറ്റി പരിധി കൂട്ടി നിർമ്മിച്ചാൽ ഈ പ്രദേശങ്ങളിൽ കൂടി ശുദ്ധജലമെത്തിക്കാം.	
22. പനങ്കൂട്ടി	പെരിയാറിന്റെ തീരത്ത് കുളം നിർമ്മിച്ച് ശുദ്ധജലം പമ്പുചെയ്താൽ ഈ പ്രദേശത്തെ 200ഓളം കുടുംബങ്ങൾക്ക് കുടിനീർലഭ്യമാകും.	
23. വൻകിട പദ്ധതിയായ കല്ലാർ ജലവിതരണ പദ്ധതി എത്രയും വേഗം നടപ്പാക്കേണ്ടതാണ്.		
24. വാട്ടർ അതോറിറ്റി വക തെക്കേ കത്തിപ്പാറ ജലവിതരണ പദ്ധതിക്കുള്ള കുളത്തിനുള്ള സ്ഥലം പഞ്ചായത്തിൽ നിന്നും വാങ്ങി നൽകണം.		
25. സൗത്ത് കത്തിപ്പാറ കവർമുണ്ടേൽ വകസ്ഥലത്ത് കുളവും ടാങ്കും നിർമ്മിച്ചു P.V.C. പൈപ്പ് മുഖേന ജലവിതരണം നടത്തുക.		
26. എടയ്ക്കാട്ട് ജോണി വക സ്ഥലത്ത് കുളവും ടാങ്കും നിർമ്മിച്ച് ജലവിതരണം നടത്തുക.		

27 1. കുരുമുളകിന് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വാട്ടരോഗം വ്യാപകമാണ്.
2. മാങ്കടവ്, ശെല്യാംപാറ പ്രദേശങ്ങൾ റബ്ബറിന് അനുയോജ്യമായി കാണുന്നു.
3. തെങ്ങിന്റെ കാറ്റുവീഴ്ച രോഗവും കമുകിന്റെ മാഹാളി രോഗവും എല്ലായിടത്തും കാണപ്പെട്ടു.
4. പോത്തുപാറ, എല്ലുകൽ മേഖലകൾ കൊക്കോ കൃഷിക്ക് ഏറ്റം അനുയോജ്യമാണ്.
5. മൂന്ന്, പതിനൊന്ന് വാർഡുകളിൽ യൂക്കാലിപ്സ് കൃഷി വ്യാപകമാണ്.

28. ഈന്തുകൽ ജോസിന്റെ കുളത്തിൽനിന്നും ഇട്ടിരിക്കുന്ന പൈപ്പിന്റെ കേടുപാടുകൾ തീർത്ത് കൈതച്ചാൽ 200 ഏക്കർ 1000 ഏക്കർ ഭാഗത്ത് ജലവിതരണം നടത്തുക.



ചരിത്ര പഠനം

പാർപ്പിടവും സാമൂഹ്യക്ഷേമവും

ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന് വൃത്തിയുള്ള കുടുംബാന്തരീക്ഷം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. ഉന്നത വിദ്യാഭ്യാസത്തിന് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും, പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുകവഴി ഓരോ കുടുംബത്തിനും ഉണ്ടാകുന്ന നേട്ടം, സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നു.

പാർപ്പിടം

വെള്ളത്തൂവൽ, ആനച്ചാൽ എന്നീ രണ്ടു വില്ലേജുകൾ ചേർന്ന വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ ആകെ 7216 കെട്ടിടങ്ങളാണ് ഉള്ളത്. അതിൽ 6092 കുടുംബങ്ങളിലായി 25,461 ആളുകൾ താമസിച്ചു വരുന്നു. 1,135 കെട്ടിടങ്ങളിലായി കടകൾ, സ്കൂളുകൾ, അംഗൻവാടികൾ, ഹെൽത്ത് സെന്ററുകൾ, വായനശാലകൾ, മഹിളാ സമാജങ്ങൾ, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, വ്യവസായ യൂണിറ്റുകൾ, വിവിധ മതസംഘടനകൾ തുടങ്ങിയവയെല്ലാം, പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിലെ ആകെ കുടുബങ്ങളിൽ 3247 കുടുംബങ്ങൾ കുടിലുകളും, 1100 കുടുംബങ്ങൾ കോൺക്രീറ്റ്കെട്ടിടങ്ങളും, 1740 കുടുംബങ്ങൾ ഓടും, ഷീറ്റും ഉപയോഗിച്ച് മേഞ്ഞതും ആകുന്നു. ഈ പഞ്ചായത്തിൽ 150 രണ്ടുനില കെട്ടിടങ്ങളും, ഒരു മുന്നുനില കെട്ടിടവും, ഒരു നാലു നിലകെട്ടിടവും ആണ് ഉള്ളത്.

14 കുടുബങ്ങൾ താമസിക്കുന്ന സൗത്ത് കത്തിപ്പാറ ലക്ഷം വീടുകോളനി (വാർഡ് 1X) 14 കുടുബങ്ങൾ താമസിക്കുന്ന മാങ്കടവ് ലക്ഷം വിടുകോളനി (വാർഡ് V11) എന്നിവയാണ് നിലവിലുള്ള രണ്ടു ലക്ഷം വിടുകോളനികൾ. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത ഈ കോളനി നിവാസികളുടെ അവസ്ഥ വളരെ പരിതാപകരമാണ്. റോഡുകൾ ശുദ്ധജലവിതരണം, എല്ലാവിടുകൾക്കും കക്കൂസ് എന്നിവ ഈ കോളനികൾക്കുവേണ്ടി അനുവദിക്കേണ്ടത് കോളനി നിവാസികളുടെ ആരോഗ്യത്തിന് അത്യാവശ്യമാകുന്നു.

പഞ്ചായത്തിലെ ഏക പട്ടിക വർഗ്ഗ കോളനി 51 കുടുംബങ്ങൾ താമസിക്കുന്ന ആനച്ചാൽ പട്ടികവർഗ്ഗ കോളനിയാണ്. വിദ്യാഭ്യാസരംഗത്ത് പിൻ നിരയിൽ നില്ക്കുന്ന ഈ കോളനിയിൽ S.S.L.C പാസ്സായ ഒരാൾ മാത്രമെയുള്ളു. ആധുനിക ജിവിതരംഗത്ത് പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ആനച്ചാൽ പട്ടികവർഗ്ഗ കോളനിയിൽ സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിന് ഒരു ഹെൽത്ത് സെന്ററും, ഒരു അംഗൻവാടിയും അനുവദിക്കേണ്ടതും, റോഡുകളും, കുടിവെള്ളവും അടിയന്തിരമായി എത്തിക്കേണ്ടതും മുന്നൂറോളം പട്ടികജാതികുടുംബങ്ങൾ പഞ്ചായത്തിന്റെ പതിന്നൊന്ന് വാർഡുകളിലുമായി താമസിക്കുന്നു. കോളനികളിലെ വീടുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. പല വീടുകളും അധിവാസയോഗ്യമല്ല. കോളനികളിലല്ലാതെ താമസിച്ചുവരുന്ന പട്ടികജാതിക്കാരുടെ അവസ്ഥയും ഇതിൽനിന്നും വ്യത്യസ്ഥമല്ല. പഞ്ചായത്തിൽ എകദേശം 200 പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കുവാൻ ധനസഹായം അനുവദിക്കേണ്ടതുണ്ട്. അവർക്ക് എത്രയും പെട്ടെന്ന് ധനസഹായം നൽകുകയും നൽകുന്ന തുക 40,000 ആക്കി ഉയർത്തേണ്ടതും ആകുന്നു. കക്കൂസ്, കുളിമുറി എന്നിവയ്ക്ക് അടിയന്തിരമായി പണം അനുവദിക്കുകയും, റോഡുകൾ, പാലങ്ങൾ, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസ സൗകര്യം, സാംസ്കാരിക നിലയങ്ങൾ തുടങ്ങിയവ ഒഴിച്ചുകൂടാൻ കഴിയാത്തതും ആണ്.

1-8-10 എന്നീ വാർഡുകളിലായി K.S.E.B-യിലെ ഉദ്യോഗസ്ഥർ താമസിക്കുന്ന 500-റോളം കെട്ടിടങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കുടിവെള്ളം, വൈദ്യുതി, ഗതാഗതം, മറ്റ് അടിയന്തിര ആവശ്യങ്ങളെല്ലാം നിറവേറ്റുവാൻ പര്യാപ്തമായ ഈ കോളനികൾ വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.

30-35 വർഷം വരെ പഴക്കമുള്ള അപൂർവ്വം വിടുകൾ പഞ്ചായത്തിൽ കാണപ്പെടുന്നുണ്ട്. പ്രദേശത്തിന്റെ സ്വഭാവം അനുസരിച്ച് പ്രകൃതിക്ഷോഭത്തിൽനിന്നും, കാറ്റിൽനിന്നും സംരക്ഷണം ലഭിക്കുന്നതിന് ഉയർന്ന കുന്നിൽ നിരപ്പുകളിൽ പൊക്കം കുറഞ്ഞ വീടുകൾ കാണപ്പെടുന്നു.

കൂലി നിരക്കും, സാമഗ്രികളുടെ വില്പക്കയറ്റവും കാരണം സർക്കാർ വിവധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളായി ബ്ലോക്കുവഴി നൽകുന്ന R L E G P, N R E P, I A Y, J R Y, M W S എന്നീ പദ്ധതികളുടെ വായ്പാപരിധിയും, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ പരിധിയും വർദ്ധിപ്പിക്കേണ്ടതാകുന്നു.

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് IRDP സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

വാർഡുകൾ	സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടിബങ്ങളുടെ എണ്ണം	S.C.കുടുബങ്ങൾ	S.T.കുടുബങ്ങൾ	
11	2737	110	22	
നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	S.C കുടുബങ്ങൾ	S. T. കുടുബങ്ങൾ	സഹായം ലഭിച്ചതുവഴി ദരിദ്ര രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദരിദ്ര രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ
177	41	4	72	2665

11-വാർഡുകളിലായി I R D P സർവ്വെ പ്രകാരം വിവിധ പരിപാടികളിലായി 238 വീടുകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 235 എണ്ണം പണി പൂർത്തികരിച്ചതും 3 എണ്ണം പൂർത്തീകരിക്കുവാൻ ഉള്ളതും ആകുന്നു. ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം 2000- ത്തിൽ കൂടുതലാണ്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1 കുടിലുകളിൽ താമസിക്കുന്നവർക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള സാമ്പത്തികശേഷിയില്ല. ഇക്കൂട്ടരെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തി സാമ്പത്തികസഹായം നൽകുക.

2 ഭവന നിർമ്മാണ പദ്ധതിപ്രകാരം ഇപ്പോൾ അനുവദിച്ചുകിട്ടുന്ന ലോണുകൾക്ക് അമിത പലിശ ഈടാക്കുന്നു. പലിശയിൽ ഇളവു വരുത്തുകയും, സബ്സിഡി നിർബന്ധമായി അനുവദിക്കുകയും ചെയ്യുക.

3 ചിലവു കുറഞ്ഞ ഭവന നിർമ്മാണ പദ്ധതികളെക്കുറിച്ച് ജനങ്ങൾ അജ്ഞരാണ്. അതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ദുർവ്യയം ഒഴിവാക്കി വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ വൈദഗ്ദ്യം നേടുകയും ചെയ്യുക.

4 ഭവന നിർമ്മാണ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക.

5. ഭവനനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ പ്രാദേശികതലത്തിൽ നിർമ്മിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുകയും, കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും ഉണ്ടാക്കുക.

6. കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

7. പഞ്ചായത്തിലെ കുടിലുകളിൽ അധികവും ദാരിദ്ര്യരേഖയ്ക്ക് താഴെ താമസിക്കുന്ന അവശ ക്രൈസ്തവരുടേതാണ്. ഹരിജനങ്ങൾക്കു നൽകുന്ന അതേ ആനുകൂല്യത്തോടെ ഇത്തരക്കാരെ വീടുവയ്ക്കുന്നതിന് നിർബന്ധമായും സഹായിക്കുക.

8. K.S.E.B യുടെതെന്ന് അവകാശപ്പെടുന്ന കല്ലാർകൂട്ടി, വെള്ളത്തൂവൽ റവന്യൂഭൂമി കോളനി നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുക.

9. ഭവന നിർമ്മാണത്തിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റിയും, അവയുടെ പ്രയോജനങ്ങളെപറ്റിയും ബോധവൽകരണ സെമിനാർ നടത്തുക.

10. വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് സഹായം നൽകുക.

11. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക.

12. പട്ടയമില്ലാത്ത കുടിയേറ്റകർഷകർക്ക് പഞ്ചായത്തിന്റെ സർട്ടിഫിക്കറ്റ് മുഖാന്തരം ഹൗസിംഗ് ബോർഡ്, മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയിൽനിന്നും കെട്ടിടനിർമ്മാണത്തിന് വായ്പ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

പഞ്ചായത്തിൽ അപൂർവ്വമായി സിമിന്റിഷ്ടിക നിർമ്മാണം നടക്കുന്നതൊഴിക്കെ കെട്ടിട നിർമ്മാണ സാമഗ്രികൾ ഒന്നും തന്നെ നിർമ്മിയ്ക്കുന്നില്ല. ഇവിടെ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

മലയോരഗ്രാമമായ പഞ്ചായത്തിന്റെ 11 വാർഡുകളിലും വർഷകാലത്ത് പ്രകൃതിക്ഷോഭം വളരെ ശക്തമായി അനുഭവപ്പെടാറുണ്ട്. ശക്തിയായ കാറ്റിലും മഴയിലും പെട്ട് വീടുകളുടെ മേൽക്കൂരയും, ഭിത്തിയും തകരുക സാധാരണമാണ്. ഈ സമയത്ത് വീടുകളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും നഷ്ടം സംഭവിക്കുന്നവർക്ക് അർഹമായ ആനുകൂല്യം എത്രയും പെട്ടെന്ന് നൽകേണ്ടതും ആകുന്നു.

എറ്റവും പ്രാഥമികമായി, മനുഷ്യവാസമുള്ള പാർപ്പിടങ്ങൾ ശുചിത്വമുള്ളതായിരിക്കണം. പാർപ്പിടങ്ങളോടനുബന്ധിച്ച് എല്ലാവീടുകൾക്കും കക്കൂസ്, കുളിമുറി, ചപ്പുചവറുകൾ നിക്ഷേപിച്ച് നീക്കം ചെയ്യുവാനുള്ള സൗകര്യം വൃത്തിയായ വളർത്തുമൃഗങ്ങളുടെ കൂടുകൾ, ശുദ്ധജലവിതരണം തുടങ്ങിയവ അനിവാര്യമാണ്. ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ജലം കുടിനീരിൽനിന്നും അകറ്റി സൂക്ഷിക്കേണ്ടതുണ്ട്. ചിലവു കുറഞ്ഞ ചെറിയ വീടുകൾക്ക് ഭംഗിയേകുവാനും സ്ത്രീകളെ കർമ്മനിരതരാക്കുന്നതിനും വേണ്ടി വീടുകളിൽ അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുകയും, പൂന്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് നല്ലയിനം ചെടിവിത്തുകൾ, വളങ്ങൾ എന്നിവ നൽകുകയും, അലങ്കാര വസ്തുക്കളുടെ നിർമ്മാണം സംബന്ധിച്ച് സ്ത്രീകൾക്ക് ബോധവത്കരണം സൗജന്യമായി നൽകേണ്ടതും ആകുന്നു.

35 വർഷങ്ങൾക്ക് മുമ്പ് കുടിയേറിപാർത്തവരും, പിന്നീട് വന്നവരുമായ ഇവിടുത്തെ ഗ്രാമവാസികൾക്ക് നിത്യവൃത്തിക്ക് ഇന്നും കൃഷിയേയും കൂലിപ്പണിയേയും ആശ്രയിക്കേണ്ടിവരുമ്പോൾ സുന്ദരമായോരു കൊച്ചുവീട് എന്ന സ്വപ്നം തകർന്നടിയുന്നു. അടുത്ത അഞ്ചുവർഷം കൊണ്ട് വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിയട്ടെ. അതിനായി നമുക്കൊത്തൊരുമിച്ച് മുന്നോട്ട് നീങ്ങാം.

സാമൂഹ്യക്ഷേമം

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും 0-6 വയസ്സുവരെയുള്ള കുട്ടികൾക്ക് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ നിന്നും ലഭിക്കുന്ന ആരോഗ്യപോഷണ വിദ്യാഭ്യാസവും, ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, മറ്റ് സ്ത്രീകൾക്കും ഹെൽത്ത് സെന്ററുകളുടെ സഹായത്തോടെ ലഭിക്കുന്ന ആരോഗ്യ സംബന്ധമായ സെമിനാറുകളും, ക്ലാസുകളും, സംഘടിത അസംഘടിത തെഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളും ആണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമ ബോർഡുകൾ നടപ്പാക്കുന്നവയും ആണ് ഈ പദ്ധതികൾ. ഇങ്ങനെ പല പദ്ധതികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെയെല്ലാം കാര്യക്ഷമത തുലോം കുറവാണ്. ഈ പദ്ധതികളെക്കുറിച്ച് ജനങ്ങളുടെ അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക,

ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽകരണ കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഇവയെല്ലാമാണ് പ്രശ്നങ്ങൾ.

അടിമാലി ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസിനുതാഴെ പ്രവർത്തിക്കുന്ന വെള്ളത്തൂവൽ, ആനച്ചാൽ എന്നീ രണ്ടു വില്ലേജു സർക്കിൾ വഴിയാണ് സാമൂഹ്യക്ഷേമരംഗത്ത് കാര്യമായ പ്രവർത്തനം വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ നടക്കുന്നത്.

അടിമാലി I.C.D.S. ആഫീസിൽ നിന്നും ലഭിച്ച കണക്കുപ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 26,926 ആകുന്നു. അതിൽ 12,071 പുരുഷൻമാരും, 11,651 സ്ത്രീകളുമാണുള്ളത്. പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 1407-ഉം പട്ടിക വർഗ്ഗ ജനസംഖ്യ 292 ആകുന്നു. ആകെ കുട്ടികളുടെ എണ്ണം 3204 ആണ്.

അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അങ്കൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 11 വാർഡുകളിലായി 28 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് I.C.D.S-ന്റെ കണക്ക്. 1992- ൽ അടിമാലി പ്രൊജക്ട് ആരംഭിച്ചപ്പോൾ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ 27 അംഗൻ വാടികളാണ് ഉണ്ടായിരുന്നത്. 95-96-ൽ അത് 28 ആയി ഉയർന്നു. അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും, രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു.

പ്രശ്നങ്ങളും നിർദേശങ്ങളും

1 ഭൂരിപക്ഷം അംഗൻവാടികൾക്കും കെട്ടിടങ്ങളില്ലാത്തത് അംഗൻവാടി പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. കെട്ടിടങ്ങളില്ലാത്തവക്ക് എത്രയും പെട്ടെന്ന് അനുവദിക്കുക.

2 ഇന്ന് കെട്ടിടനിർമ്മാണത്തിന് സർക്കാർ അനുവദിക്കുന്ന തുക ജനറൽ സെക്ടറിന് 20,000-വും. അല്ലാത്തവർക്ക് 25,000-വും ആണ് ഈ തുകയിൽ എസ്റ്റിമേറ്റനുസരിച്ച് പണിപൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ ജനറൽ സെക്ടറിന് 35,000-വും അല്ലാത്തവയ്ക്ക് 40,000-വും ആയി ഉയർത്തുക.

3 അംഗൻവാടികൾക്ക് കക്കൂസ് അനുവദിക്കുക.

4 അംഗൻവാടികളിൽ കുടിവെള്ളം എത്തിക്കുക.

5 അംഗൻവാടികളിൽ കളിപ്പാട്ടങ്ങളുടെ അഭാവം കുട്ടികളെ ദോഷകരമായി ബാധിക്കുന്നു. എല്ലാ അംഗൻവാടികൾക്കും കളിപ്പാട്ടങ്ങൾ നൽകുക.

6 അംഗൻവാടികളുടെ പ്രവർത്തനദിവസം ആഴ്ചയിൽ 5 ദിവസമായി കുറയ്ക്കുകയും, പ്രവർത്തകരെ സർക്കാർജീവനക്കാരായി അംഗീകരിക്കുകയും അർഹമായ ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക.

7 അംഗൻവാടിക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ നൽകുക.

8 ആവശ്യമായ വാർഡുകളിൽ പുതിയ അംഗൻവാടികൾ അനുവദിക്കുക.

9 താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

അംഗൻവാടികളുടെ ശരിയായ പ്രവർത്തനത്തിന് പൊതുജന സഹകരണം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. എല്ലാ അംഗൻവാടികളിലും മഹിളാസമാജങ്ങളും, വെൽഫെയർ കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും 0-3-വയസ്സു വരെ പ്രായമുള്ള കുട്ടികൾക്കും അനുപൂരകപോഷകാഹാരം വിതരണം ചെയ്യുന്നു. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ കുട്ടികൾക്ക് ആവശ്യമായ പ്രതിരോധ മരുന്നുകൾ അംഗൻവാടിവഴി കൊടുക്കുന്നതുമൂലം സമ്പൂർണ്ണ പോളിയോ നിർമ്മാർജനം നടപ്പിൽ വരുത്തുവാൻ സാധിക്കുന്നു. എല്ലാ അംഗൻവാടികളിലും കുട്ടികളുടെ ഗ്രോത്ത് ചാർട്ട് രേഖപ്പെടുത്തുക വഴി അവരുടെ ആരോഗ്യ പോഷണ നിലവാരം ഉറപ്പുവരുത്തുന്നു.

വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്തിലെ അംഗൻവാടിയെ സംബന്ധിച്ച പട്ടിക			
അംഗൻവാടി No:	സ്ഥലം	കെട്ടിടം ഉണ്ട് \ ഇല്ല	വാർഡ്.
118	പൈപ്പുലൈൻ	കെട്ടിടം ഇല്ല	1
119	വെള്ളത്തൂവൽ	അനുവദിച്ചിട്ടുണ്ട്	1
120	എൽക്കുന്ന്	കെട്ടിടം ഇല്ല	2
121	പോത്തുപാറ	കെട്ടിടം ഉണ്ട്	2
122	പന്നിയാർകുട്ടി	കെട്ടിടം ഉണ്ട്	2
123	ആനച്ചാൽ	കെട്ടിടം ഉണ്ട്	11
124	ഈട്ടി സിറ്റി	കെട്ടിടം ഉണ്ട്	3
125	മുതുവാൻകുടി	കെട്ടിടം ഇല്ല	1
126	കിഴക്കെ പെങ്കുളം	കെട്ടിടം ഇല്ല	3
127	അമ്പഴച്ചാൽ	കെട്ടിടം ഇല്ല	4
128	ആനച്ചാൽ	കെട്ടിടം ഇല്ല	4
129	തോക്കുപാറ	അനുവദിച്ചു	4
130	മാങ്ങാപാറ	കെട്ടിടം ഉണ്ട്	4
131	കുത്തുപാറ	ഉണ്ട്	5
132	ചതുരംഗപാറ	കെട്ടിടം ഉണ്ട്	5
133	വടക്കേ ശല്യംപാറ	അനുവദിച്ചിട്ടുണ്ട്	6
134	തെക്കെ ശല്യംപാറ	ഉണ്ട്	6
135	ആനവിരട്ടി	അനുവദിച്ചിട്ടുണ്ട്	7
136	മാങ്കടവ്	കെട്ടിടം ഇല്ല	6
137	ഓടയ്ക്കാ സിറ്റി	കെട്ടിടം ഉണ്ട്	7
138	നായിക്കുന്ന്	കെട്ടിടം ഉണ്ട്	8

ക്രമനമ്പർ	സ്ഥലം	കെട്ടിടം ഉണ്ട് \ ഇല്ല	വാർഡ്
139	വടക്കെ ആയിരം ഏക്കർ	കെട്ടിടം ഇല്ല	8
140	കല്ലാർകൂട്ടി	കെട്ടിടം ഇല്ല	8
141	കുടുക്കാസിറ്റി	അനുവദിച്ചിട്ടുണ്ട്	9
142	ഒഴുകാസിറ്റി	അനുവദിച്ചിട്ടുണ്ട്	9
143	പനംകൂട്ടി	കെട്ടിടം ഇല്ല	10
144	S. കത്തിപ്പാറ	കെട്ടിടം ഉണ്ട്	10
145	ആയിരം ഏക്കർ	കെട്ടിടം ഇല്ല	8

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ ഒരു വയസ്സിനു താഴെ പ്രായമുള്ള 420-കുട്ടികളും 1-2 വയസ്സു വരെ പ്രായമുള്ള 313 കുട്ടികളും 2-3-വയസ്സുവരെ പ്രായമുള്ള 311- കുട്ടികളും 3-5-വയസ്സുവരെ പ്രായമുള്ള 886- കുട്ടികളുമാണ് ഉള്ളത്.

V- ാം വാർഡിൽ പുത്തല നിരപ്പിൽ ഒരു അംഗൻവാടി അനുവദിക്കേണ്ടതുണ്ട്.

കുട്ടികളുടെ പോഷണ നിലവാരം സംബന്ധിച്ച പട്ടിക.

പ്രായം	നോർമൽ	1-ാം ഗ്രേഡ്	2-ാം ഗ്രേഡ്	3-ാം ഗ്രേഡ്
1 വയസ്സിൽ താഴെ	208	116	20	3
1-3 വയസ്സ്	380	239	68	3
3-6 വയസ്സ്	472	303	87	1

ഇതിൽ 1-ാം ഗ്രേഡ് ലഘുവായ പോഷണക്കുറവുള്ളവരും, 2-ാം ഗ്രേഡ് മിതമായ പോഷണകുറവുള്ള വരും, 3-ാം ഗ്രേഡ് ഗുരുതരമായ പോഷണകുറവുള്ളവരും ആണ്.

ഇവർക്ക് ആവശ്യമായ ആരോഗ്യപരിപാലനം നടത്തേണ്ടത് അത്യാവശ്യമാകുന്നു. ഈ പഞ്ചായത്തിൽ 198 ഗർഭിണികളും ഇവരിൽ പ്രത്യേക പരിചരണമുള്ള 67 ,പേരും ഉണ്ട്. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 168 ആകുന്നു. 1994-95 ൽ 317 കുട്ടികൾ ജനിച്ചപ്പോൾ അതിൽ ഒന്നു ചാപിള്ളയായിരുന്നു. ഒരു വയസിനു താഴെ ഒരു കുട്ടിയും, 3-വയസ്സിനും ആറു വയസ്സിനും ഇടയ്ക്ക് ഒരു കുട്ടിയും മരിച്ചു. ഗർഭസംബന്ധമായ കാരണങ്ങളാൽ ഈ പഞ്ചായത്തിൽ ആരും മരിച്ചിട്ടില്ല. മറ്റു മരണങ്ങളുടെ എണ്ണം 102 ആണ്.

വെള്ളത്തൂവൽ പഞ്ചായത്തിൽ അനുപൂരക പോഷകാഹാരം ലഭിക്കുന്ന 1020 കുട്ടികളും, അനുപൂരകപോഷകാഹാരം ലഭിക്കുന്ന 192 ഗർഭിണികളും, അനുപൂരക പോഷകാഹാരം ലഭിക്കുന്ന 141 അമ്മമാരും ആണ് ഉള്ളത്. 1995-96 വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ ഒരു വയസ്സിനു താഴെ 124 കുട്ടികൾക്ക് ബി.സി.ജി എടുത്തിട്ടുണ്ട്. 28 പേർക്ക് D.P.T. Polio 1st ഡോസും, 23 പേർക്ക് 2nd ഡോസും, 36പേർക്ക് 3rd ഡോസും, 33 പേർക്ക് D. P. T. - Polio Booster -ഉം കൊടുത്തിട്ടുണ്ട്. 10പേർക്ക്

ഡിറ്റി 1st ഡോസും, 14 പേർക്ക് 2nd ഡോസും, 30 പേർക്ക് മീസിൽസും കൊടുത്തിട്ടുണ്ട്. 14 ഗർഭിണികൾക്ക് T.T 1st dose ഉം, 22 പേർക്ക് 2nd ഡോസും കൊടുത്തിട്ടുണ്ട്.

ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം155-ഉം, കുട്ടികളുടെ എണ്ണം വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 714-ഉം, ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 280-ഉം, വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 8-ഉം ആകുന്നു.

D.W.C.R.A. സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അധിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A.

D.W.C.R.A പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ചകുറിപ്പ്
11	ഹാൻഡ്ലൂം വീവിംഗ്	91-92	10	പുരോഗതിയിൽ
2	ഡയറി യൂണിറ്റ്	91-92	7	പുരോഗതിയിൽ
7	ഡയറി യൂണിറ്റ്	93-94	10	പുരോഗതിയിൽ
10	ഡയറി യൂണിറ്റ്	95-96	5	പുരോഗതിയിൽ

പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം തയ്യൽ യൂണിറ്റ് ഉൾപ്പെടെയുള്ള പദ്ധതികൾ കൊണ്ടുവരേണ്ടതും സബ്സിഡി ഉൾപ്പെടെ വിതരണം നടത്തേണ്ടതും ആകുന്നു. ആടുവളർത്തൽ, പന്നിവളർത്തൽ, തുടങ്ങിയവയും പഞ്ചായത്തിൽ നടപ്പാക്കാവുന്നതാണ്.

ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

ട്രൈസം തൊഴിൽ നേടിയവരുടെ വിവരം

വർഷം	പരിശീലന വിഷയത്തിന്റെ പേര്	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
92-93 95-96	ഹാൽഡ്ലൂം28 എംബ്രായഡറി-6 T.Vആന്റ് റേഡിയോ3 ഓട്ടോമോബൈയിൽ-3	28	16
ആകെ	40	28	16

ഓരാ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി കൂട്ടുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപൻറ് തുക കൂട്ടുകയും വേണം.

ടൂൾകിറ്റ്. (R.A.P)

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീനതൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

പഞ്ചായത്തിലെ 11 വാർഡുകളിലുമായി 203 ഗ്രാമീണ കൈതൊഴിലാളികളാണ് ഉള്ളത്. അതിൽ R. A. P പ്രകാരം 59 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. ബാക്കി 144 പേർക്കും അവരവരുടെ തൊഴിലിനനുസരിച്ച് ടൂൾകിറ്റുകൾ എത്രയും പെട്ടെന്ന് കൊടുക്കേണ്ടതും ഗ്രാമീണകൈതൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തേണ്ടതും ആകുന്നു.

C.R.S.P കക്കൂസുകൾ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. പഞ്ചായത്തിലെ 11 വാർഡുകളിലായി സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം 2,403 ആണ്. വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992 ന് ശേഷം 86 ആകുന്നു. പൂർത്തീകരിച്ചവയുടെ എണ്ണം 69 ഉം ഇനി ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 2,317-ഉം ആകുന്നു.

കക്കൂസുകൾ ഇല്ലാത്ത മുഴുവൻ വീടുകൾക്കും എത്രയും പെട്ടെന്ന് ധനസഹായം നൽകേണ്ടതാണ്.

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ 11 വാർഡുകളിലായി സാമൂഹ്യവനവത്കരണ പരിപാടിയിലൂടെ പ്ലാവ്, ആഞ്ഞിലി, മാവ്, ചൗക്ക, നാരകം, കൊക്കൊ തുടങ്ങിയ വൃക്ഷതൈകൾ ഉത്പാദിപ്പിച്ചിട്ടുണ്ട്. 1992, 1993 എന്നീ വർഷങ്ങളിലായി 2000 തൈകൾ ഉല്പാദിപ്പിക്കുകയും അവയെല്ലാം വിതരണം നടത്തുകയും ചെയ്തു. പഞ്ചായത്തിൽ രണ്ട് സ്കൂൾ കെട്ടിടങ്ങളും, 1- കൺവർട്ടും, 15 - കുളങ്ങളും, 1- ജലസേചന കിണറും നിർമ്മിക്കുകയും, 3 - റോഡുകൾ ടാർ ചെയ്യുകയും ഉണ്ടായി.

വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂവകുപ്പ് നൽകുന്ന പെൻഷനുകളാണ് പഞ്ചായത്ത് ലഭ്യമാക്കുന്നത്. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്നവർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം ആകുന്നു.

വിധവാ പെൻഷൻ

വിധവാ പെൻഷൻ നൽകുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിലാക്കേണ്ടതാണ്. പഞ്ചായത്തിൽ 39 പേർക്ക് വിധവാ പെൻഷൻ നൽകിയിട്ടുണ്ട്.

വാർദ്ധക്യകാല പെൻഷൻ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 60-വയസ്സ് കഴിഞ്ഞ എല്ലാവർക്കും വാർദ്ധക്യകാലപെൻഷൻ നൽകേണ്ടതാണ്. പഞ്ചായത്തിൽ 7 പേർക്കാണ് ഈ പെൻഷൻ നൽകിയിരിക്കുന്നത്.

തൊഴിലില്ലായ്മാ വേതനം

വിദ്യാസമ്പന്നരായ യുവജനങ്ങൾക്കു നൽകുന്ന ഈ വേതനത്തിൽ വർദ്ധനവു വരുത്തേണ്ടതുണ്ട്.

പൊതുവിതരണം

പഞ്ചായത്തിൽ ആകെ 19 റേഷൻ ഷാപ്പുകളാണ് ഉള്ളത്. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടതുണ്ടെന്ന് ഗ്രാമസഭാ റിപ്പാർട്ടിൽ പറയുന്നു. പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹതയുള്ളവരെ കണ്ടുപിടിക്കുന്നതിന് ഒരു സർവ്വെ നടത്തുകയും, അർഹരായവർക്ക് എത്രയും പെട്ടെന്ന് സഹായം ലഭ്യമാക്കേണ്ടതും ആകുന്നു. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക.

എല്ലാവിധത്തിലുമുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ പറ്റിയും, ജനങ്ങൾക്കിടയിൽ ബോധവൽകരണം നടത്തി അടുത്ത അഞ്ചു വർഷം കൊണ്ട് പഞ്ചായത്തിൽ സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുവാൻ കഴിയും എന്ന് നമുക്ക് പ്രത്യാശിക്കാം.



നവംബർ ഒന്ന് പുനരർപ്പണദിനം

സംസ്കാരം

കേരളസംസ്ഥാനത്തിന്റെ കിഴക്കൻ പ്രദേശമായ ഹൈറേഞ്ച് എന്നു വിശേഷിപ്പിക്കപ്പെടുന്ന മലനിരകളും താഴ്വാരങ്ങളും ഉൾപ്പെടുന്ന ഒരു ഭൂപ്രദേശമായ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ സാംസ്ക്കാരിക പശ്ചാത്തലത്തിന് സുമാർ അൻപത് വർഷങ്ങളുടെ പാരമ്പര്യം മാത്രമാണുള്ളത്. അരനൂറ്റാണ്ടിനു മുമ്പ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കുടിയേറിപ്പാർത്ത ജനങ്ങൾ കാടുവെട്ടിത്തെളിച്ച് കാട്ടാനകളോടും, കാട്ടുപോത്തുകളോടും മറ്റ് വന്യമൃഗങ്ങളോടും മല്ലിട്ടും മലമ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങളെയും ഒട്ടേറെ പ്രതിബന്ധങ്ങളെ അതിജീവിച്ചും മണ്ണിൽ കനകം വിളയിച്ച് ഉപജീവനമാർഗ്ഗം സ്വീകരിച്ചിടത്തുനിന്നും ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക പാരമ്പര്യം ആരംഭിക്കുന്നു. കേരളത്തിൽ വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറിയ ജനങ്ങളായതിനാൽ വിവിധ സംസ്ക്കാരങ്ങൾ കൂടികലർന്ന് ഒരു പുത്തൻ സംസ്ക്കാരം രൂപം പ്രാപിച്ചതിന്റെ ഫലമായിത്തന്നെ അച്ചടിഭാഷ സംസാരിക്കുന്ന ജനവിഭാഗമാണ് വെള്ളത്തൂവൽ പഞ്ചായത്തിലുള്ളത്. തങ്ങളുടെ നിലനിൽപ്പിനുവേണ്ടി തെങ്ങ്, കമുക് മറ്റ് ഫലവൃക്ഷങ്ങൾ തുടങ്ങിയ സ്ഥിരദേഹണ്ഡങ്ങളും നമ്മുടെ നാടിന് വിദേശനാണ്യം നേടിത്തരുന്ന കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളക്, ഏലം തുടങ്ങിയ ഉല്പന്നങ്ങൾ കൃഷിചെയ്യുന്നതിനുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ആ കാലഘട്ടത്തിലെ നിയമങ്ങൾക്കും ഭരണകൂടത്തിനുമെതിരെ ത്യാഗോജ്വലമായ ജനകീയ സമരങ്ങൾ സംഘടിപ്പിച്ചതിന്റെ പാരമ്പര്യം വെള്ളത്തൂവൽ പഞ്ചായത്തിലെ ജനങ്ങൾക്കുണ്ട്.

പ്രധാനമായും ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം എന്നീ മൂന്ന് സമുദായങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളാണ് ഈ പഞ്ചായത്തിൽ വസിക്കുന്നത്. ക്രമേണ ഓരോ സമുദായങ്ങളും തങ്ങളുടേതായ ആരാധനാലയങ്ങൾ സ്ഥാപിക്കുകയും അവരവരുടെ മതാചാരപ്രകാരമുള്ള ആരാധനകളും ആഘോഷങ്ങളും നടത്തിവരുന്നു. ആദ്യകാലങ്ങളിൽ ആരാധനാലയങ്ങൾ വിരളമായിരുന്നുവെങ്കിലും ക്രമേണ ദേവാലയങ്ങളുടെ എണ്ണം വർദ്ധിച്ചു. ഇപ്പോൾ വെള്ളത്തൂവൽ പഞ്ചായത്തിൽ ഒൻപത് (9) മുസ്ലീം ദേവാലയങ്ങളും പതിനൊന്ന് (11) ഹൈന്ദവ ദേവാലയങ്ങളും (19) പത്തൊൻപത് ക്രൈസ്തീയ ദേവാലയങ്ങളും നിലവിലുണ്ട്.

പ്രധാനപ്പെട്ട ക്രൈസ്തവൻ ഹൈന്ദവ ദേവാലയങ്ങളിൽ ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ഉത്സവങ്ങളും തിരുനാളുകളും ആഘോഷിക്കപ്പെടുന്നു. അതാതു മതസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റികളാണ് ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും നേതൃത്വം നൽകുന്നത്. കൂടാതെ ഓണം, ക്രിസ്തുമസ് നബിദിനം, വിഷു, ഈസ്റ്റർ തുടങ്ങിയവയും ആഘോഷിക്കപ്പെടുന്നു. മൂന്നു മതവിഭാഗങ്ങളിൽ ഉൾപ്പെട്ട ജനസമൂഹമാണെങ്കിലും മാനുഷിക മൂല്യങ്ങളിലും രാജ്യത്തിന്റെ അഖണ്ഡതയിലും സമാന ചിന്താഗതി പുലർത്തുകയും സൗഹാർദ്ദത്തോടുകൂടി പരസ്പര സഹകരണത്തോടെ ജിവിക്കുന്ന ജനസമൂഹമാണ് വെള്ളത്തൂവൽ പഞ്ചായത്തിലുള്ളത്. ഇതിന്റെയെല്ലാം ഫലമായി ഉരുത്തിരിഞ്ഞിട്ടുള്ള ഒരു ഉയർന്ന സാംസ്ക്കാരിക നിലവാരം പ്രവർത്തിയിലും സംസാരത്തിലും സഹകരണത്തിലും പൊതുവെ ഇവിടുത്തെ ജനങ്ങളിൽ കാണാം. ഈ പശ്ചാത്തലത്തിൽ വെള്ളത്തൂവൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നിരവധി കലാ കായിക സ്ഥാപനങ്ങൾക്കും സാംസ്ക്കാരിക സംഘടനകൾക്കും രൂപം കൊടുക്കുകയുണ്ടായി.

പഞ്ചായത്തിലെ പ്രധാന സാംസ്ക്കാരിക നിലയങ്ങൾ

നമ്പർ	പേര്	വാർഡ്	സ്ഥലം
1.	കെ. എസ്. ഇ. ബി. റിക്രിയേഷൻ ക്ലബ്ബ്	I	വെള്ളത്തൂവൽ
2.	എ. കെ. ജി മെമ്മോറിയൽ ആർട്ട്സ് ക്ലബ്ബ്	I	വെള്ളത്തൂവൽ
3.	എവരിഡേ ക്ലബ്ബ് & ഗ്രന്ഥശാല	II	എല്ലക്കൽ
4.	ജനത ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ്	II	പോത്തുപാറ
5.	ഉപാസന ആർട്സ് ക്ലബ്ബ്	II	വരാറ്റുമുടി
6.	ഭാവനാ ആർട്സ് ക്ലബ്ബ്	III	ഈട്ടിസിറ്റി
7.	സൗപർണ്ണിക ആർട്സ് & സ്പോർട്സ്ക്ലബ്ബ്	IV	ശെങ്കുളം
8	നവരാഗ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	IV	അമ്പഴച്ചാൽ
9.	ഹാർമണി ഗ്രൂപ്പ്	IV	തോക്കുപ്പാറ
10.	സാരഥി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	IV	മാങ്ങാപ്പാറ
11.	ന്യൂനേതാജി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	IV	ആനച്ചാൽ
12.	വിശ്വദീപ്തി പബ്ലിക് ലൈബ്രറി	V	വെസ്റ്റ്വെള്ളത്തൂവൽ

നമ്പർ	പേര്	വാർഡ്	സ്ഥലം
13.	നേതാജി പബ്ലിക് ലൈബ്രറി	VI	N. ശല്യാമ്പാറ
14.	പബ്ലിക് ലൈബ്രറി	VIII	കുമ്പൻ പാറ
15.	ആർട്സ് & സ്പോർട്സ് ക്ലബ്	VIII	നായിക്കുന്ന്
16.	ചങ്ങമ്പുഴ ലൈബ്രറി	IX	S. കത്തിപ്പാറ
17.	ദീപ്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	X	തെക്കേകത്തിപ്പാറ
18.	വൈസ്മെൻ റിക്രിയേഷൻ ക്ലബ്ബ്	X	തെക്കേകത്തിപ്പാറ
19.	ശ്രീ ചിത്തിരാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	XI	മുതുവാൻകുടി
20.	നവഭാരത ആർട്സ് & സ്പോർട്സ് ക്ലബ്ബ്	V	മുതുവാൻകുടി
21.	അക്ഷര ഗ്രന്ഥശാല 1000 ഏക്കർ	IX	ആയിരം ഏക്കർ
22.	ലേണേഴ്സ് ലൈബ്രറി & റീഡിംഗ് റൂം	X	വനംകൂട്ടി
23.	നവരാഗ ക്ലബ്ബ്	V	പൂത്തലനിരപ്പ്

സാംസ്ക്കാരിക സംഘടനകൾ

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

മാതൃഭൂമി സ്റ്റഡീ സർക്കിൾ

ക്രെഡിറ്റ് യൂണിയൻ

ബാലജനസഖ്യം

മഹിളാ സമാജങ്ങൾ

നെഹ്രു യുവകേന്ദ്ര

കലാരൂപങ്ങൾ

ഒപ്പന	കാവടിയാട്ടം
കൈകൊട്ടിക്കളി	കോൽകളി
തിരുവാതിര	ബാന്റുമേളം

ഈ കലാരൂപങ്ങളിൽ ബാന്റുമേളം മാത്രമാണ് സർവ്വസാധാരണയായി അവതരിക്കപ്പെടുന്നത്. മറ്റ് കലാരൂപങ്ങൾ അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം അവതരിപ്പിക്കപ്പെടുന്നു.

സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങൾ

1. പഞ്ചായത്ത് സാംസ്ക്കാരിക നിലയം ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല.
2. പഞ്ചായത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനും ആവശ്യമായ സ്റ്റേഡിയമോ, മറ്റ് സൗകര്യങ്ങളോ ഇല്ല.
3. പഞ്ചായത്തിൽനിന്നോ, സർക്കാരിൽനിന്നോ സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ഗ്രാന്റുകളോ മറ്റ് സാമ്പത്തിക സഹായങ്ങളോ ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ പല സ്ഥാപനങ്ങളുടെയും പ്രവർത്തനം ഒരു ഘട്ടം കഴിയുമ്പോൾ നിലച്ചുപോയിരിക്കുന്നു.
4. മിക്ക സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല.

പരിഹാര നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിന്റെ 1-ാം വാർഡിൽ വെള്ളത്തൂവൽ ടൗണിനോടു ചേർന്ന് പൂർത്തീകരിക്കാതെ കിടക്കുന്ന സ്റ്റേഡിയത്തിന്റെ പണി പൂർത്തീകരിക്കുക. പഞ്ചായത്തു കമ്മിറ്റി നേതൃത്വം നൽകിയാൽ ആവശ്യമായി വരുന്ന മനുഷ്യാദ്ധ്വാനം സൗജന്യമായി നൽകാൻ പരിസ്സരവാസികൾ തയ്യാറാണ്.
2. ഐതീഹ്യങ്ങളും, നാടൻ പാട്ടുകളും ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി പഞ്ചായത്തിൽ സൂക്ഷിക്കുക.

3. വിശദമായ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ലാത്ത ക്ലബ്ബുകൾക്കും, ലൈബ്രറികൾക്കും പഞ്ചായത്തിൽ നിന്നും സ്ഥലം അനുവദിക്കുകയും കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നിശ്ചിതശതമാനം സാമ്പത്തിക സഹായം ചെയ്തുകൊടുത്ത് അതാതു പ്രദേശത്തെ മനുഷ്യാദ്ധ്വാനം ശ്രമദാനത്തിലൂടെ പ്രയോജനപ്പെടുത്തുക.
4. ഓരോ സാംസ്ക്കാരിക സ്ഥാപനങ്ങളിലും സ്ത്രീകൾക്കുവേണ്ടി ആഴ്ചക്കൂട്ടം വിളിച്ചുചേർത്ത് വായനോത്സവങ്ങൾ സംഘടിപ്പിക്കുക.
5. വർഷത്തിൽ രണ്ടോ, മൂന്നോ പ്രാവശ്യം സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനവും റിക്കാർഡുകളും പഞ്ചായത്തിൽനിന്നും നേരിട്ട് പരിശോധിക്കുകയും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.
6. സാംസ്ക്കാരിക സ്ഥാപനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും പഞ്ചായത്തു കമ്മറ്റി എഴുതി ഉണ്ടാക്കി അച്ചടിച്ച് മുഴുവൻ സ്ഥാപനങ്ങൾ വിതരണം ചെയ്യുകയും നിബന്ധനകൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.
7. പഞ്ചായത്തിൽ ഉള്ള മുഴുവൻ സ്ഥാപനങ്ങളുടെയും പേരുവിവരങ്ങളും പ്രവർത്തനത്തെ സംബന്ധിച്ച വിവരങ്ങളും എഴുതി സൂക്ഷിക്കുന്നതിനുള്ള പ്രത്യേക രജിസ്റ്റർ പഞ്ചായത്തിൽ ഉണ്ടാക്കുക.
8. പഞ്ചായത്തിൽ നിലവിലുള്ള ലൈബ്രറികളുടെയും, ക്ലബ്ബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും വാർഡ് അടിസ്ഥാനത്തിൽ സർവ്വേ നടത്തി ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ചെയ്യുക.
9. എല്ലാ ലൈബ്രറികളിലും വർഷത്തിൽ രണ്ടു പ്രാവശ്യം വായനക്കാരുടെ സെമിനാറുകൾ സംഘടിപ്പിച്ച് വായിച്ചിട്ടുള്ള പുസ്തകങ്ങളേക്കുറിച്ച് നിരൂപണങ്ങൾ നടത്തുകയും നല്ല വായനക്കാർക്ക് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്കും സമ്മാനങ്ങൾ ഏർപ്പെടുത്തുക.
10. എല്ലാ ലൈബ്രറികൾക്കും പഞ്ചായത്തിൽനിന്നും ടെലിവിഷൻ സെറ്റ് വിതരണം ചെയ്യുക.
11. ആർട്സ്, സ്പോർട്സ് ഇനം തിരിച്ച് വാദ്യോപകരണങ്ങളും, സ്പോർട്സ് ഉപകരണങ്ങളും വിതരണം ചെയ്യുക.
12. സ്കൂൾ ലൈബ്രറികൾ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കുക.
13. ലൈബ്രറികൾക്ക് സർക്കാർ നൽകുന്ന ഗ്രാന്റ്തുക വർദ്ധിപ്പിച്ചു നൽകുക.
14. പഞ്ചായത്തിൽനിന്നും പിരിച്ച് സർക്കാരിനു നൽകുന്ന ലൈബ്രറിസെസ്സ് പഞ്ചായത്തിനു തിരികെ നൽകുക.
15. പഞ്ചായത്ത് കേന്ദ്രീകരിച്ച് വർഷത്തിൽ ഒരിക്കൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.
16. പഞ്ചായത്തിലെ മുഴുവൻ സാംസ്ക്കാരിക സ്ഥാപനങ്ങളിൽനിന്നും വായനക്കാരിൽനിന്നും കലാസാഹിത്യസൃഷ്ടികൾ ക്ഷണിക്കുകയും മെച്ചപ്പെട്ട സാഹിത്യസൃഷ്ടികൾ തെരഞ്ഞെടുത്ത് മാസികയായി പ്രസിദ്ധീകരിക്കുകയും ചെയ്യുക. അതിനാവശ്യമായ വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുക.
17. പഞ്ചായത്ത് കേന്ദ്രീകരിച്ച് നാടകം, നൃത്തം, സംഗീതം, കേരളത്തിലെ നാടൻകലകൾ എന്നിവ പരിശീലിപ്പിക്കുന്നതിന് ഒരു സ്ഥാപനം ആരംഭിക്കുകയും വിദഗ്ദ്ധരായ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.
18. കായികരംഗത്തെ പ്രതിഭകളെ കണ്ടെത്തി പരിശീലനം കൊടുക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും വിദഗ്ദ്ധരായ പരിശീലകരെ നിയമിക്കുക. ദരിദ്രരായ കായിക പ്രതിഭകൾക്ക് വിദ്യാഭ്യാസത്തിനും, കായികപരിശീലനത്തിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുക. എല്ലാ സ്കൂളുകളിലും 1500 മീറ്റർ ട്രാക്ക് എങ്കിലും ഇടാവുന്ന സ്റ്റേഡിയം ഉണ്ടാക്കുക
19. പഞ്ചായത്തിൽ വളരെ അത്യാവശ്യമായി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
20. VIII - ാം വാർഡിൽ നായ്ക്കുന്ന് കോളനിയോടനുബന്ധിച്ച് ഒരു സാംസ്ക്കാരിക നിലയം നിർമ്മിക്കുക. ഇതിന് ആവശ്യമായ സ്ഥലം തദ്ദേശവാസികൾ സൗജന്യമായി തരും.
21. ഒൻപതാം വാർഡിൽ S. കത്തിപ്പാറ I H D P കോളനിയിൽ സാംസ്ക്കാരിക നിലയം നിർമ്മിക്കുക.
22. ഈട്ടിസിറ്റിയിൽ പഞ്ചായത്തുവക സ്ഥലത്ത് സാംസ്ക്കാരികനിലയം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

വനിത

1991-ലെ സെൻസസനുസരിച്ച് വെള്ളത്തൂവൻ പഞ്ചായത്തിൽ സ്ത്രീകളെക്കാളേറെ (12547) പുരുഷന്മാരാ(12914)ണെന്നാണ് കണക്കുകൾ കാണിക്കുന്നത്. എണ്ണത്തിന്റെ കാര്യത്തിൽ പിന്നിൽനിൽക്കുന്ന ഈ അവസ്ഥ സ്ത്രീകളെ സംബന്ധിച്ചിടത്തോളം മറ്റെല്ലാകാര്യത്തിലും നിലനിൽക്കുന്നതായി കാണാം. യാതൊരു ജിവിതസൗകര്യങ്ങളോ ഗതാഗതസൗകര്യങ്ങളോ ഇല്ലാതിരുന്ന കുടിയേറ്റകാലത്ത് നാട്ടിൻപുറങ്ങളിൽ നിന്നും തങ്ങളുടെ സമ്പാദ്യങ്ങളും കെട്ടിപ്പെറുക്കി മനസ്സുനിറയെ പ്രതീക്ഷകളുമായി കടന്നുവന്ന കടുംബിനികളിലാണ് ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ചരിത്രം തുടങ്ങുന്നത്. കൊടും കാടിനോടും മലകളോടും പോരാടി തങ്ങളുടെ കുടുംബനാഥന്മാരോടോപ്പം ഈ മണ്ണിൽ നിലയുറപ്പിക്കാനും കുടുബങ്ങൾ പടുത്തുയർത്താനും ഇവർ നല്ലൊരു പങ്ക് വഹിച്ചിടുണ്ട്. പ്രാചീനകാലം തൊട്ടെ സ്ത്രീകളെ കുടുബത്തിൽ ഒതുക്കി നിർത്താനും കൂടുതൽ കായികശേഷി ആവശ്യമുള്ള രംഗങ്ങളിൽനിന്നും അവരെ ഒഴിവാക്കുകയും ചെയ്യുന്ന പ്രവണത കാണാം. എന്നാൽ ഹൈറേഞ്ചുമേഖലയിലെ, പ്രത്യകിച്ചും കാർഷികമേഖലകളിൽ പുരുഷൻമാരോടോപ്പം സ്ത്രീകളും കഠിനാധ്വാനം ചെയ്യുന്ന രീതിയാണ് കണ്ടുവരുന്നത്.

പണ്ടുകാലത്ത് അക്ഷരഭ്യാസം സ്ത്രീകൾക്കെന്നും ഒരു മരീചകയായിരുന്നു. നിലത്തെഴുത്താശാൻമാരുടെ കുട്ടിപള്ളികൂടം നിലവിൽവന്നതോടെ സ്ത്രീകളിൽ ചിലരെങ്കിലും അക്ഷരം പഠിച്ചുതുടങ്ങി. പഴയകാലത്തെ ആചാരങ്ങളും ജാതിമതചിന്തകളും സ്ത്രീകളെ എന്നും അന്തർമുഖരാക്കിയിരിക്കുന്നു. എല്ലാവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും സമുഹത്തിൽ സ്ഥാനം നൽകിയിരുന്നില്ല. എന്നാൽ ഇപ്പോൾ വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾ മുൻപന്തിയിലെത്തിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 30 വർഷങ്ങൾക്ക് മുൻപ് 15, 20 കി. മീറ്റർ സഞ്ചരിച്ചുവേണമായിരുന്നു കുട്ടികൾ വിദ്യാലയങ്ങളിൽ എത്താൻ. കോളേജു വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ തീരെ കുറവായിരുന്നു. കാലക്രമേണ വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകുകയും സ്ത്രീകളുടെ പങ്കാളിത്തം കൂടി വരികയും ചെയ്തു. എന്നാൽ ഉയർന്ന വിദ്യാഭ്യാസത്തിലും, ഡോക്ടർ, എഞ്ചിനിയർ, ഐ.എ.എസ് എന്നീ ഉയർന്ന ബിരുദങ്ങൾ നേടുന്നതിലും സ്ത്രീകൾ ഈ പഞ്ചായത്തിൽ ഇന്നും പിന്നിലാണ്. എന്നാൽ അദ്ധ്യപകരംഗത്ത് സ്ത്രീകളാണ് മുൻപന്തിയിൽ.

1991-ലെ സെൻസസ് അനുസരിച്ച് എല്ലാ വിഭാഗത്തിലും ജനസംഖ്യയിലുള്ള അന്തരം താഴെ ചേർക്കുന്നു.

വിഭാഗങ്ങൾ	സ്ത്രീകളുടെ എണ്ണം	പുരുഷൻമാരുടെ എണ്ണം
ജനസംഖ്യ	12,547	12, 914
പട്ടികജാതി	712	728
പട്ടികവർഗ്ഗം	112	131
സാക്ഷരത	9887	1,0271
ജോലിയുള്ളവർ	1,504	6841
കൃഷികാർ	186	1800
തൊഴിലാളികൾ	717	1843
തോട്ടം മേഖല	217	1271

ഖനനം	2	28
ഗൃഹോപകരണ നിർമ്മാണം	11	63
ഉപകരണങ്ങൾ	32	212
കൺസ്ട്രക്ഷൻ	3	121
ട്രെഡ്ഡും കോമേഴ്സും	43	601
സർവ്വീസ്	271	696
ഒരു ജോലിയും ചെയ്യാത്തവർ	1738	5847

മേൽകാണിച്ച പട്ടികയിൽനിന്നും ഓരോ രംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തം എറെക്കുറെ മനസ്സിലാക്കാവുന്നതാണ്.

വെള്ളത്തൂവൻ പഞ്ചായത്തിൽ വനിതാ സംഘടനകളും മഹിളാസമാജങ്ങളും വളരെ കുറവാണ്. ഉള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനം ഗുണപ്രദവുമല്ല. തൊഴിൽ സ്ഥാപനങ്ങളില്ല. D.W C R A യുണിറ്റ് ഇവിടെ പ്രവർത്തിക്കുന്നില്ല.

250-തോളം കുടുബങ്ങളിൽ സ്ത്രീകളാണ് കുടുബനാഥകൾ.

പെൺകുട്ടികളിൽ എറിയപങ്കും S.S.L.C, P.D.C ഈ തലം വരെ എത്തുമ്പോൾ വിദ്യാഭ്യാസം നിർത്തുന്നു. അതിനുശേഷം സമയംപോക്കെന്നോണം ടൈപ്പ് റൈറ്റിങ്ങ്, തയ്യൽ എന്നിവ പഠിക്കാൽ പോകുന്നതായും കാണുന്നുണ്ട്.

എന്നാൽ ഇന്ന് വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എന്നിട്ടും അതിനുതക്ക തൊഴിലുകൾ സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

സ്ത്രീകളുടെ നേരേയുള്ള ആക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ എടുത്തുപറയത്തക്കതായി ഒന്നോ രണ്ടോ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടന്നുള്ളതല്ലാതെ കൂടുതലായിട്ടൊന്നുമില്ല. സ്ത്രീധനത്തിന്റെ പേരിൽ അപൂർവ്വം ചില കേസുകളുണ്ട്.

സ്ത്രീ സാക്ഷരതയുടെ കാര്യത്തിൽ 1990-ലെ സാക്ഷരത പ്രവർത്തനം വളരെയധികം നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. സ്ത്രീകളുടെ ആത്മഹത്യാനിരക്ക് വർദ്ധിച്ചുവരുന്നുണ്ട്. പുരുഷൻമാരുടെ മദ്യപാനം, സ്ത്രീധന പീഠനം ഇവയാണ് ഇതിനു പ്രധാനകാരണം.

സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ ഒരു പ്രശ്നമാണ്. ലഭിക്കുന്ന തൊഴിലിനാണെങ്കിൽ വിത്യസ്ത കൂലിനിരക്കുമാണ്. ഈ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും വിത്യസ്ത കൂലി നിരക്ക് കണ്ടുപിടിക്കാം.

തൊഴിൽമേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകതൊഴിലാളി	35-40	50-60
കെട്ടിടനിർമാണ തൊഴിലാളി	75	90-100

സാമുഹികരംഗത്ത് വളരെ നാളായി പിന്നിലായിരുന്ന സ്ത്രീകളെ മുന്നിലോട്ടുകൊണ്ടുവരുന്നതിന് നല്ലൊരു ശ്രമം തന്നെ വേണ്ടിവരും. എങ്കിൽ മാത്രമേ തൊഴിൽമേഖലയിലും പൊതുരംഗത്തും അവർക്ക് അർഹമായ പങ്കുവഹിക്കുവാൻ കഴിയൂ. എറ്റെടുക്കുന്ന ജോലികൾ കൃത്യമായും ഭംഗിയായും ചെയ്യുവാൻ ഇവർക്ക് കഴിയുമെങ്കിലും അതിനുള്ള അവസരങ്ങൾ പുരുഷൻമാർ അവർക്കു വിട്ടുകൊടുക്കാൻ തയ്യാറാവണം. എന്തു ജോലിയും സ്ത്രീകൾക്ക് ചെയ്യാൽ കഴിയും എന്നുള്ള ആത്മവിശ്വാസം അവർക്ക്

പകർന്നുകൊടുക്കേണ്ടത് പുരുഷൻമാരാണ്.

മാനവരാശിയിൽ പുരുഷൻമാരോടോപ്പം തന്നെ എല്ലാകാര്യങ്ങളിലും കഴിവും അറിവും സ്ത്രീകൾക്കുമുണ്ടെന്ന ധാരണ സ്ത്രീകളിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. അത് അംഗീകരിക്കാൻ പുരുഷന്മാർ തയ്യാറാകേണ്ടതുമാണ്. ബുദ്ധിയിലും കഴിവിലും പുരുഷൻമാരോടോപ്പം നിൽക്കുന്ന സ്ത്രീകൾ അത് പ്രകടമാക്കാനുള്ള ആത്മവിശ്വാസവും നേടേണ്ടിയിരിക്കുന്നു. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്. കഴിയുന്നത്ര സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രിയ, കലാ, സംസ്കാരിക സംഘടനകൾ മുന്നോട്ടുവരണം.

വനിതകൾക്കു മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവർക്ക് സ്വയം പ്രവർത്തനങ്ങൾ എറ്റെടുത്ത് നടത്താനുള്ള സഹായം ചെയ്തു കൊടുക്കുകയും വേണം. മാതൃസംഗമങ്ങളിൽ കൂടുതൽ സ്ത്രീകളെ പങ്കെടുപ്പിക്കുവാൻ ശ്രമിക്കണം.

സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യുണിറ്റുകളും സഹകരണ സംഭരങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാദ്ധ്യതകളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുകയും വേണം. അതുപോലെ അവർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനാവശ്യമായ മാർക്കറ്റിങ്ങ് സൗകര്യങ്ങൾ ഉണ്ടാകേണ്ടതും ആവശ്യമാണ്.

പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്ന് കിട്ടിയ റിപ്പോർട്ടുകളിൽ വനിതകളുടെ പ്രശ്നങ്ങളും, അതിനുള്ള പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ

1. എല്ലാ മേഖലകളിലും സ്ത്രീപുരുഷൻമാരുടെ കൂലി നിരക്ക് വിത്യസ്ഥമാണ്. ഇതിനു പഞ്ചായത്ത് തലത്തിൽ അടിസ്ഥാന കൂലി നിരക്ക് നിശ്ചയിക്കുക. തുല്യ ജോലിക്ക് തുല്യ വേതനം എന്ന നിയമം നടപ്പിലാക്കുക.

2 പുരുഷൻമാരുടെ മദ്യപാനം കൊണ്ട് കുടുബങ്ങളിൽ വിഷമങ്ങൾ അനുഭവിക്കുന്ന സ്ത്രീകളുണ്ട്. ഇതിന് പരിഹാരമായി സംബൂർണ്ണമദ്യനിരോധനം നടപ്പിലാക്കുകയും, വ്യാജ വാറ്റ്, മറ്റു ലഹരി പദാർത്ഥങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം ഇവ നിർത്തുന്നതിനുവേണ്ടി ജനപങ്കാളിത്തത്തോടുകൂടിയ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് രൂപികരിക്കുകയും വേണം.

3. സ്ത്രീധനത്തിനെതിരെ നിലനിൽക്കുന്ന നിയമങ്ങൾ കർശനമായി നടപ്പിലാക്കുകയും അതൊരു സാമൂഹ്യവിപത്താണന്ന് ജനങ്ങളെ ബോധവൽകരിക്കുകയും വേണം.

4. സാമ്പത്തികഞ്ഞെരുക്കം സ്വയം തൊഴിൽ ചെയ്യുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന് സ്ത്രീകൾകർഹമായ ലോണുകളെപറ്റി അവരെ ബോധവതികളാക്കുക.

5. എല്ലാവിധവകൾക്കും, അഗതികൾക്കും, വാർദ്ധ്യകംചെന്നവർക്കും, അർഹരായവർക്ക് പെൻഷൻ അനുവദിക്കുക.

6. വനിതകൾക്ക് മാത്രമായുള്ള തൊഴിൽ മേഖലകൾ കുറവാണ്. ഇവ ആരംഭിക്കുക.

7. സ്ത്രീകൾക്ക് തൊഴിലധിഷ്ടിത വിദ്യാഭ്യാസം ലഭിക്കുന്നില്ല. അതിനുള്ള സൗകര്യമുണ്ടാക്കുക.

8. വനിതാ സ്ഥാപനങ്ങളും, വനിതാ സഹകരണസംഘങ്ങളും പഞ്ചായത്തിൽ ഇല്ല. ഇവ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും സ്ഥാപിക്കുക.

9. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് അവസരങ്ങൾ കുറവാണ്. ഇതു പരിഹരിക്കുന്നതിന് ജനസംഖ്യാനുപാതീകമായി പ്രാതിനിധ്യം സ്ത്രീക്കൾക്കു നൽക്കുക.

10. ഉദ്യോഗസ്ഥകളായ വീട്ടമ്മമാർക്കിടയിൽ ഉള്ള കുടുംബഭാരം സാധാരണ കണ്ടുവരുന്നുണ്ട്. ഇത് പരിഹരിക്കുവാൻ, സ്ത്രീകളുമായി സഹകരിച്ചുപോകുവാൻ കഴിവതും കുടുബനാഥന്മാർ തയ്യാറാവുക.

11. സ്ത്രീധനത്തിന്റെ പേരിൽ പിഢനമനുഭവിക്കുന്ന ഒരു വിഭാഗം സ്ത്രീകൾ വിവാഹമോചനം നേടാറുണ്ട്. അവർക്ക് സമൂഹത്തിൽ മാന്യമായി ജിവിക്കാനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കുക.

12. ഭാഗികമായി സ്ത്രീകളുടെ മേൽ അക്രമം നടക്കുന്നുണ്ട്. സാമൂഹ്യബോധവൽക്കരണം നടത്തണം.

13. അശ്ലീല പോസ്റ്ററുകൾ ഉണ്ടാകാറുണ്ട്. ഇത് സ്ത്രീകളെ മാനസ്സികമായി വിഷമിപ്പിക്കാറുണ്ട്.

സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കേണ്ട ചില നിർദ്ദേശങ്ങളും കൂടി താഴെ ചേർക്കുന്നു.

1. ഉൽപാദനരംഗത്ത് സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. സർക്കാരിന്റെ സഹായ പദ്ധതികൾ എതോക്കെയോണന്ന് സ്ത്രീകളെ ബോധവതികളാക്കുക.
3. സ്ത്രീകളെ പൊതുരംഗത്തേക്ക് ആകർഷിക്കുന്നതിലേക്കായി അവരുടെ കഴിവുകളെ പ്രോൽ സാഹിപ്പിക്കുക.
4. പെൺകുട്ടികൾക്കുമാത്രമായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക.
5. സ്ത്രീകൾക്ക് മാത്രമായി വെയ്റ്റിങ്ങ് ഷെഡ്ഡ്, മുത്രപുര, കക്കൂസുകൾ, ഇവ സ്ഥാപിക്കുക.
6. സഹകരണാടിസ്ഥാനത്തിൽ വനിത വ്യവസായ യുണിറ്റുകൾ (ചകിരിനാർ, ചിരട്ട, വാഴനാരുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള ചിലവ്യവസായങ്ങൾ, ക്ഷിരോല്പാദന യുണിറ്റുകൾ, ബേക്കറി സാധനങ്ങൾ, കൊക്കോസംസ്കരണം, മെഴുകുതിരി നിർമാണം, സോപ്പുനിർമാണം, തയ്യിൽ യൂണിറ്റുകൾ) സ്ഥാപിക്കുക.
7. വനിതകളെ വ്യവസായ രംഗത്തേക്ക് ആകർഷിക്കുവാൻ വേണ്ടി വ്യവസായവകുപ്പിലെവിദഗ്ദരായ ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകൾ സംഘടിപ്പിക്കുക.
8. വ്യവസായടിസ്ഥാനത്തിൽ കൂറ്റിമുല്ല കൃഷി, പച്ചക്കറി കൃഷി, കൂൺ കൃഷി, ഔഷധ സസ്യ പെടികൃഷി, വിവിധയിനം പൂകൃഷി, മത്സ്യ കൃഷി, കൂടാതെ, കോഴിവളർത്തൽ, കാലി വളർത്തൽ, പന്നിവളർത്തൽ, ആട്, മുയൽ, താറാവ്, മുട്ടകോഴി മുതലായവ വളർത്തൽ തുടങ്ങിയവക്ക് ആവശ്യമായ ധനസഹായവും, സാങ്കേതിക സഹായവും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കാൻ പഞ്ചായത്തുകൾ മുൻകൈ എടുക്കുക.
9. പഞ്ചായത്തുതലത്തിൽ ഒരു വനിതാ സഹകരണ സംഘം വനിതക്കൾക്കാവശ്യമായ ധനസഹായം നടത്തുക.
10. എല്ലാ വാർഡുകളിലും അംഗൻ വാടികളുമായി ബന്ധപ്പെട്ട് ക്രെഷുകൾ സ്ഥാപിക്കുക.
11. വനിതാ ആരോഗ്യ പ്രവർത്തകർ മാസത്തിലൊരിക്കെലെങ്കിലും വാർഡുകളിലെ എല്ലാ വീടുകളിലും സന്ദർശനം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
12. വീടുകളിൽ ആവശ്യമായ ഇന്ധനക്ഷമതയുള്ള അടുപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനം I.R.E.P കേന്ദ്രവുമായി ബന്ധപ്പെട്ട് സ്ഥാപിക്കേണ്ടതാണ്.
13. വനിതാ കോളേജുകളും ഹോസ്റ്റലുകളും പഞ്ചായത്ത് കേന്ദ്രമാക്കി സ്ഥാപിക്കുക.
14. പാഠ്യ പദ്ധതികളിൽ സമൂഹത്തിലെ സ്ത്രീകളുടെ പദവിയെക്കുറിച്ച് ബോധവൽക്കരിക്കുന്ന തരത്തിലുള്ള സിലബസ്സ് ഉൾപ്പെടുത്തുക.
15. സ്കൂളുകളിലെ കലാ കായികമേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള സഹായം നൽക്കുക.
16. തൊഴിലവസരങ്ങൾ, തൊഴിലവസരനിയമങ്ങൾ ഇവയെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കുക.
17. അംഗൻവാടി അദ്ധ്യാപകമാരുടെ വേതനം വർദ്ധിപ്പിക്കുക.

സഹകരണ മേഖല

കർഷകരുടെ ഉന്നമനത്തിനും ചൂഷണ തല്പരരായ പണമിടപാടുകാരിൽ നിന്ന് കർഷകരെ മോചിപ്പിക്കുന്നതിനും, സ്വാശ്രയബോധം, പരസ്പരവിശ്വാസം, സമ്പാദ്യശീലം, കൂട്ടായ്മ എന്നിവ വർദ്ധിപ്പിച്ച് കർഷകരെ സാമൂഹ്യസഹകരണ രംഗങ്ങളിൽ ഉയർത്തുക എന്നതാണ് സഹകരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി വിവിധ സ്ഥലത്തും സമയത്തും സഹകരണ പ്രസ്ഥാനങ്ങൾ ഉദയം ചെയ്യുക സ്വാഭാവികമാണ്. കുടിയേറ്റ മേഖലയും, പദ്ധതി പ്രദേശവുമായ വെള്ളത്തൂവൽ പഞ്ചായത്തിലും ഇത്തരം സംഘങ്ങൾ ഉണ്ടായിട്ടുണ്ട്. വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക്, എല്ലക്കൽ സർവ്വീസ് സഹകരണബാങ്ക്, എല്ലക്കൽ മിൽക്ക് സപ്ലൈസ് കോ-ഓപ്പ്റേറ്റീവ് സൊസൈറ്റി, ഹരിജൻ സഹകരണ സംഘം, വ്യാപാര സഹകരണ സംഘങ്ങൾ, വനിത സഹകരണ സംഘങ്ങൾ, സഹകരണ കാർഷിക വികസനാബാങ്ക്, ഭവനനിർമ്മാണസഹകരണസംഘം, സ്കൂൾ സഹകരണ സംഘം, കൺസ്യൂമർ സഹകരണ സംഘം എന്നിവ ഇവിടെയും രൂപീകൃതമായിട്ടുള്ളവയാണ്.

എന്നാൽ ഈ മേഖലയിലെ ഏതാനും ആളുകളുടെ ശ്രമഫലമായി വെള്ളത്തൂവൽ കേന്ദ്രമായി 1959-ൽ വെള്ളത്തൂവൽ വിവിധോദ്ദേശ സഹകരണ സംഘം നിലവിൽ വന്നു. ഇതിന്റെ സ്ഥാപക പ്രസിഡന്റ് Dr. C.I. കുമാറും, സെക്രട്ടറി ശ്രീ ജോസഫ് ചാവേലിയും ആയിരുന്നു. അഞ്ഞൂറോളം മെമ്പറന്മാരുമായി പ്രവർത്തനം ആരംഭിച്ച സൊസൈറ്റി ഇന്ന് 8450 അംഗങ്ങളുള്ള ഒരു വലിയ സഹകരണ ബാങ്കായി ഉയർന്നു കഴിഞ്ഞു. 853775 രൂപ ഓഹരി മൂലധനവും 6751632 രൂപ നിക്ഷേപങ്ങളുമുണ്ട്. ഹ്രസ്വ-ദീർഘകാല വായ്പയോടൊപ്പം, സ്വർണപണയവും എടുത്തു വരുന്ന ഈ സ്ഥാപനത്തിൽ നിന്നും 9368063 രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വായ്പ യഥാസമയത്ത് തിരിച്ചടപ്പിക്കുന്നതിനുള്ള സമ്മർദ്ദവും അനുചിതമായ വായ്പാവിതരണവും സംഘത്തെ അനുദിനം നഷ്ടത്തിലേയ്ക്ക് നയിച്ചു കൊണ്ടിരിക്കുന്നു. കുരുമുളക്, റബ്ബർ, കശുവണ്ടി തുടങ്ങിയവ കർഷകരിൽ നിന്ന് ശേഖരിക്കുകയും, വളം കീടനാശിനി തുടങ്ങിയവ വിതരണം നടത്തുകയും വിവിധതരം ചിട്ടികളും നടത്തി വരുന്ന ഈ സ്ഥാപനം വെള്ളത്തൂവൽ പഞ്ചായത്തിൽ വളരെയേറെ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്.

മറ്റൊരു പ്രധാന സഹകരണസ്ഥാപനമാണ് എല്ലക്കൽ സർവ്വീസ് സഹകരണ ബാങ്ക്. 16-10-1966 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന് ഇപ്പോൾ കുഞ്ചിത്തണ്ണി, മുതുവാൻ കുടി എന്നീ രണ്ട് ശാഖകൾ കൂടിയുണ്ട്. 5100-അംഗങ്ങളും, 745630 രൂപ പിരിഞ്ഞു കിട്ടിയ മൂലധനവും, 9 ലക്ഷം രൂപ ICDP പ്രവർത്തനഫണ്ടും, ഒരു ലക്ഷം രൂപ ഗവൺമെന്റ് മൂലധനവുമുണ്ട്. ഒന്നര കോടി രൂപ നിക്ഷേപവും 92 ലക്ഷം രൂപ ഓവർഡ്രാഫ്റ്റും ജില്ലാസഹകരണ ബാങ്കിൽനിന്നും കൂടി 2,59,45,630 രൂപ പ്രവർത്തനമൂലധനമുണ്ട്. കാർഷികവായ്പ, ഐ. ആർ. ഡി.പി. ചെറുകിട ജലസേചനം, ഭൂവികസനം, ദീർഘകാല കാർഷിക വായ്പ, സ്പ്രെയറുകൾ, പുകപ്പുര, ഭവനനിർമ്മാണം, ചെറുകിട വ്യാപാരം, കാർഷികേതര ആവശ്യങ്ങൾ എന്നിവയ്ക്കായി 2,30,25,000 രൂപ വിതരണം നടത്തിക്കഴിഞ്ഞിരിക്കുന്നു. വേണ്ടത്ര ഉറപ്പിന്റെയും ഈടിന്റെയും അടിസ്ഥാനത്തിൽ കർഷകർക്ക് യഥേഷ്ടം വായ്പ കൊടുക്കുകയും വീഴ്ച വരുത്താതെ തിരിച്ചടക്കുന്നതിനുള്ള പ്രോത്സാഹനവും നല്കിവരുന്നു.

വ്യാപാര രംഗത്ത് തനതായ മുദ്രപതിപ്പിച്ച ഈ സ്ഥാപനം കുരുമുളക് വ്യാപാരത്തിൽ വളരെ മുൻപന്തിയിലാണ്. 95-96ൽ 4,92, 95,000 രൂപയുടെ കുരുമുളക് വാങ്ങുകയും 5,19,56,00 രൂപക്ക് വില്ക്കുകയും ചെയ്തിട്ടുണ്ട്. റേഷൻ വിതരണം, ഓണച്ചന്ത, ജൈവ-രാസവള-കീടനാശിനികളുടെ വിപണനരംഗത്തും ഈ സംഘം കാര്യമായി പ്രവർത്തിക്കുന്നു. ഉല്പന്നങ്ങൾക്ക് വില കുറവുള്ളപ്പോൾ 80% വരെ ലോൺ നല്കി. കർഷകരെ സഹായിക്കുന്ന എല്ലക്കൽ സർവ്വീസ് സഹകരണബാങ്ക് ഈ പഞ്ചായത്തിലെ ഏറ്റവും നല്ല സഹകരണ സ്ഥാപനമാണ്.

ക്ഷീരോല്പാദക സഹകരണസംഘം

1974-ൽ ഈ രംഗത്ത് വിപ്ലകരമായ മാറ്റം വരുത്തിക്കൊണ്ട് എല്ലക്കൽ മിൽക്ക് സപ്ലൈസ് സൊസൈറ്റി രൂപീകൃതമായി. ഇതിന് ഈ പഞ്ചായത്തിന്റെ എല്ലാവാർഡുകളിലുമായി 18 കളക്ഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നു. പ്രതിദിനം 6000 ലിറ്റർ പാല് സംഭരിക്കുന്ന ഈ സ്ഥാപനം 2500 ലിറ്റർ ആഭ്യന്തരവിപണിയിൽ വിറ്റഴിക്കുന്നു. ബാക്കി വരുന്ന 3500 ലിറ്റർ പാല് മിൽമക്കും നല്കി വരുന്നു. എല്ലാ ശനിയാഴ്ചയും പാലിന്റെ സംഭരണ വിലയും കളക്ഷൻ ഡിപ്പോ വഴി നല്കുകയും സൗജന്യ വെറ്റിനറി സഹായവും പർച്ചേഴ്സ് ബോണസും നല്കി വരുന്നു.

എല്ലക്കൽ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 2 ലക്ഷം രൂപ മുടക്കി ആഫീസ് കെട്ടിടം പണിത് കുഞ്ചിത്തണ്ണിയിലേക്ക് ആസ്ഥാനം മാറ്റി പ്രവർത്തിക്കുന്നു. 1.14 ലക്ഷം രൂപ മുടക്കി 1000 ലിറ്റർ ശേഷിയുള്ള മിനിചില്ലിംഗ് പ്ലാൻറ് സ്ഥാപിച്ച് ശീതീകരിച്ച പാൽ പ്രധാന വിപണനകേന്ദ്രമായ അടിമാലി, മൂന്നാർ എന്നിവിടങ്ങളിൽ വില്പന നടത്തുന്നു. ഇടക്കിടക്കുണ്ടാകുന്ന വൈദ്യുതി തകരാറു പരിഹരിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും കൂടി 1. 75 ലക്ഷം രൂപ മുടക്കി 20 K.V. ജനറേറ്റർ സ്ഥാപിച്ചു.

വനിതാ യൂണിറ്റ്

കേരള ഗവൺമെൻറിൻെറ ഡയറി ഡിപ്പാർട്ടുമെൻറ് നടപ്പാക്കുന്ന പദ്ധതി അനുസരിച്ച് 5 വനിതാ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. ഇതിൽ 20 വനിതകൾ പണിയെടുക്കുന്നു. ഡോണറ്റ്, പേട, ചോക്ക്ലേറ്റ്, സിപ്പ്-അപ്പ്, പനീർ, ഐസ്ക്രീം തുടങ്ങിയ ക്ഷീരോല്പന്നങ്ങൾ "എമിക്സ്" എന്ന പേരിൽ ഉല്പാദിപ്പിച്ച് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വില്പന നടത്തുന്നു. നല്ല ഡിമാൻറുള്ള ഈ ഉല്പന്നങ്ങളുടെ വിപുലീകരിച്ച പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടം, ഫ്രീസർ, പ്ലാൻറ്, മറ്റുപകരണങ്ങൾ, വാഹനങ്ങൾ ഇവ ഉണ്ടാക്കി അനേകം പേർക്ക് തൊഴിൽ നല്കുവാൻ കഴിയുന്ന ഒരു വ്യവസായമാക്കി മാറ്റാൻ കഴിയുന്നതാണ്.

എമിക്സ് കാലിത്തീറ്റ ഫാക്ടറി

1996 സെപ്റ്റംബർ 30ന് ഉത്ഘാടനം ചെയ്ത കാലിത്തീറ്റ ഫാക്ടറി സംഘത്തിൻെറ പുരോഗതിയിലെ മറ്റൊരു നാഴികക്കല്ലാണ്. 10 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ഫാക്ടറിയിൽ 4 ടൺ പ്രതിദിന ഉല്പാദനശേഷിയുണ്ട്. "എമിക്സ് കാലിത്തീറ്റ" എന്ന പേരിൽ ഉണ്ടാക്കിയിട്ടുള്ള ഇതിന് കമ്പോളത്തിൽ നല്ല ഡിമാൻറുണ്ട്. അസംസ്കൃതസാധനങ്ങളുടെയും, പണത്തിൻെറയും ലഭ്യതകുറവ് മുന്നോട്ടുള്ള വികസന പ്രക്രിയയ്ക്ക് തടസ്സം നില്ക്കുകയാണ്. പ്രതിദിന ഉല്പാദനം 12 ടണ്ണായി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വികസന പദ്ധതി സംഘം തയ്യാറാക്കിയിട്ടുണ്ട്.

പാസ്ചറൈസേഷൻ പ്ലാൻറ്

അടുത്ത 5 വർഷത്തിനുള്ളിൽ പാൽ സംഭരണം പതിനായിരം ലിറ്ററായി വർദ്ധിക്കാം എന്ന് പ്രതീക്ഷിക്കുന്നു. പതിനായിരം ലിറ്റർ ശേഷിയുള്ള ഒരു പാസ്ച്ചറൈസേഷൻ പ്ലാൻറ് സ്ഥാപിച്ച് പാൽ പായ്ക്കറ്റിലാക്കി വില്പന നടത്തുന്നതിനുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ICDP വഴി N.C.D.C യുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. 60 ലക്ഷം രൂപ മൂലധനം മുടക്ക് പ്രതീക്ഷിക്കുന്ന പദ്ധതിക്ക്, 10 ലക്ഷം രൂപാ സ്വന്തം ഫണ്ടും 25 ലക്ഷം രൂപാ ഗവൺമെൻറ് ഷെയറും ബാക്കി ബാങ്ക് വായ്പയുമാണ്. ബാങ്ക് വായ്പയുടെ തോത് കുറച്ച്, ഗ്രാൻറ് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. പദ്ധതി നടപ്പാകുമ്പോൾ ഉൽപ്പാദകർക്ക് കൂടുതൽ ഉയർന്ന നിരക്കിൽ വില ലഭ്യമാക്കാൻ കഴിയും. കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകും.

മാർക്കറ്റിംഗ് വിഭാഗം

1. വെള്ളത്തൂവൽ പഞ്ചായത്ത് ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി 1993 ൽ തോക്കുപാറ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു. ഇതിൻെറ ശാഖ 4-11-96ൽ വടക്കേ ശല്യാംപാറയിൽ തുടങ്ങി കൊക്കോ റബ്ബർ, ഏലക്കാ, കുരുമുളക് എന്നിവ കർഷകരിൽ നിന്നും സംഭരിക്കുന്ന ഈ സഹകരണ സംഘം ഈ പഞ്ചായത്തിൻെറ ഭാവിവാഗ്ദാനമായി മാറിക്കൊണ്ടിരിക്കുന്നു.

2. അടിമാലി കേന്ദ്രവും വിവിധ സ്ഥലങ്ങളിൽ ശാഖകളുമുള്ള ദേവികുളം താലൂക്ക് ജനറൽ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു ശാഖ വെള്ളത്തൂവലിൽ പ്രവർത്തിക്കുന്നു. റബ്ബർ, കുരുമുളക്, ഒട്ടുപാൽ, കശുവണ്ടി എന്നിവ വ്യാപാരം നടത്തുന്നു.

3. അടിമാലി ബ്ലോക്ക് അരക്കനട്ട് & കൊക്കൊ പ്രൊസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ അടിമാലി കേന്ദ്രമായി പ്രവർത്തിക്കുന്ന മറ്റൊരു മാർക്കറ്റിംഗ് സഹകരണ സംഘത്തിൻെറ ബ്രാഞ്ച് കല്ലാർകുട്ടിയിൽ പ്രവർത്തിക്കുന്നു. ഇവിടെ കൊക്കൊ, റബ്ബർ, ഒട്ടുപാൽ, കുരുമുളക്, അടക്ക് എന്നിവ വ്യാപാരം നടത്തി വരുന്നു.

ദേവികുളം താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്

അടിമാലി കേന്ദ്രമായി 1980ൽ ആരംഭിച്ച14769 അംഗങ്ങളോടെ ഇപ്പോൾ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണ് ദേവികുളം താലൂക്ക് സഹകരണ കാർഷിക വികസനബാങ്ക്. അംഗങ്ങളുടെ വിവിധങ്ങളായ ആവശ്യത്തിന് ഉറപ്പിന്റെ അടിസ്ഥാനത്തിൽ വായ്പകൾ നല്കിവരുന്ന ഈ സ്ഥാപന ത്തിന് 36 കോടിയിൽ അധികം രൂപ മൂലധനവും 16,04,66,000 രൂപ വായ്പ നല്കിയിട്ടുണ്ട്.

ഈ ബാങ്കിൽ വെള്ളത്തൂവൽ പഞ്ചായത്തിലെ 3200 പേർ അംഗങ്ങളാണ്. ഇവരുടെ കാർഷിക -ഗാർഹിക-വാഹന-വ്യവസായികാവശ്യങ്ങൾക്ക് വ്യവസ്ഥാപിതമായി വായ്പകൾ നല്കുന്നുണ്ട്. ദേവി കുളം താലൂക്കിൽ, വെള്ളത്തൂവൽ പഞ്ചായത്തിലെ കൃഷിക്കാരുടെ സർവ്വതോൻമുഖമായ വളർച്ചയിൽ വളരെയേറെ സേവനം നല്കി വരുന്ന ഒരു സഹകരണസ്ഥാപനമാണ് ദേവികുളം താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസനബാങ്ക്.

ആനച്ചാൽ ഹരിജൻ സൊസൈറ്റി

വെള്ളത്തൂവൽ, പള്ളിവാസൽ എന്നീ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണ് ആനച്ചാൽ ഹരിജൻ സൊസൈറ്റി. 1976ൽ ആരംഭിച്ച ഇതിൽ ഇപ്പോൾ 1285 അംഗങ്ങൾ ഉണ്ട്. ഹരിജന-ഗിരിജന-ആദിവാസി മേഘലയുടെ ഉന്നതിക്കായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇപ്പോൾ വളരെ ചെറിയ തോതിൽ പ്രവർത്തിച്ചുവരുന്നു.

മറ്റു സഹകരണ സംഘങ്ങൾ

വെള്ളത്തൂവൽ പഞ്ചായത്ത് കേരോല്പാദക സംഭരണ വിപണന സംസ്കരണ സഹകരണ സംഘം, കത്തിപ്പാറ, കല്ലാർകൂട്ടി, കുഞ്ചിത്തണ്ണി എന്നീ സ്ഥലങ്ങളിൽ രൂപീകരിച്ച കൺസ്യൂമർ സഹക രണസംഘങ്ങൾ വെള്ളത്തൂവൽ പഞ്ചായത്ത് വനിതാ സഹകരണ സംഘങ്ങൾ, ദേവികുളം താലൂക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ജനറൽ മാർക്കറ്റിങ്ങ് & പ്രൊസസിങ്ങ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി, കുഞ്ചിത്തണ്ണി, എന്നീ സംഘങ്ങൾ പ്രവർത്തനക്ഷമമല്ല.

വെള്ളത്തൂവൽ, കല്ലാർകൂട്ടി എന്നീ ഹൈസ്കൂളുകളിൽ, സ്കൂൾ സഹകരണ സംഘങ്ങൾ ഉണ്ട്. പുസ്തകവും നോട്ടുബുക്കുകളും വിതരണം ചെയ്തുകൊണ്ട് വെള്ളത്തൂവൽ ഹൈസ്കൂൾ സഹകരണ സംഘം പ്രവർത്തിക്കുന്നു. എന്നാൽ കല്ലാർകൂട്ടി സ്കൂൾ സഹകരണസംഘം പ്രവർത്തിക്കുന്നില്ല.

പൊതുവായി വളരെ ഏറെ പ്രശ്നങ്ങൾ ഈ മേഖലയിൽ സഹകരണസംഘങ്ങൾക്കുണ്ട്. രാഷ്ട്രീയ അതിപ്രസരം സംഘവുമായി ബന്ധമില്ലാത്ത ഭരണസമിതികൾ, സ്ഥാപിത താല്പര്യത്തിനുവേണ്ടി അംഗ ങ്ങളെ ചേർത്തു ഭരണം പിടിച്ചെടുക്കുക, അർഹരായവർക്ക് അംഗത്വം ലഭിക്കാതിരിക്കുക, ജീവനക്കാ രുടെ മോശമായ പെരുമാറ്റം, അനവസരത്തിലുള്ള സർക്കാർ ഇടപെടൽ, യഥാസമയം വായ്പ ലഭിക്കാ തിരിക്കുക, ചിട്ടി നടത്തുന്നതിനുള്ള അനാവശ്യ നിയന്ത്രണങ്ങൾ എന്നിവ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

അർഹരായവരെ മാത്രം അംഗങ്ങളാക്കി അവരിൽ നിന്നും ഭരണസമിതിയെ തെരഞ്ഞെടുക്കുക, ജീവനക്കാർക്ക് ട്രെയിനിംഗു നല്കി ഈ രംഗത്ത് താല്പര്യമുള്ളവരെ മാത്രം നിയമിക്കുക, ഗുരുതരമായ കുഴപ്പങ്ങൾ ഉള്ളപ്പോൾ മാത്രം ഗവൺമെൻറ് ഇടപെടുക., സഹകരണരംഗത്ത് കൂടുതൽ നിക്ഷേപാ കർഷണം നടത്തുകയും, ദേശീയ ഏജൻസികളുടെ സഹകരണത്തോടെ സംസ്ഥാനസർക്കാർ കൂടുതൽ ഫണ്ട് ലഭ്യമാക്കി അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുക, പലിശ കുറച്ചും സബ്സിഡി നല്കിയും കർഷകരെ സഹായിക്കുക, യഥാസമയം വായ്പകൾ തിരിച്ചടക്കുന്നതിന് ആവശ്യമായ ബോധവൽക്കര ണവും മറ്റുപ്രവർത്തനവും നടത്തുക, ചിട്ടികൾ നടത്തുന്നതിന് നിയമം ഉദാരവൽക്കരിക്കുക, നഷ്ട ത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് പലിശരഹിത വായ്പ ഓഹരി മൂലധമായി അനുവദിക്കുക.

സഹകരണ സംഘങ്ങൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	പ്രവർത്തനം ആരംഭിച്ച വർഷം	പിരിഞ്ഞ മൂലധനം	സർക്കാർ ഓഹരി	പരമാവധി കടം എടുക്കാവുന്ന ഓഹരി
1.	വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക് K. 71	2,3,11 എന്നീ വാർഡുകൾ ഒഴികെ	8450	1959	8,53,775	50000	3,01,09,528
2	എല്ലക്കൽ സർവ്വീസ് സഹകരണ ബാങ്ക് K. 284	2,3,11 എന്നീ വാർഡുകൾ	5353	1966	17,49,638	1,00000	5,90,06,910
3.	എല്ലക്കൽ മിൽക്ക് സപ്ലൈസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി K. 10. D	വെള്ളത്തൂവൽ പഞ്ചായത്ത്	3400	1974	56,730		30 ഇരട്ടി.
4	ദേവികുളം താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് I-136	ദേവികുളം താലൂക്ക്	14769	1980	1,10,00,000	29,48,000	46,40,00,000
5.	വെള്ളത്തൂവൽ പഞ്ചായത്ത് ജനറൽ മാർക്കറ്റിഗ് സഹകരണ സംഘം I-419	വെള്ളത്തൂവൽ പഞ്ചായത്ത്	242	1993	57,000	2,00,000	10,00,000
6.	ദേവികുളം താലൂക്ക് ജനറൽ മാർക്കറ്റീംഗ് സോസൈറ്റി	ദേവികുളം താലൂക്ക്	1500	1983	80,000	6,00,000	10000000
7.	അടിമാലി ബ്ലോക്ക് അരക്കനട്ട് & കോക്കോ പ്രോസസിംഗ് & മാർക്കറ്റിഗ് കോ-ഓപറേറ്റീവ് സൊസൈറ്റി 1.261	അടിമാലി ബ്ലോക്ക്	305	1990	75,000	850035	2200000
8.	ആനച്ചാൽ ഹരിജൻ സോസൈറ്റി 1.99	വെള്ളത്തൂവൽ,പള്ളിവാസൽ പഞ്ചായത്തുകൾ	1285	1976	66,484	100000	20 ഇരട്ടി
9.	വെള്ളത്തൂവൽ പഞ്ചായത്ത് കേരോല്പാദക, വിപണന, സംസ്കരണ സഹകരണ സംഘം.	വെള്ളത്തൂവൽ പഞ്ചായത്ത്	37	1993	3700	-	-

സഹകരണ സംഘങ്ങൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	പ്രവർത്തനം ആരംഭിച്ച വർഷം	പിരിഞ്ഞ മൂലധനം	സർക്കാർ ഓഹരി	പരമാവധി കടം എടുക്കാവുന്ന ഓഹരി
10.	കത്തിപ്പാറ സഹകരണ കൺസ്യൂമർ സ്റ്റോർ	കത്തിപ്പാറ		റിക്കാർഡുകൾ ലഭ്യമല്ല			
11.	കല്ലാർകൂട്ടി സഹകരണ കൺസ്യൂമർ സ്റ്റോർ	കല്ലാർകൂട്ടി		" "	" "		
12	കുഞ്ചിത്തണ്ണി സഹകരണ കൺസ്യൂമർ സ്റ്റോർ	കുഞ്ചിത്തണ്ണി					
13.	വെള്ളത്തൂവൽ പഞ്ചായത്ത് വനിത സഹകരണ സംഘം			റിക്കാർഡുകൾ ലഭ്യമല്ല			
14.	വെള്ളത്തൂവൽ ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ്സോസ്സൈറ്റി.	വെള്ളത്തൂവൽ					
15.	കല്ലാർകൂട്ടി ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സോസൈറ്റി	കല്ലാർകൂട്ടി					
16.	ദേവികുളം താലൂക്ക് ലേബർ കോൺട്രക്ട് കോ-ഓപ്പറേറ്റിസോസൈറ്റി. കുഞ്ചിത്തണ്ണി.	ദേവികുളം താലൂക്ക്	243				
17.	ജനറൽ മർക്കറ്റിംഗ് & പ്രൊസ്സസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി കുഞ്ചിത്തണ്ണി	ദേവികുളം താലൂക്ക്					

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 5.21% പട്ടിക ജാതി വിഭാഗമാണ്. 339 കുടംബങ്ങളിലായി 1440 പട്ടികജാതി അംഗങ്ങൾ ഉണ്ട്. ഇതിൽ 3 അംഗീകൃത കോളനികളും 3 അംഗീകാരത്തിനു സമർപ്പിച്ച കോളനികളിലുമായി 259 കുടുംബങ്ങളും,180 കുടുംബങ്ങൾ ഇട കലർന്നും ജീവിച്ചു വരുന്നു.

പഞ്ചായത്തിൽ രണ്ടു പട്ടികവർഗ്ഗ കോളനികളാണ് ഉളളത്. 51 കുടുംബങ്ങളിലായി 243 പട്ടികവർഗ്ഗ അംഗങ്ങൾ ഉണ്ട്. ആകെ ജനസംഖ്യയുടെ 0.84% പട്ടിവർഗ്ഗ വിഭാഗമാണ്.

പട്ടികജാതി വിഭാഗത്തിന് വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല. സാമൂഹ്യപുരോഗതിയുടെ ഭാഗമായി എല്ലാ ജാതിമതസ്ഥരുടെയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുയും എല്ലാ പൊതുപരിപാടികളിലും പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്. ഈ വിഭാഗത്തിന്റെ ഉയർച്ചുക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും പദ്ധതിയുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ തലത്തിലുള്ള നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് നേട്ടങ്ങൾ കൈവരിക്കന്നതിന് സഹായിച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുളളത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി അടിസ്ഥാനപ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. അംഗീകാരത്തിനു സമർപ്പിച്ച കോളനികൾ അംഗീകരിച്ചുകിട്ടുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

പട്ടിക - 1


ക്രമ നമ്പർ	വാർഡ്	പട്ടികജാതി കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	III	ഈട്ടിസിറ്റി	80	327
2	VIII, X	കല്ലാർ കുട്ടി	32	124
3	IX	സൗത്ത് കത്തിപ്പാറ	90	391
		അംഗീകാരം കിട്ടേണ്ടത്		
4	II	എല്ലക്കൽ	22	72
5	V	കുത്തുപ്പാറ	22	87
6	VI	ശെല്ല്യാംപാറ	13	62
		ആകെ	**259**	**1363**
		പട്ടികവർഗ്ഗ കോളനികളുടെ പേര്		
I		ആനച്ചാൽ ഗിരിജൻ സെറ്റിൽമെൻ (മന്നാൻ)	42	191
II		ആനച്ചാൽ ഗിരിജൻ സെറ്റിൽമെൻ (മുളുവാർ)	9	52
		ആകെ	**51**	**243**

വിദ്യാഭ്യാസം

പട്ടക ജാതി വിഭാഗത്തിൽ പൊതുവെ വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും പുതിയ തലമുറ പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടുളളവരാണ്. S.S.L.C ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് താൽപര്യം കാണിക്കുന്നില്ല. കുടംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ വിദ്യാഭ്യാസം നിർത്തി കൂലിപണിക്ക് പോകേണ്ട സ്ഥിതിയുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവിശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനുണ്ടേി ബോധവൽക്കരണം ആവശ്യമാണ്.

ഉപരി പഠന സൗകര്യക്കുറവും വിദ്യാഭ്യാസം നിറുത്തുന്നതിന് കാരണമായിട്ടുണ്ട്. S.S.L.C യ്ക്ക് ഉപരിയായി വിദ്യാഭ്യാസമുളളവരുടെ എണ്ണം വളരെ കുറവാണ്.

പട്ടികവിഭാഗത്തിൽ പ്രാഥമിക വിദ്യഭ്യാസം സിദ്ധിച്ചവരുടെ എണ്ണം വളരെ കുറവാണ്. കുട്ടികൾ സ്ക്കൂളിൽ പോകുവാൻ താൽപര്യം കാണിക്കാത്തവരും,



ഐസ്ക്രീം, സിപ്അപ്, ചോക്ലേറ്റ്, ഡോണറ്റ്, പനീർപക്കാവട തുടങ്ങിയ പാൽ ഉല്പനങ്ങൾ

പോഷകാഹാര പ്രധാനമായ *Emics* കാലിത്തീറ്റയും

സഹകരണത്തിലൂടെ സമ്പന്നതയിലേയ്ക്ക്

ദി. എല്ലക്കൽ
മിൽക്ക് സപ്ലൈസ്
കോ ഓപ്പറേറ്റീവ്
സൊസൈറ്റി ലിമിറ്റഡ്
നമ്പർ, കെ.10 (ഡി)
കുഞ്ഞിതണ്ണി

രക്ഷിതാക്കൾ നിർബന്ധമായി വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ശ്രദ്ധിക്കാത്തവരുമാണ്. 25%നു പോലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നില്ല. ബോധവൽക്കരണം സംഘടിപ്പിക്കുകയും ഇവർക്കായി കോളനിയോടനുബന്ധിച്ച് എൽ. പി. സ്ക്കൂൾ സ്ഥാപിക്കുകയും ചെയ്താൽ മാറ്റമുണ്ടാക്കുവാൻ കഴിയും. S.S.L.C ക്കുമേൽ വിദ്യാഭ്യാസം ലഭിച്ചവർ രണ്ടുപേർ മാത്രമാണ്. പെൺകുട്ടികൾ സ്ക്കൂളുകളിൽ എത്തുന്നവർ വളരെ ചുരുക്കമാണ്. ഈ അവസ്ഥ ഉടനെ മാറ്റി എടുക്കേണ്ടതാണ്.

തൊഴിൽ

പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ പണിയെടുക്കുന്നവർ ഭൂരിപക്ഷവും, കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ്. നിർമ്മാണ രംഗത്ത് പണിയെടുക്കുന്നവരും അപൂർവ്വമായി ഉണ്ട്. കാർഷികമേഖലയിൽ പുരുഷന് 60 രൂപയും സ്ത്രീക്ക് 50 രൂപയും കൂലിയുണ്ട്.

പട്ടികവർഗകുടുംബങ്ങൾക്ക് കൃഷിഭൂമി സ്വന്തമായുണ്ടെങ്കിലും കൃഷിചെയ്യുന്നതിന് ഇവർ താൽപ്പര്യം എടുക്കുന്നില്ല. കൃഷിഭവന്റെ നേതൃത്വത്തിൽ കൃഷിചെയ്യുന്നതിനാവശ്യമായ ബോധവൽക്കരണവും നിർദ്ദേശവും യഥാകാലം കൊടുത്താൽ ഈ സ്ഥിതിക്ക് കുറെ മാറ്റം വരുത്തുവാൻ കഴിയുന്നതാണ്.

പരമ്പരാഗത തൊഴിലായ ഈറ്റ നെയ്ത്തിന് സാമ്പത്തികസഹായം നൽകുകയും വനിതകൾക്കായി പ്രത്യേക തൊഴിൽസംരഭങ്ങൾ ആരംഭിക്കുകയും വേണം.

കോളനികളിലല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് കോളനിക്കാർക്ക് കൊടുക്കുന്ന ആനുകൂല്യം കിട്ടുന്നു എന്ന് ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു.

പാർപ്പിടം.

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലായെങ്കിലും ഒരു പരിധിവരെ സർക്കാർപദ്ധതികൾ സഹായകമായിട്ടുണ്ട്.

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കുക, പാർപ്പിടം ഇല്ലാത്തവർക്ക് നിർമ്മിച്ചു നൽകുക, എല്ലാ വീടുകൾക്കും കക്കൂസ്, കറണ്ട്, വെള്ളം എന്നിവ അടിയന്തിരമായി എത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ടവരുടെ വിവരം ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമസഭാ റിപ്പോർട്ടുകൾ പ്രകാരം 60 വീടുകളും 135 കക്കൂസുകളും അനുവദിക്കേണ്ടതായിട്ടുണ്ട്.

പട്ടിക 2 വീടിന്റെ സ്വഭാവം

ക്രമ നമ്പർ	പട്ടിജാതി കോളനികളുടെ പേര്	കോൺക്രീറ്റ്	ഓട്	ഓല	ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ഉള്ളവർ	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
I	ഈട്ടിസിറ്റി	ഇല്ല	57	23	23	26	54
II	കല്ലാർകുട്ടി	"	20	12	12	0	32
III	സൗത്ത് കത്തിപ്പാറ	"	87	3	3	80	10
IV	എല്ലക്കൽ	"	12	10	10	7	15
V	കൂത്തുപാറ	"	15	7	7	5	17
VI	ശെല്ല്യാംപാറ	"	ഉ	5	5	6	7
	പട്ടികവർഗ്ഗ കോളനിയുടെ പേര്						
I	ആനച്ചാൽ ഗിരിജൻ സെറ്റിൽമെന്റ് (മന്നാൻ)	ഇല്ല	32	10	10	0	42
II	ആനച്ചാൽ ഗിരിജൻ സെറ്റിൽമെന്റ് (മുള്ളുമാൻ)	"	3	6	6	0	9

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ലാത്ത കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു. പ്രത്യേകിച്ചും പട്ടികവർഗ്ഗ വിഭാഗത്തിൽ നിരക്ഷരത കൂടുതലാണ്. കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാത്ത സ്ഥിതിയും ഉണ്ട്.
2. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു നിർമ്മിക്കുവാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാതെ, കിട്ടുന്ന

സഹായം ദുർവിനിയോഗം ചെയ്യുന്നു. നാട്ടിൻപുറത്തേക്കാൾ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് ചിലവ് കൂടുന്നു. പ്രാഥമികസൗകര്യങ്ങൾ ഇല്ല.

3. കോളനികളിൽ കുടിവെള്ളക്ഷാമം നിലനിൽക്കുന്നു. വൈദ്യുതി എല്ലായിടത്തും എത്തിയിട്ടില്ല.
4. പൊതു ശ്മശാനം ഇല്ല.
5. എല്ലാവർക്കും കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
6. ആരോഗ്യസംരക്ഷണ സംവിധാനം ഇല്ല.
7. നിർദ്ധനകുടുംബത്തിലെ അംഗങ്ങളുടെ ചികിൽസക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
8. ഐ.ആർ.ഡി.പി പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
9. പട്ടികജാതി വികസനകോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കു നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.
10. ക്ഷേമപ്രവർത്തനത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്രയില്ല.
11. യാത്രാസൗകര്യം കുറവാണ്.
12. കടക്കെണിയിൽപ്പെട്ടു പോകുന്നു.

സാദ്ധ്യതകൾ

പഞ്ചായത്തിലെ കത്തിപ്പാറ കോളനി മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. മറ്റു കോളനികളിൽ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. കത്തിപ്പാറ കോളനിയിൽ കുടിവെള്ളം എത്തിക്കുവാനുള്ള പദ്ധതിക്ക് അംഗീകാരമായിട്ടുണ്ട്. മറ്റു കോളനികളിൽ കുടിവെള്ളമെത്തിക്കുവാൻ ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകണം. ആനച്ചാൽ ഗിരിജൻ സെറ്റിൽമെന്റിൽ കഴിഞ്ഞ പത്തു വർഷമായി പൈപ്പ്ലൈനിന്റെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ പൈപ്പ് പൊട്ടി വെള്ളം പാഴായിപ്പോവുകയും അതുമൂലം ആവശ്യത്തിനു കുടിവെള്ളം കിട്ടാത്ത സ്ഥിതിയുമുണ്ട്. ചെങ്കുളത്ത് നിലവിലുള്ള കുളംകെട്ടി ടാങ്ക് നിർമ്മിച്ച് വെള്ളം സ്റ്റോർ ചെയ്താൽ ഈട്ടിസിറ്റിയിലുള്ള എല്ലക്കൽ ആനച്ചാൽ ഗിരിജൻ കോളനി എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതുകക്കൂസ് എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ മുന്നാം പട്ടികയിൽ കൊടുക്കുന്നു.

കോളനിനിവാസികൾക്കുവേണ്ടി കത്തിപ്പാറയിലും ഈട്ടിസിറ്റിയിലും പൊതുശ്മശാനം നിർമ്മിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്ഷേമപദ്ധതികളേക്കുറിച്ച് അറിവുണ്ടാകുന്ന

പട്ടിക 3

ക്രമ നമ്പർ	പട്ടിജാതി കോളനികളുടെ പേര്	റോഡുകൾ ഗതാഗതയോഗ്യമായവ	റോഡുകൾ ഗതാഗതയോഗ്യമല്ലാത്തവ	വൈദ്യുതി ഇല്ലാത്തവ	വൈദ്യുതി ലഭ്യമായവ	കിണർ	ടാപ്പ്	പൊതുകക്കൂസ്
I	ഈട്ടിസിറ്റി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
II	കല്ലാർകൂട്ടി	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
III	സൗത്ത് കത്തിപ്പാറ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
IV	എല്ലക്കൽ	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
V	കൂത്തുപാറ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
VI	ശെല്ലാംപാറ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
VII	ആനച്ചാൽ പട്ടികവർഗ്ഗ കോളനി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
VIII	ആനച്ചാൽ പട്ടികവർഗ്ഗ കോളനി	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല

1, 2, 3, 4, 5, 6, 11 വാർഡുകൾക്ക് ഉപകാരപ്രദമാകുന്ന ആയുർവ്വേദ ഡിസ്പെൻസറി കൂടത്തി ചികിത്സിക്കുന്ന ആശുപത്രിയാക്കിയാൽ ഈ വാർഡിലെ കോളനിനിവാസികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

തിനാവശ്യമായ ബോധവൽക്കരണപരിപാടികൾ അത്യാവശ്യമാണ്. ക്ഷേമപദ്ധതികളുടെ ഗുണം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിന് നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേകഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിനു കഴിയും.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി സത്വരശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. എല്ലാ പട്ടികജാതി കോളനികളിലേക്കും കുടിവെള്ള പ്രശ്നം പരിഹരിക്കുക.
2. സഹകരണമേഖലയിൽ പനമ്പ്, കൊട്ടനെയ്ത്ത് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
3. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിന് കൃഷിഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി ശാസ്ത്രീയ കൃഷിരീതി നടപ്പിലാക്കുക.
4. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് എല്ലാവിധ സഹായവും നൽകുക.
5. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സർക്കാർ ഏജൻസികൾ നൽകുന്ന സഹായധനങ്ങളും വായ്പകളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.
6. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. എല്ലാ കുടുംബത്തിനും കക്കൂസ് അനുവദിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.
7. പദ്ധതികൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
8. വീട് പുതുക്കി പണിയുന്നതിന് ധനസഹായം നൽകുക.
9. ആനച്ചാൽ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്കായി എൽ.പി.സ്കൂൾ അനുവദിക്കുക.
10. ഈട്ടിസിറ്റിയിൽ പട്ടികവർഗ്ഗ, പട്ടികജാതി കുട്ടികൾക്കായി എൽ.പി. സ്കൂൾ അനുവദിക്കുക.
11. സ്മശാനം നിർമ്മിക്കുക. (ഈട്ടിസിറ്റി, കത്തിപ്പാറ)
12. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. എല്ലാ കോളനികളിലും ടി.വി. സെറ്റ് സ്ഥാപിക്കുക.
13. വായനശാലകൾ സ്ഥാപിക്കുക.
14. കുടുംബ ബാദ്ധ്യത ഏറ്റടുത്ത് പഠനം അവസാനിപ്പിക്കുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
16. പട്ടികവർഗ്ഗകുട്ടികൾക്ക് സൗജന്യപുസ്തകവും വസ്ത്രവും നൽകുക.
17. കല്ലാർകുട്ടി, കുത്തുപാറ, എല്ലക്കൽകോളനികളിലേക്ക് റോഡ് നിർമ്മിക്കുക.
19. ഈട്ടിസിറ്റി കോളനിറോഡ് ടാർ ചെയ്യുക.
20. കത്തിപ്പാറ ഹരിജൻകോളനി റോഡ് (ഒഴുകാസിറ്റി) ലക്ഷംവീടു വഴി പുനർനിർമ്മാണം ചെയ്യുക.
21. പട്ടികവർഗ്ഗ കോളനി നിവാസികളുടെ പാടശേഖരത്തിന് സംരക്ഷണ ഭിത്തികെട്ടി കാലവർഷക്കെടുതിയിൽ നിന്നും കൃഷിക്ക് സംരക്ഷണം നൽകുക.
22. എല്ലാ കോളനികളിലും സാംസ്ക്കാരികനിലയം സ്ഥാപിക്കുക.
23. കോളനികളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.
24. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമത്തിനായി കൂടുതൽ ഫണ്ട് അനുവദിക്കുകയും അവ കൃത്യമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് വിഭവസമാഹരണം

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് ഹൈറേഞ്ചിലെ ആദ്യകാലപ്രതാപപഞ്ചായത്തുകളിലൊന്നായിരുന്നു. 1961-ൽ പള്ളിവാസൽ പഞ്ചായത്തിൽ നിന്നും അടർത്തിമാറ്റി രൂപീകരിച്ച പഞ്ചായത്തിനു ലഭിച്ചത് ആസ്തി 5116 രൂപയുടെ ബോണ്ടായിരുന്നു.

പദ്ധതിപ്രദേശമായ വെള്ളത്തൂവൽ പദ്ധതികളുടെ രൂപീകരണത്തോടെ വ്യാപാരമേഖലയുടെ തകർച്ചമൂലം നഷ്ട പ്രതാപങ്ങളേറ്റുവാങ്ങി പരിതാപകരമായ അവസ്ഥയിലേക്ക് മുതലക്കൂപ്പു നടത്തിയതായി രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വരുമാനമാർഗ്ഗം ആരംഭകാലം മുതൽ കെട്ടിടനികുതിയിനത്തിലുള്ളതാണ്. ആയിനത്തിൽ ഇപ്പോഴുള്ള വാർഷിക ഡിമാണ്ട് 346179 രൂപയാണെന്ന് കാണാം. തൊട്ടടുത്ത സ്ഥാനം തൊഴിൽ നികുതിക്കാണ്. ഉദ്യോഗസ്ഥ മേഖല, കാർഷിക വ്യാപാര മേഖല എന്നിങ്ങനെയാണ് തൊഴിൽനികുതി ചുമത്തപ്പെടുന്നത്. ഈ പഞ്ചായത്തിലെ 206625 രൂപ തൊഴിൽനികുതിയിൽ 80% ഉദ്യോഗസ്ഥമേഖലയിൽനിന്നുള്ളതാണ്. വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസ് ഫീസിനത്തിൽ 3500 രൂപ വരുമാനമുണ്ട്. നദികളിലെ മണൽ വർഷാവർഷം ലേലം ചെയ്തു നൽകുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിൽ ഏറ്റക്കുറച്ചിലുണ്ടെങ്കിലും പതിനായിരം രൂപയിലധികം ഇപ്പോഴും ലഭിച്ചിട്ടില്ല. പഞ്ചായത്തുവക കെട്ടിടങ്ങളിൽ നിന്നും (ഷോപ്പിംഗ് കോംപ്ലക്സ് മാത്രം) 35652 രൂപ വാർഷിക വാടക ലഭിക്കുന്നു. പഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ ഫീസായി (ജനനമരണ രജിസ്ട്രേഷൻ, കോപ്പികൾക്കുള്ള ഫീ) 1000-ൽ താഴെ രൂപ മാത്രമാണ് വരുമാനം ഉള്ളത്. മറ്റു വരുമാനങ്ങൾ കാലാകാലങ്ങളിൽ മാറിമാറിവരുന്ന സർക്കാരിന്റെ ഉദാരതയ്ക്കുവിധേയമായ ഗ്രാന്റുകളാണ്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന മട്ടിലാണ് മുമ്പ് ഗ്രാന്റുകളുടെ വിതരണം നടന്നത്. ഒരു പൊതുമാനദണ്ഡം ആദ്യകാലങ്ങളിൽ ഉണ്ടായിട്ടില്ല എങ്കിലും കഴിഞ്ഞ ആറുവർഷമായി ഗവൺമെന്റ് അംഗീകാരയങ്ങളും, ഗ്രാന്റുകളും ജനസംഖ്യാനുപാതികമായല്ലെങ്കിലും ലഭിച്ചുവരുന്നു എന്നത് വളരെ ആശ്വാസപൂർവ്വം കാണേണ്ടിയിരിക്കുന്നു. ഈയിനത്തിലുള്ള ആകെ വരുമാനം 31-3-96-ന് അവസാനിച്ച വർഷം 160213 രൂപയാണ്. പഞ്ചായത്തു ഫണ്ടിന്മേലുള്ള പലിശയിനത്തിൽ അയ്യായിരംരൂപ വരുമാനം ഉണ്ടാവുന്നുണ്ട്. ഇറച്ചിക്കടക്കുള്ള തറലേലം ഈ വർഷം ചരിത്രത്തിലാദ്യമായി 30000 രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. പഞ്ചായത്തിലെ വിഭവങ്ങളുടെ പട്ടിക ഇത്രയും കൊണ്ടവസാനിക്കുകയാണ്. 94-95-ലെ ആകെ വരുമാനം 957871 രൂപ മാത്രമാണ്.

വിഭവസമാഹരണത്തെക്കുറിച്ച് പറയുന്നതിനുമുമ്പായി ചെലവുകളെക്കുറിച്ച് പറയാതെ വയ്യ. ഇപ്പോൾ ഭരണപരമായ ചിലവുകൾ വളരെ വർദ്ധിച്ചിട്ടുണ്ട്. ഒരു സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, ഒരു ജൂനിയർ സൂപ്രണ്ട്, മൂന്ന് യൂഡി. ക്ലാർക്കുമാർ, മൂന്ന് എൽ.ഡി. ക്ലാർക്കുമാർ, ഒരു പ്യൂൺ, ഒരു ഫുൾ ടൈം സീപ്പർ, ഒരു പാർട്ട്ടൈം ആഫീസ് സീപ്പർ, ഒരു പാർട്ട് ടൈം ലൈബ്രേറിയൻ എന്നിങ്ങനെ പതിനൊന്നു തസ്തികകളുള്ളതിൽ J.S., പാർട്ട് ടൈം ലൈബ്രറേറിയൻ പോസ്റ്റുകളിൽ ജീവനക്കാരില്ല. എന്നിട്ടും ശമ്പളമിനത്തിൽ പ്രതിവർഷം 300000 രൂപയുടെ ചിലവ് വരുന്നുണ്ട്.

ഭരണാധികാരികളായ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റി, ചെയർമാൻ, മെമ്പർമാർ എന്നിവരുടെ ഒരു വർഷത്തെ അലവൻസ് 93000 രൂപ വരും. കൂടാതെ സിറ്റിംഗ് ഫീയിനത്തിൽ 15000 രൂപ ചിലവ് വരുന്നുണ്ട്. പ്രതിവർഷം ആഫീസ് കറണ്ടുചാർജ്ജായി 4067 രൂപ, പോസ്റ്റേജ് ഫോൺ എന്നിവയ്ക്ക് 7558 രൂപ, പ്രിന്റിംഗ് & സ്റ്റേഷനറി 735 രൂപ, തെരുവ് വിളക്കിനുള്ള കറണ്ടു ചാർജ്ജ് 30036 രൂപ, കടത്തുകാരുടെ കൂലിയായി 20197 രൂപ, ആഫീസ് കെട്ടിടത്തിനുള്ള KSRDB ലോൺ തിരിച്ചടവ് 150000 രൂപ, ശുദ്ധജലവിതരണം നടത്തുന്നതിന് KWAയിൽ 18000 രൂപ എന്നിവ ഒഴിവാക്കാനാവാത്ത ചിലവുകളാണ്. കൂടാതെ മരാമത്തുപണികൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ അതതുവർഷം ചിലവ് വരുന്നുമുണ്ട്. മറ്റു ഗ്രാന്റുകൾ എന്താവശ്യത്തിനാണോ ആയതിന് ചിലവഴിച്ചേ മതിയാകൂ. ചുരുക്കിപ്പറഞ്ഞാൽ പഞ്ചായത്തിന്റെ തനതു

വരുമാനം എന്നത് നികുതികളും ഫീസുകളും മാത്രവും, ചിലവ് ഗ്രാന്റ് വിനിയോഗം നീക്കി, ബാക്കി എല്ലാം എന്നും അർത്ഥമാക്കേണ്ടതാണ്.

ചുരുക്കിപ്പറഞ്ഞാൽ വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്തിന്റെ തനതുവരുമാനം 600000 രൂപയിൽ ചുറ്റിപ്പറ്റി നില്ക്കുന്നു എന്നു സാരം. ചിലവ് ഇന്നത്തെ നിലയ്ക്ക് ആറുലക്ഷം രൂപയോളം വരും എന്നു കണക്കാക്കുന്നു. എന്നാൽ കാലാകാലങ്ങളിൽ സർക്കാരിലേക്കും മറ്റും അടക്കേണ്ടിവരുന്ന കോൺട്രിബ്യൂഷനുകളും, സംഭാവനകളും, ഭരണപരമായ ചിലവിലുണ്ടാവുന്ന വർദ്ധനയും അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വെള്ളത്തൂവൽ പഞ്ചായത്തിന്റെ സാമ്പത്തികനിലയും തൃപ്തികരമല്ലാത്ത സാഹചര്യത്തിലാണ്, പ്രത്യേക വികസനപരിപാടികൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകളും, KSRDB യിൽ കെട്ടിടത്തിന്റെ ഡ്യൂൺ തുകയും, KWA-യിൽ വാട്ടർ ചാർജ്ജും വർഷങ്ങളായി അടയ്ക്കുകയോ, ഉപയോഗിക്കുകയോ ചെയ്യാതെ ഭരണപരമായ ചിലവുകൾ നേരിടുന്നതിന് വകമാറ്റിയിട്ടുള്ളത് ആശാശ്യമല്ല.

വരവ് നിശ്ചിത രേഖയിൽ നിന്നുകൊണ്ടും, ചെലവ് അനുദിനം കുതിച്ചു ചാടിയും പോകുന്ന കാഴ്ച ഈ പഞ്ചായത്തിന്റെ മാത്രം പ്രത്യേകതയല്ല. കേരളത്തിലെ ഒട്ടുമിക്ക പഞ്ചായത്തുകളും ഈ അവസ്ഥയിൽ തന്നെയെന്നതിനു തർക്കമില്ല. എന്താണിതിനു കാരണം എന്ന് പഠിക്കാൻ അവസരമായിരിക്കുന്നു. പഞ്ചായത്തുകളുടെ ധനസ്ഥിതിവർദ്ധിക്കാതിരിക്കാനുള്ള പ്രധാനകാരണം നികുതികളിലുണ്ടാവാത്ത വർദ്ധനവാണ്. വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 7216 കെട്ടിടങ്ങളിൽ 4480 മാത്രമാണ് നികുതിയ്ക്ക് വിധേയമായവ. 2836 കെട്ടിടങ്ങൾ കുടിലുകളാണ്. 2000 രൂപവരെ മതിപ്പുവിലയുള്ളതും, പുല്ല് ഓല മേഞ്ഞതുമായ കെട്ടിടങ്ങൾ കുടിൽ എന്നാണ് വിവക്ഷ. ഈ കുടിലുകളിൽ കുറഞ്ഞത് 10% എങ്കിലും ഓടുവച്ചതും, ഷീറ്റിട്ടതും, കോൺക്രീറ്റു ചെയ്തതുമായ കെട്ടിടങ്ങളായി പരിവർത്തനം ചെയ്യപ്പെടുന്നുവെങ്കിലും പഞ്ചായത്തുരേഖകളിൽ, അത് 2% പോലും വരുന്നില്ല എന്നുള്ളത് തന്നെയാണ് കെട്ടിടനികുതി മേഖലയിലെ ചോർച്ചയ്ക്കു കാരണം. നികുതി വിധേയമായവ തന്നെ മതിപ്പു വിലയുടെ 10% തുക പോലും നിത്യകി ചുമത്തപ്പെടാത്തവയാണ്. ഇക്കാര്യം വളരെ ഗൗരവമായെടുക്കുകയും അതതു വാർഡിലെ പൊതുസ്ഥലങ്ങളിൽ കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററുകളുടെ പകർപ്പ് പ്രസിദ്ധീകരിച്ച് നികുതി ചൂഷകരെ കണ്ടുപിടിക്കാനും, നികുതി വിധേയമാക്കാനും ഗ്രാമസഭാ നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്.

കൂടാതെ കെട്ടിടം പുതുക്കിപണിയുന്നവർ പഞ്ചായത്തിൽ പ്ലാനും മറ്റും സമർപ്പിച്ച് അനുവാദം വാങ്ങുന്ന നടപടി വന്നാൽ നികുതിവെട്ടിപ്പ് തടയുന്നതിനു സാധിക്കും.

നമ്മുടെ പഞ്ചായത്തിലെ അടുത്ത സാമ്പത്തികാഗമനം തൊഴിൽ നികുതിയാണ്. മാസവരുമാനത്തിന്മേൽ നിശ്ചിത അർദ്ധവർഷ ഗഡുക്കളായി നല്കിവരുന്നതാണിത്. ഉദ്യോഗസ്ഥമേഖലകളിൽ തൊഴിൽ നികുതി ചുമത്തലും, പിരിക്കലും കുറ്റമറ്റതാണ്. കാതലായ നിയമം ഇക്കാര്യത്തിൽ നിലവിലുണ്ട്. എന്നാൽ കാർഷിക, വ്യാപാര, വ്യാവസായിക മേഖലകളിലെ തൊഴിൽ നികുതി നിർണ്ണയം പഴുതുകൾ നിറഞ്ഞതും, അടിസ്ഥാനരഹിതവുമാണ്. സാമ്പത്തിക വർഷാദ്യത്തെ റിട്ടേണുകൾ സമർപ്പിച്ച് ആറുമാസത്തിലൊരിക്കൽ നികുതി നിർണ്ണയിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും അപ്രകാരം നടക്കുന്നില്ല എന്നാണറിയുന്നത്. തൊഴിൽ നികുതി ചുമത്തുന്നതിനോട് കർഷകരുടെയും, വ്യാപാരികളുടെയും പ്രതികരണം മോശമാണ് എന്നാണ് മുന്നനുഭവങ്ങൾ. എന്നിരുന്നാലും വികസന പ്രവർത്തനങ്ങളുടെ ആവശ്യകതയെപ്പറ്റിയുള്ള മുറവിളി മാത്രം പോരാ, തങ്ങളുടെ സാമ്പത്തികസ്ഥിക്കനുസരിച്ച് സമൂഹനന്മയ്ക്കായി ചെയ്യുന്ന ഒരു കടമയായി തൊഴിൽ നികുതിയെ കണ്ടാലേ ഈയിനത്തിലുള്ള വരുമാനം വർദ്ധിക്കൂ. വലിയ ബുദ്ധിമുട്ടുകൂടാതെ ഇപ്പോൾ നികുതി വിധേയമായ ആരെയും വേദനിപ്പിക്കാതെ 100000 രൂപ ഈയിനത്തിൽ വരുമാനവർദ്ധനവുണ്ടാക്കാം. ഇതിനായി തൊഴിൽ നികുതി അടയ്ക്കുന്നവരുടെ ലിസ്റ്റും തുകയും അതത് വാർഡ് ഗ്രാമസഭകളിൽ പ്രദർശിപ്പിക്കണം. പുതിയവരെ ഗ്രാമസഭ നിർദ്ദേശിക്കണം, അവർ തന്നെ നികുതിയും ചുമത്തണം. കാരണം പലപേരിൽ സ്ഥലമുള്ള ഒരാൾ നികുതി വെട്ടിക്കരുതല്ലോ.

ലൈസൻസ് ഫീസിനത്തിലുള്ള വരുമാന വർദ്ധനവ് അടുത്തകാലത്തുണ്ടായ നിയമത്തിലൂടെ നഷ്ടപ്പെട്ടതായാണ് അറിയാൻ സാധിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടികളെടുക്കും എന്നു പ്രത്യാശിക്കാം. മുഴുവൻ കടകളെയും ലൈസൻസ് ഫീയുടെ പരിധിയിൽ കൊണ്ടുവരുന്നതും വരുമാനവർദ്ധനവുണ്ടാക്കാം. ലൈസൻസെടുത്തിട്ടുള്ള എല്ലാ കച്ചവടക്കാർക്കും നിർബ്ബ

സ്ഥമായും തൊഴിൽ നികുതി ഉണ്ടാവേണ്ടതാണ്.

വെള്ളത്തൂവൽ പഞ്ചായത്തിലെ ഏറ്റവും ബാദ്ധ്യത ഷോപ്പിംഗ് കോംപ്ലക്സാണ്. പ്രതിവർഷം 35652 രൂപ വാടകവരവും, 150000 രൂപ ലോൺ തിരിച്ചടവുമുള്ള കെട്ടിടത്തിന്റെ തിരിച്ചടക്കാനുള്ള കുടിശിഖ 30-9-96 വരെ 942623 രൂപയാണ്. ഇത്ര വലിയ ഒരു തുക ഈ പഞ്ചായത്തിന്റെ വരുമാനം കൊണ്ട് എന്ന് അടച്ചു തീർക്കാൻ സാധിക്കും എന്ന് ഇതിനു പിന്നിൽ പ്രവർത്തിച്ച ആരും ചിന്തിച്ചില്ല എന്നത് ഖേദകരമാണ്. വെള്ളത്തൂവൽപോലെ അവികസിതമായ ഒരു സ്ഥലത്ത് ഇത്ര മുടക്കുമുതലുള്ള കെട്ടിടം വച്ച് വാടകയ്ക്കു നല്കി തുക തിരിച്ചടയ്ക്കാനുള്ള പ്രോജക്ടു റിപ്പോർട്ടു തയ്യാറാക്കിയവർ ഈ തുക എങ്ങിനെ അടച്ചു തീർക്കാം എന്നുള്ള നിർദ്ദേശം നല്കിയിട്ടുണ്ട് എന്നു വിശ്വസിക്കുന്നു.

പുതിയ വരുമാന നിർദ്ദേശങ്ങൾ

1. മണൽ, മാർക്കറ്റ് ലേലങ്ങൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തി ലേല തുക ഒന്നായി അടപ്പിച്ച് ലേലം ഉറപ്പിച്ചു കൊടുക്കുന്ന സമ്പ്രദായം പഞ്ചായത്ത് സ്വീകരിക്കാവുന്നതാണ്.
2. കെട്ടിടനികുതി ഉടമസ്ഥാവകാശമാറ്റം രേഖപ്പെടുത്തുന്നതിന് 25000 രൂപ വരെ ½% ഉം, 100000 രൂപ വരെ 1% 100000 രൂപയ്ക്കുമേൽ 1 ½% ഉം ഫീസ് ഈടാക്കാവുന്നതാണ്.
3. ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന ലൈബ്രറി സെസ് അതതു പഞ്ചായത്തുകളിലെ ലൈബ്രറികൾക്കായി അനുവദിക്കുകയും, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിംഗ് നിശ്ചിത തുക പഞ്ചായത്തിൽ നിന്നും ഗ്രാന്റനുവദിക്കാനുള്ള നിയമമുണ്ടാക്കുകയും ചെയ്യുക.
4. പഞ്ചായത്തു വക കടത്തുകൾ നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകി വരുമാനവർദ്ധനവുണ്ടാക്കുക.
6. നികുതി നേരിട്ട് പഞ്ചായത്തിൽ അടയ്ക്കുന്നതായാൽ ഇപ്പോഴുള്ള ജീവനക്കാരെ ഫലപ്രദമായി ഉപയോഗിച്ച് ആഫീസ് ജോലികൾ കാര്യക്ഷമമാക്കാനും ചിലവു കുറയ്ക്കാനും സാധിക്കും.
7. കുടിശ്ശിഖ നികുതി പിരിക്കുന്ന ജോലി സമയബന്ധിതമാക്കുകയും, കാര്യക്ഷമമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക.
8. ടൗണിലുള്ള അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് ഷോപ്പിംഗ് ബങ്കുകൾ പണിത് വാടകയ്ക്കു നൽകുക.
9. ആനച്ചാൽ, കല്ലാർകുട്ടി ടൗണിലുള്ള റവന്യൂ തരിശ് പഞ്ചായത്തിനു വിട്ടു നല്കി ഷോപ്പിംഗ് സെന്റർ നിർമ്മിച്ച് വാടക വരമാനമുണ്ടാക്കുക.
10. വെള്ളത്തൂവൽ ടൗണിൽ ഇപ്പോൾ പണി തീർന്ന കെട്ടിടത്തിനു പുറകിൽ കംഫർട്ടു സ്റ്റേഷനും, മാർക്കറ്റും സ്ഥാപിക്കുക, ബസ്റ്റാന്റ് ലേലം ചെയ്യുക.
11. ചെങ്കുളം, കല്ലാർകുട്ടി ഡാമുകളിൽ പെഡൽ ബോട്ടിംഗിനുള്ള നടപടി പഞ്ചായത്ത് നടത്തണം. ചെങ്കുളത്ത് K.S.E.B. വക സ്ഥലം ലഭ്യമാക്കികോട്ടേജുകൾ സ്ഥാപിച്ച് ടൂറിസം പ്രോത്സാഹിപ്പിച്ച് വരുമാനമുണ്ടാക്കുക.
12. കല്ലാർകുട്ടി നായ്കുന്നു ഭാഗത്ത് ഡാമിനു മുകളിൽ റോപ് വേ സ്ഥാപിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുക. അനുബന്ധ വ്യവസായങ്ങളിലൂടെ വരുമാനമുണ്ടാക്കുക.
13. പഞ്ചായത്ത് പ്രതിവർഷം നല്കിവരുന്ന കറണ്ടുചാർജ്ജിനത്തിലുള്ള തുകയും, വാട്ടർ ചാർജ്ജിനത്തിൽ വരുന്ന തുകയും സർവ്വീസ് ചാർജ്ജായി ഈടാക്കുക.
14. ജനന മരണ രജിസ്ട്രേഷൻ, എക്സ്ട്രാക്ട്റ്റ് ഫീസുകൾ കാലോചിതമായി പരിഷ്ക്കരിക്കുക.
15. 13- മേജർ ഡിപ്പാർട്ട്മെന്റുകളുടെ നടത്തിപ്പുകാരായ പഞ്ചായത്തിന് സ്വന്തമായ പ്രിന്റിംഗ് പ്രസ് ഉണ്ടാവേണ്ടതാണ്.
16. വെള്ളത്തൂവലിൽ KSEB വക സ്ഥലം സ്വന്തമാക്കി ജീപ്പ് സ്റ്റാന്റുണ്ടാക്കി ഫീസ് പിരിക്കുക.
17. പുതിയ കെട്ടിടങ്ങൾക്ക് നമ്പരിടുന്നതിന് സർവ്വീസ് ചാർജ്ജ് ഈടാക്കിയാൽ സ്റ്റാഫിനുള്ള ശമ്പളം കണ്ടെത്താവുന്നതാണ്.
18. പഞ്ചായത്തുകളുടെ ഗ്രേഡ് റീഫിക്സ് ചെയ്യുക. നികുതി നേരിട്ടു പഞ്ചായത്തുകളിൽ അടയ്ക്കുന്ന നിയമം വന്നാൽ ഒരു L.D.ക്ലാർക്കിന്റെ ജോലിഭാരം കുറയും, തദ്വാരാ ജൂനിയർ സൂപ്രണ്ടു തസ്തിക ഫെഡ് ക്ലാർക്കിന്റേതാക്കാം. ഉദ്ദേശം 55000 രൂപ ഭരണച്ചിലവ് കുറയ്ക്കാം.

19. പള്ളിവാസൽ പഞ്ചായത്തിൽ നിന്നും വെള്ളത്തൂവൽ പഞ്ചായത്തിനു ലഭിച്ചതും. 1957 മുതൽ മാർക്കറ്റു സ്ഥാപിച്ചിരുന്നതും വെള്ളത്തൂവൽ പഞ്ചായത്ത് ലേലം ചെയ്തു നൽകിയിരുന്നതും, എല്ലക്കൽ അറയ്ക്കൽ പുരയിടത്തിൽ സ്ഥിതിചെയ്യുന്നതുമായ 50-സെന്റ് സ്ഥലം വീണ്ടെടുത്ത് മാർക്കറ്റ് പുനഃസ്ഥാപിക്കുക.

20. കാര്യക്ഷമമായി നികുതിപിരിവ് നടന്നിട്ടുള്ള 1985 വരെ (അന്ന് തൊഴിൽ നികുതി സ്ഥാപന മേധാവികൾ പിരിച്ചിരുന്നില്ല) പഞ്ചായത്തിൽ രണ്ട് L.D. ക്ലാർക്കുമാരേ ഉണ്ടായിരുന്നുള്ളു. ഇപ്പോഴും ശരിക്ക് ജോലി ചെയ്യാൻ തയ്യാറാകുന്ന രണ്ടുപേരെ പിരിവുമേഖലയിൽ ഈ പഞ്ചായത്തിന് ആവശ്യമുള്ളു. മൂന്ന് L.D. ക്ലാർക്കുമാരുണ്ടായിട്ടും 100% നികുതിയും പിരിച്ചെടുക്കാൻ സാധിക്കാത്തത് വീഴ്ചയാണ്. മറ്റു ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ള ജോലിഭാരം കൂടി ഇപ്പോൾ പഞ്ചായത്തിന് വന്നു ചേർന്നിട്ടുണ്ട്. യു.ഡി. ക്ലാർക്കുമാരുടെ ജോലിഭാരം അതിഭയങ്കരവുമാണ്. വീടുവീടാന്തരം കയറിയിറങ്ങിയുള്ള പിരിവുസമ്പ്രദായം അവസാനിപ്പിച്ചാൽ രണ്ട് എൽ.ഡി. ക്ലാർക്കുമാരിൽ ഒരാളെകൂടി കളക്ഷൻ രംഗത്തുനിന്നും മാറ്റാം. നികുതി വിധേയമാകാനും, അത് യഥാസമയം അടയ്ക്കാത്ത ഓരോ പൗരനും, വീഴ്ച വരുത്തുന്നവരുടെ പേരിൽ മുഖം നോക്കാതെ നടപടിയെടുക്കാൻ ഉദ്യോഗസ്ഥരും തയ്യാറായാലേ നമ്മുടെ പഞ്ചായത്ത് സ്വാശ്രയ പഞ്ചായത്താകൂ. ഒരു L.D. ക്ലാർക്കു പോസ്റ്റ് കുറയ്ക്കുന്നതിലൂടെ ജൂനിയർ സൂപ്രണ്ടു തസ്തിക മാറികുറഞ്ഞ സ്കെയിലിലുള്ള ഹെഡ്ക്ലാർക്ക് തസ്തിക പഞ്ചായത്തിൽ നിലവിൽ വരും. ഭീമമായ വരുമാനമുള്ള അടിമാലി പഞ്ചായത്തിൽ രണ്ട് എൽ.ഡി. ക്ലാർക്കുമാരും, മൂന്നു യു.ഡി ക്ലാർക്കുമാരും, ഒരു ഹെഡ് ക്ലാർക്കും, സെക്രട്ടറിയും, രണ്ടു പ്യൂണും മാത്രമാണ് ആഫീസ് ജീവനക്കാർ. 31-3-96-ൽ അവർ 100% നികുതിയും പിരിച്ചെടുത്തു. അതുമായി തട്ടിച്ചു നോക്കിയാൽ നമ്മുടെ അവസ്ഥ എന്നേ മാറേണ്ടതായിരുന്നു എന്നു കാണാം.

21. P.W.D. ഉൾപ്പെടെയുള്ള ഡിപ്പാർട്ടുമെന്റുകൾ പഞ്ചായത്തിൽ നടപ്പാക്കുന്ന വികസനപ്രവർത്തനത്തിനുള്ള ഫണ്ട് പഞ്ചായത്തിലേക്ക് അലോട്ടു ചെയ്യുക. വികസനപ്രവർത്തനങ്ങൾ പഞ്ചായത്ത് സബ്കമ്മറ്റി നേരിട്ടു നടത്തുന്നതിനുള്ള നിയമമുണ്ടാക്കുക. പ്രാദേശികമായി ഉണ്ടാവുന്ന കൂലി, സാധനവില വർദ്ധനവുകൾ ഗുണഭോക്താക്കൾ സന്നദ്ധ പ്രവർത്തനത്തിലൂടെയോ, സംഭാവനയായോ പഞ്ചായത്തിലടയ്ക്കുന്ന മുറയ്ക്ക് അങ്ങനെയുള്ള പണികൾക്കു മാത്രം ഭരണാനുമതി നല്കുക. ഇപ്രകാരം ചെയ്താൽ 20% തുകയുടെ ചിലവ് പഞ്ചായത്തിനു ലാഭിക്കാം. സന്നദ്ധ പ്രവർത്തനങ്ങൾ നടക്കുന്ന റോഡുകളിൽ നടന്നു തീർന്ന പണിയുടെ വാല്യുവേഷനുതുല്യമായ തുകയെങ്കിലും അനന്തര വികസനത്തിനു കൃത്യമായും അലോട്ടു ചെയ്യണം. വാർഡുകളിൽ വികസനപ്രവർത്തനത്തിനായി തുക പങ്കുവയ്ക്കുന്ന നടപടി നിർത്തിവച്ച് പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി തുകയുടെ 40% എങ്കിലും പഞ്ചായത്തിന്റെ ആസ്തി വർദ്ധിപ്പിക്കാവുന്നവിധം ഉപയോഗിക്കണം. എല്ലാ ബസ്സ്റ്റോപ്പുകളിലും സ്ഥലം സംഭാവനയായി സ്വീകരിച്ച് ഒരു പീടികമുറിയും, യാത്രക്കാർക്ക് വിശ്രമിക്കാനുള്ള സംവിധാനവും ഉണ്ടാക്കാൻ പഞ്ചായത്തുകമ്മറ്റി അടിയന്തിര നടപടികളെടുക്കേണ്ടതാണ്. ഈ പദ്ധതി പ്രാവർത്തികമാവുന്നതിലൂടെ വൻ വരുമാന വർദ്ധനവുണ്ടാക്കാം.

22. മുതുവാൽ കുടിയിലുള്ള പഞ്ചായത്ത് സ്മശാനത്തിനുള്ള ഒരേക്കർ സ്ഥലത്തിൽ 25 സെന്റ് സ്ഥലം പ്രത്യേകം ചുറ്റുമതിൽ കെട്ടി ഗേറ്റ് സ്ഥാപിച്ച് സംരക്ഷിക്കുകയും ബാക്കി സ്ഥലത്ത് മരംവച്ച് പിടിപ്പിക്കുകയും ചെയ്യുക.

നിർദ്ദേശങ്ങളിൽ പലതും സർക്കാർ ഭാഗത്തുനിന്നും നിയമം മൂലം ഉണ്ടാവേണ്ടതാണ്. പഞ്ചായത്തിന്റെ വരവിനനുസൃതമായി ഭരണ ചിലവുകൾ കുറയ്ക്കാനുള്ള നിർദ്ദേശം പഞ്ചായത്തു കമ്മറ്റിയാണ് കൈക്കൊള്ളേണ്ടത്. സഹകരിയ്ക്കാനുള്ള സന്മനസ് ജനങ്ങളിലോരോരുത്തർക്കുമാണ്. ആത്മാർത്ഥമായി സേവനം നടത്തി പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കാനും വിട്ടുവീഴ്ചകൾക്കും ജീവനക്കാരും തയ്യാറാകണം. എന്നാലേ വിഭസസമാഹരണം യാഥാർത്ഥ്യമാകൂ.

ഉപസംഹാരം

എട്ട് പഞ്ചവത്സരപദ്ധതികളിലൂടെ നമുക്ക് വളരെ മുന്നേറാൻ കഴിഞ്ഞു എങ്കിലും വികസന രംഗത്ത് നിരവധി കുറവുകൾ നിലനില്ക്കുന്നു. റോഡും, വെയിറ്റിംഗ് ഷെഡും കൂടിവെള്ളവുമാണ് വികസനം എന്ന സമൂഹത്തിന്റെ മനോഭാവം മാറേണ്ടിയിരിക്കുന്നു. മുൻകാല അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് നമുക്ക് പുതിയ വികസനരേഖക്ക് രൂപം നല്കണം. കാർഷിക - വ്യാവസായിക - സേവനമേഖല വികസിപ്പിച്ചെടുക്കുകയാണ് ഇന്നാവശ്യം.

വികസനപ്രക്രിയ ഡിപ്പാർട്ട്മെന്റ് തലത്തിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നിലക്കു മാറ്റംവരുത്തി വികസനപ്രവർത്തനം സുതാര്യമാക്കണം. ബഹുജനപങ്കാളിത്തം ഉറപ്പാക്കി നാട്ടിലെ യുവജനശക്തി പരമാവധി മുതലാക്കി വികസനപ്രക്രിയ ത്വരിതപ്പെടുത്തുകയാണ് അതിനുള്ള മാർഗ്ഗം.

പണമില്ലാതെ വികസന പ്രവർത്തനം സാദ്ധ്യമല്ല. ഫണ്ട് സമാഹരണത്തിന് പുതിയ രൂപം നല്കാൻ നമുക്കാവണം. സർക്കാരിതര ഏജൻസികളുമായി ബന്ധപ്പെട്ട് നവീന പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കണം. പദ്ധതികളുടെ നടത്തിപ്പിന് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം ഉണ്ടാകണം.

ആസൂത്രണപ്രക്രിയയുടെ മാനദണ്ഡങ്ങളിൽ ശാസ്ത്രീയമായ ഉൾക്കാഴ്ച ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു പ്രദേശത്തിന്റെ സവിശേഷഘടകങ്ങളും മൗലികമായ പ്രത്യേകതകളും കണക്കിലെടുത്തു വേണം അവിടെ വികസനരൂപരേഖ തയ്യാറാക്കലും നടപ്പിലാക്കലും. ജനകീയാസൂത്രണത്തിന്റെ പ്രസക്തി അവിടെയാണ്. സ്റ്റേറ്റിന്റെ മുകൾത്തട്ടിലുള്ളവർക്ക് രാജ്യത്തിന്റെ വിവിധ മേഖലകൾക്കു യഥാർത്ഥത്തിൽ എന്താണ് ആവശ്യം എന്നു തിരിച്ചറിയാൻ കഴിഞ്ഞു എന്നു വരില്ല. ഡൽഹിയിലുള്ളവർക്കു നമ്മുടെ നാടിന്റെ ഭൗതിക സാഹചര്യങ്ങളെപ്പറ്റി വേണ്ടത്ര അറിവുണ്ടായിരിക്കാൻ ഒരു സാധ്യതയുമില്ല. അതുകൊണ്ടാണ് സ്വതന്ത്രഭാരതത്തിലെ പല ആസൂത്രണ പദ്ധതികളും കല്ലേലിട്ട കുടംപോലെ പാഴായിപ്പോയത്. ഒരു പ്രദേശത്തിന്റെ വികസനസ്വപ്നങ്ങൾ, അന്നാട്ടിലെ ജനങ്ങളുടെ ഹൃദയത്തിലാണു വസിക്കുന്നത്. അത് ബ്യൂറോക്രസിയുടെ ശീർഷത്തിൽ നിന്നും വാരിവിളമ്പേണ്ട ഒന്നല്ല.

പഞ്ചായത്തു തലത്തിലുള്ള ജനകീയാസൂത്രണപരിപാടിയുടെ നിശ്ചയദാർഢ്യത്തെ ഉയർത്തിപ്പിടിക്കേണ്ടത് ഇക്കാരണങ്ങളാലാണ്. നാം ജനങ്ങളുടെ പക്ഷത്തു നിന്നും കാര്യങ്ങളെ സമീപിക്കുന്നു. സമതുലിതമായ അവസ്ഥയിൽ പ്രശ്നങ്ങളെ സമീപിക്കുന്നു. നിലവിലുള്ള സ്രോതസുകളും വിഹിതങ്ങളും തിട്ടപ്പെടുത്തുന്നു. ജനങ്ങളുടെ സാന്നിദ്ധ്യവും സജീവമായ പങ്കാളിത്തവുമാണ് ഈ പദ്ധതിയുടെ വിജയത്തിന് അനിവാര്യമായി ഉണ്ടാകേണ്ടത്.

ഉൾക്കാഴ്ചയും അർപ്പണബുദ്ധിയുമുള്ള പൊതുപ്രവർത്തകരുടെയും പൊതുജനങ്ങളുടെയും ഇടപെടലുകൾ പരമപ്രധാനമാണ്. ശുഭകരമായ ലക്ഷ്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് നമുക്കു ഈ കർമ്മപരിപാടി ഏറ്റെടുക്കാം. ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ ഈ സംരംഭവുമായി സഹകരിച്ച ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തംഗങ്ങൾ, K.R.E മാർ D.R.P. മാർ, L.R.P. മാർ, ഗ്രാമ പഞ്ചായത്ത് ജീവനക്കാർ, സാമൂഹ്യ - രാഷ്ട്രീയ - സാംസ്ക്കാരിക മേഘലയിലെ പ്രവർത്തകർ, വ്യാപാരികൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ തുടങ്ങി ഇതുമായി സഹകരിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവിസനപ്രവർത്തനത്തിൽ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

വെള്ളത്തൂവൽ
1 - 12 - 96

സെലിൻ ജേക്കബ്
(പ്രസിഡന്റ്)

പൊതുസൗകര്യ കേന്ദ്രം

ലക്ഷ്യങ്ങൾ

1) എത്ര കുടുംബങ്ങൾക്ക് നിലവിൽ ശൗചാലയ സൗകര്യമുണ്ട് എന്നും ഇല്ലാത്തവർ എവിടെയാണ് മലമൂത്ര വിസർജ്ജനം നടത്തുന്നതെന്നും കണ്ടെത്തുക. ഇതിനായി ഒരു സർവ്വേ നടത്തുക.
2) ശുചിത്വമിഷൻ്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് പൊതുശൗചാലയം നിർമ്മിക്കുക.
3) പുതിയ ശൗചാലയത്തിന്റെ പ്രവർത്തനം 45 ദിവസത്തിനുള്ളിൽ പൂർത്തിയാക്കുക.
4) ശൗചാലയം ഉപയോഗിക്കുന്നതിനുള്ള നിബന്ധനകൾ നടപ്പിലാക്കുക.

പ്രവർത്തനം

* നിർമ്മാണത്തിന്റെ ഉത്തരവാദിത്തങ്ങൾ ആർക്കൊക്കെയാണ്.

1) ശൗചാലയത്തിന്റെ രൂപരേഖ തയ്യാറാക്കുന്നത് ആരാണ്?
2) ശൗചാലയത്തിന് പണം കണ്ടെത്തുന്നത് ആരാണ്?
3) കുഴിയെടുക്കുന്നത് ആരാണ്?
4) തൊഴിലാളികൾക്ക് കൂലി നൽകുന്നത് ആരാണ്?
5) നിർമ്മാണവസ്തുക്കൾ വാങ്ങുന്നത് ആരാണ്?
6) പുതിയ ശൗചാലയം ആരാണ് ഉദ്ഘാടനം ചെയ്യുന്നത്?
7) ശൗചാലയത്തിന്റെ പണി പൂർത്തിയാക്കുന്നത് ആരാണ്?
8) ബന്ധപ്പെട്ടവരെ വിവരമറിയിക്കുന്നത് ആരാണ്?
9) തുടർപ്രവർത്തനങ്ങൾക്ക് ആവശ്യമായ അധികാരം നൽകുന്നത് ആരാണ്?
10) ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ആരാണ്?
11) സർവ്വേയ്ക്കുള്ള ഫോമുകൾ തയ്യാറാക്കുന്നത് ആരാണ്?
12) കുടുംബശ്രീ - തൊഴിലാളികളെ കണ്ടെത്തുന്നത്
13) ശുചിത്വമിഷൻ - പൊതുശൗചാലയങ്ങൾ പൂർത്തിയാക്കുന്നത്
14) തദ്ദേശഭരണ വകുപ്പ് - പണം അനുവദിക്കുന്നത്

15) ഹൃദയാഘാതം ഉണ്ടായിട്ടുള്ള രോഗിയെ ഇരുത്തേണ്ടത്.

16) ഹൃദയാഘാതം ഉള്ള രോഗിക്ക് നൽകുന്ന ഓക്സിജൻ.

17) ഹൃദയാഘാതം – ഹൃദയപേശികൾക്ക് രക്തം ലഭിക്കുന്നത് കുറയുന്നു.

18) ഹൃദയാഘാതം – രക്തം കട്ടപിടിച്ച് രക്തധമനി അടഞ്ഞുപോകുന്നു.

19) ഹൃദയപേശിയിലേക്ക് രക്തം കൊണ്ടുപോകുന്ന ധമനികൾ ചുരുങ്ങുകയോ അടയുകയോ ചെയ്യുന്നു.

20) ഹൃദയാഘാതം ഉണ്ടായിട്ടുള്ള രോഗിയുടെ പരിപാലനം.

ചികിത്സ രീതിയനുസരിച്ച് രണ്ടായി തരംതിരിക്കുന്നു.

1) ഔഷധചികിത്സ
2) ശസ്ത്രക്രിയാചികിത്സ
3) അനുബന്ധചികിത്സ

} തുടർച്ചയായി ഇവയിൽ ഏതെങ്കിലും ഒന്ന് ചെയ്യുന്നു.

ഔഷധചികിത്സ രണ്ടുതരത്തിൽ.

1) രോഗത്തെ ഭേദമാക്കുന്നു.
2) ലക്ഷണങ്ങൾ കുറയ്ക്കുന്നു.
3) പരിപൂർണ്ണമായും
4) ഭാഗികമായി ഫലപ്രദമാകുന്നു.

രോഗിയുടെ പരിപൂർണ്ണ ശ്രദ്ധയും സഹകരണവും.

1) കിടപ്പിൽ തന്നെ ഒരേപോലെ കിടക്കുന്നു.
2) ഉപയോഗിച്ച തുണികൾ ഉടൻ മാറ്റുന്നു.
3) കിടക്കയിൽ പണികളുണ്ട് ചെയ്യരുത്.
4) രോഗം മൂർച്ഛിക്കുന്നു.
5) പരിചരണം കുറയുന്നു.
6) മൂത്രവിസർജ്ജനം ശരിയായി നിരീക്ഷിക്കുന്നു.
7) മലബന്ധം ഉണ്ടാകുന്നു, പരിഹരിക്കുന്നു, ശരിയായി നിരീക്ഷിക്കുന്നു.
8) കൃത്രിമശ്വാസം നൽകുന്നു, ചലനങ്ങൾ കുറയ്ക്കുന്നു.
9) കിടപ്പുരോഗികളിൽ ബെഡ്സോർ ഉണ്ടാകുന്നു, വരാതെ നോക്കുന്നു.

10) സന്നാഹത്തിലെ — തെങ്കരച്ചാൽ.
11) തെങ്കരച്ചാൽ
12) കീച്ചേരിപ്പടി — തെങ്കരച്ചാൽ.
13) പഴേടിപ്പടി — വലിയ വീഡിയോ വരെ.
14) ഇടവഴിയിലെ പഴയ ഹൗസ് ഓണർ ഭാഗം.
15) കിഴക്കുഭാഗത്തെ ഇടവഴിയിലെ മുഴുവൻ ഭാഗം.
16) തെങ്ങുകയറ്റം
17) ഓടുമില്ലിനടുത്തെ ചായക്കട ഓണർ ഭാഗം.
18) മിനുവേലിൽ കിഴക്ക് — കാഷ്യൂമെൻസ് ഓഫീസ്

പുതിയ പഞ്ചായത്തുകളുടെ വിഭജനം.

1) ഇരുട്ടുകാനം മിനി ഗവൺമെന്റ് ഹൈസ്കൂൾ.
2) പുന്നയാർ അങ്ങാടിക്കൽ മിനി ഗവൺമെന്റ് ഹൈസ്കൂൾ.

വിദ്യാഭ്യാസം.

ആദ്യത്തെ സ്കൂൾ.

ഏറ്റവും കൂടുതൽ നിലവിലുള്ള സ്കൂൾ — ഇരുട്ടുപാറ St: Silvas H.S.
ഏറ്റവും പഴക്കം ചെന്ന L.P.S. — St: Antony's L.P.S.

ഇപ്പോൾ പ്രവർത്തിക്കുന്നവ.

1) എൻ.പി. സ്കൂളുകളുടെ നടത്തിപ്പ് സർക്കാരിനെയാണ് ഏൽപ്പിച്ചിരുന്നത്.
2) ഇരുട്ടുകാനത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും L.P. സ്കൂൾ സ്ഥാപിക്കുക.

തൊഴിൽ ട്രെയിനിംഗ് നൽകുന്ന സ്കൂളുകൾ.

1) St: Sebastian's L.P.S, എട്ടുകാണി.
2) P.W.S.L.P. , ശല്യാംപാറ.
3) മാങ്കുഴവ് (ഗിരിജ്യോതി) L.P.S.
4) ഗവ: എൽ.പി. സ്കൂൾ ചെമ്മുള.
5) S.N.U.P.S. ശല്യാംപാറ.
6) വെണ്ണക്കുഴി ഗവ: H.S-ൽ ഹയർ സെക്കണ്ടറി ആരംഭിക്കുക.
7) ..... സ്കൂൾ H.S " "

7) ഓരോവർഷവും UKPMHS-ൽ ചേരുന്നവരെ അഭിനന്ദിക്കുക.

8) കഴിഞ്ഞവർഷത്തെ H.S-ന് ..

9) നൈപുണ്യപരിശീലനത്തിന് പ്രോത്സാഹിപ്പിക്കുക.

നൽകുന്നതിനായി ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

1) സുഗമമായ UPS - സംവിധാനം ഏർപ്പെടുത്തുക.

2) ഗവ: UPS - ലേക്ക് മാറ്റുക.

3) പഠനം, ക്ലാസ്സിലെ കുട്ടികളുടെ പെരുമാറ്റം, ഹാജർ തുടങ്ങിയവ രക്ഷിതാക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

പഠനപിന്നോക്കാവസ്ഥ.

നിർദ്ദേശങ്ങൾ.

1) രക്ഷിതാക്കൾ ഉപേക്ഷിച്ചുപോയ കുട്ടികളുടെ സംരക്ഷണം ഏറ്റെടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ വിവിധ തൊഴിൽ പരിശീലനങ്ങൾക്ക് സൗകര്യമൊരുക്കുക.

2) IED - ടെ വെബ്സൈറ്റിലെ നിലവിലുള്ള പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള വിവരണം നടത്തുക. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കൂടുതൽ തസ്തികകൾ ഏർപ്പെടുത്തുക.

3) പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി 10-ൽ കുറവ് കുട്ടികൾ ഉള്ള സ്കൂളുകളിൽ ഒന്നിലധികം അധ്യാപകരെ നിയമിക്കുക.

ഭിന്നശേഷിക്കുട്ടികൾ, മറ്റുള്ളവർ.

1) കുട്ടിയുടെ വികസന പ്രശ്നങ്ങൾ പഠനത്തെ ബാധിക്കുന്നതിനെക്കുറിച്ച് രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തുക.

2) സ്കൂൾതലത്തിൽ ഭിന്നശേഷിക്കുട്ടികളുടെ കണക്കെടുപ്പ് നടത്തുക.

3) സ്കൂൾതലത്തിൽ ഭിന്നശേഷിക്കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകുക.

4) രോഗിയായ കുട്ടികൾക്ക് വീട്ടിലിരുന്ന് പഠിക്കുന്നതിനുള്ള സൗകര്യമൊരുക്കുക.

5) ഓട്ടിസം, ഡിസ്ലെക്സിയ, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.

6) കണ്ണ്, കാഴ്ച, കേൾവി തുടങ്ങിയവയിൽ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള സൗകര്യമൊരുക്കുക.

7) കുട്ടികൾക്ക് ഉച്ചഭക്ഷണം നിർബന്ധമായും കഴിക്കുന്നതിനുള്ള സൗകര്യമൊരുക്കുക.

8) ഓട്ടോ, വാഹനങ്ങളിലും മറ്റുമായി സ്കൂളിലെത്തുന്ന കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക.

10) രോഗിയുടെ കാഞ്ഞിരപ്പാറ ഉള്ള ഇടത്തിൽ മുറിവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുക. ഉണ്ടെങ്കിൽ അതിന്റെ വലിപ്പം രേഖപ്പെടുത്തുക.

11) പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഓർമ്മിച്ചുവയ്ക്കുക.

12) തിരുത്തലുകൾ ഒഴിവാക്കുന്നതിനായി ശ്രദ്ധിക്കുക.

13) സംശയകരമായ ലിഖിതങ്ങൾ പകർത്തിയെടുക്കുമ്പോൾ, അവ, കോപ്പി, ഇമേജ് എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുക.

14) ~~അനുകൂലമായ~~ അനുകൂലമായ സാഹചര്യങ്ങൾ നിരീക്ഷിക്കുക.

15) വെണ്ണക്കല്ലുകൾ ഉപയോഗിച്ച് സ്വയരക്ഷയ്ക്കായി ശ്രദ്ധിക്കുക.

16) മറ്റ് സംശയകരമായ സംഭവങ്ങളുടെയും വിവരങ്ങൾ ഉടൻതന്നെ രേഖപ്പെടുത്തുക.

മത്സ്യബന്ധനം.

മത്സ്യത്തിന് നിരോധിച്ചിരിക്കുന്ന സമയങ്ങളിൽ വിനോദത്തിനോ ഉപജീവനത്തിനോ മത്സ്യബന്ധനം നടത്തുന്നതിനുള്ള ശിക്ഷ.

വിവരവിനിമയം.

ഫോൺ വഴിയോ നിരോധിത ആപ്പുകൾ വഴിയോ ഉള്ള വിവരവിനിമയം.

1) രണ്ടാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ശിക്ഷ.

2) മൂന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ശിക്ഷ.

3) നാലാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ശിക്ഷ.

4) അഞ്ചാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ശിക്ഷ.

5) ചതിനാലാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ശിക്ഷ.

6) പതിനാറാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ശിക്ഷ.

7) പതിനേഴാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ശിക്ഷ.

കൂടിച്ചേർന്നത്.

ഇപ്പോൾ കൂടുതൽ ടൗണിൽ KSEB യുടെ കണക്കുവകുപ്പിലെ ഓഫീസിനോടു ചേർന്നുള്ള ഒരു വാടകവീട്ടിലാണ് ഞങ്ങൾ താമസിക്കുന്നത്. അവിടെ ഓപ്പോസിറ്റ് ഓഫീസിന്റെ ഗേറ്റിനു നേരെ കാണുന്ന ഒരു ചെറിയ ഓടിട്ട വീടാണ് ഞങ്ങളുടേത്.

(3)

ഉപസംഹാരം